V222:257w M70 32J3

# ENTE NADU KADATHAL

RAMAKRISHNA PILLAI

V222:257w
M70
32J3

MUL
161643

14 OCT 1991

# എന്റെ നാടുകടത്തൽ

സ്വദേശാഭിമാനി

കെ. രാമകൃഷ്ണപിള്ള

Ente Nadu Kadathal
K. Ramakrishna Pillai
UNIVERSITY LIB... 2 DEC 1937 MADRAS
NATIONAL BOOK STALL KOTTAYAM KALARIKAL BAZAAR

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽ ബസാർ കോട്ടയം

വില 1 ക. 8 ണ

മൂന്നാംപതിപ്പു കോപ്പി 1000

1953 ആഗസ്റ്റ്

(പകൎപ്പവകാശം കെ. ഗോമതിഅമ്മയ്ക്കു്)

★

ഒന്നാംപതിപ്പ് 1911

രണ്ടാം „ 1948

മൂന്നാം „ 1953

16643

V222:257 M70

32J3

അച്ചടി:

ഇൻഡ്യാ പ്രസ്സ്, കോട്ടയം.

# ഗ്രന്ഥകാരനും ഗ്രന്ഥവും

## ഗ്രന്ഥകാരൻ

ഇരുപതാംനൂററാണ്ടിന്റെ ആരംഭകാലത്തു്, ഇന്ത്യയുടെ രാഷ്ട്രീയപ്രബുദ്ധത ഇന്നത്തേതിന്റെ ശതാംശംപോലും ഉണ്ടായിരുന്നില്ല. അങ്ങുമിങ്ങും ചില വ്യക്തികൾമാത്രം സ്വയംഭരണത്തെ സ്വപ്നം കാണുകയും, അന്നത്തെ ദുഷിച്ചുനാറിയ ഭരണരീതിയെ ഏററവും മിതമായ ഭാഷയിൽ വിമർശിക്കയും ചെയ്തിരുന്നു. ഒരു ജനകീയ പ്രക്ഷോഭണത്തിനു രാജ്യം പാകമായിരുന്നില്ല. തിരുവിതാംകൂറിന്റെ അന്നത്തെ നിലയും ഏതാണ്ടു ഇപ്രകാരമായിരുന്നു. വിദേശത്തുനിന്നു ഇറക്കുമതി ചെയ്യപ്പെട്ട ദിവാന്മാരുടെ തോന്ന്യാസങ്ങൾക്കു രാജ്യം പൂർണ്ണമായി വഴങ്ങിക്കൊടുത്തിരുന്ന കാലമായിരുന്നു, അതു്. ബാരിസ്റ്റർ ജി. പി. പിള്ളയ്ക്കു മാത്രമെ അക്കാലത്തു തിരുവിതാംകൂറിൽ സ്വല്പം രാഷ്ട്രീയവെളിച്ചം വീശുവാൻ കഴിഞ്ഞിരുന്നുള്ളു. അദ്ദേഹത്തിന്റെ പ്രവർത്തനകേന്ദ്രം തന്നെ മദ്രാസായിരുന്നു. ഇങ്ങനെയുള്ള ഒരു ഘട്ടത്തിലാണു്, മുപ്പതിൽ താഴെ മാത്രം പ്രായമുണ്ടായിരുന്ന കെ. രാമകൃഷ്ണപിള്ള തിരുവിതാംകൂറിൽ രാഷ്ട്രീയരംഗത്തു പ്രത്യക്ഷപ്പെട്ടതു്. വക്കം എം. മുഹമ്മദു് അബ്ദുൽക്കാദർ, തന്റെ വക 'സ്വദേശാഭിമാനി'പത്രവും പ്രസ്സും യാതൊരു നിയന്ത്രണവും കൂടാതെ രാമകൃഷ്ണപിള്ളയ്ക്കു വിട്ടുകൊടുത്തു. ദിവാൻസ്ഥാനത്തെ വല്ലാതെ ഉലച്ച ലേഖനങ്ങളെല്ലാം പുറത്തു വന്നതു്, സ്വദേശാഭിമാനിയിൽ കൂടിയാണു്. ഈ ലേഖനങ്ങളധികവും പി. രാജഗോപാലാചാരിയുടെ ഭരണദൂഷ്യങ്ങളെ വിമർശിച്ചുകൊണ്ടുള്ളവയായിരുന്നു.

സി. പി. രാമസ്വാമി അയ്യരുടെ ഒരു പഴയ പതിപ്പുമാത്രമായിരുന്നു,പി. രാജഗോപാലാചാരി എന്നു പറഞ്ഞാൽ അന്നത്തെ ഭരണരീതി എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയും. മുപ്പത്തിയെട്ടു വർഷം മുമ്പു്, അന്നത്തെ 'സചിവോത്തമ'നോടു് ഒററയ്ക്കുനിന്നു പൊരുതുവാൻ തക്ക മനക്കരുത്തുണ്ടായിരുന്ന ആൾ തീച്ചയായും ഒരു സാമാന്യനല്ല. രാമകൃഷ്ണപിള്ളയും രാജഗോപാലാചാരിയും കൂടി തിരുവിതാംകൂറിൽ കഴിയുക സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയ ദിവാൻ, രാമകൃഷ്ണപിള്ളയെ നാടുകടത്തുവാനുള്ള ഉത്തരവു എഴുതി; രാജാവു അതിൽ ഒപ്പുവയ്ക്കുകയും ചെയ്തു. അങ്ങനെ തിരുവിതാംകൂറിൻെറ അഭിമാനത്തെ പണയംവച്ച ദിവസമാണു്, 1910 സെപ്തംബർ 26–ാംതീയതി.

രാമകൃഷ്ണപിള്ളയെ നാടുകടത്തിയെങ്കിലും അദ്ദേഹംകൊളുത്തിയ സ്വാതന്ത്ര്യദീപം അണഞ്ഞുപോയില്ല. അതു വളരെനാൾ മങ്ങിമങ്ങിക്കഴിഞ്ഞിട്ടാണെങ്കിലും ആളിക്കത്തുകതന്നെ ചെയ്തു. അദ്ദേഹം വിഭാവനംചെയ്തിരുന്ന സ്ഥാനത്തേയ്ക്കുരാജ്യം അതിവേഗത്തിൽ പൊയ്ക്കൊണ്ടിരിക്കുകയാണു്. യഥാർത്ഥമായ ജനകീയഭരണം സ്ഥാപിക്കുകയെന്നതാണു്,അദ്ദേഹത്തിൻെറ നാമത്തിൽ നമുക്കു ഏർപ്പെടുത്താവുന്ന ഏററവും നല്ല സ്മാരകം.

## "നാടുകടത്തൽ"

നാടുകടത്തലിനെപ്പററിയുള്ള വിശദവിവരങ്ങൾ അറിയുവാൻ തിരുവിതാംകൂറിനു പുറത്തുള്ളവർ ആഗ്രഹിച്ചതിൻെറ ഫലമായി രാമകൃഷ്ണപിള്ളതന്നെ എഴുതിയ"തിരുവിതാംകൂർനാടുകടത്തൽ"എന്ന പുസ്തകമാണു്,ഇതു്. ഇതിൻെറ ഒരു ഇംഗ്ലീഷ്തർജ്ജമയും 1911–ൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. എങ്കിലും ഇന്നു ഇംഗ്ലീഷിലൊ മലയാളത്തിലോ "നാടുകടത്ത"ലിൻെറ ഒരു പ്രതി ലഭിക്കുക അത്ര എളുപ്പമല്ല. അന്നത്തെ കാര്യങ്ങ

ളെപ്പററി അറിയുവാനാഗ്രഹിക്കുന്നവക്ക് ഈ പുസ്തകത്തിൻെറ പുതിയ പതിപ്പു വളരെ പ്രയോജനകരമായിരിക്കും.

ഇപ്പുസ്തകത്തിൻെറ ഒന്നാംഭാഗത്തിൽ, നാടുകടത്തലിൻെറ ചരിത്രവും രണ്ടാംഭാഗത്തിൽ രാജകീയവിളംബരവും മൂന്നാംഭാഗത്തിൽ നാടുകടത്തലിനെപ്പററി ഇന്ത്യയിലെ പ്രധാനപത്രങ്ങൾ പുറപ്പെടുവിച്ച അഭിപ്രായങ്ങളും, നാലാംഭാഗത്തിൽ സ്വദേശാഭിമാനിയിലെ പ്രധാനപ്പെട്ട ഏതാനും മുഖപ്രസംഗങ്ങളും അടങ്ങിയിരിക്കുന്നു. 1911–ലെ മലയാളം പതിപ്പിൽ, സ്വദേശാഭിമാനിയുടെ മുഖപ്രസംഗങ്ങൾ ചേത്തിട്ടില്ല; ഇംഗ്ലീഷ് പുസ്തകത്തിൽ ചേത്തിട്ടുണ്ട്. അന്നത്തെ മലയാളം വായനക്കാർ പ്രസ്തുത മുഖപ്രസംഗങ്ങൾ വായിച്ചിട്ടുള്ളവരായതുകൊണ്ടാണ്, മലയാളപുസ്തകത്തിൽ അവ ചേക്കാതിരുന്നതു്. എന്നാൽ ഈ പുതിയപതിപ്പിൽ ആ മുഖപ്രസംഗങ്ങൾകൂടി ചേത്തതു വളരെ ഉചിതമായിട്ടുണ്ട്.

കോട്ടയം
15-12-1948.

ഡി. സി. കിഴക്കെമുറി.

# കുറിപ്പ്

രണ്ടാംപതിപ്പ് നിശ്ശേഷം തീൎന്നിട്ട് രണ്ടുകൊല്ലത്തില ധികമായി. പുസ്തകത്തിനു ആവശ്യക്കാർ കുറവായിരുന്നതു കൊണ്ടല്ല, മൂന്നാംപതിപ്പിനു് ഇത്രയും താമസം വന്നതു്.

സ്വദേശാഭിമാനിയുടെ, വൃത്താന്തപത്രപ്രവൎത്തനവും, നരകത്തിൽനിന്നു് എന്ന നോവലും വളരെ താമസിയാതെ വീണ്ടും പ്രസിദ്ധപ്പെടുത്തുവാനുള്ള ആലോചന നടന്നുവരു ന്നുണ്ടു്.

സ്വദേശാഭിമാനിയുടെ ഒരു ജീവചരിത്രം ഇല്ലാതിരുന്ന കുറവ് പരിഹരിക്കപ്പെട്ടിട്ടുണ്ടെന്നു അറിയിക്കാനും ഈ അവ സരം വിനിയോഗിച്ചുകൊള്ളട്ടെ. ചിറയിൻകീഴ് ശ്രീ. കെ. ഭാസ്കരപിള്ളയുടെ അനവധി കൊല്ലങ്ങളിലെ പരിശ്രമഫലമാ ണു് പ്രസ്തുത കൃതി. ഈ ജീവചരിത്രവും അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തുമെന്നു പ്രതീക്ഷിക്കാം.

7—8—53 — ഡി. സി. കെ.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| ഗ്രന്ഥകാരനും ഗ്രന്ഥവും | | | 5 |
| ഭാഗം | 1 | നാടുകടത്തൽ | 13 |
| ഭാഗം | 2 | രാജകീയവിളംബരം | 55 |
| ഭാഗം | 3 | മററുള്ളവർ എന്തുപറയുന്നു | 59 |
| | | ഹിന്ദു | 61 |
| | | മദ്രാസ് സ്റ്റാൻഡാർഡ് | 64 |
| | | എമ്പയാർ | 67 |
| | | ബങ്കാളി | 68 |
| | | ഡാക്ടർ ടി. എം. നായർ | 73 |
| | | മദ്രാസ് ടൈംസ് | 80 |
| | | പഞ്ചാബി | 83 |
| | | സാധ്വി | 84 |
| | | അഡ്വൊക്കററ് | 86 |
| | | ലീഡെർ | 88 |
| | | മറാട്ടാ | 92 |
| | | ഉദയഭാനു | 94 |
| ഭാഗം | 4 | സ്വദേശാഭിമാനിയിലെ | |
| | | മുഖപ്രസംഗങ്ങൾ | 107 |
| | | അഴിമതികൾ | 109 |
| | | സ്വരാജ്യഭക്തി | 117 |

ഗർഹ്യമായ നടത്ത 122

യുക്തിഭ്രമങ്ങൾ 135

പ്രസ്സ്‌ലാ 141

ദിവാൻപദം 145

കൈക്കൂലിപ്പിശാചിന്റെ

വിക്രിയകൾ 149

വടശ്ശേരിക്കേസ് 153

# അദ്ധ്യായം ഒന്നു്.

1910 സെപ്തംബർ മാസം 26-ാംനു- തിങ്കളാഴ്ച പകൽ മണി 1 കഴിഞ്ഞു. ഞാൻ "സ്വദേശാഭിമാനി" ആഫീസിൽ, ഉച്ചയ്ക്കു് ഊണും കഴിച്ചു്, അന്നത്തേലക്കം "സ്വദേശാഭിമാനി" പത്രമിടപെട്ട ജോലിനോക്കുകയായിരുന്നു. ദിവാൻ മിസ്റ്റർ രാജഗോപാലാചാരിയുടെ നടത്തയെ ആക്ഷേപിച്ചിരുന്നതു് അവാസ്തവമെങ്കിൽ, "സ്വദേശാഭിമാനി" പത്രാധിപരുടെ മേൽ ക്രിമിനൽകേസ്സു കൊടുപ്പാനായി ആഹ്വാനം ചെയ്തു "A challenge" എന്ന തലവാചകത്തിൻകീഴിൽ എഴുതിയിരുന്ന ഇംഗ്ലീഷുലേഖനത്തിൻെറ പ്രൂഫ് തിരുത്തികൊടുത്തിട്ടു്, അതുസംബന്ധിച്ചു് തെളിവിലേയ്ക്കുള്ള ചില കത്തുകൾ എടുത്തുവയ്ക്കുയും, പലേ സ്വകാര്യ കത്തുകൾ നശിപ്പിക്കയും ചെയ്തുകൊണ്ടിരിക്കയായിരുന്നു. കുറേ നാളായിട്ടു തമ്മിൽ കാണാതിരുന്നു് അന്നു് എന്നെ കണ്ടേതീരൂ എന്ന ഉല്ക്കണ്ഠയോടെ, തനിക്കു സുഖക്കേടാണെങ്കിലും അതു വകവെക്കാതെ വന്നുകണ്ട മുഹമ്മദീയപ്രമാണിയായ ഒരു സ്നേഹിതൻ, പത്രത്തെപ്പററിയും മുഹമ്മദീയരുടെ ഇടയിൽ അപ്പോൾ ആലുവായിൽ സ്ഥാപിക്കാൻപോകുന്ന മദ്രസ് സംബന്ധിച്ചുണ്ടായിക്കൊണ്ടിരിക്കുന്ന തക്കങ്ങളെപ്പററിയും സംസാരിച്ചുകൊണ്ടിരുന്നു. അപ്പോൾ, പെട്ടെന്നു ചിലർ തെരുതെരെ നടന്നുവരുന്ന ബൂട്ട്സിൻെറ ഒച്ചകേട്ടു. എ

ന്റെ പിൻഭാഗത്തെ മറയുടെ (സ്ക്രീൻ) മുകളിലൂടെ ചില ചുവന്ന തലപ്പാവുകൾ കണ്ടു. അടുത്ത നിമേഷത്തിൽ മറയുടെ ഇടത്തേഭാഗത്തെ വഴിയിലൂടെ, ചുവന്ന തലപ്പാവും കാക്കി ഉടുപ്പുകളും ധരിച്ച ഒരാളും ശുദ്ധ വെള്ള ഉടുപ്പുകളോടും വെള്ളഹാററോടുംകൂടിയ ഒരു വെള്ളക്കാരനും എന്റെ ദൃഷ്ടിപഥത്തിലായി. പിറകെ മററു ചിലരും ഉണ്ടായിരുന്നു. തലപ്പാവും കാക്കി ഉടുപ്പും ധരിച്ച ആദ്യം വന്നയാൾ എന്റെ ഇഷ്ടന്മാരിലൊരാളും എന്റെ ഗുരുഭൂതൻ രാമക്കുറുപ്പ് "മുൻഷിസ്സാറിന്റെ" മൂത്ത പുത്രനും ആയ പോലീസ് ഇൻസ്പെക്ടർ ആർ. അച്യുതൻപിള്ള ബി. ഏ. അവർകളായിരുന്നു. വെള്ളക്കാരൻ, പുതിയ പോലീസ് സൂപ്രേണ്ടു മിസ്റ്റർ എഫ്. എസ്. എസ്. ജോർജ്ജ് ആയിരിക്കുമെന്ന് ഞാൻ ഊഹിച്ചതിന്മണ്ണം, അദ്ദേഹംതന്നെയായിരുന്നു. പിറകെ ഉണ്ടായിരുന്ന ചിലർ, കോട്ടയ്ക്കകം പോലീസ്ഇൻസ്പെക്ടർ ബി. ഗോവിന്ദപ്പിള്ള അവർകളും, പുത്തൻചന്ത പോലീസ്ഇൻസ്പെക്ടർ മിസ്ററർപിച്ചുഅയ്യങ്കാരും, പിന്നെ ചില കാൺസ്ററബിൾമാരും ആയിരുന്നു. മിസ്ററർ ജാജ്ജിനെ കണ്ടപ്പോൾ ആദ്യമായി ഞാൻ വിചാരിച്ചതു്, ഏതാനും നാൾക്കുമുമ്പു് മദ്രാസിൽനിന്നു് എനിക്കു കിട്ടിയിരുന്നതും, മുൻലക്കം "സ്വദേശാഭിമാനി" യിൽ പ്രസ്താവിച്ചിരുന്നതുമായ വാറോലയായ കത്തിനേക്കുറിച്ചു് അദ്ദേഹത്തിനു ഞാൻ അയച്ചിരുന്ന എഴുത്തിനെപ്പററി എന്നോടു വല്ലതും ചോദിച്ചറിയുന്നതിലേക്കായി അദ്ദേഹംവന്നതായിരിക്കാം എന്നായിരുന്നു.

അടുത്ത ക്ഷണത്തിൽ ഈ വിചാരം മാറി. മിസ്റ്റർ ജാർജ്ജ് കടന്നുവന്നപ്പോൾ, ഞാൻ എണീററു മുമ്പോട്ടു ചെന്ന ഉടനെ, "മിസ്റ്റർ രാമകൃഷ്ണപിള്ള ആരാണ്, നിങ്ങളാണോ?–" എന്നു ചോദിച്ചു.

"ഞാൻതന്നെ–" എന്നു മറുപടിപറഞ്ഞു. ഞങ്ങളുടെ സംവാദം ഇംഗ്ലീഷിലായിരുന്നു

"നിങ്ങളുടെ പത്രത്തിൻെറ പ്രതികളെവിടെ?" ഉടൻ എൻെറ മേശപ്പുറത്തു ഇടത്തുഭാഗത്ത് അടുക്കി വെച്ചിരുന്ന പലേപത്രങ്ങളേയും നോക്കികൊണ്ട് "ഇവയൊക്കെ എന്താണ്?"–എന്നു മിസ്റ്റർ ജാർജ്ജ് ചോദിച്ചു.

"ഇവയൊക്കെ മാററത്തിനായും മററും വന്നിട്ടുള്ള പത്രങ്ങളാണ്"– എന്നു ഞാൻ പറഞ്ഞു.

മദ്രാസ് സ്റ്റാൻഡാർഡ്, വെസ്റ്റ്കോസ്റ്റ് റിഫാർമർ, മലബാർ ഹിറാൾഡ്, കൊച്ചിൻ ആർഗസ്, മലബാർ ഡെയിലിന്യൂസ്, വെസ്റ്റേൺസ്റ്റാർ, മറാട്ടാ, ഇൻഡ്യൻ സോഷ്യൽ റിഫാർമർ, ഇൻഡ്യൻ റിവ്യൂ മുതലായ പത്രികകളേയുംമററും ഇളക്കിനോക്കീട്ടു, "നിങ്ങളുടെ പത്രത്തിൻെറ ചില പ്രതികൾ കാണിക്കാമോ"– എന്നു മിസ്റ്റർ ജാർജ്ജ്ചോദിച്ചു. "ഇതേ ഇരിക്കുന്നു"—എന്നു ചില പ്രതികൾ കാണിച്ചുകൊടുത്തു. "എനിക്കു നിങ്ങളുടെ ആഫീസ് ശോധന ചെയ്യണം"–എന്നു സായിപ്പ് പറഞ്ഞു. "ഓഹോ, ആവാം. യാതൊരു തടസ്ഥവുമില്ലാ"—എന്നു ഞാൻ മറുപടി കൊടുത്തു.

"മിസ്ററർ ഗോവിന്ദപ്പിള്ളേ! ഈ പത്രങ്ങളിൽ ഗവമ്മേണ്ടിനെപ്പററി ആക്ഷേപിച്ചിട്ടുള്ള ലേഖനങ്ങ

ളടങ്ങിയ ചിലതു തെരഞ്ഞെടുക്കുക"—എന്നു 'സ്വദേശാഭിമാനി'യെ കാണിച്ചിട്ടു്, സായിപ്പു് ആജ്ഞാപിച്ചു. "ഏതാണു് നിങ്ങൾക്കു കാണേണ്ടതു്? ഇതാ നോക്കുക. ദിവാൻജിയുടെ പ്രജാസഭാനിയമനിരൂപണത്തെപ്പററിയുള്ളതു്"—എന്നു ഞാൻ പറഞ്ഞു. "അതെന്താണു്?"—എന്നു സായിപ്പുചോദിച്ചു. "പ്രജാസഭയുടെ പട്ടങ്ങളെ ദിവാൻജി പുതുക്കി; അതിനെ ആക്ഷേപിച്ചിട്ടാണു്"—എന്നു മിസ്ററർ ഗോവിന്ദപ്പിള്ള വിവരിച്ചു. "പ്രജാസഭ എന്നാലെന്തു്?"—എന്നു മിസ്ററർ ജാർജ്ജ് ചോദിച്ചു. അതുജനങ്ങളുടെ സങ്കടങ്ങളെ കേൾപ്പാൻ ആണ്ടുതോറും അവരുടെ പ്രതിനിധികളെവിളിച്ചുകൂട്ടുന്ന സഭയാണു്—എന്നു മിസ്ററർ ഗോവിന്ദപ്പിള്ള പറഞ്ഞു. "അതു പോട്ടെ. നിങ്ങൾക്കു പത്രത്തിൻെറ ഫയൽ ഇല്ലയോ? ഇതേവരെയുള്ളതു തരുക"—എന്നു സായിപ്പു് എന്നോടു ആവശ്യപ്പെട്ടു.

"ഫയൽ ഇക്കൊല്ലത്തേതു കുത്തിക്കെട്ടിവെച്ചിട്ടില്ലാ. ഒററയൊററയായി അടുക്കി, കുറെ ഇവിടെയും കുറെ അവിടെയുമായി കിടക്കുന്നുണ്ടാകും"—എന്നു ഞാൻ ചിലതു ചൂണ്ടിപ്പറഞ്ഞു. ഉടൻ, ഞാൻ ഒരു കടലാസ്സു മറിച്ചു, 'ഗർഹ്യമായ നടത്ത' എന്ന തലവാചകത്തിൻകീഴിൽ ദിവാൻ മിസ്ററർ രാജഗോപാലാചാരിയെപ്പററി എഴുതിയിരുന്ന ലേഖനമടങ്ങിയ പത്രം എടുത്തു കാണിച്ചു. "ഇതു ദിവാൻജിയെ കുതിരക്കുവച്ചെടുത്തു അടിക്കും എന്നും മററും എഴുതീട്ടുള്ളതാണു്. ഗവമ്മേണ്ടുദ്യോഗസ്ഥന്മാരെ ആക്ഷേപിക്കുന്ന ലേഖനങ്ങൾ എല്ലാ ലക്കങ്ങളിലും കാണാറുണ്ടു—" എന്നു മിസ്ററർ ഗോവിന്ദപ്പിള്ള പറഞ്ഞു.

"നിങ്ങൾക്കുപത്രംനടത്തിപ്പുജോലിതന്നെയോ?" എന്നു സൂപ്രേണ്ടു ചോദിച്ചു." "അല്ലാ, ഞാൻ നിയമപരീക്ഷക്കു വായിച്ചുകൊണ്ടിരിക്കുന്നുമുണ്ടു്"—എന്നു ഞാൻ പറഞ്ഞു. "പിന്നെന്താണു് നിങ്ങൾ പഠിച്ചു ജയിച്ചു വക്കീൽവേലയ്ക്കു പോകാതെ ഇങ്ങനെ പത്രം നടത്തിക്കൊണ്ടിരിക്കുന്നതു്?"—എന്നു് മിസ്റ്റർ ജാർജ് പുഞ്ചിരിയിട്ടു ചോദിച്ചു. എന്നിട്ടു, മേശയുടെ മുൻഭാഗത്തു് ഒരു വശത്തുള്ള നിന്നെഴുതുന്ന മേശയുടെ തട്ടുകളിലും, മുകളിലും, മററൊരുവശത്തുള്ളസ്റ്റാൻഡിലുംഇരുന്നിരുന്ന പത്രഫയലുകളെ നോക്കിക്കൊണ്ടു് "ഇവ എന്താണു്?" എന്നു് എന്നോടു ചോദിക്കയും, അവ ഹിൻഡു, ടൈംസ് ആഫ് ഇൻഡ്യാ, ഇല്ലസ്ട്രേറെറഡ് വീക്ക്ലി, മുതലായ പത്രങ്ങളും മററുമാണു് എന്നു ഞാൻ മറുപടി പറഞ്ഞതു കേട്ടിട്ടു, ശോധനയ്ക്കായി പ്രസ്സ് മുറിയിലേക്കു കടന്നു പോകയും ചെയ്തു.

എന്തെങ്കിലും ശോധനചെയ്തുകൊള്ളട്ടെ എന്നു പറഞ്ഞു് ഞാൻ സ്നേഹിതനുമായി സംഭാഷണം തുടന്നുകൊണ്ടിരുന്നു.

മിസ്റ്റർ ഗോവിന്ദപ്പിള്ള 'സ്വദേശാഭിമാനി'യുടെ ചില ലക്കങ്ങൾ മറിച്ചുനോക്കി കുറിച്ചുകൊണ്ടിരുന്നു. സൂപ്രേണ്ടും മററുസിൽബന്തികളുംപ്രെസ്മുറിയിൽചെന്നു്, അച്ചടിതീന്ന ഫാറങ്ങൾനോക്കി; കമ്പോസിററന്മാർ അച്ചുനിരത്തികൊണ്ടിരുന്ന കയ്യെഴുത്തു പകപ്പുകൾ നോക്കി; അവയുടെ പ്രൂഫ് എടുത്തടത്തോളം വാങ്ങി നോക്കി; അവയൊക്കെ അന്നത്തെ ലക്കത്തിലേക്കുള്ളവയാണെന്നു് ഇടയ്ക്കു് എന്നോ

ട വന്നുചോദിച്ചറിഞ്ഞതിൻവണ്ണം അവയെല്ലാം പെ് ടുക്കി എടുത്തു് ലിസ്റ്റ് തയ്യാറാക്കാൻ പറഞ്ഞു. ടൈപ്പ്കേസുകൾ മുതലായ സാമാനങ്ങളുടെ പേരുകൾ കമ്പോസിററർമാരോടു ചോദിച്ചറിഞ്ഞു് എഴുതി. ഇങ്ങനെ പലതും ബഹളമായി നടത്തിക്കൊണ്ടിരുന്നു. ഇതിനിടെ, മിസ്റ്റർ അച്യുതൻപിള്ള എൻെറ സമീപത്തു വരികയും, സർക്കീട്ടിലിരുന്ന സായിപ്പു പെട്ടന്നു വന്നതാണെന്നും, അന്നുച്ചയ്ക്കുമുമ്പു നിനച്ചിരിക്കാതെ തന്നെ വഴിയിൽവച്ചു പിടിച്ചുകൊണ്ടു്, എന്നെ അറിയുമോ എന്നു ചോദിച്ചു എന്നും, എൻെറ പാർപ്പിടം കാണിച്ചുകൊടുക്കാനാവശ്യപ്പെട്ടുഎന്നും അതിൻവണ്ണംപുത്തൻചന്ത സ്റേറഷനു സമീപമുള്ള എൻെറ വാസസ്ഥലത്തുചെന്നു നോക്കിയതിൽ എന്നെ കാണാഞ്ഞു അവിടെ എൻെറ കുട്ടികളേയും വാല്യക്കാരനേയും കണ്ടിട്ടു ഞാൻ എവിടെയാണെന്നു ചോദിച്ചറിഞ്ഞു എന്നും, വീട്ടിൽ ഏതാനും കാൺസ്ററബിൾമാരെ ബന്ധവസ്സിനു നിറുത്തിയിട്ടു പോന്നിരിക്കയാണെന്നും, കഥ എന്തെന്നറിവില്ലെന്നും പറകയും ചെയ്തു. മിസ്റ്റർ ഗോവിന്ദപ്പിള്ളയും തനിക്കിതെന്തന്നറിവില്ലെന്നു പറഞ്ഞു. ഞാൻ വീണ്ടും എൻെറ സ്നേഹിതനുമായി സംസാരിച്ചുകൊണ്ടിരുന്നു. ഇതിനിടെ, എൻെറ വാല്യക്കാരൻ ഓടി എരച്ചുവന്നു്, "വീട്ടിൽ കാൺസ്ററബിൾമാർവന്നു് പുരമുറിക്കൊക്കെ മുദ്രവച്ചിരിക്കുന്നു. കുട്ടികളും വാല്യക്കാരിയും ഞാനും മാത്രമേ ഉള്ളു" എന്നുപറഞ്ഞു. "തരക്കേടില്ലാ—ഭയപ്പെടേണ്ടാ—അവർ മുദ്രവയ്ക്കട്ടയോ; എന്തോ ചെയ്യട്ടെ. കുട്ടികളെ സൂക്ഷിച്ചുകൊള്ളു"—എന്നു് അവനെ പറഞ്ഞയച്ചു. ക

ട്ടികഠം എന്നു പറഞ്ഞതു്, നാലുവയസ്സായ പുത്രിയേയും, ഉദ്ദേശം മൂന്നുവയസ്സായ പുത്രനേയും ഉദ്ദേശിച്ചായിരുന്നു. വാല്യക്കാരി ഈ കുട്ടികളോടൊന്നിച്ചു കളിപ്പാനായി നിവൃത്തിയിരുന്ന ഒരു പെൺകുട്ടിയുമായിരുന്നു. അവർമാത്രമേ ഉള്ളു എന്നുപറഞ്ഞതു്, എന്റെ ഭാൎയ്യ വീട്ടിൽ ഇല്ലാത്തതിനെ ഉദ്ദേശിച്ചായിരുന്നു. ഗവൎമ്മെണ്ടുവക ഇംഗ്ലീഷ് ബാലികാമഹാപാഠശാലയിൽ ഉപാദ്ധ്യായിയായ എന്റെ ഭാൎയ്യ ആ സമയം പാഠശാലയിൽ ആയിരുന്നു.

'സ്വദേശാഭിമാനി, ആഫീസിനെ പോലീസുകാർ വളഞ്ഞിരിക്കുന്നു എന്നു വൎത്തമാനം ഇതിനുള്ളിൽ മുഴങ്ങി കേട്ടിട്ടു്, എന്റെ ചങ്ങാതികളായും, പത്രത്തിന്റെ പേരിലും എന്റെ പേരിലും താല്പൎയ്യമുള്ളവരായും ആളുകഠം തുരുതുരെ ആഫീസിലേക്കു വന്നുകയറിത്തുടങ്ങി. ഞാൻ മുന്നോട്ടുചെന്നു ചിലരുടെയൊക്കെ പരിഭ്രമത്തെ ശമിപ്പിച്ചു. "എങ്കിലും, ശോധന എന്തിനാണു്? നിങ്ങളെ വാറണ്ടു കാണിച്ചുവോ?"—എന്നു അവരിൽ ഒരാഠം എന്നോടു ചോദിച്ചു.

"ഇല്ലാ-ഞാൻ ആവശ്യപ്പെട്ടുമില്ലാ".

"എന്നാലും വാറണ്ടുകൂടാതെ ഇങ്ങനെചെയ്യാമോ?"

"പാടില്ലാ- വാറണ്ടുണ്ടായിരിക്കാം".

"അങ്ങനെ സമാധാനപ്പെട്ടാൽപോരാ. ചോദിക്കുക. വാറണ്ടില്ലെങ്കിൽ അവർ എന്തും ചെയ്തോട്ടെ: നിങ്ങഠം ഇതൊന്നും കാണേണ്ട: ഇറങ്ങിപ്പോരാമല്ലോ".

ഇതിനിടക്കു്, മിസ്ററർ ജാർജ് ആഠംക്കൂട്ടം വൎദ്ധിക്കുന്നു എന്നു കണ്ടു് ഞങ്ങഠം നിന്നിരുന്ന മുറിയിലേ

കഒ വന്നു. "ഇവിരൊക്കെയാർ?"—എന്നു എന്നോടു ചോദിച്ചു.

"എൻെറ ചങ്ങാതിമാർ"—

"ഇവർ ഇവിടെ എന്തിന്നു കൂട്ടംകൂടുന്നു? ഇറങ്ങിപ്പോകട്ടേ".

"ഇവർ എന്നെ കാൺമാൻ വന്നവരാണ്: എന്തിനായിട്ട് ഇറങ്ങിപ്പോകണം? ആട്ടേ, ശോധനയ്ക്കുള്ള വാറണ്ടുണ്ടെങ്കിൽ എന്നെ കാണിക്കണം"—

"വാറണ്ടുണ്ട്. കാണിക്കയില്ല."—

"മജിസ്ട്രേററിൻെറ വാറണ്ടു കാണിക്കാതെ സ്വേച്ഛപോലെ ശോധനചെയ്യാമെന്നോ? ശോധനചെയ്തുകൊള്ളൂ. ഞാൻ ലിസ്റ്ററ് ഒപ്പിടുകയില്ല"—

"നിങ്ങൾ ഒപ്പിടണം"—

"ഇല്ലാ- വാറണ്ടു കാണണം—"

"വാറണ്ടു കാണിക്കയില്ലാ. എൻെറ വാക്കിനെ വിശ്വസിക്കൂ. വാറണ്ട് എൻെറ പക്കലുണ്ട്"—

"നിങ്ങളെ അവിശ്വസിക്കയല്ല—എങ്കിലും വാറണ്ടു കാൺമാൻ എനിക്ക് അവകാശമുണ്ട്. കാണണം. കാണിക്കാഞ്ഞാൽ ശോധന നിയമവിരോധമാണ്"-

"എന്നാൽ നിങ്ങൾ നിയമപ്രകാരം നടപടിനടത്തിക്കൊള്ളൂ. എൻെറപക്കൽ വാറണ്ടുണ്ട്. അതു രാജാവിൻെറ പക്കൽനിന്നുള്ള വാറണ്ടാണ്."-

"എന്നാൽ കാണിക്കരുതോ"

"ഇല്ല കാണിപ്പാൻ തയ്യാറില്ല"

ഇതിനിടക്ക്, എൻെറ സ്നേഹിതൻ എന്നെ വിളിച്ചു, പറഞ്ഞു:- "വാറണ്ടു കാണിക്കയില്ലെങ്കിൽ അ

വർ മനസ്സുപോലെ എന്തും ശോധനചെയ്യട്ടെ. നിങ്ങൾ ഇവിടെ നില്ക്കുന്നതെന്തിന്?"—

ഇതുകഴിഞ്ഞു് ഞാൻ സൂപ്രേണ്ടിന്റെ അടുക്കലേക്കചെന്നപ്പോൾ, മി. ജോർജ്ജ് രോഷാകുലനായിഎന്റെസ്നേഹിതനെ നോക്കി കുറേ മര്യാദകേടായി സംബോധന ചെയ്തുകൊണ്ടു് "ദൂരെപ്പോവൂ-താനാണു് ഇയാളെ ഇളക്കുന്നതു്"– എന്നു പറഞ്ഞു.

"ഇതു നിങ്ങളുടെ വീടല്ല; മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ ആഫീസാണു്: ഞാൻ മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ ചെങ്ങാതിയും അദ്ദേഹത്തെ അന്വേഷിച്ചുവന്നയാളും ആണു്. ഇവിടം നിങ്ങളുടെ അധീനതയിൽ അല്ലാതിരിക്കുന്നിടത്തോളംകാലം ഇവിടംവിട്ടുപോകുന്നതിന്നു പറവാൻ നിങ്ങൾക്കവകാശമില്ലാ"–

സായിപ്പു് ഇതുകേട്ടു തണുത്തു.

"നോക്കൂ-ഇവിടെ വന്നിരിക്കുന്നവർ എന്റെ ചെങ്ങാതികളാണു്. എന്റെ കാര്യത്തിൽ താല്പര്യക്കാരുമാണു്. അവർ എന്റെ സ്ഥലത്തു് എന്നെ കാണ്മാനും ഉപദേശിപ്പാനും വന്നു. അവരെ നിങ്ങൾ മര്യാദകെട്ടവരുടെ വാക്കുകൾ വിളിച്ചതു നിങ്ങൾക്കു യോഗ്യതയായില്ല. എന്നെ ബന്തവസ്സിൽ വെപ്പാൻകൂടെ വാറണ്ടുണ്ടെങ്കിൽ പറയൂ. വാറണ്ടില്ലെങ്കിൽ ഞാൻ പോകുന്നു–" എന്നു ഞാൻ പറഞ്ഞു.

"വാറണ്ടുണ്ടെന്നു് അത്ഥമാക്കിക്കൊള്ളൂ"–

"എന്നാൽ വാറണ്ടു കാണണം"–

"കാണിക്കയില്ലാ"–

"എൻെറമേൽ എന്തു ചാർജ്ജിനാണു് എന്നെ ബന്തവസ്സിൽ വയ്ക്കുന്നതു്? വാറണ്ടു കാട്ടു"—

"ഇല്ല-അതു നാളെ അറിയാം- നാളെ കാണാം"—

ഇതിനിടയിൽ, എൻെറ സ്നേഹിതന്മാർ വക്കീലന്മാരോടാലോചിക്കയും, അവർ ഈ സ്വേച്ഛാനടപടിയേപ്പററിപിറേറന്നു കേസ്സുകൊടുത്തുകൊള്ളാമെന്നും, തല്ക്കാലം അനുസരണമായി കഴിയട്ടേ എന്നും ഉപദേശിച്ചയയ്ക്കുയും ചെയ്തു.

സൂപ്രേണ്ടും കൂട്ടരും പ്രസ്സുമുറിയിലെ സാമാനങ്ങൾക്കു് ലിസ്ററുണ്ടാക്കുന്ന തെരക്കായിരുന്നു. കുറെ വണ്ടികൾ കൊണ്ടുവരാൻ ആവശ്യപ്പെടുന്നതും കേട്ടു.

എൻെറ ഭാര്യ, വീട്ടിൽ ബന്തവസ്സിട്ടിരിക്കുന്ന വത്തമാനമറിഞ്ഞു് വീട്ടിലെത്തി, തൻെറ പുരമുറിയിൽ കടക്കാൻ പാടില്ലാഞ്ഞു്, പുറമേ ഇരിക്കയാണെന്നും, അത്താഴത്തിനു് ആവശ്യമുള്ള ഭക്ഷണസാധനങ്ങൾ എല്ലാം എടുക്കാൻ നിവൃത്തിയില്ലാത്തവിധം കലവറപ്പുര മുദ്രവച്ചിരിക്കയാണെന്നും, എന്തുചെയ്യേണമെന്നു് അറിയേണമെന്നും പറഞ്ഞയച്ചിരിക്കുന്നതായി ആൾവന്നു് എന്നെ അറിയിക്കയും, പോലീസ്സുകാരുടെ ബന്തവസ്സുള്ളതുകൊണ്ടു് അവിടെയുള്ള സാമാനങ്ങൾക്കൊക്കെ അവർ ഉത്തരവാദംചെയ്തുകൊള്ളുമെന്നും വാല്യക്കാരെ അവിടെ നിറുത്തീട്ടു്, കുട്ടികളേയും കൂട്ടിക്കൊണ്ടു് ബന്ധുക്കളുടെ അടുക്കലേക്കുകൊണ്ടു ചെന്നാക്കുകയെന്നും വന്ന ആളോടു ഞാൻ സമാധാനംപറഞ്ഞയയ്ക്കുയും ചെയ്തിനമ്മണ്ണം അവരെല്ലാം ആ വീടുവിട്ടു പോയി.

ആഫീസിലെ സ്ഥിതിയോ? ആളുകൾ ആഫീസുമുററത്തും, ഗേററിങ്കലും, അയൽപുരയിടങ്ങളിലുംക്കൂട്ടംകൂടി പെരുകുന്നതു കണ്ടു. മെയിൻറോട്ടിൽനിന്ന് അപ്പോഴപ്പോൾക്കൂകിവിളികളും പൊങ്ങിത്തുടങ്ങി. മുൻവശത്തുള്ള കോഡർഷാപ്പിലെ കണ്ണാടിവാതിലൂടെ അനേകം ആളുകളുടെ രൂപങ്ങൾ സപ്രത്യാശങ്ങളായ നോട്ടങ്ങളോടുകൂടെ കാണുമാറുണ്ടായിരുന്നു. സൂപ്രേണ്ടു പ്രസ്സ്മുറിയിലെ സാമാനങ്ങൾക്കു ലിസ്റ്റ് തയ്യാറാക്കിച്ചിട്ട് പത്രാധിപരുടെ ആഫീസുമുറിയിൽ കടന്ന്, എൻെറ മേശപ്പുറത്തുള്ള കടലാസുകളെക്കുറിച്ചുചോദിച്ചു.

"നിങ്ങളുടെ കത്തുഫയൽപുസ്തകങ്ങളെവിടെ?"—

"അതേ, അവിടെയിരിക്കുന്നു"—

"ലേഖകന്മാരുടെ കത്തുകൾ ഇതിൽഫയൽ ചെയ്യിട്ടുണ്ടല്ലോ?"—

"ഇല്ലാ?"—

"യാതൊരാളുടേയും ഇല്ലയോ?"—

"അവരുടെ കത്തുകൾ സാധാരണ ഫയൽ ചെയ്യാറില്ല"—

"പിന്നെ എന്തു ചെയ്യുയാണ്?"—

"ഉടൻ നശിപ്പിക്കുകയാണ്"—

"നിങ്ങളുടെ സ്വന്തലേഖകന്മാരല്ലാത്തവർ വല്ല ലേഖനവുമയച്ചുതന്നാൽ പ്രസിദ്ധം ചെയ്യാറില്ലേ?"

"ഉണ്ട്. എല്ലാവരുടേയും ഇല്ല. ചിലരുടെ ലേഖനങ്ങൾ ഉപേക്ഷിക്കും."—

"ആട്ടെ, ലേഖകന്മാർ ലേഖനങ്ങളോടൊന്നിച്ചു സ്വകാര്യക്കത്തയയ്ക്കാറുണ്ടല്ലോ. അവയൊക്കെ എവിടെ?"—

"മിക്കവൊറും നശിപ്പിക്കുന്നു."–

"അതു് യുക്തമോ?"

"എന്താ അല്ലായ്ക? പത്രത്തിൽ പ്രസിദ്ധപ്പെടുത്തുന്നതിനൊക്കെ പത്രാധിപർ ഉത്തരവാദിയാണു്. പിന്നെ ഞാനെന്തിനാണു് മററുള്ളവരുടെമേൽ ഭാരം ചുമത്തുന്നതു്?"—

"അങ്ങനെ മതിയോ?"

"ഓഹോ! എല്ലാററിനും ഞാൻ ഉത്തരം പറഞ്ഞു കൊള്ളാം."–

"ആട്ടെ—ഇന്നത്തെ പത്രത്തിൻെറ ലേഖനങ്ങളെവിടേ?"–

"അവ കമ്പോസിങ്ങ് മുറിയിൽനിന്നുനിങ്ങൾ എടുത്തുവല്ലോ."–

"വേറെയില്ലയോ?"–

"വേറെ വല്ലതും ഇരിപ്പുണ്ടായിരിക്കും."

"ലേഖനങ്ങൾ സംബന്ധിച്ച സ്വകാര്യക്കത്തുകൾ ഒന്നുമില്ലയോ? നിങ്ങളുടെ ലേഖകന്മാരാരെന്നറിവാൻ രേഖകളില്ലയോ?"–

"വല്ലവരുടേയും കത്തുകൾ കാണുമായിരിക്കാം. ലേഖകന്മാൎക്കു ലിസ്ററുവെച്ചിട്ടില്ല."—

"ആട്ടെ, ഇതാ ഈ പകൎപ്പുകൾ എന്താണു്?"–

"ഇവ 'സമുദായപരിഷ്ക്കാരിണി' എന്ന പത്രികയിലേക്കുള്ള ചില ഉപന്യാസങ്ങളാണു്. ആ പത്രിക ഇവിടത്തേവകയല്ല. ആ ഉപന്യാസങ്ങൾ നോക്കിതിരുത്തി അയപ്പാൻ അതിൻെറ പ്രവൎത്തകന്മാർ എന്നെ ഏല്പിച്ചിട്ടുള്ളതാണു്"—

"ഇതാ ഇതോ?"—

"അതു ശാരദ—സ്ത്രീകൾക്കായുള്ള ഒരു മാസിക പുസ്തകം"—

"പിന്നെ ഇതോ?"—

"അതൊക്കെ ചില സ്വകാൎയ്യക്കത്തുകളാണ്. പത്രം സംബന്ധിച്ചല്ലാ."—

"ആട്ടെ—നിങ്ങൾക്കു മദിരാശിയിൽ നിന്ന് ഒരു വാറോലക്കത്തു കിട്ടിയതായി എനിക്കു എഴുത്തയച്ചിട്ടുണ്ടല്ലോ: ആ കത്തെവിടെ?"—

"ആ കത്തു വീട്ടിലുണ്ട്. ആ കത്തിനെപ്പററി നിങ്ങൾക്കു മാത്രമല്ലാ, എഴുതിയിട്ടുള്ളതു്. മദ്രാസ് ഗവൎണ്ണർ സായിപ്പിൻെറ പ്രൈവററ് സെക്രട്ടറി, ബ്രിട്ടീഷ് റസിഡണ്ട്, ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ഇവൎക്കൊക്കെ എഴുതീട്ടുണ്ട്."—

"നിങ്ങളെന്തിനാണ് ആ വാറോലയെ ഗണ്യമാക്കിയതു്?"—

"ഞാൻ ഗണ്യമാക്കിയതല്ലാ. എനിക്ക് അതിന്മേൽ നിയമപ്രകാരം നടപടി നടത്തണമെന്നാഗ്രഹമുണ്ടായില്ലാ. എന്നാൽ, ഇങ്ങനെയൊരു വാറോല എനിക്കു കിട്ടീട്ടുണ്ട് എന്ന വസ്തുതയെ നിങ്ങൾ മുതലായവരെ ധരിപ്പിക്കേണ്ടതാവശ്യമെന്നു കരുതിയാണ്. അതിനേപ്പററി പത്രത്തിലും പ്രസ്താവിച്ചിച്ചിട്ടുണ്ട്"—

"ആട്ടെ. ഈ സാമാനലിസ്ററ് ഒപ്പിട്ടുതരാമല്ലോ"— (എന്നു പ്രസ്സ്മുറിയിലെ സാമാനങ്ങളുടെ ലിസ്ററു് കാണിച്ചിട്ടു പറഞ്ഞു).

"ഇല്ലാ. ഈ സാമാനങ്ങളുടെ വിവരം വ്യക്തമായി വേണം. ടൈപ്പുകൾ തൂക്കംനോക്കി തിട്ടപ്പെടുത്തണം."

"അതെന്തിനാണ്? ടൈപ്പുകൾ തൂക്കംനോക്കിയാണോ വിലവയ്ക്കുന്നതു്?"—

"അതേ. മാത്രമല്ല, സാമാനങ്ങളുടെ ഉടമസ്ഥൻ ഞാനല്ലാ. ഞാൻ അച്ചുക്കൂടം നടത്തിപ്പുകാരൻ മാത്രമാണ്. ഉടമസ്ഥൻ ഒരു മുഹമ്മദീയനാണ്."—

"ഇവിടെ കുറെ മുമ്പേ കണ്ടിരുന്ന മുഹമ്മദീയനാണോ"—

"അല്ലാ. അദ്ദേഹം ഇവിടെ മണക്കാട്ടുള്ള ഒരു സ്നേഹിതനാണ്. ഉടമസ്ഥൻ ചിറയിൻകീഴിൽ വക്കം എന്ന സ്ഥലത്തുള്ള ഒരാളാണ്."—

"ടൈപ്പുകൾ ഞങ്ങൾ കളകയില്ലാ. തൂക്കംനോക്കേണ്ടതെന്തിന്?"—

"നിങ്ങൾകളകയില്ലായിരിക്കാം. വല്ലവിധവും നഷ്ടം വന്നാൽ ആരാണ് ഉത്തരം പറയുന്നതു്? എന്തുമാത്രം സാമാനംഉണ്ടെന്ന് എങ്ങിനെ നിശ്ചയിക്കാം?"

"എന്നാൽ, ഇൻസ്പെക്ടരേ, ഒരു തുലാസു കൊണ്ടുവന്നു തൂക്കംനോക്കിപ്പോകട്ടെ."—

"നിങ്ങൾ ഇതൊക്കെ എടുത്തുകൊണ്ടു പോകയാണെങ്കിൽ നിശ്ചയമായും തൂക്കംനോക്കി തിട്ടപ്പെടുത്തണം."—

"അതേ. ഈ സാമാനങ്ങളൊക്കെ എടുത്തുകൊണ്ടു പോവാനാണ് എനിക്കു കല്പന കിട്ടീട്ടുള്ളതു്."—

"ബോധിച്ചപോലെചെയ്യു."— എന്നു പറഞ്ഞു ഞാൻ മറെറാരു ഭാഗത്തേക്കു പോയി.

സ്ക്രീൻവച്ചു മറച്ചിരുന്ന മറുഭാഗം, സാധാരണ യായി, അച്ചടിച്ചുകഴിഞ്ഞ പത്രം മടക്കിക്കെട്ടി അയ പ്പാനും, അതു സംബന്ധിച്ച സിൽബന്തികൾക്കിരി പ്പാനും ഉപയോഗപ്പെട്ടത്തി വന്നിരുന്നതായിരുന്നു. അവിടെയാണ്, സാധാരണയായി, പുറമേനിന്നും പ ത്രാധിപരെ കാണ്മാൻ വരുന്ന ആളുകൾ ആദ്യമായി കടക്കുന്നതു്. മുററത്തുനിന്നു് ആ മുറിക്കുള്ളിൽ കടക്കു ന്ന വാതില്ക്കൽ ആളുകൾ മുമ്പത്തേതിലധികം വന്നു ചേർന്നു. ഞാൻ അവരോടു വർത്തമാനം പറഞ്ഞു നിന്ന തിനിടയിൽ, എൻെറ ആഫീസ്മുറിക്കുള്ളിൽ പോ ലീസ് സൂപ്രണ്ടിൻേറയും അനുചരന്മാരുടേയും ചല നങ്ങൾ പ്രകടമായികേട്ടു.

അവർ പത്രഫയലുകളേയും, മേശപ്പുറത്തുണ്ടാ യിരുന്ന കയ്യെഴുത്തു പകർപ്പുകൾ, കത്തുകൾ, പുസ്തക ങ്ങൾ, കടലാസ്, പേന, പെൻസിൽ, മഷിക്കുപ്പി മുതലായവയും, താഴെ ഉണ്ടായിരുന്ന ചവററുപെട്ടി യും, പക്ഷേ പത്രാധിപരുടെ കസാലയുടെ ചോട്ടിൽ കിടന്ന പൊടികളെക്കൂടെയും എടുത്തുമറിച്ചു തള്ളുന്ന തും കേൾക്കാമായിരുന്നു.

ഞാൻ നിന്നിരുന്നതിനു് അടുത്ത പുരമുറിയിലും ആളുകൾ വന്നുകയറുന്നതു കാണാമായിരുന്നു. ആ പു രമുറിയാണു് മാനേജരുടേയും ഗുമസ്താവിൻേറയും ആ ഫീസ്. അതിനുള്ളിലാണു് അച്ചടിക്കടലാസുകൾ, അച്ചടിച്ച കടലാസുകൾ, അച്ചടിക്കു വേണ്ട പല ഉപ കരണങ്ങൾ, റിക്കാർട്ടുകളടങ്ങിയ അലമാര, വില്പാൻ വെച്ചിട്ടുള്ള പുസ്തകങ്ങൾ, പഴയ പത്രങ്ങൾ മുതലായ ഒട്ടേറെ സാധനങ്ങൾ സൂക്ഷിച്ചിരുന്നതു്. അവിടെ,

ഒരററത്തു്, പോലീസ് ഇൻസ്പെക്ടർ മിസ്റ്റർ ഗോവിന്ദപ്പിള്ള ഒരു ജനാലയുടെ അരികിൽ ഒരു നാല്ക്കാലിയിന്മേൽ ഇരിക്കുന്നുണ്ടായിരുന്നു. ജിജ്ഞാസുക്കളായി വന്നുകൊണ്ടിരുന്ന ആളുകളോടു ഞാൻ ഓരോ സമാധാനം പറഞ്ഞുകൊണ്ടു നിന്നതിനിടയിൽ നടന്ന ചില നേരമ്പോക്കുകൾ രസജനകമായിരുന്നു. എൻെറ ബന്ധുക്കളിൽ ഒരാൾ പരിഭ്രമത്തോടെ ഓടിവന്നു "ജാമ്യത്തിൽ വിട്ടയയ്ക്കുകയില്ലേ?"—എന്നു ചോദിച്ചു.

"യാതൊന്നും അറിയുന്നില്ലാ"— എന്നു ഞാൻ മറുപടി പറഞ്ഞു.

"അറസ്റ്റ് ചെയ്യുമോ?"—

"ഇപ്പോൾ അറസ്റ്റിലാണല്ലോ"—

"അതല്ലാ ഞാൻ ചോദിച്ചതു്. അറസ്ററ് പല വിധത്തിലുണ്ടു്. അവമാനിച്ചറസ്റ്റ് ചെയ്യുമോ"—

'എനിക്കു മനസ്സിലാകുന്നില്ലാ. അപമാനിച്ചറസ്റ്റ് ചെയ്ക എന്താണു്?"—

"കൈക്കു വിലങ്ങുവെയ്ക്കുകതന്നെ"—

"അതിലേക്കു് ഞാൻ എന്തു കുററം ചെയ്തു? വിലങ്ങുവെച്ചാൽതന്നെ എന്തു്? കൈക്കല്ലേ? പിന്നെ ജയിലിൽകൊണ്ടു് അടയ്ക്കുമായിരിക്കാം. അതാണോ നിങ്ങൾ അത്ഥമാക്കുന്നതു്?"—

"അതെ. അതുതന്നെ"—

എയ്, അതൊന്നും സാരമില്ല. കുററം ചെയ്തവനല്ലയോ അതിൽ മാനാവമാനങ്ങളെപ്പററി വിചാരപ്പെടാനുള്ളു. കുററം ചെയ്തിട്ടില്ലെങ്കിൽ, അവർ എന്തുതന്നെ ചെയ്താലെന്തു്? എനിക്കു് അവമാനം വരാ

നില്ല. ഞാൻ തന്നെത്താൻ ലജ്ജിക്കത്തക്ക കുററം ഒന്നും ചെയ്തിട്ടില്ലാ. നിങ്ങൾ സ്വസ്ഥമനസ്സായിരിക്കുക.

ഇങ്ങനെ സംസാരിച്ചുനില്ക്കുന്ന മദ്ധ്യേ, അവിടത്തെ ജോലിക്കാരിലൊരുവൻ ആ മുറിക്കുള്ളിൽ വെച്ചിരുന്ന തലയോടുകൂടിയ കലമാൻകൊമ്പിനെ എടുത്തുകൊണ്ടുപോവാൻ ആഗ്രഹിച്ചിട്ട് ഇൻസ്പെക്ടരോട് ആ വിവരം പറഞ്ഞു.

'ഒന്നും എടുത്തുകൊണ്ടുപോകരുത്. അങ്ങനെയാണ് ഞങ്ങൾക്കുത്തരവ്'-എന്നു ഇൻസ്പെക്ടർപറഞ്ഞു.

'കലമാൻകൊമ്പ് അച്ചുക്കൂടംവകയല്ലാ. ആ വക സാമാനങ്ങളിലുൾപ്പെട്ടതുമല്ലാ.'—എന്നായി ജോലിക്കാരൻ.

'യാതൊന്നും പുറമേ കൊണ്ടുപോകരുത്' -എന്ന് ഇൻസ്പെക്ടരും.

'ഹെയ്, അതവിടെവെച്ചേക്കു, അതെടുക്കണ്ടാ. ഒരുവേള, അതും, പത്രാധിപരുടെമേൽ ക്രിമിനൽ കേസിന് ഉപയോഗപ്പെടും. ദിവാൻജി തുടങ്ങിയ ഉദ്യോഗസ്ഥന്മാരുടെനേക്കു പാഞ്ഞു് ഉപദ്രവിക്കുന്നതിനായി തൻെറ സിൽബന്ധികളുടെ തലയിൽ വെച്ചുകെട്ടി അയപ്പാൻ പത്രാധിപർ കലക്കൊമ്പുകൾ ശേഖരിച്ചു വന്നിരുന്നു എന്ന് ചാർജ്ജ് ചെയ്യരുതോ? കലക്കൊമ്പും അപായകരമായ ആയുധമല്ലേ?— എന്ന് ഒരാൾ അപഹസിച്ചുപറഞ്ഞു. "എന്നാൽ ഞാൻ അതെടുക്കുന്നില്ലാ"-എന്ന് ആ സിൽബന്ധി സമാധാനം പറഞ്ഞുപോയി.

ഇതിനിടയിൽ, ഞാൻ മററെ ഭാഗത്തേക്കു കൂടക്കൂടെ പോകുന്നുണ്ടായിരുന്നു. മുററത്ത് അച്ചുക്കൂടം

വക കേസുകൾ, സ്റ്റാൻഡുകൾ, മേശ മുതലായവ എടുത്തു തള്ളുന്നതും, അവയെ വണ്ടികളിൽ കയററി അയയ്ക്കുന്നതും കണ്ടു. വണ്ടികൾ റോട്ടിലിറങ്ങുമ്പോൾ ആളുകളുടെ കൂകി വിളികളും പൊങ്ങിക്കൊണ്ടിരുന്നു.

പത്രാധിപരുടെ ആഫീസ് ശോധനചെയ്തു് എല്ലാ സാധനങ്ങളും കൈവശപ്പെടുത്തിയാറെ, സൂപ്രേണ്ടും കൂട്ടരും ഇപ്പുറത്തേക്കു കടന്നു. അവിടെ പത്രം മടക്കിക്കെട്ടി അയയ്ക്കുന്നതിന് ഉപയോഗപ്പെടുത്താറുള്ള നീണ്ടമേശയുടെ ഒരററത്തു വരിക്കാരുടെ മേൽവിലാസങ്ങൾ അച്ചടിച്ചു പററിച്ച റാപ്പർ കടലാസുകൾ അടുക്കിവെച്ചിരുന്നതും, സമീപത്തായി പശ പകന്ന പാത്രം ഇരുന്നതും, മുകളിൽ വിളക്കുതൂക്കിയിരുന്നതും, അവർ കണ്ടു. അവയൊക്കെ എടുത്തു. കുറേനേരം കൂടെ കഴിഞ്ഞപ്പോൾ, അവിടത്തെ മേശയും സ്ക്രീനും മററു സാമാനങ്ങളുമൊക്കെ മുററത്തായി. ആ മുറിയും പ്രസ്സ്മുറിയും മിക്കവാറും ഒഴിഞ്ഞു. ഞാൻ പ്രസ്മുറിയിൽ ചെന്നപ്പോൾ കാൺസ്റ്റബിൾമാർ അവിടെനിന്നു മഹസ്സർ തയ്യാറാക്കുകയായിരുന്നു.

നേരം സന്ധ്യയായി. പോലീസ്സൂപ്രേണ്ടു്, മുററത്തിറങ്ങി, അവിടെ നിന്നവരോടു പുറമേ പോകാൻ ആവശ്യപ്പെട്ടു. ചിലർ പോയി; ചിലർ പോയില്ല. സൂപ്രേണ്ടു് വീണ്ടും കെട്ടിടത്തിനുള്ളിൽക്കൂടെ ചുററി. മാനേജരുടെ മുറിയിലുള്ള സാമാനങ്ങൾ മാററാൻ ഇതേവരെ ആരംഭിച്ചിട്ടില്ല. സൂപ്രേണ്ടു മുററത്തിറങ്ങി. ആളുകളെ വിരട്ടി. പോലീസ് ഹെഡ്ക്വാർട്ടർ ആഫീസിലെ മി. ഗാല്യോവും അവിടെ വന്നെത്തിയിരുന്നു. അ

വർ ഗേററിന്ന പുറമേയിറങ്ങി റോട്ടിലേയ്ക്കുള്ള വഴിയിൽനിന്ന് ആളുകളെ വിരട്ടിയപ്പോഠം ഒട്ടേറെ കൂക്കുവിളികളും ഇളകി. ഒരു അരമണിക്കൂറോളം സമയം കഴിഞ്ഞാണ് തിരിയെവന്നതു്. ആ നേരമത്രയും റോട്ടിൽ ആളുകളെ വിലക്കുവാൻ ശ്രമിച്ചു നിന്നിരുന്നതായും, ആളുകഠംക്കു അസഹ്യത തട്ടുകയാൽ സൂപ്രേണ്ടിനോട്ട് അവർ വാക്കേററം തുടങ്ങിയതായും, ഒടുവിൽ ഒരുവിധം ശമിച്ചതായും പറഞ്ഞുകേട്ടു.

ഇരുട്ടായി തുടങ്ങിയതോടുകൂടെ പോലീസ് ഇൻസ്പെക്ടർമാരിൽ ഒന്നോരണ്ടോ പേർ എൻെറചുഴലവും സഹചരിക്കുന്നുണ്ടായിരുന്നു. "നിങ്ങഠം ചാടിപ്പൊയ്ക്കുളയാതിരിപ്പാൻ സൂപ്രേണ്ടു ഇവരോട്ട് ആജ്ഞാപിച്ചിട്ടുണ്ടെന്നറിയുന്നു"—എന്നു് ഒരു സ്നേഹിതൻ എന്നോടു പറഞ്ഞു. "ഭോഷത്തം! ഞാൻ എന്തിനാണു ചാടിപ്പോകുന്നതു്? അവർ ലോകം മുഴുവൻ മറിച്ചു എൻെറ നേക്കു കൊണ്ടുവരട്ടെ. ഭയപ്പെട്ടു പോകേണ്ട ആവശ്യം എനിക്കില്ലാ. ഞാൻകുററം ചെയ്തിട്ടുണ്ടെങ്കിലല്ലേപേടിക്കേണ്ടു"—എന്നു ഞാൻ സമാധാനം പറഞ്ഞു.

ഏകദേശം ഏഴുമണി സമയമായി. സൂപ്രേണ്ട് അകത്തുവന്നു, ഇൻസ്പെക്ടർ മിസ്റ്റർഗോവിന്ദപ്പിള്ളയെ വിളിച്ചു് എന്തോ ചെവിയിൽ പറയുന്നതുകണ്ടു. അതുകഴിഞ്ഞു സൂപ്രേണ്ട് പുറമേയിറങ്ങി. മിസ്റ്റർ ഗോവിന്ദപ്പിള്ള എൻെറ അരികിലെത്തിപ്പറഞ്ഞു:—"രാത്രിയായി. ഇവിടെ ഇരിക്കേണ്ടാ. സ്റ്റേഷനിൽപോയിരിക്കാമെന്നു സൂപ്രേണ്ട് പറയുന്നു."—"ഓഹോ! പോകാം"—എന്നു മറുപടി പറഞ്ഞു, ഞാൻ മുററത്തിറങ്ങി.

ആ സമയം ചില സ്നേഹിതന്മാർ അടുത്തുവന്നു പറഞ്ഞു!-"നിങ്ങൾ സുഖക്കേടുകാരനാകകൊണ്ടു്, ഡാക്ടരെ വിളിപ്പിച്ചു ദേഹപരിശോധന കഴിക്കണം"—ഇതിനിടയിൽ, സൂപ്രേണ്ടും അടുത്തുവന്നു. "ഞാൻ സുഖക്കേടുകാരനാണു്. ചികിൽസയിലിരിക്കയാണു്. അതിനാൽ എനിക്കു രാത്രി സുഖമായി കിടക്കുന്നതിനു മെത്ത മുതലായവ സംഭരിക്കണം. എൻെറ ദേഹം ഡാക്ടരെക്കൊണ്ടു പരിശോധിക്കുന്നതും യുക്തമായിരിക്കും"-എന്നു ഞാൻ പറഞ്ഞതിനു, "നിങ്ങൾക്കു സുഖമായികിടപ്പാൻ വേണ്ടപോലെ ഏർപ്പാടുചെയ്യാം"-എന്നു സൂപ്രേണ്ടു മറുപടിപറഞ്ഞു. ഉടൻ മിസ്റ്റർ ഗോവിന്ദപ്പിള്ള(ഇൻസ്പെക്ടർ)യും കൂട്ടരും "ഹെയ്യ്! നിങ്ങളെന്തിനാണിങ്ങനെ പറയുന്നതു്? ദേഹപരിശോധന എന്തിനു്?"-എന്നു ചോദിച്ചു. "അതല്ലാം, എൻെറ ശരീരസ്ഥിതി അങ്ങനെയാണു്"-വല്ല സുഖക്കേടും വന്നാൽ നിങ്ങളെ അപരാധികളാക്കുവാൻ ഇടയാക്കരുതല്ലൊ. ആ മുൻകരുതലാണു്" ഇങ്ങനെ പറഞ്ഞിട്ടു റോട്ടിലേയ്ക്കെത്തി. മുന്നോട്ടു നോക്കിയപ്പോൾ, ഒരു പത്തായിരത്തിലധികം ജനങ്ങൾ,

"തെരുതെരെ മണൽവാരിത്തെള്ളിമേല്പൊട്ടെറിഞ്ഞാ-
ലൊരുതരിമണൽ പോലും താഴെവീഴാതവണ്ണം"

റോട്ടിൽ നിരന്നിട്ടുണ്ടു്. റോട്ടിൻെറ ഇരുഭാഗങ്ങളിലുമുള്ള ഷാപ്പുകളിലും 'വെസ്റ്റേർൻസ്റ്റാർ' ആഫീസ് മുഖപ്പുവരാന്തയിലുംമറ്റും കാഴ്ചക്കാർകൂടീട്ടുണ്ടു്. ആ ആൾക്കൂട്ടത്തിൻെറ ഇടയിൽ കുറെ ശ്രമപ്പെട്ടായിരുന്നു വഴി തെളിച്ചതു്. പോലീസ് സൂപ്രേണ്ടും മിസ്റ്റർ ഗാല്യോ

വും വഴിവിലക്കി. എൻെറ ഇടംവലമായി മിസ്റ്റർഗോവിന്ദപ്പിള്ള, മിസ്ററർ പിച്ചുഅയ്യങ്കാർ മുതലായവരും നടന്നിരുന്നു. മെയിൻറോട്ടുവിട്ടു സ്റ്റേഷനിലേക്കുള്ള വഴിയിൽ തിരിയാറായപ്പോഠം, പിറകിൽനിന്നും, റോട്ടിൻെറ ഇരുഭാഗങ്ങളിൽനിന്നും, വലത്തുനിന്നും, "തള്ളിത്തിങ്ങിക്കലെങ്ങിപ്പെരുകിവരു"ന്നുണ്ടായിരുന്ന ജനപ്രവാഹങ്ങഠം എല്ലാംകൂടി, "വെള്ളത്തിൻ വേഗമേറും ഗതിമണലണയെത്തട്ടിനീക്കുന്നവണ്ണം" പോലീസുകാരുടെ തടസ്ഥത്തെ വകവയ്ക്കാതെ'തള്ളിത്തള്ളി സ്റ്റേഷനിലോട്ടു വലിഞ്ഞുതുടങ്ങി. ഒരഞ്ചുമിനിട്ടു ഇങ്ങനെ കഴിഞ്ഞപ്പോഠം, ഞങ്ങഠം പോലീസ്സ്റേറഷൻ വാതില്ക്കൽ എത്തി. എന്നാൽ, ഈ ജനപ്രവാഹത്തിനൊക്കെ ആ പതനപ്രദേശത്തേക്കു കടക്കുന്നതിന മാൎഗ്ഗമില്ലാത്ത വിധത്തിൽ, അവിടം പ്രതിബന്ധിക്കപ്പെട്ടിരുന്നു. പോലീസുകാരും, 'പ്രേക്ഷകപ്രേക്ഷിതനായ' ഞാനും ഒഴികെ, മററെല്ലാവരും പുറത്തു നില്ക്കേണ്ടിവന്നു. വാതൽ കടന്നു് അകത്തുവരാൻ ഭാവിച്ച ചില സ്നേഹിതന്മാരെ പോലീസ് സൂപ്രേണ്ടു് അസഹനനായി പുറത്തേക്കു തള്ളി. എന്നാൽ, പുറമേ നില്ക്കേണ്ടിവന്ന ആളുകളിൽ ചിലർ സൂപ്രേണ്ടിൻെറ ഈ ആവേശപ്രകടനങ്ങളെക്കണ്ടു് അപഹാസസൂചകമായി കൂകിവിളിച്ചുകൊണ്ടു് സ്റേറഷൻ അതിത്തി മതില്ക്കുപുറമേ, റോട്ടിൽ, ദിദൃക്ഷുക്കളായിത്തന്നെ നിന്നു

~~~~~~~~~~~
~~~~~~~~~~~

# അദ്ധ്യായം രണ്ടു്.

പോലീസ്സ്റ്റേഷൻെറ ഗേററുകടന്നു മുററത്തിറങ്ങിയപ്പോൾ ആദ്യമായി കണ്ടതു് അച്ചുക്കൂടംവക കേസ്, സ്റ്റാൻ്റുകൾ തുടങ്ങിയ പലേ സാമാനങ്ങൾ മുററത്തു കൊണ്ടു തള്ളിയിരുന്നതായിരുന്നു. അവയെ കടന്നു സ്റ്റേഷൻ മുഖപ്പിലുള്ള വരാന്തയിൽ കയറി. അവിടെ റിസർവ്വ്പോലീസ് ഇൻസ്പെക്ടർ മിസ്റ്റർ ഗോമസ് വാളൂരിപ്പിടിച്ചുകൊണ്ടു് ലാത്തുന്നുണ്ടായിരുന്നു. പോലീസ് സൂപ്രേണ്ടു് ഈ സമയത്തിനിടയ്ക്കു് അവിടംവിട്ടു പോയിരുന്നു. എന്നോടു് ഇരിക്കുവാൻ പറഞ്ഞതിന്മണ്ണം അവിടെ മുഖപ്പുവരാന്തയിൽത്തന്നെ ഒരു കസാലയിൽ ഞാൻ ഇരുന്നു. ഹാ! ആ കസാല 'സ്വദേശാഭിമാനി'ആപ്പീസിൽനിന്നു സക്കാർ കൈയടക്കിയവയിൽ ഒന്നുതന്നെയായിരുന്നു! ഞാൻ, റോഡിൽ നിന്നിരുന്ന ജനങ്ങൾക്കു് അഭിമുഖമായും അവർക്കു കാണ്മാൻ സൗകൎയ്യപ്പെട്ടുമാറും ഇരിക്കയായിരുന്നു. ജനങ്ങൾ കൂട്ടം വിട്ടു പിരിഞ്ഞുപോയിരുന്നില്ലാ. അവരുടെയിടയിൽ ചില ആരവങ്ങളും തെരക്കുകളും കേൾക്കാമായിരുന്നു. ഇതു സ്വഭാവേന പോലീസുകാക്കു് അല്പം കുണ്ഠിതത്തിനു കാരണമായി എന്നു തോന്നുന്നു. എന്തെന്നാൽ, മിസ്റ്റർ ഗോമസ്സും മിസ്റ്റർ ഗോവിന്ദപ്പിള്ളയും മററും, എന്നോടു് അകത്തുള്ള കസാലയിൽ ഇരിക്കുന്നതായാൽ ഈ ബഹളം പുറമേ ഉണ്ടാകാതെ കഴിയുമായിരുന്നു എന്നു പറകയുണ്ടായി. "അകത്തു കടന്നിരിക്കുമ്പോൾ ആളുകൾക്കു് എന്നെ കാണ്മാൻ

കഴിയാതെയാവും; അവരുടെ ആശങ്ക വൎദ്ധിക്കും; കുറേ ക്കൂടെ ബഹളമാകും. പുറമേയിരുന്നാൽ അവൎക്ക് എന്നെ കാണ്മാൻ കഴിയുന്നതായാൽ ദുശ്ശങ്കകൾ ഉണ്ടാക യില്ലാ. ഇതു വിചാരിച്ചിട്ടാണു് കുറേനേരം പുറത്തിരി ക്കാമെന്നു ഞാൻ പറയുന്നതു്”—എന്നു ഞാൻ അവ രോടു മറുപടിപറഞ്ഞു. ഈ വിധം കുറേനേരം പുറ മേയിരുന്നു. മിസ്റ്റർ ഗോമസ്സുമായി ചില വൎത്തമാന ങ്ങൾ സംസാരിച്ചുകൊണ്ടിരുന്നതിനിടയിൽ, റോട്ടി ലെ ജനക്കൂട്ടം കുറേശ്ശ മെലിഞ്ഞുതുടങ്ങിയതായി തോ ന്നി. വരാന്തയിൽ നെടുനീളെ ‘സ്വദേശാഭിമാനി’ ആപ്പീസിൽനിന്നു് എടുത്ത പുസ്തകങ്ങൾ, റിക്കാൎട്ടു കൾ മുതലായവയൊക്കെ വാരി വിതറിക്കൂട്ടിയിരിക്ക യായിരുന്നു. കുറേ നേരം കഴിഞ്ഞാറെ ഞാൻ അകത്തു ള്ള കസാലയിൽ ചെന്നിരുന്നു. പോലീസ് ഇൻസ്പെ ക്ടൎമാരും സ്റ്റേഷൻആഫീസരും മററും അവരുടെ ചില ജോലികൾ നോക്കുന്നതിനിടയിൽ, എൻെറ ആ രാ ത്രിയിലെ താമസത്തിനായിട്ടാണെന്നു തോന്നുന്നു, ഒരു വലിയ മുറി ഒഴിക്കാനും അകം വൃത്തിയാക്കാനും ഉത്സാ ഹിച്ചുതുടങ്ങി. ഇതിന്നിടെ സൂപ്രേണ്ടു വരികയും, എ ൻെറ ആഹാരവും മെത്തയും എപ്പോൾ വന്നുചേരുമെ ന്നു ചോദിക്കയും ചെയ്തിട്ടുപോയി. പിന്നെയും, ഞാൻ മിസ്ററർ ഗോവിന്ദപ്പിള്ളയുമായി സംസാരിച്ചുകൊ ണ്ടിരിക്കയായിരുന്നു. കുറേനേരം കഴിഞ്ഞു് സൂപ്രേണ്ടും മിസ്ററർ ഗാല്യോവും വന്നു; വരാന്തയിൽ കിടന്നിരു ന്ന റിക്കാൎട്ടുകളെ കെട്ടി അരക്കുമുദ്രവച്ചു്, എനിക്കാ യി ഒഴിച്ചിട്ട വലിയ മുറിക്കുള്ളിൽ കൊണ്ടുവെപ്പിച്ചു്, അവയ്ക്കു ലിസ്ററുകൾ എഴുതി, വീണ്ടും പോയി.

മണി ഏകദേശം ഒമ്പതാകുമെന്നു തോന്നുന്നു. എനിക്ക് ആഹാരവും മെത്തയും കൊണ്ടുവരാനായി പ്രത്യേകം നിയോഗിക്കപ്പെട്ടിരുന്ന പോലീസ് ഇൻസ്പെക്ടർ മിസ്ററർ അച്യുതൻപിള്ളയും എൻെറ വാല്യക്കാരും മടങ്ങി വന്നിട്ടില്ലാ. പുറമേ റോട്ടിലുണ്ടായിരുന്ന ആളുകളും മിക്കവാറും പോയിക്കഴിഞ്ഞു. സൂപ്രേണ്ടു വീണ്ടും വരുകയും ആഹാരാദികാൎയ്യങ്ങളെപ്പററി അന്വേഷണംചെയ്കയും ചെയ്തു. അനന്തരംസൂപ്രേണ്ട് എന്നിൽനിന്നു കുറേ അകലേ ഇരുന്ന് ഒരു കടലാസു മേടിച്ച് എന്തോ എഴുതി. ആ ഫാറംസ്റ്റേമ്പ്കടലാസിൻെറ എഴുതിയ പകുതി ചീന്തിയെടുത്ത് മടക്കി, ഇൻസ്പെക്ടർ മിസ്ററർ ഗോവിന്ദപ്പിള്ളയെ ഏല്പിച്ച്, എൻെറ ആഹാരാദി കാൎയ്യങ്ങളെപ്പററി വീണ്ടും അന്വേഷണം ചെയ്തിട്ടു പോയി. മിസ്ററർ ഗോവിന്ദപ്പിള്ളയും കുറെ അനുഗമിച്ചിട്ട് മടങ്ങിവന്നു. തൻെറ കൈയിൽ കിട്ടിയ രേഖയെ നോക്കി കാൎയ്യം ഗ്രഹിച്ചശേഷം, മടക്കി കീശയിലാക്കി. കുറെ കഴിഞ്ഞാറെ, താൻ രാവിലെ വീട്ടിൽനിന്ന് ഇറങ്ങിയതാണെന്നും, ഉച്ചയ്ക്കു് ആഹാരംകഴിഞ്ഞിട്ടില്ലെന്നും മററും തൻെറ കൂട്ടുകാരോടു പറകയും, ഒരു കാൺസ്ററബിളിനെ വിളിച്ച്, വീട്ടിൽപോയി ഉടുപ്പാൻ മുണ്ടും, നേരിയതും, അഞ്ചെട്ടപ്പികയും വാങ്ങിക്കൊണ്ടുവരാൻ, ഒരു കുറിമാനം കൊടുത്തയയ്ക്കയും ചെയ്തു. അതേവരെ, എന്നെ എന്തുചെയ്യാനാണു പോകുന്നതെന്നു നിശ്ചയമറിഞ്ഞിരുന്നില്ലെങ്കിലും, പക്ഷേ പിറേറന്നാൾ എൻെറമേൽ മററുവല്ല കുററവും ആരോപിച്ചു കേസു തുടങ്ങുമെന്നു പലരും സംശയിച്ചിരുന്നതിന്നണ്ണം ആ

ശങ്കിച്ചിരുന്ന എനിക്ക്, ആ ആശങ്ക അസംഗത മെന്ന് ഉടൻ തോന്നി. എൻെറ മനസ്സിൽ അപ്പോൾ ഉദിച്ച പൊങ്ങിയ വിചാരങ്ങൾ ഇപ്രകാരമായിരു ന്നു:—"സൂപ്രേണ്ടു ഒരു രേഖ മിസ്ററർ ഗോവിന്ദപ്പി ള്ളയെ ഏല്പിക്കുന്നു. മിസ്ററർ പിള്ള വീട്ടിലേക്കു ആളയച്ച് ഉടുപ്പാൻ മുണ്ടും നേരിയതും ഉറുപ്പികയും ആവശ്യപ്പെടുന്നു. ഇതെന്തിന്? രേഖ എന്താവാം? എ ന്നെ ബന്തവസ്സിൽ സൂക്ഷിപ്പാൻ മിസ്റ്റർ പിള്ളയെ ചു മതലപ്പെടുത്തിയതാണെങ്കിൽ, മിസ്ററർ പിള്ള ഈ രാത്രിയിൽ ഉറുപ്പിക ആവശ്യപ്പെടുന്നതെന്തിന്? അ തുമല്ലാ, പാളയം സ്റേറഷൻചാർജ്ജ് വഹിക്കുന്ന ഇൻ സ്പെക്ടർ മിസ്ററർ ഗോവിന്ദപ്പിള്ള അല്ലതാനും. അതിനാൽ സൂപ്രേണ്ടു കൊടുത്ത രേഖ മറെറന്തോ ഉ ദ്ദേശത്തോടു കൂടിയതായിരിക്കണം. അതെന്താണ്? എ ൻെറ ആപ്പീസും അച്ചുക്കൂടവും പെട്ടെന്നു ശോധനചെ യ്യാനാണെന്നു പറഞ്ഞു വന്നിട്ടു സകല സാധനങ്ങളും പോലിസ് സ്റേറഷനിലേക്കു മാററി. ശോധനവാറ ണ്ടു് എന്നെ കാണിച്ചിട്ടില്ലാ. ആവശ്യപ്പെട്ടതിലും, കാ ണിക്കയില്ലെന്നു സൂപ്രേണ്ടുപറഞ്ഞു. മജിസ്ട്രേട്ടിൻെറ വാറണ്ടല്ലാ എന്നും തിരുവെഴുത്തുവാറണ്ടാണെന്നും പ റഞ്ഞു. കുററം ചെയ്തിട്ടുണ്ടെങ്കിൽ, രാജ്യരക്ഷയെ ഉദ്ദേ ശിച്ച് ഏർപ്പെടുത്തീട്ടുള്ള നിയമങ്ങളെ നടത്തിപ്പോകു ന്നതിന് നിയോഗിച്ചിരിക്കുന്ന ന്യായാധിപതിമാർ മു ഖേന ചെയ്യേണ്ടിയിരുന്നതായ നടപടികളെ ഉപേക്ഷി ച്ചിട്ട് രാജാവിൻെറ അധികാരമഹിമാവിനെ പ്രയോ ഗിച്ചിരിക്കുന്ന സ്ഥിതിക്ക്, സൂപ്രേണ്ടിൻെറ രേഖ ആ

അധികാരപ്രകടനത്തിന്റെ മറെറാരു അംശമായിരിക്കാം. ആ രേഖ എന്നെ ഈ നാട്ടിൽനിന്നു പുറമേ അയയ്ക്കണമെന്ന ഉദ്ദേശത്തിലുള്ളതായിരിക്കാം; സംശയമില്ല"-എന്നുചിന്തിച്ചു മിസ്ററർ ഗോവിന്ദപ്പിള്ളയോടുചോദിച്ചു: "നമ്മൾക്കു് എപ്പോൾ പുറപ്പെടാം"-എന്നുമാത്രം. ഈ ചോദ്യത്തെ അദ്ദേഹം ആ സമയം പ്രതീക്ഷിച്ചിരുന്നില്ലാ എന്നുതോന്നുന്നു. എന്തെന്നാൽ, അതുകേട്ടിട്ടു് അദ്ദേഹം കുറേനേരം ഒന്നും മിണ്ടാതെയിരുന്നു. "വേണ്ടാ. നിങ്ങൾ ഒളിച്ചുവയ്ക്കേണ്ട ആവശ്യമില്ലാ. എന്താണു് വരാൻ പോകുന്നതെന്നു ഞാൻ ഊഹിച്ചു കഴിഞ്ഞു. അതിനാൽ എപ്പോൾ പുറപ്പെടാമെന്നുമാത്രം പറക"— എന്നു് ഞാൻ വീണ്ടും ചോദിച്ചു. അദ്ദേഹം വീണ്ടും മന്ദഹസിച്ചു. എന്തായാലും,എപ്പോഴെങ്കിലും പറയേണ്ടതായി വരുമല്ലോ എന്നു സമാധാനപ്പെട്ടിട്ടായിരിക്കാം, അദ്ദേഹം അനുശോചനസ്വരത്തിൽ, "പന്ത്രണ്ടുമണിക്കുപുറപ്പെടാം"—എന്നു മറുപടി പറഞ്ഞു. "രാത്രിയോപകലോ?"-എന്ന എന്റെ ചോദ്യത്തിനു് "ഇപ്പോൾതന്നെ; രാത്രിയിൽ"- എന്നു് ഉത്തരംപറഞ്ഞു. "അതാണുത്തമം—കഴിയുന്ന വേഗത്തിൽ ഇവിടം വിടണം, ബഹളമുണ്ടാവാൻ സംഗതി വരരുതല്ലോ. പക്ഷേ ഈ കഥ വളരെ മുമ്പുതന്നെ സൂപ്രേണ്ടിനു് എന്നെ അറിയിക്കാമായിരുന്നു. അങ്ങനെ ചെയ്തിരുന്നെങ്കിൽ, വീട്ടിൽവേണ്ട വ്യവസ്ഥകൾക്കു് അറിവുകൊടുക്കാമായിരുന്നു. പോട്ടെ! സാരമില്ല. മിസ്ററർ അച്യുതൻപിള്ളയും വാല്യക്കാരും വന്നുചേർന്നെങ്കിൽ ഊണുകഴിച്ചു നേരത്തേ യാത്രയാകാമായിരുന്നു"- എന്നു ഞാൻ

മിസ്ററർ ഗോവിന്ദപ്പിള്ളയോടു പറഞ്ഞു. ഈ സംഭാഷണ സമയം സമീപത്തു മററാരും ഉണ്ടായിരുന്നില്ലാ. അദ്ദേഹം എന്നെ സമാശ്വസിപ്പിക്കുന്നതിനായി ചിലതു സംസാരിച്ചു. "ഹെയ്! അതൊന്നും കൂടാതെ തന്നെ എനിക്കു സമാധാനം ഉണ്ട്. എനിക്കു ഏതു നാട്ടിലോ, കാട്ടിലോ, ജീവിച്ചാലെന്തു്? ഞാൻ ഇവിടെ പാക്കരുതു് എന്നാണു് മഹാരാജാവിന് അഭിമതമെങ്കിൽ, എനിക്കു് ഇവിടെ പാക്കുവാൻ ആഗ്രഹവുമില്ലാ. ആകട്ടെ! ഏതുവഴിക്കാണു യാത്ര?"—എന്നു ഞാൻ ചോദിച്ചു. "തെക്കൻവഴി"—എന്നു മിസ്ററർ ഗോവിന്ദപ്പിള്ള മറുപടി പറഞ്ഞു. "കൊല്ലം വഴിയായിരുന്നെങ്കിൽ നിങ്ങൾക്കു ബുദ്ധിമുട്ടുകൂടാതെ കഴിയുമായിരുന്നു"—"എന്താ ചെയ്ക? പോലീസുദ്ധിപ്പാർട്ടുമേണ്ടിലെ കഷ്ടപ്പാടുകൾ ഇങ്ങനെയൊക്കെയാണു്. തെക്കൻ വഴി പണ്ടത്തെ ഏർപ്പാടാണു്"—"ഓഹോ! തോവാളക്കോട്ട കടത്തുക എന്നാണല്ലോ"—"നിങ്ങൾക്കു ഗുണമാണെന്നു സമാധാനപ്പെടുക. അധികം സ്വാതന്ത്ര്യമുള്ള ദിക്കിൽ പാക്കാം"—

ഇപ്രകാരം സംഭാഷണം കുറെ കഴിഞ്ഞപ്പോൾ, മിസ്ററർ അച്യുതൻപിള്ളയും വാല്യക്കാരും വന്നുചേന്നു. കുറെ കഴിഞ്ഞു, മിസ്ററർ ഗാല്യോവിൻെറ ആൾ ഒരു കത്തുകൊണ്ടുവന്നു് ഇൻസ്പെക്ടർ മിസ്ററർ ഗോവിന്ദപ്പിള്ളയെ ഏല്പിച്ചു. അവർ അതു വായിച്ചുനോക്കിയശേഷം, ഞങ്ങൾ ഊണിന്നു് ഒരുക്കമായി. ഊണു കഴിഞ്ഞു. ഇതിനിടയിൽ, അവിടെ വന്നിരുന്ന ബന്ധുക്കളോടും മററും, ഞാൻ മദ്രാസിലേക്കു പോവുകയാണു്, എന്നു പറയുകയും; ആ വിവരം എൻെറ ഭാര്യ മുതലായവരെ ഗ്രഹിപ്പിക്കാൻ അവരോടാവശ്യപ്പെ

ടുകയും; വഴിയിൽ സഹായത്തിന രണ്ടാം പ്രത്യേകം പോരുവാൻ വ്യവസ്ഥചെയ്യയയ്ക്കയും ചെയ്തു. പതിനൊന്നമണി കഴിഞ്ഞപ്പോഠം, വണ്ടി തെയ്യാറായി, എന്ന് ആഠം വന്നറിയിച്ചു. പിന്നെ, അരമണിക്കൂറിനള്ളിൽ യാത്ര ഒരുങ്ങി: പതിനൊന്നരയ്ക്ക് ഞാനം പോലീസ് ഇൻസ്പെക്ടർമാർ മിസ്ററർ ഗോവിന്ദപ്പിള്ളയും മിസ്ററർ പിച്ചു അയ്യങ്കാരും ജഡ്ക്കയിൽ കയറി. രാത്രി നന്നെ ഇരുട്ടായിരുന്നു. യാത്രയും പുറപ്പെട്ടു. "യാത്രാമുഖേ ശോഭനാ"ആയ ഒരു ദീപം എതിരേവന്നു. "ഇരുളിൽനിന്നു വെളിച്ചത്തേക്കു"—എന്നു ദൈവം സൂചനതന്നതായിരിക്കുമോ എന്ന് ഒരു വിചാരം മനസ്സിന ധൈര്യത്തിങ്കൽ സ്ഥൈര്യത്തേയും നൽകി.

പോലീസ്വേഷം (യൂണിഫാറം) ധരിച്ചിരുന്ന ആ രണ്ട് ഇൻസ്പെക്ടർമാർക്കുകൂടേയും ഒന്നായി യാത്രചെയ്യാൻതക്ക സൌകര്യംഇല്ലായിരുന്ന ആ ജഡ്ക്കയ്ക്കുള്ളിൽ, എന്നെക്കൂടാതെ, എൻെറ മെത്ത മുതലായ സാധനങ്ങളും ഉണ്ടായിരുന്നതുകൊണ്ട്, അടുത്ത താവളമായ നെയ്യാററിങ്കരെ എത്തിയതുവരെ, യാത്രയിൽ

"നേരംപോയതറിഞ്ഞിടാത്തവിധമായ്
താനേ കഴിഞ്ഞൂനിശ".

നെയ്യാററിങ്കരെ എത്തിയപ്പോഠം, നേരം ഏകദേശം രണ്ടരമണി കഴിഞ്ഞിരിക്കുന്നു. പോലീസ് സ്റേറഷനിൽ വിളക്ക് നിന്നെരിയുന്നുണ്ട്; പാറാക്കാർ ഉണന്നിരിക്കുന്നുമുണ്ട്. ഉടൻ, അവിടുത്തെ ഇൻസ്പെക്ടർക്ക് ആളയച്ചു. മിസ്ററർ ഗോപാലസ്വാമി

പ്പിള്ള—അതാണു് ഇൻസ്പെക്ടരുടെ പേരു്—വന്നു ചേർന്നു, കാര്യം ചോദിച്ചറികയും, തനിക്കു് ഇങ്ങനെയൊരു സന്താപകരമായ കൃത്യം കൈയേൽക്കേണ്ടി വന്നല്ലോ എന്നു വ്യസനിക്കയും ചെയ്തു. ഞങ്ങൾ തമ്മിൽ പറഞ്ഞു തീർച്ചപ്പെടുത്തിയതിന്മണ്ണം, ജഡ്ക്കാവണ്ടിക്കു പകരം, വില്ലുവെച്ച (തിരുനൽവേലി) കാളവണ്ടി ഏർപ്പാടുചെയ്തു, ഉദ്ദേശം നാലുമണി സമയം, യാത്ര തുടൎന്നു. ആ സ്റ്റേഷനിൽനിന്നു് ഇൻസ്പെക്ടർ പുറമേ ഒരു സ്റ്റേഷനാഫീസരും പോരുന്നതിനു സൂപ്രേണ്ടിൻെറ ആജ്ഞ ഉണ്ടായിരുന്നു എന്നും വെളിപ്പെട്ടു. എന്നെ പിരിയുന്ന സമയം മിസ്റ്റർ ഗോവിന്ദപ്പിള്ളയും മിസ്റ്റർ പിച്ചുഅയ്യരും തങ്ങളുടെ സഹതാപത്തെ പ്രസ്താവിക്കയും, എനിക്കു സകലശ്രേയസ്സുകളേയും ആശംസിക്കയും ചെയ്തു. "വന്ദനം! ഈ സംഭവംകൊണ്ടു ഞാൻ ഖിന്നനായിട്ടില്ലാ എന്നും, നല്ലവണ്ണം മനഃപ്രസാദം എനിക്കുണ്ടെന്നും, എന്നെപ്പററി ചോദിക്കുന്നവരോടു പറവാൻ അപേക്ഷ"— എന്നുപറഞ്ഞു ഞാനും പിരിഞ്ഞു.

സൂര്യോദയമാകുന്നതിന്മുമ്പു് നെയ്യാററിങ്കര കടന്നിരിക്കണം എന്നായിരുന്നു എൻെറ ആഗ്രഹം. നെയ്യാററിങ്കര എൻെറ തറവാട്ടുവീടും സ്വജനങ്ങളും ഉള്ള ദേശമാകയാൽ,അവർ ഇക്കഥ അറിഞ്ഞു വന്നുചേരുവാനും, ശോകരസപൂരിതമായ രംഗം വല്ലതും ഉണ്ടാവാനും ഇടവരാതെ കഴിക്കണമെന്നായിരുന്നു ഉദ്ദേശം. അതിനാലായിരുന്നു തിരുവനന്തപുരത്തുനിന്നുതന്നെയും നേരത്തേ പുറപ്പെട്ടതു്.

മിസ്ററർ ഗോപാലസ്വാമിപ്പിള്ളയും ഞാനും മാത്രം വണ്ടിയ്ക്കകത്തായിരുന്നതിനാൽ, സുഖമായിരിപ്പാനും കിടപ്പാനും സൗകൎയ്യമുണ്ടായിരുന്നു. അദ്ദേഹം തൻെറ ചങ്ങാതികളോടു ചോദിച്ചറിഞ്ഞ വൎത്തമാനങ്ങൾകൊണ്ടു തൃപ്തിപ്പെടാഞ്ഞു, എന്നോടു കഥകൾ ചോദിച്ചറികയും "എനിക്ക് വാസ്തവമായിട്ടും മനസ്സുതപിക്കുന്നു, നിങ്ങളെങ്ങനെയാണ്, ഈ വിധം, കുലുക്കം ഇല്ലാതെയിരിക്കുന്നതു്?"—എന്നു ചോദിക്കയുംചെയ്തതിന്, "ഇതിലെന്താണു വ്യാകുലപ്പെടാൻ?" എന്നു മറു ചോദ്യംകൊണ്ട് സമാധാനപ്പെടുത്തുകയല്ലാതെ, മറെറാരുമറുപടിയും എനിക്കു തോന്നിയില്ലാ. ഇപ്രകാരം, പലതും സംസാരിച്ചു, രാവിലെ കുഴിത്തുറയെത്തി.

കുഴിത്തുറ പോലീസ്സ്റ്റേഷനിലെത്തിയ സമയം മണി ആറരയായി എന്നു തോന്നുന്നു. പോലീസ് സൂപ്രേണ്ടു് മിസ്റ്റർ ഏഗപർഫ് അന്ന് അവിടെ പരിശോധനയ്ക്കായി വരുന്നുണ്ടായിരുന്നതിനാൽ, ഇൻസ്പെക്ടർ തുടങ്ങിയവരൊക്കെ സ്റ്റേഷനിൽ രാവിലെ ഹാജരായിരുന്നു. 'സ്വദേശാഭിമാനി'പ്രെസ്സ് പോലീസുകാർ കയറി കൈയടക്കം ചെയ്തിരിക്കുന്നതായി കമ്പിവഴി വൎത്തമാനം കിട്ടുക ഹേതുവായിട്ട്, എന്നെ അന്വേഷിച്ച് നെയ്യാററിങ്കരെനിന്നു തിരുവനന്തപുരത്തു പോയിരുന്ന ചില ബന്ധുക്കൾ അവിടെ എത്തിയ സമയം ഞാൻ യാത്രപുറപ്പെട്ടതായി അറികയാൽ, മടങ്ങി, എന്നെ കാണ്മാനായി പിൻതുടൎന്നു, രാവിലെ കുഴിത്തുറെ എത്തി. ഈ നേരംകൊണ്ട് വൎത്തമാനം പരന്നുതുടങ്ങിയിരുന്നു; എന്തെന്നാൽ, ആളുകൾ പലർ സ്റ്റേഷനിലേക്കു വന്നു കൂടിത്തുടങ്ങി. മിസ്ററർ ഏഗപർഫും

എത്തിയിരുന്നു; അദ്ദേഹം പരിശോധന പൂൎത്തിയാക്കാൻ കഴിയാതെ മടങ്ങി. രാവിലെ ആഹാരം കഴിഞ്ഞു്, ഏകദേശം എട്ടുമണിസമയം, ഞങ്ങൾ യാത്ര തുടൎന്നു. നെയ്യാററിങ്കരെനിന്നു വന്നിരുന്ന പോലീസ് ഇൻസ്പെക്ട്കരും സ്റ്റേഷനാഫീസരും അവരുടെ അതിൎത്തി കഴികയാൽ മുറയ്ക്കു് കുഴിത്തുറ പോലീസ് ഇൻസ്പെക്ടരേയും സ്റ്റേഷനാഫീസരേയും ചുമതലയേല്പിച്ചിട്ടു് എനിക്കു മംഗളാശംസകൾ ചെയ്തു, മടങ്ങി.

കുഴിത്തുറെ പോലീസ് ഇൻസ്പെക്ററർ മിസ്റ്റർ ഓവെൻ ജോസഫ്, (ബി. ഏ) തക്കലവരെപോന്നു. വഴിനീളെ ഞങ്ങളുടെ സംഭാഷണവിഷയം 'സ്വദേശാഭിമാനി'യെപ്പററിയായിരുന്നു. ഞങ്ങൾ തക്കല എത്തിയപ്പോൾ, ഉദ്ദേശം (പകൽ) പതിനൊന്നുമണിയായി. 'സ്വദേശാഭിമാനി' പത്രമുടക്കത്തെക്കുറിച്ചുള്ള വൎത്തമാനംമാത്രം അല്പം ചിലർ അറിഞ്ഞിരുന്നു. ഞങ്ങൾ പോലീസ് ഇൻസ്പെക്ററരുടെ പാൎപ്പിടത്തിലാണു് ചെന്നിറങ്ങിയതു്. ഏതാനും നിമിഷനേരത്തിനുള്ളിൽ, വൎത്തമാനം കാട്ടുതീപോലെ പരന്നു. ഇൻസ്പെക്ററർ മിസ്ററർ പി. പി. തൎയ്യന്റെ പാൎപ്പിടത്തിലും പുറമെറോട്ടിലുമായി ഒട്ടേറെ ആൾ തിക്കിക്കൂടി. മിസ്ററർ ജോസഫ് മിസ്ററർ തൎയ്യനെ ചുമതലയേല്പിച്ചിട്ടു്, എനിക്കു് വിജയാശംസ ചെയ്തു, പിരിഞ്ഞുപോയി. പിന്നെ, ഉച്ചയ്ക്കു് ഊണുകഴിവോളവും അനന്തരം വിശ്രമാവസരത്തിലും, അവിടെ കാണ്മാൻ വന്നുകൂടിയിരുന്നവരോടു തലേനാൾ നടന്ന സംഭവങ്ങളെപ്പററി ഞാൻ സംസാരിച്ചുകൊണ്ടിരുന്നു. ഈ അവസരത്തിൽ, എന്തോ ആവ

ശ്യത്തിനായി എൻെറ കുപ്പായക്കീശയിൽ ഉണ്ടായിരുന്ന 'ഫൌണ്ടെൻപെൻ' എടുക്കുവാൻ അതിൻെറക്കൂട്ട തുറന്നപ്പോഴാണ്, ഞാൻ തലേനാൾ അതിനുള്ളിൽ കണ്ടിരുന്നതായ എൻെറവക ചെറിയ പേനാക്കത്തി അതിൽനിന്ന് എങ്ങനെയോ പൊയ്പ്പോയതായി അറിഞ്ഞതു്. ഞാൻ ആ വിവരം പറഞ്ഞസമയം, മിസ്ററർ തയ്യൻ, "പേനാക്കത്തി ഞാൻ തരാം"—എന്നു പറഞ്ഞു അതേകത്തി എന്നെ കാട്ടി. അതു് എങ്ങിനെ അദ്ദേഹത്തിൻെറ കൈയ്യിൽ കിട്ടിയെന്നു ചോദിച്ചതിന്ന്, തലേരാത്രിയിൽ പാളയം പോലീസ് സ്റേറഷനിൽ എൻെറ കുപ്പായം തൂക്കിയിരുന്നതിൽനിന്ന് ഇൻസ്പെക്ററർ മിസ്ററർ ഗോവിന്ദപ്പിള്ള, ഞാനറിയാതെ, അതെടുത്തുവെന്നും, അപ്രകാരം ചെയ്തതു് വല്ല അപകടവും സംഭവിക്കാതെയിരിപ്പാനായിരുന്നുവെന്നും, ആ കത്തി ഞാൻ തിരുവിതാംക്കൂർ അതിർത്തികടന്നാലുടൻ എന്നെ ഏല്പിക്കുമെന്നും, മിസ്ററർ തയ്യൻ മറുപടി പറഞ്ഞു.

ഉച്ചതിരിഞ്ഞു്, നേരം മണിരണ്ടു കഴിഞ്ഞിരിക്കുന്നു. അവിടെ തിങ്ങിക്കൂടിയിരുന്ന ആളുകൾ പിരിഞ്ഞുപോയിട്ടില്ലാ. വർത്തമാനം അധികം പരന്നു തുടങ്ങിയതിൻെറ ഫലമായി, അകലെ നിന്നും ആളുകൾ വന്നുകൂടി തുടങ്ങിയിരിക്കുന്നു. ഇവരെയൊക്കെ എങ്ങിനെയാണ് റോട്ടിൽനിന്ന് അകററി നിറുത്തുന്നതു് എന്നു ചിന്ത പൂണ്ടു നിൽക്കവേ, ഞങ്ങൾക്കു പോവാനുള്ള വണ്ടി തയ്യാറായി വരുകയും, യാത്രതുടരാൻ ഒരുങ്ങുകയും ചെയ്തു. റോട്ടിലേയ്ക്കിറങ്ങിയപ്പോൾ കണ്ടതായ കാഴ്ച, സത്യമായും, മനസ്സിന്നു പാരവശ്യത്തെ ഉണ്ടാക്കുന്നതായിരുന്നു. അ

വിടെ സാശ്രുക്കളായിനിന്നിരുന്ന സ്നേഹിതന്മാരോടും, ജ്യേഷ്ഠസഹോദരനോടും, യാത്രപറഞ്ഞു് പിരിഞ്ഞിട്ടു്, വണ്ടിയിൽ കയറിയ സമയം, ഉൽകണ്ഠിതരായി വണ്ടിയിലേയ്ക്കുതന്നെ നയനങ്ങളെ പതിപ്പിച്ചുകൊണ്ടു് നിന്നിരുന്ന ആ ജനസംഘത്തിന്റെ ഇടയിൽനിന്നു്, "അങ്ങയെ വിട്ടുപിരിയുന്നതിൽ ഞങ്ങൾക്കുള്ള വ്യസനം എത്രയെന്നു പറഞ്ഞറിയിപ്പാൻ പ്രയാസമാണു്: അങ്ങയെ താമസിയാതെ ഞങ്ങളുടെയിടയിൽ തിരിച്ചുവന്നു കാണ്മാൻ സംഗതി വരുത്തേണമേ എന്നു ഞങ്ങൾ ഈശ്വരനോടു പ്രാർത്ഥിക്കുന്നു'—എന്നു്, ഒരാൾ, എന്നെ,

'കണ്ണീർ വീഴ്ത്തുമുടൻ നിറഞ്ഞിടുമതിൻ മദ്ധ്യത്തിലീക്ഷിച്ചുകൊണ്ടും, തന്റെ പ്രസംഗാവസാനഘട്ടത്തിൽ ഉൽക്ഷിപ്തഹസ്തനായി നേത്രങ്ങളെ ഉന്മീലനം ചെയ്തു് ആകാശത്തെ നോക്കിക്കൊണ്ടും, ഉച്ചത്തിൽ പറഞ്ഞു. 'തരക്കേടില്ലാ' —എന്നുമാത്രം പറവാനേ എനിക്കു കഴിഞ്ഞുള്ളു. ഇത്രയും പറഞ്ഞിട്ടു്, അവരോടൊക്കെ, ഭാവത്താൽ യാത്രചോദിച്ചിട്ടു്, പുറപ്പെടുകയും ചെയ്തു.

വൈകുന്നേരം 6മണിയോടുകൂടി കോട്ടാർപോലീസ് സ്റ്റേഷനുസമീപം എത്തി. സ്റ്റേഷനിൽ ഇൻസ്പെക്ടർ ഉണ്ടായിരുന്നില്ലാ. ഞങ്ങൾ അദ്ദേഹത്തിന്റെ പാർപ്പിടത്തിലേയ്ക്കു പോയി. അവിടെയും അദ്ദേഹത്തെ ഉടനടി കാണ്മാൻ കഴിഞ്ഞില്ലാ. അദ്ദേഹം ഏതോ കേസ്സ് സംബന്ധിച്ചു് അന്വേഷണത്തിനായി പോയിരുന്നു. എന്നാൽ അദ്ദേഹത്തി

ൻെറ പാർപ്പിടത്തിൽ ചില പരിചയക്കാരെ കാണു കയും, അവർ കുശലപ്രശ്നങ്ങൾ ചോദിക്കയും ചെയ്തു. അവരാരും ഈ വാത്ത അറിഞ്ഞിരുന്നില്ല. "എങ്ങോട്ടെയ്ക്കാണു് പുറപ്പെട്ടിരിക്കുന്നതു്?"— എന്നു് അവർ എന്നോടുചോദിച്ചതിനു് "തിരുവിതാം കൂർ അതിർത്തിക്കു പുറമേപോകുവാൻ"— എന്നു് സാധാരണമട്ടിൽ മറുപടി പറഞ്ഞതു് നേരമ്പോക്കായിട്ടാണു് അവർ വിചാരിച്ചതു്. അവരുടെ ചോദ്യത്തിനു വീണ്ടും അതേ മറുപടിപറയുന്നതുകേട്ടു്, അവർ, അപവാദ്യയായി, മിസ്റ്റർ തമ്പിനോടു വിവരങ്ങൾ ചോദിച്ചറിഞ്ഞു. അവരിലൊരാൾ, ഒരു സക്കാരുദ്യോഗസ്ഥൻ,– അവർ മിക്കവരും സക്കാർ ജീവനക്കാരായിരുന്നു— എൻെറ അരികിലേയ്ക്കു് തിരിച്ചുവന്ന സമയം, അദ്ദേഹത്തിൻെറ കണ്ണുകളിൽനിന്നു് അശ്രുധാര ചിറപൊട്ടിവീഴാൻ ഭാവിയ്ക്കുന്നതും, സംസാരിക്കുന്നതിനു നാവു് അനക്കാൻ കഴിയാതെ അല്പം കുഴങ്ങുന്നതും ഞാൻ കണ്ടു. ആ സ്നേഹിതൻ "കഷ്ടം! തിരുവിതാംകൂർ പഴയകാലത്തേയ്ക്കു് തിരിച്ചുപോകയാണോ? ഇങ്ങിനെയായാൽ ആളുകൾക്കു് രക്ഷയെവിടെ? സമാധാനമെവിടെ?"—എന്നു് ഗൽഗദാക്ഷരമായിവിലപിക്കയും തദനന്തരം മൗനമടയുകയും ചെയ്തു. "അൽപം മുമ്പുകിട്ടിയ മലബാർ ഹിറാൾഡ് (Malabar Herald) പത്രത്തിൽ നിങ്ങളെപ്പററി തിരുവനന്തപുരത്തുനിന്നുള്ള ഒരു കമ്പിവാത്ത വായിച്ചതേയുള്ളൂ. മിസ്റ്റർ രാജഗോപാലാചാരിയുടെ ഭരണത്തേക്കുറിച്ചു മേലാൽ ആക്ഷേപം പറഞ്ഞാൽ നിങ്ങളെ പ്രഹരിക്കും എന്നു് ഒരു വാറോല നിങ്ങൾക്കു് കിട്ടിയതായിട്ടാണു് കമ്പിവാത്ത. അതു് വാ

സ്തുവമാണൊ?"— വാറോലകിട്ടിയതു് വാസ്തവംതന്നെയാണു്"- "എന്നാൽ ഇപ്പോൾ കാണിച്ചിരിക്കുന്ന നടപടിയുടെ അൎത്ഥമെന്തു്?"— "അൎത്ഥം മറെറാന്നുമില്ല. ഞാൻ തിരുവിതാംകൂറിനു പുറമേ പൊയ്ക്കൊള്ളണമെന്നുമാത്രം"- ഇപ്രകാരം ഞങ്ങളുടെ സംഭാഷണം തുടൎന്നു; തലേനാൾ നടന്ന കഥകളൊക്കെ വിസ്തരിച്ചു. ഇതിനിടയിൽ ഇൻസ്പെക്ടർ മിസ്റ്റർ ഗുലാംഘൌസു് വന്നുചേരുകയും, ഞങ്ങൾ ഉദ്ദേശം എട്ടുമണിസമയം അവരോടു് യാത്രപറഞ്ഞു, കോട്ടാറു് വിട്ടുപോരുകയും ചെയ്തു. വഴിക്കു് നാഗരുകോവിലിൽ ഒരു സ്നേഹിതൻെറ സൽക്കാരം സ്വീകരിച്ചിട്ടു് ഒഴുകിനാശ്ശേരിയിൽ തപാൽവണ്ടിപ്പേട്ടയിലെത്തി ഒരു തപാൽവണ്ടി ഏൎപ്പാടുചെയ്തു, ഉദ്ദേശം പത്തുമണി സമയംവരെ അവിടെ വിശ്രമിച്ചു.

ഒഴുകിനാശ്ശേരിയിൽ നിന്നു് തിരുനൽവേലിക്കു പോകുന്ന തപാൽവണ്ടികളിലൊന്നായിരുന്നു ഏൎപ്പാടുചെയ്തതു്. തിരുവിതാംകൂർ അതിൎത്തി കടക്കുന്നതു രാത്രിയിലായിരുന്നതിനാലും, അതിൎത്തി വിട്ടാൽ വേറെ വണ്ടി കിട്ടുവാൻ സാദ്ധ്യമല്ലായ്കയാലും, തിരുനൽവേലിക്കുതന്നെ നീളെ യാത്രചെയ്യുവാനുള്ള വ്യവസ്ഥയായിരുന്നു ഉത്തമപക്ഷമായിരുന്നതു്. വണ്ടിക്കൂലി, അതിൎത്തിവരേക്കും തിരുവിതാംകൂർഗവൎമ്മെൻറുവക ചെലവിലായിരുന്നു എന്നാണു് ഊഹിക്കേണ്ടിയിരിക്കുന്നതു്. എന്തെന്നാൽ, അതിൎത്തിക്കു പുറമേ തുടങ്ങി തിരുനൽവേലിവരെയുള്ള കൂലി മാത്രമേ എന്നോടു വസൂൽ ചെയ്തിരുന്നുള്ളു. അക്രമികളായ മറവന്മാരുടെ ശല്യത്തെ ഭയപ്പെട്ടു് സാധാരണമായി തപാൽവണ്ടികൾ കൂട്ടുകൂടി പോകാറുള്ളതിനാലും, ഞങ്ങളും, പത്തുമണികഴിഞ്ഞതോറെ കൂട്ടുവണ്ടികളൊന്നിച്ചു പേട്ടയിൽനിന്നു പുറപ്പെട്ടു.

വില്ലുവെച്ച വണ്ടി ആയിരുന്നു അതെങ്കിലും, നിരത്തിൻെറ നിരപ്പില്ലായ്മകൊണ്ടും, വണ്ടിയുടെ ഉലച്ചൽകൊണ്ടും, അതു് 'എല്ലൊടിപ്പൻ' വണ്ടി ആയിത്തീൎന്നിരുന്നു. കുറെ ദൂരം കഴിഞ്ഞപ്പോൾ തുടങ്ങി കരക്കാററു് കുറേശ്ശവീശി. മുന്നോട്ടു പോകുന്തോറും, കാററിൻെറഊക്കും കയറിത്തുടങ്ങി ഏതായിട്ടും, ഞങ്ങൾ ഉറങ്ങി ഉറങ്ങിയില്ലാ എന്ന അവസ്ഥയിൽ, വണ്ടിയുടെ ഉലച്ചൽകൊണ്ടു് ഇടംവലം ഉരുണ്ടു,കിടക്കുകയായിരുന്നു. കാററിൻെറ ഊക്കു് അതിപ്രചണ്ഡമായികണ്ടു; വണ്ടിയെ തള്ളി മറിക്കുമോ എന്നുകൂടെ ഞങ്ങൾ ശങ്കിച്ചു. നേരം രണ്ടുമണി കഴിഞ്ഞിരിക്കുമെന്നു തോന്നുന്നു, ആരുവാമൊഴിക്കോട്ടയ്ക്കു സമീപം എത്താറായി. വണ്ടിക്കു കടന്നുപോവാൻ വേണ്ടുംവണ്ണം സൌകൎയ്യമില്ലാത്തപ്രകാരത്തിൽ, വഴിനടുവിൽ, രണ്ടുമൂന്നു വലിയ വണ്ടികൾ പാടേ മറിഞ്ഞു കിടക്കുന്നുണ്ടായിരുന്നു. ഇവ കാററടിച്ചു മറിഞ്ഞുപോയവയായിരുന്നു; ഇവയുടെ ഉടലിൻെറ വലുപ്പംകൂടെയും കാററിന്നു് അഗണ്യമായി തോന്നിയിരുന്ന അവസ്ഥയ്ക്കു്, 'വിന്ധ്യനെയിളക്കുവെൻ, സിന്ധുകൾ കലക്കുവെൻ' എന്നുകാഹളംഊതി നടക്കുകയായിരുന്നു ആ കാററു് എന്നു പറയുന്നതിൽ അതിശയോക്തിദോഷാരോപത്തിനു അവകാശമുണ്ടാകയില്ലാ. കോട്ടവാതൽ സമീപിക്കാറായപ്പോൾ, രാത്രി, അക്രമികളുടെ ശല്യത്തിൽനിന്നു യാത്രക്കാരെ രക്ഷിപ്പാനായി 'പട്രോൾ' ചുററുന്ന ആയുധപാണികളായ പോലീസുകാരെ കാണുകയും, അവർ ബ്രിട്ടീഷ് പോലീസുകാരുടെ കാവൽസ്ഥലംവരെ ഞങ്ങളെ അനുചരിക്കയും ചെയ്തു. അവിടെവെച്ചു് ഇൻസ്പെക്ടരും സ്റ്റേഷനാഫീസരും സഹതാപപൂൎവ്വം യാത്രപറഞ്ഞുപി

രിഞ്ഞു. തലേനാൾ രാത്രിയിൽ ഇൻസ്പെക്ടർ മിസ്റ്റർ ഗോവിന്ദപ്പിള്ള എന്റെ കുപ്പായക്കീശയിൽ നിന്നെടുത്തിരുന്നതും, ഓരോ സ്റ്റേഷനിലേയും ഇൻസ്പെക്ടർമാരെ മുറയ്ക്കു് ഏല്പിച്ചിരുന്നതുമായ ചെറിയ പേനാക്കത്തി മിസ്റ്റർ ഗുലാംഘോസ് ആ വിവരം പറഞ്ഞു് എന്നെ ഏല്പിക്കയും ചെയ്തു.

പോലീസുകാരുടെ ബന്തവസ്സിൽ എനിക്ക് യാതൊരു ക്ലേശവും തട്ടാതെയിരിപ്പാൻ അവർ വേണ്ടതൊക്കെ സൌകൎയ്യത്തിൽ ഏൎപ്പാടു ചെയ്തിരുന്നു എന്നു പറയാതിരിപ്പാൻ ഞാൻ വിചാരിക്കുന്നില്ലാ. ഞങ്ങളുടെ യാത്രയിൽ അവർ എന്നെ ഉദ്ദേശിച്ചും എന്നോടായിട്ടും എന്തൊക്കെയാണു് ചെയ്തിരുന്നതെന്നു ഞാൻ പ്രസ്താവിച്ചിട്ടുണ്ടു്. ഞാൻ ആരുവാമൊഴിക്കോട്ടയ്ക്കു പുറമേ കടന്നതിന്റെശേഷം എന്താണു് ചെയ്യേണ്ടതു് എന്നാകട്ടെ, എന്തു ചെയ്യുരുവെന്നാകട്ടെ, അവരിലാരും എന്നെ തെരിയപ്പെടുത്തീട്ടുണ്ടായിരുന്നില്ലാ. എന്നെ എന്തിനായിട്ടാണു് തിരുവിതാംകൂറിനു പുറമേയ്ക്കയച്ചിരിക്കുന്നതെന്നും അവരാരും എന്നെ അറിയിച്ചിട്ടുമില്ലാ. എന്നെ ഇപ്രകാരം പുറത്തേക്കയപ്പാൻ അവരെ അധികാരപ്പെടുത്തിയ രേഖകളേയും കാണിച്ചിട്ടില്ലാ. "എപ്പോൾ പുറപ്പെടാം"— എന്നു തലേനാൾ രാത്രിയിൽ ഞാനായിട്ടു് അവരോടു ചോദിച്ചിരുന്നതിനാൽ അവൎക്കും കിട്ടിയിരുന്ന കല്പനകളെ ഞാൻ മനസ്സിലാക്കിയിരുന്നതായി അവർ സംഭാവനം ചെയ്തിരുന്നിരിക്കാം, എന്നു് ഊഹിക്കയല്ലാതെ മറുവഴിയില്ലാ.

തിരുവിതാംകൂർ സൎക്കാരധികൃതന്മാരുടെ അധീനതയിൽ നിന്നുപിരിഞ്ഞ സ്ഥലം തുടങ്ങി കുറെ ദൂര

മത്രയും മറവന്മാരുടെ ശല്യമുണ്ടാകാറു പതിവുള്ള ദിക്കാണ്. അതിനാൽ, മിസ്റ്റർ ഗുലാംഘൌസ്, സ്നേഹവിഷയത്തിൽ, എൻേറയും എൻെറ അനുയായികളുടേയും രക്ഷയെ കരുതി, ബ്രിട്ടീഷ് പോലീസ് സിൽബന്ധികളിലൊരാളെ പ്രത്യേകം ശിപാൎശിചെയ്തു് ഒരുമിച്ചയച്ചിരുന്നു. രാവിലെ, ഉദ്ദേശം നാലുമണിസമയത്തായിരുന്നു ഞങ്ങൾ ആ സന്ധിപ്പു വിട്ടതു്. നേരം പുലരുന്നതുവരെ ആ സിൽബന്ധികൂടെ ഉണ്ടായിരുന്നു. കാലത്തു (സെപ്തംബർ 28-ാംനു-) എട്ടുമണിയ്ക്കു് പണകുടിയിലും, ഉച്ചയ്ക്കു നാങ്കുനേരിയിലും കുറെ വിശ്രമിച്ചും സൂൎയ്യാസ്തമയം കഴിഞ്ഞു്, ഉദ്ദേശം ഏഴുമണിസമയം തിരുനൽവേലിയിലെത്തി; യാത്രയുടെ ദുർഘടങ്ങളും കഴിഞ്ഞു.

തിരുനൽവേലിയിൽ ഏതാനും ദിവസം താമസിച്ചു. അതിനിടയ്ക്കു്, എൻെറ ഭാൎയ്യയും കുട്ടികളും ചില ബന്ധുക്കളും സ്നേഹിതന്മാരും വന്നുചേരുകയും 'സ്വദേശാഭിമാനി' ആഫീസും വീടും പോലീസുകാർ ശോധനചെയ്തതു സംബന്ധിച്ചു ഞാൻ അറിഞ്ഞിട്ടില്ലായിരുന്ന വിവരങ്ങൾ ഒക്കെ അറിയിക്കയും ചെയ്തു.

സെപ്തംബർ 27-ാംനു- ചൊവ്വാഴ്ച കാലത്തായിരുന്നു വീടു ശോധനചെയ്തതു്. എന്നെ നാടുകടത്തിയിരിക്കുന്ന വിവരം അന്നുരാവിലെ മാത്രം അറിഞ്ഞു വ്യസനിച്ചവരായ ഒട്ടേറെ ജനങ്ങൾ, എൻെറ സ്വന്തം ആളുകളെ കാണ്മാനും സഹതാപത്തെ അറിയിപ്പാനുമായി, ചെന്നുചേരുന്നുണ്ടായിരുന്നു. പോലീസ് സൂപ്രേണ്ടും എന്നെ നെയ്യാററിങ്കരയോളം അനുഗമിച്ച ഇൻസ്പെക്റ്റർമാരും, മററു ചില പോലീസ്

ജീവനക്കാരും വീട്ടുശോധനയ്ക്കായി എത്തുകയും, ആ സമയം കൂടെ ഉണ്ടായിരിപ്പാൻ എൻെറ ഭാൎയ്യയ്ക്കും ബന്ധുക്കൾക്കും അറിവുകൊടുത്തു് അവരെ കൂടെ വരുത്തുകയും ചെയ്തിരുന്നു. വീട്ടിനുള്ളിലും പുറമേ റോട്ടിലും അനേകശതം ജനങ്ങൾ കൂട്ടംകൂടിയിരുന്നു. മിസ്റ്റർ ജാർജ്ജ് ആചാരം പറഞ്ഞതു കേട്ടിട്ടു്, "നിങ്ങൾക്കെന്താണു് ഇവിടെ വേണ്ടതു്"—എന്നു ഗൃഹനായിക ചോദിച്ചപ്പോൾ, "നിങ്ങളുടെ ഭൎത്താവിൻെറ എഴുത്തുഫയിലുകളും കടലാസുകളും പുസ്തകങ്ങളും എവിടെയിരിക്കുന്നു എന്നു കാണിച്ചുതരാമോ? അവയെ എനിക്കു ശോധനചെയ്യണം"—എന്നു മിസ്റ്റർ ജാജ്ജ് പറഞ്ഞു. അനന്തരം, തലേനാൾ അരക്കുമുദ്രവെച്ചിരുന്ന മുറികളുടെ മുദ്രപൊളിക്കാൻ സൂപ്രേണ്ടു് സിൽബന്ധികളോടു് ആജ്ഞാപിക്കയും, ആദ്യമായി, പുറമേ വരാന്തയിൽ ഉണ്ടായിരുന്നതും മുദ്രവെച്ചിരുന്നതല്ലാത്തതുമായ ഒരു മേശ തുറന്നു് അകത്തുണ്ടായിരുന്നവയൊക്കെ താഴത്തേക്കു് എടുത്തുവെക്കയും ചെയ്തു. "പ്രൈവററു കത്തുകൾ ഇവയിൽ വല്ലതുമുണ്ടെങ്കിൽ കാണിച്ചുതരുമോ? അവ ഞങ്ങൾക്കു കാണേണ്ടാ: അവയെ നിങ്ങൾ എടുത്തുകൊള്ളുക"- എന്നു സൂപ്രേണ്ടു പറഞ്ഞു. "എനിക്കൊന്നും നിശ്ചയമില്ല. നിങ്ങൾക്കാവശ്യമുള്ളവയെല്ലാം എടുത്തിട്ടു ബാക്കി അതിലിട്ടേക്കുക"—എന്നായിരുന്നു ഗൃഹനായികയുടെ മറുപടി. സൂപ്രേണ്ടു് ചില കത്തുകൾ കാണിച്ചിട്ടു്, "ഈ ഒപ്പു് ആരുടേതെന്നറിയാമോ?"—എന്നു ചോദിച്ചു. എനിക്കു നിശ്ചയമില്ലാ"—എന്നു മറുപടി കിട്ടി.

"ശാരദയുടെ ലേഖനങ്ങളും അതുസംബന്ധിച്ച കത്തുകളും എവിടെ? ആമാസിക നിങ്ങളല്ലേ നടത്തുന്നതു്?"— "ഞാൻ അതിൻെറ പ്രസാധികമാരിലൊരാളാണു്. അതിലേക്കുള്ള ലേഖനങ്ങൾ മുതലായവ ചിലതു് ആഫീസിലും ചിലതു് ഇവിടെ ഈ മേശയ്ക്കുള്ളിലും ഉണ്ടായിരിക്കാം. നിങ്ങൾ എടുത്തുവെച്ചിരിക്കുന്ന കൂട്ടത്തിൽ ചിലതു കാണും"—

"സോമാലിലാൻഡിൽനിന്നു് ഈ കത്തയച്ചിരിക്കുന്ന ആൾ ആരാണു്?"—

"ശാരദയുടെ വരിക്കാരിലൊരാളാണു്"—

"അയാളെപ്പററി എന്തറിയാം?"—

"ശാരദയുടെ വരിക്കാരൻഎന്നല്ലാതെ ഒന്നുമറിവില്ലാ"—

"നിങ്ങളുടെ ഭർത്താവിന്നു മദ്രാസിൽ സ്നേഹിതന്മാർ വല്ലവരും ഉണ്ടോ? അവർ ഇവിടെവന്നു കാണാറുണ്ടോ"—

"മദ്രാസിലെ സ്നേഹിതന്മാരോ? നിങ്ങളുടെ ചോദ്യം എനിക്കു മനസ്സിലാകുന്നില്ലാ. ഈ നാട്ടുകാരും പരിചിതന്മാരുമായ ചിലർ മദ്രാസിലുണ്ടു്. അവർ ചില സമയങ്ങളിൽ ഇവിടെ വന്നിട്ടുമുണ്ടു്. അവരാണോ?"—

"അവരല്ലാ. Real Madrasees"—

(മദിരാശിയിൽതന്നെ പാർത്തുപോരുന്ന ആ ദിക്കുകാർ.)

"എന്തോ, എനിക്കു നിശ്ചയമില്ലാ. ഇവിടെ വരുന്ന ആളുകളെയെല്ലാം ഞാൻ കാണാറില്ലാ. അവരുടെ ഊരും പേരും അന്വേഷിക്കാറുമില്ലാ"—

"ക്ഷമിക്കണമേ." (I beg your parden)

ഇപ്രകാരം സംവാദത്തിനിടയ്ക്കു് ആ കടലാസു കളിൽ ചിലതു നീക്കിവെക്കയും മററുള്ളവയെ കള കയും ചെയ്തു. എഴുത്തുകൾ രണ്ടു കെട്ടായും, ഉപ ന്യാസങ്ങൾ വേറെ രണ്ടു കെട്ടായും കെട്ടി സൂക്ഷി ച്ചു. അനന്തരം, പുരമുറികളിൽ ഉണ്ടായിരുന്ന അലമാരകളിൽനിന്നു പുസ്തകങ്ങൾ എടുത്തു നോ ക്കുകയും, അവയിൽ മിക്കതിലും എൻെറ ഭാര്യയുടെ പേരെഴുതി കാണുകയാൽ തിരിയെ വെച്ചുകളകയും ചെയ്തു. എന്നാൽ, ഒരലമാരിയിൽനിന്നുമാത്രം മൂ ന്നുനാലു പുസ്തകങ്ങളും, ഏതാനും എഴുത്തുകളും കൈയ്യെഴുത്തു പകർപ്പുകളും, ചില മലയാള പത്ര ങ്ങളും എടുത്തു. പുസ്തകങ്ങൾ ഗവമ്മേണ്ടിനാൽ തടയപ്പെട്ടവയാണെന്നു പറഞ്ഞിട്ടായിരുന്നു എടുത്ത തു്. ഇവയിൽ ഒന്നു്, കീയ്ർഹാർഡി അവർകൾ എ ഴുതീട്ടുള്ള 'ഇൻഡ്യാ' (India By Kier Hardie) എന്ന പുസ്തകവും, മറെറാന്നു മദ്രാസിലെ ജി. ഏ. നടേശൻകമ്പനിക്കാർ പ്രസിദ്ധം ചെയ്തതും തെക്കേ ആഫ്രിക്കയിലെ ഇൻഡ്യാക്കാരെപ്പററി 'ഇൻഡ്യൻ ഒപ്പീനിയൻ' പത്രാധിപർ മിസ്ററർ എച്ചു്. എസ്. എൽ. പോളക്കു് എഴുതിയതും ആയ (Indians of South Africa By H. S. L. Polak) ഒരു ചെറിയ പുസ്തകവും ആയിരുന്നു. (ഇവ യാതൊ ന്നും ഇന്നേവരെ തടയപ്പെട്ടിട്ടുള്ളവയല്ലാതാനും.) അ നന്തരം, മററു പുരമുറികളും ശോധനചെയ്തിട്ടു്, ഉ ദ്ദേശം ഒമ്പതര മണിയോടുകൂടി ശോധന അവസാ നിപ്പിച്ചു മഹസ്സർ തയ്യാറാക്കി പോലീസുകാർ വീടു വിട്ടുപോകയും ചെയ്തു. താൻ നിമിത്തം ആ വീട്ടു കാർക്കുണ്ടായ ബുദ്ധിമുട്ടുകളെ ക്ഷമിക്കുവാൻ അപേക്ഷി

ച്ചിട്ടാണ് സൂപ്രേണ്ടു പോയതു്. പോലീസുകാർ ശോധനചെയ്തു് എടുത്തതു കഴിച്ചുള്ള എഴുത്തുകൾ മുതലായവയൊക്കെ, 'അലങ്കോലം' ആയി അവിടെ തള്ളിയിരുന്നു. ശോധനയ്ക്കു മുമ്പിലാകട്ടെ, അതു നടന്നുകൊണ്ടിരുന്നപ്പോഴാകട്ടെ, അതിന്നു പിമ്പിലാകട്ടെ, അതിലേക്കു പോലീസുകാരെ അധികാരപ്പെടുത്തിയിരുന്നതായി സംഭാവനം ചെയ്യപ്പെട്ടിട്ടുള്ള യാതൊരു രേഖയും ആ വീട്ടിൽ പാർത്തിരുന്ന യാതൊരാളെയും പോലീസുകാർ കാണിച്ചിരുന്നതുമില്ല. 'സ്വദേശാഭിമാനി' അച്ചുക്കൂടത്തിലും പത്രം ആഫീസിലും നിന്നും വീട്ടിൽനിന്നും മേല്പടി പത്രം സംബന്ധിച്ചുള്ള സകല സാമഗ്രികൾക്കും പുറമേ 'ശാരദ' 'കേരളൻ' 'വിദ്യാർത്ഥി' എന്ന മാസികാപുസ്തകങ്ങളെ സംബന്ധിച്ചുള്ള കത്തുകൾ, ലേഖനങ്ങൾ നാൾവഴിക്കണക്കുകൾ, മററു റിക്കാർഡു്കൾ എന്നിതുകളും, അവിടെ അച്ചടിച്ചു വിൽപ്പാൻ വച്ചിരുന്ന അനേകം പുസ്തകങ്ങളും പോലീസുകാർ സക്കാരിലേക്കു കൈയടക്കം ചെയ്തിരുന്നു.

മേൽപ്പറഞ്ഞ ശോധനകളും കൈയടക്കവും നാടുകടത്തലും മററും കഴിഞ്ഞു്, ജനങ്ങൾ അത്ഭുതപരവശരായിരിക്കുമ്പോഴായിരുന്നു ഇതിന്നൊക്കെ ആധാരമായി പറഞ്ഞുകൊണ്ടിരിക്കുന്ന തിരുവെഴുത്തുവിളംബരം ജനങ്ങളുടെയിടയിൽ പ്രചാരപ്പെടുത്തപ്പെട്ടു്.

# രാജകീയ വിളംബരം

# രാജകീയ വിളംബരം

ശ്രീപത്മനാഭദാസ വഞ്ചിപാല സർ രാമവർമ്മ കുലശേഖര
കിരീടപതി മന്നെ സുൽത്താൻ മഹാരാജരാജ രാമരാജ
ബഹദൂർ ഷംഷർജംഗ്, നൈട് ഗ്രാണ്ഡ് കമാണ്ഡർ
ആഫ് ദി മോസ്റ്റ് എക്സാൾടെഡ് ആർഡർ ആഫ്
ദി സ്റ്റാർ ആഫ് ഇൻഡ്യാ, നൈട് ഗ്രാണ്ഡ്
കമ്മാണ്ഡർ ആഫ് ദി മോസ്റ്റ് എമിനെണ്ട്
ആർഡർ ആഫ് ദി ഇൻഡ്യൻ എമ്പയർ,
എഫ്. എം. യൂ., എം. ആർ. ഏ. എസ്സ്.,
അഫീസ്യർ ദി ലാ ഇൻസ്ട്രക്ഷൻ
പബ്ലിക്, മഹാരാജാഅവർകൾ
സകലമാനപേർക്കും പ്രസിദ്ധ
പ്പെടുത്തുന്ന വിളംബരം.

---

തിരുവനന്തപുരത്തുനിന്നും പ്രസിദ്ധംചെയ്യുന്ന സ്വദേശാഭിമാനി എന്ന വർത്തമാനപത്രത്തെ അമർച്ചചെയ്യുന്നതും ആ പത്രത്തിന്റെ മാനേജിംഗ് പ്രൊപ്രൈറ്ററും എഡിറ്ററും ആയ കെ. രാമകൃഷ്ണപിള്ളയെ നമ്മുടെ നാട്ടിൽനിന്നും നീക്കംചെയ്യുന്നതും പൊതുജനക്ഷേമത്തിന് ആവശ്യമെന്നു നമുക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ മേൽപ്പറഞ്ഞ കെ. രാമകൃഷ്ണപിള്ളയെ ഉടനെ അറസ്റ്റ്ചെയ്തു നമ്മുടെ സംസ്ഥാനത്തിന്റെ അതൃത്തിക്കു പുറത്ത് ആക്കുകയും, നാം

വേറേവിധം ആജ്ഞാപിക്കുന്നതുവരെക്കും മേൽപറഞ്ഞ കെ. രാമകൃഷ്ണപിള്ള നമ്മുടെ സംസ്ഥാനത്തിൽ തിരിയെ വരികയോ പ്രവേശിക്കയോ ചെയ്യുന്നതിനെ വിരോധിക്കയും ചെയ്യണമെന്നു നാം ഇതിനാൽ ആജ്ഞാപിക്കുന്നു. യാതൊരു സ്ഥലത്തും കാണപ്പെടുന്ന സ്വദേശാഭിമാനി എന്ന വൎത്തമാനപത്രത്തിൻെറ എല്ലാ പ്രതികളും മേൽപറഞ്ഞ സ്വദേശാഭിമാനി എന്ന വൎത്തമാനപത്രം അച്ചടിച്ചുവരുന്ന അച്ചടിയന്ത്രവും അതിൻെറ അനുസാരികളും അതിനെ സംബന്ധിച്ച മററു വസ്തുക്കളും നമ്മുടെ ഗവൎമ്മെൻറിലേക്കു കണ്ടുകെട്ടി എടുക്കപ്പെടണമെന്നും നാം ആജ്ഞാപിക്കുന്നു. മേൽ അടങ്ങിയ നമ്മുടെ ആജ്ഞകളെ അനുസരിച്ചോ ആസ്പദമാക്കിയോ അപ്രകാരമെന്നു ഗണിച്ചോ ചെയ്യപ്പെടുന്ന യാതൊരു പ്രവൃത്തിയേയും സംബന്ധിച്ച നമ്മുടെ ഗവൎമ്മെൻറിൻെറയോ നമ്മുടെ ഗവൎമ്മെൻറിലെ യാതൊരു ഉദ്യോഗസ്ഥൻെറയോ പേരിൽ സിവിലായോ ക്രിമിനലായോ യാതൊരു വ്യവഹാരത്തിനും ഇടയില്ലാത്തതാകുന്നു എന്നുംകൂടി നാം ആജ്ഞാപിക്കുന്നു.

എന്നു്,

1910-ാംവൎഷം സെപ്തംബർമാസം 26-ാംനു-ക്കു്
1086-ാമാണ്ടു് കന്നിമാസം 10-ാംനു-.

മററുള്ളവർ എന്തു പറയുന്നു?

161643
V222:257w-M70
32J3
UNIVERSITY LIBRARY
2 DEC 1954
MADRAS
MUL
161643

## "ഭീമമായ തെററ്"

(ഹിന്ദു)

ഈ നടപടിക്ക് അടിസ്ഥാനമാക്കി തിരുവെഴുത്തുവിളംബരത്തിൽ പറയുന്നതു്, "സ്വദേശാഭിമാനി പത്രത്തെ അമർച്ചചെയ്യുന്നതും അതിൻെറ പത്രാധിപരെ നമ്മുടെ രാജ്യത്തുനിന്നു നീക്കം ചെയ്യുന്നതും പൊതുജനക്ഷേമത്തിന് ആവശ്യകമെന്നു നമുക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ" എന്നുമാത്രമാകുന്നു. ഈ നിഷ്ഠുരനടപടി പൊതുക്ഷേമത്തിന് ആവശ്യകമായതു് എന്തുകൊണ്ടാണെന്നും, മഹാരാജാവിന്നു് അപ്രകാരം ബോദ്ധ്യം വരാൻ മാർഗ്ഗമെന്തെന്നും, കുററം ആരോപിക്കപ്പെട്ടിരിക്കുന്ന പത്രാധിപക്കു തൻെറ മേലുള്ള കുററം എന്താണെന്നു നോട്ടീസുകൊടുക്കയോ, അതിനെ നിഷേധിപ്പാൻ തെളിവു കൊണ്ടുവന്നു വ്യവഹരിക്കണമെന്നു് ആവശ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ എന്നും, തൻെറ കുററത്തെപ്പററി പശ്ചാത്തപിച്ചു ക്ഷമായാചനം ചെയ്വാൻ പത്രാധിപക്കു് അവസരം കൊടുത്തിരുന്നുവോ എന്നും, മററുമുള്ള വിവരങ്ങൾ അറിയിച്ചിട്ടില്ല. ഈ നടപടികളൊക്കെ സ്വേച്ഛാധികാരനയത്തേയും അനീതിയേയും തടയുന്നവയായിരുന്നിട്ടും, ഇവയൊന്നും, ഈ ശിക്ഷ നല്കുന്നതിനുമുമ്പായി നടത്തീട്ടില്ലെന്നു വിചാരിക്കുവാനാണു് അവകാശം കണുന്നതു്. തിരുവിതാംകൂർ സംസ്ഥാനത്തു് ഒരു നിയമനിർമ്മാ

ണസഭയുണ്ട്, നിയമശാസനസഞ്ചയവുമുണ്ട്, ബ്രിട്ടിഷ് ഇൻഡ്യയിലുള്ളതിനോടൊട്ടൊക്കെ ഒപ്പമായ നിയമപരിപാലന വ്യവസ്ഥയുണ്ട്. മഹാരാജാവിന്റെ സ്ഥാനത്തിനു സഹജാതമായ അധികാരം എന്തുതന്നെ ആയിരുന്നാലും, ഒളിവിൽ സംഭരിച്ചുവെച്ചിരിക്കുന്ന ഒരു രാജാധികാരത്തെ എടുത്തു പ്രയോഗിക്കുന്നതിന് അത്രമേൽ അസാമാന്യമായ ഒരു അടിയന്തരാവശ്യം ഉണ്ടായിരിക്കേണ്ടതാണ്—മഹാരാജാവു തന്റെ മേല്ക്കോയ്മയ്ക്കുള്ളതിലധികം അധികാരത്തെ ആവശ്യപ്പെടുന്നതായി കാണുന്നതു് പ്രകടമായും രാജതന്ത്രനിയമത്തിനു വിരോധമായിരിക്കുന്നുണ്ട്—ഈ നാടുകടത്തൽ സംഗതിയിൽ, തിരുവിതാംകൂർ ഗവമ്മേണ്ട് ഏററവും ഭീമാകൃതിയിലുള്ള തെററു ചെയ്തിരിക്കുന്നു എന്നാണു് ഞങ്ങൾ വിചാരിക്കുന്നതു്. 'സ്വദേശാഭിമാനി' പത്രം നിയമത്തെ മനഃപൂർവ്വമായും ധിക്കാരത്തോടുകൂടിയും ലംഘിച്ചുവന്നിരുന്നു എന്നിരിക്കിൽ, ആ രാജ്യത്തു നടപ്പുള്ള ശിക്ഷാനിയമപ്രകാരം അതിന്റെമേൽ കേസ്സുനടത്തി ശിക്ഷിപ്പിക്കാൻ സാദ്ധ്യമല്ലായിരുന്നു എന്നു് വിശ്വസിക്കുന്നതിനു് ഞങ്ങൾക്കു പ്രയാസം തന്നെയാണു്. ബ്രിട്ടീഷ് ഇൻഡ്യയിൽ നടപ്പുള്ളമാതിരി ഒരു പ്രസ്സ് ലാ നടപ്പാക്കുന്നതിനേക്കാൾ നല്ലതു്, അതാതു പത്രക്കാരന്റെ സംഗതിയിൽ, നാടുകടത്തൽ, പത്രം ഒതുക്കൽ, പിടിച്ചെടുക്കൽ എന്നീ നടപടികളെ നടത്തുകയാണെന്നുള്ള ഒരു മൂഢവിചാരം ആ സംസ്ഥാനത്തും പുറമേയും പിലക്കുണ്ട്. തനിക്കു് ഇങ്ങനെയൊക്കെ വന്നിട്ടില്ലല്ലോ, മററുള്ളവനല്ലേ ഇതു സംഭവി

ച്ചിട്ടുള്ളു. എന്ന് അന്യന്റെ ദൗർഭാഗ്യത്തെപ്പററി വി ചാരിച്ചു സമാധാനപ്പെട്ടുക എന്നതു വിവേകമുള്ളവർ ചെയ്യുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. ഇൻഡ്യയിൽ നടപ്പുള്ള പ്രസ്സ്‌ലായിലെ പരികല്പനങ്ങൾ തിരുവി താംകൂർ ദർബാറിന്റെ ഈ നടപടിയുടേതിൽ പകു തിയോളം കടുപ്പമൊ, സ്വേച്ഛാധികാരമൊ, നിഗ്രഹ മോ ആയുള്ളതല്ല. പ്രസ്സ് ലാ പ്രകാരം കുററത്തിന്റെ സ്വഭാവമിന്നതെന്ന് ഏറക്കുറെ വിശദമായി പ്രസ്താ വിക്കേണ്ടതു് ആവശ്യമാണ്. കുററം ചെയ്താൽ ഒന്നാം പ്രാവശ്യത്തെ കുററത്തിനു പണം ജാമ്യം കെട്ടിവയ്ക്കേ ണമെന്നേ ആവശ്യപ്പെടുന്നുള്ളു. ജാമ്യത്തുകയേയോ അച്ചടിസാമഗ്രികളേയോ ഗവമ്മെൻറിലേക്കു പിടി ച്ചെടുക്കുവാൻ ഗവർമ്മേണ്ടു് കല്പിക്കുന്നതായാൽ, ആ കല്പനയിന്മേൽ യോഗ്യതയുള്ള ഒരു ജുഡീഷ്യൽ കോടതി മുമ്പാകെ, അതായതു് ഹൈക്കോടതി മു മ്പാകെ അപ്പീൽ ചെയ്യുന്നതിന് നിയമം കല്പിച്ചി ട്ടുണ്ടു്. ന്യായാന്യായവിവേചനം ചെയ്തു കാര്യനിർണ്ണയം വരുത്തുന്നതിന് അത്യന്താപേക്ഷിതമായുള്ള മൂലപ്ര മാണങ്ങളെയൊക്കെ തിരുവിതാംകൂർ ഗവമ്മേണ്ടി ന്റെ ഈ കല്പന, ലംഘിച്ചിരിക്കുന്നു. ആ ഗവമ്മേ ണ്ടു് താൻതന്നെ ഒരേസമയം സങ്കടകക്ഷിയുടേയും, ജഡ്ജിയുടേയും നിലകളെ കൈക്കൊണ്ടിരിക്കുന്നു. എ ന്നുമാത്രമല്ല, കുററമാരോപിക്കപ്പെട്ടിരിക്കുന്ന ആളുടെ മേൽ, ബ്രിട്ടീഷ് ഇൻഡ്യയിലെ 1818-ലെ പഴയ റഗു ലേഷൻപ്രകാരം നാടുകടത്തലിനേയും, പുതിയ പ്രസ്സ് ലാ പ്രകാരം പത്രം ഒതുക്കൽ, അച്ചുക്കൂടം പിടിച്ചട ക്കൽ എന്നിതുകളേയും ശിക്ഷ വിധിച്ചിരിക്കുന്നു......

ഈ സംഗതിയിൽ പുറപ്പെട്ടുവിച്ചിരിക്കുന്ന ഡെറ്ക്കോണിയൻ (നിഷ്ഠൂര) കല്പന ഒരു പരിഷ്കൃത ഗവമ്മേണ്ടിന്ന് തീരെ യോഗ്യമായുള്ളതല്ലാ എന്നു പറയേണ്ടതു ഞങ്ങളുടെ കടമയാണെന്നു ഞങ്ങറം വിചാരിക്കുന്നു. ഒരു ഗവമ്മേണ്ടിന്നു തൻെറ പ്രജാസമുദായത്തിന്നുള്ളിൽ സമാധാനം പരിപാലിക്കേണ്ട ആവശ്യാൎത്ഥം നിയമശാസനങ്ങളെ ആശ്രയിക്കാവുന്ന സംഗതികളിൽ തൻെറ അധികാരബലത്തെ എടുത്തു പ്രയോഗിക്കാൻ തുനിയുന്നതു് ആ ഗവമ്മേണ്ടിൻെറ ശക്തിയെ കാണിക്കുന്ന നടപടിയല്ല, പ്രത്യുത, തൻെറ ദൌർബ്ബല്യത്തെ ഏറുരുപായുന്ന പ്രവൃത്തിയാകുന്നു.

# സാധാരണസംഗതിക്കു അസാധാരണ ആയുധം

(മദ്രാസ് സ്റ്റാൻഡാർഡ്)

നാട്ടുകടത്തുന്നതിനു ഹേതുവായ കുററത്തിൻെറ സ്വഭാവം ഇന്നതെന്നു വിളംബരം വ്യക്തമായി വെളിപ്പെടുത്തുന്നില്ലാ. പൊതുജനക്ഷേമാൎത്ഥം എന്നാണു വിളംബരത്തിൽ പറയുന്നതു്. ഈ വാക്കുകൊണ്ടു് എന്തൎത്ഥം വിവക്ഷിച്ചിരിക്കുന്നു എന്നു വിശദമാകുന്നില്ലാ. ഞങ്ങറം പ്രസിദ്ധീകരിച്ച കമ്പിവാൎത്തകളിൽ ഒന്നിൽ, അതയച്ച ലേഖകൻ, തിരുവിതാംകൂർ ഗവമ്മെൻറിൻെറ ഭാഗം വ്യപദേഷ്ടാവായി നിന്നുകൊണ്ടു പറയുന്നതെന്തെന്നാൽ "സ്വദേശാഭിമാനി ഗവമ്മെ

ൻറിനോടൊകപ്പാടേയും ദിവാൻജിതുടങ്ങി കീഴ്പോട്ടുള്ള സക്കാരുദ്യോഗസ്ഥന്മാരിൽ എല്ലാതരക്കാരോടും എല്ലാക്കൂട്ടരോടും വളരെ പ്രചണ്ഡമായ പോരു നടത്തുകയായിരുന്നു" എന്നാണ്. എന്നാൽ, "പത്രാധിപർ ഇതൊക്കെ സ്വമേധയാ മാത്രം നടത്തുകയായിരുന്നു എന്നു ഞങ്ങൾ ഉറപ്പുപറയുന്നു" എന്നു ലേഖകൻ പറഞ്ഞിരിക്കുന്നതിനെക്കൂടെ പര്യാലോചിക്കുമ്പോൾ, തിരുവിതാംകൂർ ഗവമ്മെൻറ്, തീരെ പിൻബലമില്ലാത്ത ഒരാളെ ആദരണീയങ്ങളായ വേറെ സമ്പ്രദായങ്ങളിലൊന്നിൽ അമർത്താമായിരുന്നിരിക്കെ, നാടുകടത്തൽ എന്ന മഹാശക്തിമത്തായ ആയുധത്തെ പ്രയോഗിച്ചിരിക്കുന്നു എന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിലാകട്ടെ, ജനസ്വാധീനതയുള്ളവരായി രാജ്യാധികാരധ്വംസനത്തിനൊ രാജ്യദ്രോഹത്തിനൊ മുന്നിട്ടുനില്ക്കുന്നവരെന്നു ശങ്കിക്കപ്പെട്ടവരെ മാത്രമേ നാടുകടത്തിയിട്ടുള്ളു; അങ്ങനെ ചെയ്യേണ്ടിവന്നിട്ടുള്ളതു രാജ്യകാര്യസംബന്ധമായ രക്ഷയെ കരുതീട്ടാണെന്നും സമാധാനം പറയപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരത്തെ ഈ പത്രപ്രവൎത്തകൻ പിൻബലമില്ലാതെയാണു ദോഷാരോപലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നതെന്നു ലേഖകൻ സമ്മതിച്ചിരിക്കുന്നു. ചില ഉദ്യോഗസ്ഥന്മാരെപ്പററി ചീത്തപറഞ്ഞിട്ടുള്ളതല്ലാതെ, രാജ്യാധികാരത്തിന്നോ രാജ്യാധിപതിക്കോ വിരോധമായി എന്തെങ്കിലും പ്രവൎത്തിച്ചിട്ടുള്ളതായി പറയപ്പെട്ടിട്ടില്ലാ. പത്രാധിപർ ചെയ്ത ദോഷാരോപങ്ങൾ മുഴുവൻ അവാസ്തവവും നിരാധാരവുംആയിരുന്നു

വെങ്കിൽ അതിലേയ്ക്കു നിയമത്തിൻെറ സഹായത്താൽ പത്രാധിപരെ ശിക്ഷിപ്പിക്കയും, പത്രാധിപർ മററുള്ളവരുടെ കീൎത്തിയെ നശിപ്പിക്കുന്നതിന് ഉപയോഗിച്ചിരുന്നതായ ഉപകരണത്തെ നശിപ്പിക്കയും ചെയ്യാമായിരുന്നു. തിരുവിതാംകൂർ ഗവൎമ്മെൻറ് നിരുത്തരവാദിയായ ഒരു ദോഷാരോപകനെ ഞെരിക്കുന്നതിനുവേണ്ടി സാധാരണ നിയമയന്ത്രത്തെ വ്യാപരിപ്പിക്കുന്നതിനു പകരം ജനങ്ങൾ തങ്ങളുടെ രാജാവിൻെറ പേരിലുള്ള വാത്സല്യത്തേയും ഭക്തിയേയും ബഹുമാനത്തേയും നിശ്ചിതമായും അന്യൂനമായും സ്വമനസ്സാലേയും പ്രദൎശിപ്പിച്ചിരിക്കുന്നതായ ഒരു അവസരത്തിൽ, ഏററവും സാധാരണമായ സംഗതിക്ക് അസാധാരണമായ ആയുധത്തെയാണു പ്രയോഗിച്ചിരിക്കുന്നതു്. 'സ്വദേശാഭിമാനി'യിലെ ചില ലേഖനങ്ങൾ ഏറെ നിന്ദ്യമായ കാൎയ്യങ്ങളടങ്ങിയതായിരുന്നു എന്നുള്ളതിനെ ഞങ്ങൾ വിശ്വസിക്കാം. എന്നാൽ, അതിലേയ്ക്കു പത്രാധിപരെ നിയമപ്രകാരം ശിക്ഷിക്കേണ്ടിയിരുന്നു എന്നാണു ഞങ്ങൾ വാദിക്കുന്നതു്. രാജ്യത്തിൽ സമാധാനവും ശാന്തതയും വ്യാപിച്ചിരിക്കുന്നതായ സാധാരണ സന്ദൎഭങ്ങളിൽ, യാതൊരു ഗവൎമ്മെൻറും തൻെറ അധികാരശക്തിയിൽ കൈവെച്ചു പ്രയോഗിക്കുന്നതു ന്യായമല്ലാ. ഈ തത്വത്തെ ആധാരപ്പെടുത്തിക്കൊണ്ടു ഞങ്ങൾ, മററ് ഇന്ത്യൻ സഹജീവികളോടൊത്തു, ബ്രിട്ടീഷ് ഇന്ത്യയിൽ ഇതിനിടെ നടത്തപ്പെട്ട നാടുകടത്തലുകളുടെ അധിഷ്ഠാനമായ നയത്തെ ആക്ഷേപിച്ചിട്ടുള്ളതാണ്. ഞങ്ങൾക്ക്, ബ്രിട്ടീഷ് ഇന്ത്യയെ സംബന്ധി

ച്ചു് ഒന്നും, തിരുവിതാംകൂറിനെപ്പോലെയുള്ള നാട്ടുരാജ്യങ്ങളെസംബന്ധിച്ച മറെറാന്നും, ഇങ്ങനെ രണ്ടു നയങ്ങൾ വെഴവ്വറെ ഇല്ലായ്കകൊണ്ടും, ഒരു നീതിതത്വം യാതൊരാളാൽ ലംഘിക്കപ്പെട്ടതായാലും ഭേദമില്ലാത്തതാകകൊണ്ടും, തിരുവിതാംകൂർ ഗവമ്മെൻറിൻെറ ഈ പ്രവൃത്തിയെ ഞങ്ങൾ നിന്ദിക്കുന്നു.

## "ഭംഗി"യായ നടപടി!

(എമ്പയർ, കൽക്കത്ത)

നാട്ടുരാജ്യങ്ങളിൽ കാൎയ്യങ്ങൾ എത്ര ഭംഗിയായിട്ടാണു നടത്തുമാറുള്ളതെന്നു് ഏതാനും ആളുകൾ തീരെ മുഷിവില്ലാതെ പറയുന്നുണ്ടു്; അവർ പറയുന്നതു ശരിയാണെന്നു വിശ്വസിച്ചു തുടങ്ങേണ്ടിവന്നിരിക്കുന്നു. തിരുവിതാംകൂർ മഹാരാജാവു് ഇതിനിടെ നടത്തിയതെന്തെന്നു നോക്കുക. ഒരു വൎത്തമാനപത്രത്തെ ഒതുക്കി, അച്ചുക്കൂടത്തെ പിടിച്ചെടുത്തു, പത്രാധിപരെ ബന്ധിച്ചു നാടുകടത്തി; ബ്രിട്ടീഷ്ഇന്ത്യയിൽ ക്ഷോഭം മുഴത്തിരിക്കുമ്പോൾ ഇപ്രകാരമൊക്കെ ചെയ്യാൻ കഴിയും എന്നു പറയുമായിരിക്കാം. എന്നാൽ, മഹാരാജാവു് എന്തു കല്പിച്ചിരിക്കുന്നു എന്നു കേൾക്കുക. "നമ്മുടെ ആജ്ഞകളെ അനുസരിച്ചോ, ആസ്പദമാക്കിയോ അപ്രകാരമെന്നു ഗണിച്ചോ ചെയ്യപ്പെടുന്ന യാതൊരു പ്രവൃത്തിയേയും സംബന്ധിച്ചു നമ്മുടെ ഗവമ്മെൻറിൻെറയോ, നമ്മുടെ ഗവമ്മെൻറിലെ യാതൊ

ഉദ്യോഗസ്ഥന്റെയോ പേരിൽ സിവിലായോ ക്രിമിനലായോ യാതൊരു വ്യവഹാരത്തിനും ഇടയില്ലാത്തതാകുന്നു എന്നു നാം ആജ്ഞാപിക്കുന്നു"—ബെൽവെഡറിൽ നിയമകാര്യസമാജികസ്ഥാനം ഒഴിവാകുമ്പോൾ അടുത്ത കുറി നമുക്കു മഹാരാജാവിനെ ക്ഷണിക്കാം. പക്ഷെ വക്കീലന്മാക്കു അതു ഹിതമായിരിക്കയില്ലായിരിക്കാം. എങ്കിലും, ഇന്ത്യൻ സിവിൽ സർവീസുകാക്കു് അതിൽ സന്തോഷമായിരിക്കും എന്നു തോന്നുന്നു.

## രാക്ഷസീയമായ പ്രവൃത്തി

(ബങ്കാളി, കല്കത്ത.)

തിരുവിതാംകൂർ ഗവമ്മേണ്ടു് ഒരു പത്രപ്രവത്തകനെ നാടുകടത്തുകയും ആ ആളുടെ അച്ചുക്കൂടത്തെ സക്കാരിലേയ്ക്കു് പിടിച്ചെടുക്കയും ചെയ്തതു് അസാധാരണമായ പ്രവൃത്തിയായിരിക്കയാൽ അതിലേയ്ക്കു് എന്തെങ്കിലും സമാധാനം പറയാനുണ്ടാകും എന്നു ഞങ്ങൾ ആശിക്കുന്നു. മി. കെ. രാമകൃഷ്ണപിള്ളയോടു പെരുമാറിയവിധത്തിൽ ഒരു പത്രപ്രവത്തകനോടു പെരുമാറുന്നതു് രാക്ഷസീയമായിരിക്കുന്നു. പൊതുജനക്ഷേമാത്ഥം പത്രത്തെ അമർച്ചചെയ്യുകയും പത്രാധിപരെ നാടുകടത്തുകയും ആ ആളുടെ അച്ചുക്കൂടത്തേയും അനുസാരികളേയും സക്കാരിലേയ്ക്കു് പിടിച്ചെടുക്കുകയും ചെയ്യേണ്ടതു് അപേക്ഷിതമാണെന്നു ഗവമ്മേൻറിനു ബോ

ധപ്പെട്ടിരിക്കുന്നതു്, എന്തുകാരനങ്ങളാലാണെന്നു ഞ
ങ്ങൾ യാതൊന്നും അറിയുന്നില്ല. മി. പിള്ള വളരെ
ഗൌരവപ്പെട്ട ഒരു കുററം ചെയ്യുവനായിരിക്കാം; എ
ന്നാലും ഒരു പത്രപ്രവൎത്തകനോട്ട് ഈ വിധത്തിൽ, യാ
തൊരുവിചാരണയും നടത്താതെ പെരുമാറുന്നതു് നീ
തിതത്വങ്ങളിൽ തീരെ അസാധുവും നടപ്പിനു ദൂഷകവും
ആകുന്നു. തിരുവിതാംകൂർ ഗവൎമ്മെൻറ് എല്ലാ നീ
തിപ്രമാണങ്ങൾക്കും പ്രത്യക്ഷം വിരോധമായിട്ടുള്ള ഒ
രു പ്രവൃത്തി ചെയ്കയാൽ ന്യായമായ ആക്ഷേപത്തി
ന്നു് പാത്രമായിരിക്കുന്നു. ഒരു രാക്ഷസൻെറ ബലം
ഉണ്ടായിരിക്ക എന്നതു് നല്ലതുതന്നെ. എന്നാൽ, തി
രുവിതാംകൂർ ഗവൎമ്മെൻറ് തൻെറ അധികാരബലം
ത്തെ ഒരു രാക്ഷസനെന്നോണം പ്രയോഗിക്കുന്നു. ആ
ഗവൎമ്മെൻറ്, അച്ചുക്കൂടത്തെ പിടിച്ചെടുക്കുക മാത്രമ
ല്ലാ, പത്രാധിപരെ നാടുകടത്തുകയും ചെയ്യുന്നു. ആ ഗ
വൎമ്മെൻറ് അച്ചുക്കൂടത്തെ പിടിച്ചെടുക്കയും പത്രാധി
പരെ നാടുകടത്തുകയും ചെയ്യുന്നതുമാത്രമല്ല, ആ നിൎഭാ
ഗ്യനായ പത്രപ്രവൎത്തകന്നു് ഗവൎമ്മെൻറിൻെറ മേൽ
യാതൊരു വ്യവഹാരവും ചെയ്തുകൂടാ എന്നും കല്പിക്കു
ന്നു. മിസ്റ്റർ പിള്ളയ്ക്കു് ഭരണകൎമ്മാധികാരികളുടെ
ഈ പ്രവൃത്തികൊണ്ടു് നാടുവിടുവാനും തൻെറ തൊ
ഴിൽ പൊഃയ്പ്പാകാനും ധനസംബന്ധമായ നഷ്ടം ഉണ്ടാ
കാനും സംഗതിയായതിനെ സംബന്ധിച്ച യാതൊരു
നഷ്ടപരിഹാരത്തിനും മാൎഗ്ഗമില്ലാ എന്നു് ഞങ്ങൾക്കു
തോന്നുന്നു. ഇതു് 'പൊതുജനക്ഷേമാൎത്ഥം' ചെയ്യപ്പെ

ട്ടതാണെന്നും ഗണിക്കപ്പെട്ടിരിക്കുന്നു. ഒരു പത്രപ്രവർത്തകൻ രാജ്യത്തിന്നു് വിരോധമായ കുററം ചെയ്യുന്ന പക്ഷത്തിൽ അയാളുടെമേൽ അനുരൂപമായവിധം വിചാരണ നടത്തട്ടെ, എന്നാൽ, ഭരണകർമ്മാധികാരകല്പനകൊണ്ടു് അയാളെ ശിക്ഷിക്ക എന്നതു് അധർമ്മമാണു്. കുററപ്പെടുത്തപ്പെട്ട ആളുടെ ആക്ഷേപസമാധാനങ്ങളെപ്പോലും കേൾക്കാതിരിക്കുമ്പോൾ അതു് നീതിവിരുദ്ധമാകുന്നു. അയാൾ കുററം ചെയ്തു എന്നു് സംഭാവനം ചെയ്താൽക്കൂടെയും പരിഷ്കൃതമായ നിയമനീതിശാസ്ത്രത്തിൽ അറിയപ്പെട്ടിട്ടുള്ള പല മാർഗ്ഗങ്ങളിലൊന്നിൽ വിചാരണ ചെയ്യപ്പെടാമായിരുന്ന ഒരു കുററത്തിനു് അയാളെ നാടുകടത്തുന്നതു് രാക്ഷസീയതന്നേയാകുന്നു.

## 2

"തിരുവിതാംകൂർ ഗവർമ്മേൻറു് ഒരു പത്രപ്രവർത്തകൻെറ അച്ചുകൂടത്തെ പിടിച്ചെടുത്തതിൻെറശേഷം അയാളെ നാടുകടത്തിയ സംഗതിയെക്കുറിച്ചു മദ്രാസിലെ പത്രങ്ങളുടെ അഭിപ്രായം ഭിന്നമായിരിക്കുന്നു. 'ഇന്ത്യൻ പേടിയററു്'' ഇതിനിടെ തിരുവിതാംകൂറിലെ എല്ലാ വസ്തുക്കളെയും ആകാശത്തോളം പൊക്കി സ്തുതിക്കുന്നതായ ലേഖനപരമ്പര എഴുതിക്കൊണ്ടിരിക്കയാണു്. ഞങ്ങളുടെ മാന്യസഹജീവി തിരുവിതാംകൂർ കാര്യങ്ങളെയൊക്കെ അഭിനന്ദിക്കുന്നതിനെണ്ണം, സർക്കാരിനെ വെള്ളയടിക്കാൻ ഉദ്യമിച്ചിരിക്കുന്നു. ഞങ്ങളുടെ സഹജീവിയുടെ അഭിപ്രായത്തിൽ, തിരുവിതാം

ക്കറിലേയ്ക്കു ഒരു പ്രസ്സാക്ട് നടപ്പാക്കുന്നതിനേക്കാൾ ന ല്ലതു് ഒരു പത്രപ്രവർത്തകനെ നാടുകടത്തുകയാണ്— ശിരച്ഛേദം ചെയ്തുകൂടാ എന്നുണ്ടോ?—സഹജീവിയു ടെ വാദം അസംബന്ധമാണ്. തിരുവിതാംകൂറിലെ പത്രങ്ങൾ കഷ്ടപ്പാടനുഭവിക്കേണമെന്നുണ്ടെങ്കിൽ, ഒരു വനെ അവൻെറ സമാധാനം കേൾക്കാതെ ഭരണകർമ്മാ ധികാരപ്രവൃത്തികൊണ്ടു ഗർഹണം ചെയ്യുന്നതിനേ ക്കാൾ, എല്ലാവരും പൊതുവെ കഷ്ടപ്പാടനുഭവിക്കട്ടെ. തിരുവിതാംകൂർ സംസ്ഥാനത്തിൽ ഇംഗ്ലീഷിലും മലയാ ളത്തിലും പ്രസിദ്ധപ്പെടുത്തുന്നവയായി അനേകം വർത്ത മാനപ്പത്രങ്ങൾ ഉണ്ടു്. ആ സംസ്ഥാനത്തു കുററം ചെയ്യു ന്നവനായി ഇപ്പോൾ ഭരണകർമ്മാധികാരികളുടെ അ ധികാരപ്രമത്തതയ്ക്കു ഇരയായിത്തീർന്ന ഈ ഒരേ ഒരു പത്രപ്രവർത്തകൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നു സ ഹജീവി ഭാവിക്കുന്നുണ്ടോ? അങ്ങനെയായിരുന്നാൽക്കൂ ടെയും, ഒരുവനെ യുക്തമായപ്രകാരത്തിൽ നിയമം അ നുസരിച്ചു് എന്തെങ്കിലും ചെയ്യുന്നതായിരുന്നു ഉത്ത മം എന്നു ഞങ്ങൾ വിചാരിക്കുന്നു. തിരുവിതാംകൂർ ഗ വർമ്മേൻറു് ഭരണകർമ്മാധികാരികളായ ഉദ്യോഗസ്ഥ ന്മാർ—എല്ലാവരും—സലോമന്മാ(വിദ്വാന്മാ)രായിരി ക്കാം, എന്നിരുന്നാൽക്കൂടെയും, ഏതൊരു പത്രപ്രവർത്ത കനും അറിയാവുന്നതായ ഒരു നിയമത്തിൻെറ പരിക ല്പനങ്ങളെ അനുസരിച്ചു പ്രവർത്തിക്കുന്നതു് സലോമന്മാ ർക്കും ഉത്തമമായിട്ടുള്ളതാണ്. ഇങ്ങനെ ഒരു നിയമം ഇല്ലാതിരിക്കെ, തിരുവിതാംകൂർ ഗവർമ്മേൻറു് ഒരു

പത്രപ്രവൎത്തകനെ ഇത്ര നിഷ്ഠൂരമായ പ്രകാരത്തിൽ ഉപദ്രവിക്കയും, അയാളെ ഉടനടി നാടുകടത്തുകയും അയാളുടെ സ്വത്തിനെ അപഹരിക്കയും ഗവൎമ്മേൻറിൻെറ പ്രവൃത്തിയുടെ ന്യായാന്യായതയെ കോടതിയിൽ വിചാരണചെയ്തു തീൎച്ചപ്പെടുത്തുന്നതിനുള്ള അവകാശത്തെ അയാൾക്കു നിഷേധിക്കയും ചെയ്തിരിക്കുന്നു. ഈ നടപടിയെ "ഇന്ത്യൻപേട്രിയററ്" സാധൂകരിക്കുകയും ചെയ്യുന്നു. ഇതിന്നുപറയുന്ന സമാധാനമൊ, ഇങ്ങനെയല്ലെങ്കിൽ തിരുവിതാംക്കൂറിനു ഒട്ടുക്കു ഒരു പ്രസ്സാക്ട് നടപ്പാക്കേണ്ടിവരുമായിരുന്നു എന്നാണ്. അപ്രകാരം നടപ്പാക്കേണ്ടിവരുമെന്നാണെങ്കിൽ, അതെന്തുകൊണ്ടു പാടുള്ളതല്ലാ? ഒരു പ്രസ്സാക്ട് ഉണ്ടായിരുന്നാൽ ഒരു പത്രപ്രവൎത്തകനു താൻ എന്തെന്തുശിക്ഷകൾക്കു പാത്രമാകുമെന്ന് അറിവാൻ കഴിയുന്നതാകുന്നുവല്ലൊ. ഇന്ത്യൻപേട്രിയററിൻെറ വാദത്തിൻെറ താല്പൎയ്യം ഇതാണ്. തിരുവിതാംക്കൂർ ഗവൎമ്മേൻറു ഭരണകൎമ്മാധികാരികൾക്കു സ്വേച്ഛപോലെ പ്രവൎത്തിക്കയാവാം; ഒരു പത്രപ്രവൎത്തകൻെറമേൽ യാതൊരു നിയമത്താലും പരികല്പിക്കപ്പെട്ടിട്ടില്ലാത്തപ്രകാരത്തിൽ നിപതിക്കുന്നതിനും ഗവൎമ്മേൻറിൻെറ അധികാരശക്തി മുഴുവൻ പ്രയോഗിക്കയാവാം. ഇപ്രകാരമൊരു അധികാരം ഭരണകൎമ്മാധികാരികൾക്കു ഉണ്ടായിരിക്കേണ്ടതാണെന്നു ഞങ്ങളുടെ സഹജീവി ഗൌരവത്തിൽ വിചാരിക്കുന്നുണ്ടോ? തിരുവിതാംക്കൂറിലെ നിൎഭാഗ്യന്മാരായ ജനങ്ങൾ യാതൊരുനിയമത്തേയും ലംഘിച്ചു നടന്നില്ലെന്നിരുന്നാലും നാടുകടത്തപ്പെടുവാനും

തങ്ങളുടെ സ്വത്തു ഗവൎമ്മെൻറിനാൽ അപഹരിക്കപ്പെടുവാനും അൎഹന്മാരാണെന്നു ഞങ്ങളുടെ സഹജീവി വാദിക്കുന്നുണ്ടോ? കുററവിചാരണ ചെയ്യാതെ ഒരുവനെ നാടുകടത്തുന്നതിനുള്ള അധികാരം ആപല്ക്കരമായിട്ടുള്ളതാകുന്നു; വിചാരണചെയ്യാതെ സ്വത്തു പിടിച്ചടക്കുന്നതിന്നുള്ള അധികാരവും അതേവിധംതന്നെയാണു്. എന്നിട്ടും തിരുവിതാംകൂർ ഗവൎമ്മെൻറു് പ്രവൎത്തിച്ചതു യുക്തമായി എന്നു് ഞങ്ങളുടെ സഹജീവി ഗൌരവത്തിൽ വാദിക്കുന്നു. സൎക്കാർ യാതൊരു ജനങ്ങളുടെമേൽ രാജാധികാരം നടത്തുന്നുവോ ആ ജനങ്ങളോടു് ഉത്തരവാദംചെയ്യേണ്ട കടമയില്ലാത്തതുപോലെയായിത്തീൎന്നിരിക്കുന്നു. പത്രങ്ങൾക്കല്ലാതെ യാതൊരാൾക്കും രാജ്യകാൎയ്യങ്ങളെ ഗുണാഗുണനിരൂപണം ചെയ്യാനൊ നിയന്ത്രിക്കാനൊ, കഴിയുന്നതല്ലാ; അങ്ങനെയുള്ള പത്രങ്ങളുടെനേൎക്കു് തിരുവിതാംകൂർഗവൎമ്മെൻറു് ഇപ്രകാരമാണു് വൎത്തിക്കുന്നതും.

## ഗൗരവമേറിയ അനീതി

(ഡാക്ടർ ടി. എം. നായർ)

ഡാക്ടർ ടി. എം. നായർ (മദിരാശിയിലെ ഹിൻഡു, സ്റ്റാൻഡാർഡ് എന്നപ്രതിദിനപത്രങ്ങളിൽ) എഴുതിയിരിക്കുന്ന ഒരു ലേഖനത്തിന്റെ താല്പൎയ്യം ഇപ്രകാരമാകുന്നു:—"തിരുവിതാംകൂർ ഗവൎമ്മെണ്ടു തിരുവിതാംകൂറിലെ സ്വദേശാഭിമാനി പത്രത്തിന്റെ അധി

പരെ നാടുകടത്തുകയും അച്ചുക്കൂടത്തെ പിടിച്ചടക്കുക യും ചെയ്തിരിക്കുന്നതായി കുറെ ദിവസങ്ങൾക്കു മുമ്പു മദ്രാസ് പ്രതിദിനപ്പത്രങ്ങളിൽ കണ്ടിരുന്ന കമ്പിവാ ർത്തകളാൽ ഞാൻ അറിഞ്ഞു. രാജദ്രോഹകരമായി നട ക്കുന്ന ഏതെങ്കിലും വർത്തമാനപത്രം തിരുവിതാംകൂ റിൽ ഉള്ളതായി സംശയലേശംപോലും അതേവരെ എനിക്ക് ഉണ്ടായിരുന്നില്ലാത്തതിനാൽ, ഇപ്പോൾ ക ണ്ടപ്രകാരം കഠിനമായും സ്വേച്ഛാധികാരത്തോടുകൂ ടിയും ശിക്ഷിക്കപ്പെട്ട ആ പത്രപ്രവർത്തകനെ ശിക്ഷി ക്കുന്നതിനു ഹേതുവായ ലേഖനങ്ങളെ എനിക്കുതന്നെ വായിച്ചുനോക്കണമെന്ന് ഒരു കൗതുകം ഉണ്ടായി. മി സ്റ്റർ രാമകൃഷ്ണപിള്ളയുടെമേൽ കല്പിക്കപ്പെട്ട ശിക്ഷ യുടെ ന്യായാന്യായതയെപ്പററി മദ്രാസിലെ പ്രധാന പ്പെട്ട പത്രങ്ങൾ തമ്മിൽ ഭിന്നമായി അഭിപ്രായങ്ങൾ പുറപ്പെടുവിച്ചുകണ്ടപ്പോൾ, എൻെറ കൗതുകവും വ ൎദ്ധിച്ചു. സ്വദേശാഭിമാനിയുടെ കീഴ്കഴിഞ്ഞ ലക്ക ങ്ങൾ കുറെ പ്രയാസപ്പെട്ടു ശേഖരിച്ചു; ഇപ്പോൾ ആ പത്രത്തിൻെറ ഒട്ടേറെ ലക്കങ്ങൾ ഞാൻ വായിക്കയും ചെയ്തിരിക്കുന്നു. രാജദ്രോഹകരമായ ഒരൊററ ലേഖ നമാകട്ടെ വാചകമാകട്ടെ, സ്വദേശാഭിമാനിയുടെ പം ക്തികളിൽ കാണ്മാൻ എനിക്കു കഴിഞ്ഞിട്ടില്ലാ. എ ന്നാൽ, ആ പത്രത്തിലെ ലേഖനങ്ങളെ ഞാൻ അഭിന ന്ദിക്കുന്നുവെന്നു ഒരു നിമിഷനേരത്തെങ്കിലും ഞാൻ പ റയുന്നില്ലാ. തിരുവിതാംകൂറിലെ ഇപ്പോഴത്തെ ദിവാൻ ജിയെക്കുറിച്ചു ഗ്രാമ്യമായി ശകാരിക്കുന്ന പല ലേഖ നങ്ങളും അതിലുണ്ട്. അവയിൽ ചിലതു സ്പഷ്ടമായും

അപകീൎത്തികരമാണു്; ഏതു നിയമകോടതിയിലും അവയെസംബന്ധിച്ചു പത്രാധിപൎക്കു ശിക്ഷ കല്പിക്കപ്പെട്ടമെന്നും എനിക്കഭിപ്രായമായിരിക്കുന്നു എന്നാൽ രാജാവിന്റെയോ രാജ്യാധികാരത്തിന്റെയൊ നേൎക്കു കുററം ചെയ്യുന്നതായി വ്യാഖ്യാനിക്കപ്പെടാവുന്നതായ യാതൊന്നും സ്വദേശാഭിമാനിയിൽ കാണ്മാൻ എനിക്കു കഴിയുന്നില്ലാ. ദിവാൻജിയെക്കുറിച്ചുള്ള അപകീൎത്തികരങ്ങളായ ദോഷാരോപങ്ങൾകൂടയും ദിവാൻജിയുടെ നേൎക്കു സ്വകാൎയ്യനിലയിൽ അല്ലാതെ ഉദ്യോഗകാൎയ്യമായി ചെയ്തിട്ടുള്ളതല്ലാ. സ്വദേശാഭിമാനിയിൽ ഞാൻ വായിച്ച ലേഖനങ്ങളിൽവെച്ചു് ഏററവും തീവ്രമായതു കഴിഞ്ഞ ആഗസ്റ്റ് 24-ാംനു- യിലെ മുഖപ്രസംഗമാണു്; ആ മുഖപ്രസംഗത്തിൽ തൽകൎത്താവു പറയുന്നതെന്തെന്നാൽ, **ദിവാൻജിയെപ്പററി പ്രസ്താവിപ്പാനുള്ളതു കൈക്കൂലിയെ സംബന്ധിച്ചല്ലാ, അധികാര പ്രമത്തതയുമല്ലാ, സാധുദ്രോഹവുമല്ലാ, ദിവാൻജിയുടെ സ്ത്രീവിഷയകമായ നടത്തയെസംബന്ധിച്ചാണു്** എന്നാതാകുന്നു. അതേ. ആ ഒരേ വിഷയംതന്നെയാണു് സ്വദേശാഭിമാനിയുടെ പംക്തികളിൽ സവിസ്തരം പ്രതിപാദിച്ചുകാണുന്നതു്. ഈ വിഷയം അത്രവളരെ ഉൽക്കർഷകമായിട്ടുള്ളതല്ലതന്നെ; ഉപയോഗിച്ചിരിക്കുന്ന ഭാഷ ആപാദചൂഡം ഭംഗിയായിട്ടുള്ളതും അല്ലാ. മലയാളം എത്ര വളരെ ഭംഗിപിടിപ്പിച്ചാലും പരിഷ്ക്കാരപ്പകിട്ടോടും ലാളിത്യത്തോടുംകൂടി എഴുതി ഫലിപ്പിക്കാവുന്ന ഭാഷയല്ല. പ്രകൃത

ലേഖനത്തിൽ വിവരിച്ചിട്ടുള്ള സംഗതികളെ, തിയോഫൈൽഗോഷ്യക്കോ, പീർല്ലോട്ടിക്കോ, അവരുടെ സചമൽക്കാരമായ പരന്ത്രീസ് ഭാഷയിൽ രസകരമായി വർണ്ണിക്കാൻ കഴിയുമായിരുന്നു. ലേഖനങ്ങൾ ഇപ്പോൾ കണ്ട നിലയിലും തെല്ലമിണക്കാത്തവയും രസകരമല്ലാത്തവയുമാണ്. അതെങ്ങനെയുമിരിക്കട്ടെ. എനിക്കു പൊതുജനങ്ങളുടെ പര്യാലോചനത്തിനായി സമർപ്പിക്കാനുള്ള ചോദ്യം ഇതാണ്. ഒരു ദോഷാരോപം എത്രമേൽ ഹീനമായിരുന്നാലും, അതിനു പത്രാധിപരെ നാടുകടത്തുകയും അയാളുടെ അച്ചുക്കൂടത്തെ പിടിച്ചടക്കുകയും ചെയ്യുന്നശിക്ഷ യുക്തമാണോ, എന്നാണ്. തിരുവിതാംകൂർ ഗവമ്മേണ്ട് അനുവർത്തിച്ച നയം കേവലം അന്യായമായിട്ടുള്ളതാണെന്നാകുന്നു എന്റെ അഭിപ്രായം. മിസ്റ്റർ രാമകൃഷ്ണപിള്ളയുടെ പേരിൽ ഗവമ്മേണ്ടുവകയായ ഒരു ക്രിമിനൽ കേസ്സു നടത്തുവാൻകൂടേയും ഗവർമ്മേണ്ടിനു സാധിക്കയില്ലായിരുന്നു; എന്തെന്നാൽ, മിസ്റ്റർ രാജഗോപാലാചാരിയെപ്പററി ചെയ്തിരിക്കുന്ന ദോഷാരോപങ്ങൾ തിരുവിതാംകൂർ ദിവാൻജിയുടെ നിലയിൽ അല്ലാ, സ്വകാര്യനിലയിലാണ്. മിസ്റ്റർ രാജഗോപാലാചാരിക്കു യുക്തമായമാർഗ്ഗം മിസ്റ്റർ രാമകൃഷ്ണപിള്ളയുടെമേൽ കേസ്സു നടത്തുകയായിരുന്നു. അതു ചെയ്യുന്നതിനുപകരം, ഗവർമ്മേണ്ട്, ഏതോ പ്രാചീനവും ഇപ്പോൾ ഉപയോഗിപ്പാൻയോഗ്യതയില്ലാത്തതുമായ ഒരു രാജകീയാധികാരത്തെ ആശ്രയിക്കയും, ഒരു പത്രാധിപരെ നാടുകടത്തുകയും അയാളുടെ അച്ചുക്കൂടത്തെ പിടിച്ചെടുക്കുകയും ചെയ്തി

രിക്കുന്നു. ഇവയൊക്കെ എന്തിനായിട്ടാണു്? ദിവാൻജി (Don Juan run amok) കാമപ്രമത്തനായ കീചകൻ പോലെയുള്ളവനാണെന്നു സ്ഥാപിപ്പാൻ പത്രാധിപർ ഉദ്യമിച്ചതിന്നാണു്. തിരുവിതാംക്കൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു പ്രവത്തിച്ച ഈ രാജധാർമ്മികമായ അന്യായത്തെക്കുറിച്ചു വായിച്ചു് ഞാൻ അത്യന്തം ആശ്ചര്യപ്പെട്ടുകയും മനോവേദനപ്പെട്ടുകയും ചെയ്തു. എനിക്കു മഹാരാജാവിനെക്കുറിച്ചു് ഏറെ ആദരവും ബഹുമാനവുമാണുള്ളതു്; അദ്ദേഹം ഈശ്വരഭയത്തോടും മനസ്സാക്ഷിക്കനുസരണമായും രാജ്യഭരണം ചെയ്യുന്ന ആളാണെന്നു് എനിക്കറിവുണ്ടു്. ഒരു നാട്ടുരാജ്യത്തിൻെറ അധിപതിയായ ഇങ്ങനത്തെ മഹാരാജാവു് ഇപ്രകാരമൊരു നാട്ടുകടത്തലിനു കല്പനകൊടുക്കുന്നതായാൽ, ഇദ്ദേഹത്തെക്കാൾ മനഃപരിഷ്കാരം കുറഞ്ഞ രാജ്യാധിപതികൾ ഉള്ള നാട്ടുരാജ്യങ്ങളിൽ എന്തുതന്നെ സംഭവിച്ചേക്കുകയില്ലാ? നാം പഴയ നടപടികളിലേക്കു വഴുതിയിറങ്ങിപ്പോവുകയാണൊ? നമ്മുടെ രാജ്യതാന്ത്രികമായ പരിണാമത്തിൻെറ പരമകാഷ്ഠയെ പ്രാപിച്ചുവോ? ഈ പ്രവൃത്തികൾ നമ്മുടെ അധോഗമനത്തിൻെറ ആദ്യത്തെ ചുവടുവെപ്പുകളാണോ? ഏകദേശം പതിനഞ്ചു കൊല്ലം മുമ്പു്, ലണ്ടനിൽവെച്ചു്, മിസ്റ്റർ ദാദാബായി നവഃരാജിയുമായി ഒരു സ്വൈരസംഭാഷണം നടന്ന കഥ ഞാൻ ഓക്കുന്നുണ്ടു്. ഇന്ത്യയ്ക്കു ബ്രിട്ടീഷ് മേല്ക്കോയ്മയോടുകൂടിയ സ്വയംഭരണത്തിന്നു് ഒരു വ്യവസ്ഥയെ നിർദ്ദേശിക്കണമെന്നു് ഞാൻ ആ മഹാവന്ദ്യവയോധികനോടു് അപേക്ഷിച്ചു. മിസ്റ്റർ

നവരോജിയുടെ മറുപടി ഇങ്ങനെയായിരുന്നു: "ഇന്ത്യ യെ ആസകലം ബറോഡയേയും തിരുവിതാംകൂറി നേയും പോലെ നാട്ടുരാജ്യങ്ങളായി വിഭജിച്ച് അവ യിൽ അധിപതിയായി ഓരോ നാട്ടുരാജാവിനെയും, രാജധാനിയിൽ ഓരോ ബ്രിട്ടീഷ് റസിഡണ്ടിനേയും നിശ്ചയിക്കുക. ബ്രിട്ടീഷ് റസിഡണ്ട് കല്ക്കത്തായിലെ ബ്രിട്ടീഷ് വൈസ്രായിയുടെ അധികാരത്തിൻകീഴിലി രിക്കട്ടെ, സൈന്യം ബ്രിട്ടീഷ് റസിഡണ്ടിന്റെ അധീ നതയിലുമിരിക്കട്ടെ," ഇതു പതിനഞ്ചുകൊല്ലംമുമ്പു നട ന്ന സംഭവം ആണ്. അന്നു നാട്ടുരാജ്യങ്ങളെക്കുറിച്ച് എനിക്കുള്ള അറിവ് അല്പമായിരുന്നു. ഇന്ന് ആരെങ്കി ലും ഇങ്ങനെയൊരു നിർദ്ദേശം ചെയ്യുന്നതായാൽ ഞാൻ എത്രയും പ്രബലമായി അതിനെ എതിർക്കുന്നതാണ്. തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേയും ദി വാൻ രാജഗോപാലാചാരിയുടേയും മുഖപരിചയം ഞാൻ സമ്പാദിച്ചിട്ടുണ്ട്. മിസ്റ്റർ രാമകൃഷ്ണപിള്ളയെ ഞാൻ അറികയില്ലാ; ഈ സമയംവരെ ഞാൻ മിസ്റ്റർ രാമകൃഷ്ണപിള്ളയെ കണ്ടിട്ടുമില്ലാ. എന്നിരുന്നാലും, മഹാരാജാവിന്റെ അടുക്കൽ 'ചക്കരവാക്കു' പറയുന്ന ചങ്ങാതികളുടെ ഉദാഹരണത്തെ പിന്തുടരുവാനും, അ വിടുന്ന് ഇതിനിടെ കാണിച്ച "ബുദ്ധിപൂർവ്വമായ രാജ്യ തന്ത്രനയ"ത്തെ പുകഴ്ത്തിപ്പാടുവാനും എനിക്കു മനസ്സു വരുന്നില്ലാ. മിസ്റ്റർ രാമകൃഷ്ണപിള്ളയെ നാടുകടത്തുന്ന തായി ഈയിടെ പുറപ്പെടുവിച്ച രാജകീയവിളംബരം ബുദ്ധിപൂർവ്വകമോ, ന്യായമോ, രാജ്യതന്ത്രതലക്ഷ്യമോ

ആയിട്ടുള്ളതല്ലാ എന്നു മഹാരാജാവിൻെറപേരിൽ യഥാർത്ഥമായും നിഷ്കപടമായും സ്നേഹമുള്ളവനായി ഞാൻ ചൂണ്ടിപ്പറഞ്ഞുകൊള്ളുന്നു. അതു ഗൗരവപ്പെട്ട അനീതിയായിപ്പോയി എന്നാണ് എൻെറ താഴ്മയായ അഭിപ്രായം. ഒരു രാജ്യത്തിൻെറ അധിപതിയാകകൊണ്ട് അദ്ദേഹം മനുഷ്യനിർമ്മിതമായ എല്ലാ നിയമങ്ങൾക്കും മുകളിൽ ആയിരിക്കാം. എന്നാൽ അദ്ദേഹം ഈശ്വരഭക്തനും ഈശ്വരവിശ്വാസിയുമായുള്ള ആളാകകൊണ്ട്, മനുഷ്യരുടെ എന്നു മാത്രമല്ലാ രാജാക്കന്മാരുടേയും ചക്രവർത്തികളുടേയുംപോലും, എല്ലാ പ്രവൃത്തികളേയും തന്നേക്കാൾ അധികം അധികാരമുള്ള ഒരു മഹാശക്തി ഉററുനോക്കിക്കൊണ്ടിരിക്കുന്നുണ്ടെന്നു് അദ്ദേഹം അറിയേണ്ടതാകുന്നു. ഒരു ശക്തിമാനായ രാജ്യാധിപതി ഒരു വിനീതനായ പ്രജയുടെ നേർക്ക് നിഷ്ഠൂരമായ അനീതിചെയ്തു എന്ന വിവരം ചിത്രഗുപ്തൻെറ ഏട്ടിൽ ഇപ്പോൾതന്നെ എഴുതിവെച്ചിട്ടുണ്ടെന്നും വരാം. ഈ അനീതിക്കു ശക്തിമാനായ രാജ്യാധിപതി ഭാവിയിൽ ഒരു ദിവസം സമാധാനം പറയേണ്ടതായും വരാം.

"കാലത്തിൻെറ മുന്നോട്ടു ചലിച്ചുകൊണ്ടിരിക്കുന്ന വിരലെഴുതുന്നു; എഴുതിക്കഴിഞ്ഞിട്ടു വീണ്ടും മുന്നോട്ടുപോകുന്നു; എഴുതിയതിൽ പകുതിവരിയെങ്കിലും റദ്ദു ചെയ്യുന്നതിന് അതിനെ തിരിച്ചുവിളിക്കുവാൻ അങ്ങയുടെ ഭക്തിക്കോ ബുദ്ധിക്കോ കഴിവില്ല; അതിലെ ഒരു വാക്കിനെ കഴുകിക്കളെവാൻ അങ്ങയുടെ അശ്രുക്കൾക്കും സാദ്ധ്യമല്ലാ."

## എന്തുകൊണ്ടു് കേസ്സെടുത്തില്ല?

(മദ്രാസ് ടൈംസ്)

"മദ്രാസ് ടൈംസ്" ആദ്യം ഗവമ്മെണ്ടിനെ അനുകൂലിച്ചു പറഞ്ഞു എങ്കിലും, 'സ്വദേശാഭിമാനി'യിൽ പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങളുടെ സ്വഭാവം എന്തെന്നു ഡാക്ടർ ടി. എം. നായരുടെ ലേഖനത്തിൽ പ്രസ്താവിച്ചിട്ടുള്ളതിനെ കണ്ട ഉടൻ, അക്ടോബർ 12-ാംനു-യിലെ ലക്കത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:—"സ്വദേശാഭിമാനി പത്രാധിപരായ മി. രാമകൃഷ്ണപിള്ളയെ ഈയിടെ തിരുവിതാംകൂറിൽനിന്നു നാടുകടത്തിയതിനെപ്പററി ഡാക്ടർ നായർ 'ഹിൻഡു' പത്രത്തിൽ ഒരു രസകരമായ ലേഖനമെഴുതിയിട്ടുണ്ടു്. പത്രാധിപരെ നാടുകടത്തുന്നതിനു തിരുവിതാംകൂർ ഗവമ്മെണ്ടു കല്പിക്കയും, പത്രം അച്ചടിച്ചിരുന്ന അച്ചുകൂടത്തെ പിടിച്ചടക്കുകയും ചെയ്തിട്ടുള്ള സംഗതി വായനക്കാർ ഓക്കുമല്ലൊ. 'സ്വദേശാഭിമാനി'യിലെ അപരാധകങ്ങളായ ലേഖനങ്ങൾ മലയാളത്തിലാകയാൽ അവയുടെ താല്പര്യത്തെപ്പററി ഞങ്ങൾക്കു യാതൊന്നും അറിവില്ലാ. എന്നാൽ ഡാക്ടർ നായർ ആ ലേഖനങ്ങൾ വായിച്ചതായും രാജാവിൻെറയോ രാജ്യത്തിൻേറയോ നേക്കു കുററം ചെയ്യുന്നതായി അത്ഥമാക്കാവുന്ന യാതൊന്നും ആ ലേഖനത്തിൽ കാണ്മാൻ തനിക്കു കഴിഞ്ഞിട്ടില്ലാ എന്നും ഡാക്ടർ നായർ ഉറപ്പ

പറയുന്നു. ലേഖനങ്ങളിലെ ദോഷാരോപങ്ങൾ ദിവാൻ പി. രാജഗോപാലാചാരിയുടെ സ്വകാര്യനിലയെപ്പററിയല്ലാതെ തിരുവിതാംകൂർ ദിവാൻ എന്ന ഉദ്യോഗനിലയെ സംബന്ധിച്ചല്ലാ എന്നും ഡാക്റ്റർ നായർ ഉറപ്പുപറയുന്നു. ആ ലേഖനങ്ങളിൽ മിസ്റ്റർ ആചാരിയുടെ മേൽ സ്ത്രീവിഷയകമായ ദുർന്നടത്തയെ കുറെ ഗ്രാമ്യഭാഷയിൽ ആരോപിക്കുന്നതല്ലാതെ, ദുർഭരണത്തെ ആരോപിക്കുന്നതേയില്ല. സംഗതി ഇപ്രകാരമാണെങ്കിൽ, തീരെ അയുക്തമായ ശിക്ഷാസമ്പ്രദായത്തെ ഉപയോഗപ്പെടുത്തിയിരിക്കുന്നു എന്നാണു ഞങ്ങൾക്കു തോന്നുന്നതു്. ദിവാൻജിയുടെ സ്വകാൎയ്യനടത്തയെക്കുറിച്ചു് ഒരു പബ്ലിക്പത്രത്തിൽ ദോഷാരോപണംചെയ്തിരിക്കുന്നു; ആ പത്രത്തിൻെറ അപകീൎത്തിപ്പെടുത്തലിനു കേസുകൊടുക്കുകയും പത്രാധിപൎക്കു കഠിനമായ ശിക്ഷ കൊടുപ്പിക്കുകയും ചെയ്യുന്നതിനു പകരം നാടുകടത്തൽ പിടിച്ചടക്കൽ എന്നീ അനിയന്ത്രണനടപടികളെക്കൊണ്ടു പത്രാധിപരുടെ വായ് അടച്ചുകെട്ടുവാൻ തുനിയുന്നു. ഒരു രാജ്യത്തിലെ അധികൃതന്മാരിൽ തലവൻെറമേൽ ദുൎന്നടപടിക്കുററം ചുമത്തുന്നതുകൊണ്ടു് ഗവൎമ്മേണ്ടിൻെറ പേരിൽ നിന്ദ ജനിക്കാനിടയുണ്ടെന്നു ഞങ്ങൾ സമ്മതിക്കാം; എന്നാൽ അതിനും ജനദ്രോഹത്തിന്നുമോ ദുർഭരണത്തിന്നുമോ തമ്മിൽ വളരെ അന്തരമുണ്ടു്. എന്തെന്നാൽ അതു നിരാധാരമെന്നു തെളിയിപ്പാൻ എളുപ്പത്തിൽ സാധിക്കുന്നതാണു്. മിസ്റ്റർ രാമകൃഷ്ണപിള്ള സമുദായാചാര പരിഷ്കാരവിഷയത്തിൽ കരുത്തോടുകൂടിയും സ്വകാൎയ്യതല്പരത

കൂടാതെയും പ്രവൎത്തിച്ചുപോരുന്ന ആളാണെന്ന് 'ഹിന്ദു'വിലെ മറെറാരു ലേഖകൻ പറയുന്നുമുണ്ട്. ഈ സ്ഥിതിക്ക്, മിസ്റ്റർ രാമകൃഷ്ണപിള്ളയെ നാടുകടത്തുക നിമിത്തം ദിവാൻ നിരപരാധിയാണെന്നുള്ള ബോധം ആ രാജ്യത്തിലെ മററു ജനങ്ങൾക്കുണ്ടാകയില്ല. ദിവാൻജിയുടെ ഉയൎന്ന പദവിയേയും മദ്രാസ് സംസ്ഥാനഭരണകൎമ്മത്തിൽ ഉയൎന്ന ബഹുമാന്യപദങ്ങൾക്കു യോഗ്യന്മാരായി അവകാശം പറയാവുന്നവരുടെ സംഘത്തിൽ അദ്ദേഹത്തിൻെറ പേരും സ്വച്ഛന്ദമായി പറയപ്പെട്ടുവരുന്നുണ്ടെന്ന സംഗതിയേയും ചിന്തിക്കുമ്പോൾ, അദ്ദേഹം തൻെറ ദോഷാരോപകകൎത്താവിൻെറ മേൽ നിയമകോടതിയിൽ കേസ്സുനടത്തി തൻെറ നടത്തയെസാധൂകരിക്കയും ദോഷാരോപകനെ ശിക്ഷിപ്പിക്കുകയും ചെയ്യുന്നതു് ഉചിതമായിരിക്കുമെന്നു വിചാരിക്കാത്തതിനെക്കുറിച്ചു് ഞങ്ങൾക്കു് വ്യസനിക്കാതിരിക്കാൻ നിൎവ്വാഹമില്ല. എന്തായാലും നാടുകടത്തൽ എന്നതു് ഒരു സ്വകാൎയ്യസംഗതിക്കായി പ്രയോഗിച്ചുകൂടുന്നതല്ലാത്തതായ ഒരു ആയുധമാകുന്നു. ഒരു രാജ്യത്തിൻെറ രക്ഷയെ കരുതേണ്ടിവരുമ്പോൾ അതു് ഏററവും വിലയേറിയതുതന്നെയാണു്, എന്നാൽ ആളുകളെ അപകീൎത്തിപ്പെടുത്തലിൽനിന്നു രക്ഷിപ്പാനായിട്ടു് അതൊരിക്കലും ഉദ്ദേശിക്കപ്പെട്ടിട്ടില്ല."

# തിരുവിതാംകൂറിനു യോജിച്ചതല്ല

(പഞ്ചാബി, ലാഹൂർ)

സ്വദേശാഭിമാനിയെ സംബന്ധിച്ച തിരുവിതാംകൂർ ഗവർമ്മെണ്ടു നടത്തിയ നടപടി സാധുവായിട്ടുള്ളതാണെന്നു സ്ഥാപിപ്പാൻ മദ്രാസിലെ 'ഇന്ത്യൻ പേട്രിയററ്' ആഗ്രഹിക്കുന്നുണ്ടെങ്കിലും അധികവിവരങ്ങൾ അറിഞ്ഞേടത്തോളം അത് അത്ര സാധുവല്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. സ്വദേശാഭിമാനിയേയും അതിൻെറ പാവപ്പെട്ട പത്രാധിപരേയും അനത്ഥത്തിൽ ചാടിച്ചതായ ലേഖനങ്ങളുടെ താല്പര്യം ഇന്നതെന്നു പൊതുജനങ്ങളെ ഗ്രഹിപ്പിക്കുക വഴിയായി മദ്രാസിലെ പൊതുക്കാര്യപരായണനായ ഡാക്ടർ ടി. എം. നായർ എന്ന പ്രഖ്യാതനായ മലയാളി വളരെ വിലയേറിയ ഒരു പൊതുജനരക്ഷമാത്ഥകമായ കാര്യം സാധിച്ചിരിക്കുന്നു. പ്രസ്തുത ലേഖനങ്ങളിൽ ഗവമ്മേണ്ടിനെ ദ്വേഷിക്കുന്നതായോ, രാജഭക്തിയെ ധ്വംസിക്കുന്നതെന്നു സംശയിക്കത്തക്കതായോ യാതൊരു വസ്തുവും ഇല്ല; രാജദ്രോഹമോ ഇല്ലതാനും. അവ ദിവാൻജിയെ ആക്ഷേപിച്ചിട്ടുള്ള ലേഖനങ്ങൾ മാത്രമാണ്: ഇതുതന്നെയും,ദിവാൻജിയുടെ ഉദ്യോഗത്തെ സംബന്ധിച്ചല്ല,സ്വകാര്യനടത്തയെ സംബന്ധിച്ചാണെന്നു ഡാക്ടർ നായർ പറയുന്നു. ദിവാൻജിയെ അപകീത്തിപ്പെടുത്തിയ ആളെ പ്രതിയാക്കി കോടതിയിൽ കേസു ഫയലാക്കുന്ന

തിന് അദ്ദേഹത്തോടാജ്ഞാപിക്കാമെന്നുള്ളതിലധികം, ഗവർമ്മെണ്ടിന് ഈ വിഷയത്തിൽ യാതൊന്നും ചെയ്വാൻ നിശ്ചയമായും നിവൃത്തിയില്ലായിരുന്നു. എന്നാൽ, ഒരു ദിവാൻജിയുടെ സ്വകാര്യനടത്തയെപ്പററി ആക്ഷേപം ചെയ്തതിന്ന് ഒരു പത്രാധിപരെ നാടുകടത്തുകയും, അയാളുടെ പത്രത്തെ നിരുത്തലാക്കുകയും, അയാളുടെ അച്ചുക്കൂടത്തെ സക്കാരിലേക്കു പിടിച്ചെടുക്കുകയും ചെയ്ത എന്ന നടപടി, തിരുവിതാംകൂറിനു രാജ്യകാര്യവിവേകം, അഭിവൃദ്ധി എന്നിവയുണ്ടെന്നുള്ള കീത്തിക്കു തീരെ യോജിപ്പായിരിക്കയില്ല എന്നു സമ്മതിച്ചേ കഴിയൂ.

## അനാവശ്യവും അനുചിതവും

(സാധ്വി, മൈസൂർ)

സ്വദേശാഭിമാനി പത്രാധിപരെ നാടുകടത്തിയതിനെപ്പററി ഒക്ടോബർ 10-ാംനു-യിലെ 'ഹിൻഡു' പത്രത്തിൽ ഡാക്റ്റർ ടി. എം. നായർ ഒരു ലേഖനം എഴുതിയിരിക്കുന്നു. അതേലക്കം പത്രത്തിൽതന്നെ തിരുവനന്തപുരത്തുനിന്ന് ഒരു ലേഖനം എഴുതീട്ടുണ്ട്. തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ പേരിൽ സ്നേഹവും ആദരവും ഉള്ള ആളാണ് ഡാക്ടർ നായർ. തിരുവനന്തപുരം ലേഖകനാകട്ടെ രാജ്യഭക്തിയാൽ പ്രേരിപ്പിക്കപ്പെട്ട ആളാണ്. ഡാക്റ്റർ നായർ സ്വദേശാഭിമാനിയുടെ പഴയ ലക്കങ്ങൾ ഒട്ടേറെ വരുത്തി വായിച്ചുനോക്കിയതിൽ, ആ പത്രപംക്തികളിൽ രാജ

ദ്രോഹകരമായ ഒരു ലേഖനമാകട്ടെ വാചകമാകട്ടെ താൻ കണ്ടിട്ടില്ലാ എന്നു പറയുന്നു. പത്രാധിപർ ദിവാൻജിയെപ്പററി പറഞ്ഞിട്ടുള്ളതു് കൈക്കൂലിയേയോ, അധികാരപ്രമത്തതയേയോ, സാധുദ്രോഹത്തേയോ സംബന്ധിച്ചല്ലായെന്നും, ദിവാൻജിയുടെ സ്ത്രീവിഷയകമായ നടത്തയെ സംബന്ധിച്ചാണെന്നും ഡാക്ടർ നായർ പറയുന്നു. ഈ വിഷയം ഉല്ലേഖമാം, ലേഖനത്തിൽ പ്രയോഗിച്ചിട്ടുള്ള ഭാഷ ഭംഗിയായിട്ടുള്ളതോ അല്ലായെന്നും ഡാക്ടർ നായർ അഭിപ്രായപ്പെടുന്നു. ലേഖനങ്ങളിൽ എല്ലാം മഹാരാജാവു തിരുമനസ്സിനെപ്പററി രാജഭക്തി ധാരാളം കാണുന്നുണ്ടെന്നും, പത്രാധിപരെ നാടുകടത്തിയതും അച്ചുക്കൂടം പിടിച്ചടക്കിയതും അന്യായമാണെന്നും ഡാക്ടർ നായർ പറയുന്നുണ്ടു്. തിരുവനന്തപുരം ലേഖകൻ അഭിപ്രായപ്പെടുന്നതെന്തെന്നാൽ, നാടുകടത്തപ്പെട്ട പത്രാധിപർ മി. രാമകൃഷ്ണപിള്ള ഒരു ഗ്രാഡ്വേററും, സമുദായാചാരപരിഷ്കാരിയും, സമുദായപരിഷ്കരണവിഷയത്തിൽ നിഷ്കാമമായി പ്രവത്തിച്ചുകൊണ്ടിരിക്കുന്നവനും ആകുന്നു എന്നും, സമുദായപരിഷ്കാരപ്രവത്തിയിൽ മി. പിള്ളയ്ക്കു വിദുഷിയും ബി. എ. ഏതാനുംഭാഗം ജയിച്ചആളുമായ ഭാൎയ്യയുടെ സഹായവും ഉണ്ടെന്നും ആണു്. ഈ രണ്ടു ലേഖനങ്ങളിൽനിന്നും ഗ്രഹിക്കേണ്ടതു്, മി. രാമകൃഷ്ണപിള്ളയുടെ കുററം തിരുവിതാംകൂർ ദിവാൻ മി. രാജഗോപാലാചാരിക്കു് ഒരു നീതിന്യായകോടതിയിൽനിന്നു പരിഹാരം ലഭിക്കത്തക്കതായിരുന്നു എന്നാകുന്നു. കൃതയുഗത്തിന്നു ചേൎന്നതായ സദാചാരത

ത്വത്തെ പ്രമാണമാക്കിപ്പോയ ഒരുവന്റെനേക്ക് ഇത്ര നിഷ്ഠൂരമായ നടപടി നടത്തിയല്ലോ എന്നു നിർവ്യാജം വ്യസനിക്കതന്നെവേണം. പത്രാധിപരെ നാടുകടത്തുന്നതിനേപ്പററി ചിന്തിക്കുന്തോറും പത്രങ്ങളുടെനേക്ക് സ്വേച്ഛാധീനമായ അധികാരത്തെ പ്രയോഗിക്കുന്ന നടപടി അനാവശ്യവും അനുചിതവും ഭരണീയക്കും ഭരണകർത്താക്കന്മാക്കും ഒന്നുപോലെ അനത്ഥകരവും ആണെന്ന് ഞങ്ങൾക്കുള്ള ബോധം ദൃഢമായിത്തീരുന്നു.

# ഭാവിയെ ദൂഷ്യപ്പെടുത്തും

(അഡ്വൊക്കെററ്, ലക്ക്നൗ)

ചില സക്കാരുദ്യോഗസ്ഥന്മാരെ അധിക്ഷേപിക്കയും, നിന്ദ്യലേഖനങ്ങൾ പ്രസിദ്ധീകരിക്കയും ചെയ്തിട്ടുള്ളതല്ലാതെ പത്രാധിപർ രാജ്യത്തെ ധ്വംസിക്കുന്ന വിധം യാതൊന്നും ചെയ്തിട്ടില്ലാ എന്നാണു സഹജീവികളിലെ റിപ്പോർട്ടുകളിൽനിന്നു ഞങ്ങൾ ഗ്രഹിക്കുന്നതു്. മി. രാജഗോപാലാചാരിയുടെമേൽ മി. രാമകൃഷ്ണപിള്ള ആരോപിച്ചിട്ടുള്ള ദോഷത്തെ മി. ആചാരി ഒരു കോടതിയിൽ വിചാരണചെയ്യിച്ചു തീർച്ചവരുത്തേണ്ടതായിരുന്നു എന്നു പറഞ്ഞേ തീരൂ. ബ്രിട്ടീഷ് ഇന്ത്യയിൽ ഉള്ളതിൽനിന്നു വ്യത്യാസപ്പെടാത്ത പ്രകാരത്തിൽ ഒരു നിയമനിർമ്മാണസഭയും, നിയമസഞ്ചയവും, നീതിന്യായപരിപാലനവ്യവസ്ഥയും തിരുവിതാംകൂറിൽ ഉണ്ട്. ആ സംസ്ഥാനത്തു് ഇപ്പോൾ

നടപ്പുള്ള നിയമങ്ങളാൽ ഒന്നുകൊണ്ടും ശിക്ഷിക്കാൻ സാധിക്കാത്തതായ ഒരു കുററം ആ പത്രാധിപർ ചെയ്തിട്ടില്ലാ. തിരുവിതാംകൂർ ഗവർമ്മെൻറ് ഈ സംഗതിയിൽ ഒരു ഗൗരവപ്പെട്ട പ്രമാദം വരുത്തി എന്നു ഞങ്ങൾ വിചാരിക്കുന്നു. നാടെങ്ങും സമാധാനമായും ശാന്തമായും ഇരിക്കയും, പ്രജകൾ രാജാവിൻെറനേൎക്കു് ആദരത്തേയും ഭക്തിയേയും അന്യൂനമായി പ്രദർശിപ്പിക്കയും ചെയ്തിരിക്കുന്ന ഒരവസരത്തിൽനാട്ടിലെനിയമത്തെ മുറയ്ക്കു പ്രയോഗിക്കുന്നതിനു പകരം ഈ അസാധാരണമായ ആയുധത്തെ പ്രയോഗിപ്പാൻ ഗവമ്മെൻറു തുനിഞ്ഞതെന്തിനാണെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ലാ... .കുററം വിചാരണചെയ്യാതെ നാടുകടത്തുകയും മുതൽ പിടിച്ചടക്കുകയും ചെയ്യുന്നതിനുള്ള അധികാരം ആപൽക്കരമാകുന്നു;........തിരുവിതാംകൂർ ഗവമ്മെൻറിൻെറ ഭാവിയെ വളരെ ദൂഷ്യപ്പെടുത്തുന്നതായ നാടുകടത്തലേപ്പാടു് എത്രമേൽ അനർത്ഥകരമായിട്ടുള്ളതാണെന്നു ഗ്രഹിപ്പാൻ തിരുവിതാംകൂറിലെ ജനങ്ങൾക്കു ബുദ്ധിശക്തിയില്ലെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. രാജ്യത്തിൽ സമാധാനംനിറഞ്ഞിരിക്കുന്ന ഈ സമയത്തു് തിരുവിതാംകൂർ ഗവമ്മെൻറു പ്രവൎത്തിച്ചതായ ഈ സമ്പ്രദായം തീരെ അസാധുവും, ഒരു പരിഷ്കൃതഗവമ്മെൻറിനു് ഒട്ടും യോഗ്യമല്ലാത്തതും ആകുന്നു.

# ബ്രി. ഗവൎമ്മേൻറുകൂടി ചെയ്യാത്തതു്

(ലീഡർ, അലഹബാദ്)

ഞങ്ങൾ നോക്കിയേടത്തോളം, തിരുമനസ്സിലെ ഗവൎമ്മെൻറു പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന തിരുവെഴുത്തുവിളംബരത്തിൽ, പത്രാധിപരുടെമേൽ അപരാധമായി യാതൊന്നും ആരോപിച്ചുകാണുന്നില്ലാ. എന്തെങ്കിലും കുററമോ കുററങ്ങളോ പത്രാധിപരുടെമേൽ ചുമത്തീട്ടില്ലാ; രാജ്യത്തിൻേറയോ, രാജാവു തിരുമനസ്സിലേയൊ നേൎക്കു് ഗൗരവപ്പെട്ട വല്ല കുററമോ കുററങ്ങളോ പത്രാധിപർ ചെയ്തതായിട്ടാകട്ടേ ചെയ്യാനുദ്യമിച്ചതായിട്ടാകട്ടേ, യാതൊന്നും ലക്ഷ്യം കാണുന്നില്ലാ. തിരുവെഴുത്തു വിളംബരത്തിൽ, രാജദ്രോഹക്കുററമാകട്ടേ അതിനു സമമായ മറെറന്തെങ്കിലും കുററമാകട്ടേ പത്രാധിപരുടെമേൽ ആരോപിച്ചിട്ടേ ഇല്ലാ. പൊതുജനക്ഷേമത്തെക്കരുതി "സദേശാഭിമാനിപത്രത്തെ നിറുത്തലാക്കേണ്ടതു് ആവശ്യമാകുമെന്നു തിരുമനസ്സിലേയ്ക്കു ബോദ്ധ്യം ആയിരിക്കുന്നു" എന്നുമാത്രമേ വിളംബരത്തിൽ പറയുന്നുള്ളു..................രാമകൃഷ്ണപിള്ളയെ ഇത്ര കഠിനമായി ശിക്ഷിച്ചിരിക്കുന്നതു് ഏതു കുററത്തിനാണെന്നുള്ള വിവരമൊഴികെ മറെറാക്കെ വിളംബരത്തിലുണ്ടു്. രാമകൃഷ്ണപിള്ളയെ നാടുകടത്തി, പത്രത്തെ നിറുത്തലാക്കി, പത്രം അച്ചടിച്ചുവന്ന അച്ചുക്കൂടത്തേയും സാമഗ്രികളേയും മററും സൎക്കാരിലേ

ക്കൊത്തുക്കി; ഗവമ്മെൻറിൻേറയും സക്കാരുദ്ദ്യോഗസ്ഥ ന്മാരുടേയും പേരിൽ പിള്ളയ്ക്കു സിവിലായോ ക്രിമിനലായോ യാതൊരു പരിഹാരവും തേടുവാൻ അവകാശമില്ലെന്നും തടസ്ഥം ചെയ്തു. ഇതു് ബ്രിട്ടീഷ് ഗവമ്മെന്റുകൂടേയും ഇന്നോളം ചെയ്യാത്തതായ ഒരു ശിക്ഷ, അഥവാ ശിക്ഷകളുടെ സങ്കലനം ആകുന്നു.......
കുറേക്കാലമായി പത്രാധിപർ, ധിക്കാരപൂൎവ്വം പ്രവൎത്തിച്ചുവരുകയായിരുന്നു എന്നും, ഇതിൻെറ പരിഹാരത്തിനു പ്രസ് ലാ നടപ്പാക്കുകയോ, അഥവാ നാടുകടത്തുകയോ ചെയ്യാനേ തരമുണ്ടായിരുന്നുള്ളു എന്നും ആരോപിക്കപ്പെട്ടുകാണുന്നു. പ്രസ് ലായേക്കാൾ നാടുകടത്തലാണു് അനുഗ്രഹമെന്നു ചിലൎക്കു വിചാരമുള്ളതായി തോന്നുന്നു. അതു് അനുഗ്രഹമാണോ അല്ലയോ എന്നു നിൎണ്ണയിക്കാൻ ഞങ്ങൾ വിചാരിക്കുന്നില്ല; അവയിലൊന്നിനേക്കുറിച്ചും, ഞങ്ങളുടെ ചില സഹജീവികളേപ്പോലെ ഞങ്ങൾ വ്യാമോഹിക്കുന്നില്ലാ. എന്നാൽ ഇങ്ങനെയുള്ള സംഗതികളിൽ, അപരാധം ആരോപിക്കപ്പെട്ടിരിക്കുന്ന ആളെ നാട്ടിലെ നീതിനിയമക്കോടതിമുമ്പാകെ വരുത്തി വിചാരണ ചെയ്യേണ്ടതാണു യുക്തമായിട്ടുള്ളതു് എന്നു ന്യായാന്യായവിവേകികൾ സമ്മതിക്കും. ജനങ്ങളുടെ യോഗക്ഷേമത്തിനുവേണ്ടി ഗവമ്മെൻറു് ഏൎപ്പെടുത്തീട്ടുള്ള നിയമങ്ങളേയും നടപടികളേയും അനുസരിക്കാൻ ഗവമ്മെൻറിനു കടമയുള്ളതായി ഗവമ്മെൻറുതന്നെ വിചാരിക്കുന്നില്ല എങ്കിൽ രാജ്യഭരണം ദൂഷ്യമാവാൻ ഇടയാകുന്നതായി ഗണിക്കപ്പെടണം. ഇങ്ങനെയൊരു ദൂഷ്യം വരാതിരിപ്പാൻ ശ്രദ്ധവെച്ചു പ്രവൎത്തിക്കേണ്ടതു മഹാ

രാജാവുതിരുമനസ്സിലെ ചുമതലപ്പെട്ട മന്ത്രിമാർ മറ ന്നുകൂടാത്തതാകുന്നു. ബ്രിട്ടീഷ് ഇന്ത്യയിലെ സമ്മറി ജൂറിസ്ഡിക്ഷൻ ആക്റ്റ് പ്രകാരംകൂടേയും ചെയ്യാമാ യിരുന്നതിലധികം ക്ഷിപ്രമായ വിധത്തിൽ രാമകൃഷ്ണ പിള്ളയുടെമേൽ ഇങ്ങനെ നടപടി നടത്തിയതു വ്യസ നിക്കത്തക്ക സംഗതിയാണ്. നിയമം ആൾഭേദം നോ ക്കുന്നില്ലാ; നിയമത്തെ എല്ലാവരും അനുസരിക്കണം- എന്ന മൊഴി സ്വതസ്സിദ്ധമായ വചനമാണ്; ഈ മൊഴി ഇതിൻവണ്ണമുള്ള അവസരങ്ങളിൽ ഓർമ്മി ക്കാൻ തക്കതാണ്. പ്രജകൾ ഗവർമ്മേന്റിന്റെ അ ധികാരത്തെ എത്രമേൽ ആദരിക്കണമോ, അത്രമേൽ ഭരണകർമ്മാധികാരികൾ നിയമത്തേയും ആദരിക്കേണ്ട തു് അവരുടെ കടമയാണ്. ഇവയിൽ ഒരുഭാഗം അ യഞ്ഞാൽ മറുഭാഗവും അതിൻവണ്ണം അയഞ്ഞുപോ കുന്നതാണ്. ഗവർമ്മെന്റു പ്രജകളുടെ ഉള്ളിൽ ഭ യത്തെ ഉദിപ്പിക്കുമാറുവേണം ഭരണകർമ്മം നിർവ്വഹി ക്കുവാൻ എന്നുള്ള സങ്കല്പത്തെ ഞങ്ങൾ വിശ്വസിക്കു ന്നില്ലാ. ഈ സമ്പ്രദായം കീഴ് കഴിഞ്ഞകാലങ്ങളിൽ ഒരിക്കലും സഫലമായിട്ടില്ലാ; ഇക്കാലത്തോ വരുംകാല ത്തോ സഫലമാകാൻ കഴികയുമില്ലാ. വാസ്തവത്തിൽ ആ സമ്പ്രദായം, ഒരു പ്രജയ്ക്കു് തന്റെ രാജാവിന്റെ പേരിലുള്ള ഭക്തിയും വിശിഷ്ടധർമ്മമായ ആദരം, പ്രേമം, രഞ്ജന എന്നിവയുടെ നാരായവേരിനെ കണ്ടി ക്കുന്നതിനിടയാകുന്നു. ആ സമ്പ്രദായംനിമിത്തം പ്ര ജകളുടെ മനോഗുണം ശിഥിലമാകുകയും വിഷണ്ണമായ കീഴടക്കശീലത്തെ ഉദിപ്പിക്കയും ചെയ്യും; യഥാർത്ഥമാ

യും പ്രേമപൂൎവ്വമായും ഉള്ള രാജഭക്തിയാൽ ഉണ്ടാവു ന്നതായ മനഃപൂൎവ്വമായ അനുസരണമെന്ന ഗുണത്തി ന് ഇതു വിപരീതവുമാകുന്നു. ഇതു ഗവമ്മേൻറിനാ കട്ടെ, പ്രജകൾക്കാകട്ടെ, ഗുണകരമല്ലാത്തതായ അ ധോഗതിയുടെ ആരംഭമാകുന്നതാനും. തിരുവിതാംകൂർ ഗവമ്മേൻറു ചെയ്തതായ ഈ രാജ്യഭരണക്ഷമാത്ഥ മായ പ്രവൃത്തി തിരുവിതാംകൂറിലെ വത്തമാനപത്ര ങ്ങൾക്കു മുമ്പുണ്ടായിരുന്ന സ്വാതന്ത്ര്യത്തെ ഭഞ്ജിക്കാ തിരിക്കുന്ന ബുദ്ധിപൂൎവ്വമായ നടപടിയാണെന്നു പ്രശം സിക്കുന്നതു് അങ്ങനെ പ്രശംസിക്കുന്നവക്കു് യോഗ്യത യാണെന്നു ഞങ്ങൾ വിചാരിക്കുന്നില്ലാ. അവർ തിരു വിതാംകൂർഗവമ്മേൻറിൻെറമേൽ പ്രശംസിക്കുന്നന്യാ യത്തിന്നും യോജിക്കുന്നില്ലാ സ്വദേശാഭിമാനി പത്രാ ധിപരേക്കൊണ്ടു് ഇപ്പോഴൊ ഇനിമേലൊ തങ്ങൾക്കു കഷ്ടപ്പെടേണ്ടിവരില്ലല്ലൊ എന്നു് അവക്കു് ആശ്വാസ മുണ്ടെന്നതു ഞങ്ങൾ സമ്മതിക്കുന്നു. ഇത്തരം ഒരാശ്വാ സം ക്ഷണകാലത്തേക്കല്ലാതെ ദീർഘകാലത്തേയ്ക്കുണ്ടാ യിരിപ്പാൻ അവകാശമുണ്ടെന്നു് അവക്കു് ഉറപ്പുതരാൻ കഴിയുമൊ? തങ്ങളുടെ തൊഴിലിൽ ഭ്രാതാവായിരുന്ന ഒരാളുടേമേൽ പതിച്ച യമഖഡ്ഗം, ഇന്നനേരത്തെ ന്നില്ലാതെ, അവരിലൊരാളുടേയൊ എല്ലാവരുടേയു മൊമേൽ പതിക്കാവുന്നതാണു്. ഈ വസ്തുതയെ അ വർ മറന്നുകളയരുതു്. ഒരു എക്സിക്യൂട്ടീവ് ഗവമ്മേൻറി ൻെറ അനിശ്ചിതമായ ഇഷ്ടാനിഷ്ടങ്ങളേക്കാൾ ഒരു പ്രസ് ലായുടെ നിശ്ചിതമായ നിയമങ്ങൾ സ്വീകാൎയ്യ മായിട്ടുള്ളതാകുന്നു എന്നു കുറെ മുമ്പു മി. സ്റ്റെഡ് പ റഞ്ഞിട്ടുണ്ടു്......

# സ്വാരാധികാരവും അധികാരപ്രമത്തതയും

(മറാട്ടാ, പൂനാ.)

സ്വദേശാഭിമാനി പത്രാധിപർ മിസ്റ്റർ രാമകൃഷ്ണപിള്ളയെ ഏതാനുംദിവസംമുമ്പു് പെട്ടെന്നു നാടുകടത്തിയ സംഗതിയിൽ ഒരു ക്ഷോഭം ഉണ്ടായിരിക്കുന്നു. ആ പത്രാധിപർ ചെയ്തിട്ടുള്ളതായി ആരോപിക്കപ്പെട്ടിരിക്കുന്ന കുററത്തിൻെറ സ്വഭാവം ഇന്നതെന്നുള്ളതിനെപ്പററി ഊഹങ്ങളെ അടിസ്ഥാനപ്പെടുത്തി പത്രങ്ങളിൽ വാദപ്രതിവാദങ്ങൾ നടക്കുന്നു. ദിവാൻജിയെ കഠിനമായി അപകീർത്തിപ്പെടുത്തി എന്നും, രാജ്യധ്വംസകമായും രാജദ്രോഹകരമായും ഒളിവിൽ അർത്ഥമുള്ള ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി എന്നും ആണ് ഊഹങ്ങൾ. ഈ വാദപ്രതിവാദങ്ങളിൽ ഏതെങ്കിലും പക്ഷം പിടിക്കുന്നതിന്നു് ഞങ്ങൾക്കാഗ്രഹമില്ല. മിസ്റ്റർ പിള്ളയെ നാടുകടത്തയതിനെ സംബന്ധിച്ചു്, ഞങ്ങൾ, നീതിതത്വത്തെ ആധാരമാക്കിക്കൊണ്ടു്, തിരുവിതാംകൂർ ഗവമ്മേൻറിൻെറ നടപടിയെ പ്രബലമായി എതൃത്തുപറയുന്നു. യാതൊരാളെയും അയാളുടെ സമാധാനം ചോദിച്ചറിയാതെ ശിക്ഷിക്കരുതു് എന്നുള്ള നിയമസിദ്ധാന്തത്തെ ഗവമ്മേൻറു നിർവ്യളീകമായി ലംഘിച്ചിരിക്കുന്നു. പത്രാധിപരെ നാടുകടത്തി, പത്രത്തെ മുടക്കി, അച്ചുക്കൂടത്തെ പിടിച്ചടക്കി, ഇതൊക്കെയും, പത്രാധിപരുടെമേൽ ചുമത്തിയിരിക്കുന്ന

കററമെന്തെന്ന് ആ ആളെ അറിയിക്കാതെയും, തൻെറ നിരപരാധിത്വത്തെ സ്ഥാപിക്കയോ ഒരു നിയമകോടതി വിചാരണചെയ്തു് കററം സ്ഥാപിക്കയോ ചെയ്വാൻ ആ ആൾക്ക് അവസരം നൽകാതെയും ചെയ്തിട്ടുള്ളതാണ്! മിസ്റ്റർ പിള്ളയെ മുന്നറിവുകൊടുത്തു് താക്കീതുചെയ്തിട്ടുള്ളതായി, തിരുവിതാംകൂർഗവമ്മേൻറിൻെറ പക്ഷക്കാർകൂടെയും പറയുന്നില്ലാ. ഒരു എക്സിക്യൂട്ടീവ് ഉത്തരവിന്മേൽ മാത്രം ഒരു മാന്യനായ പത്രാധിപരെ നാടുകടത്തുകയും ആ ആളുടെ പത്രത്തെ മുടക്കുകയും, അച്ചുക്കൂടത്തെ സക്കാരിലേയ്ക്കു കൈയടക്കുകയും ചെയ്യുന്നതു് അനീതിതന്നെയാണ്. തിരുവിതാംകൂർസംസ്ഥാനത്തു, തീരെ ഹീനമായ കററങ്ങൾ ചുമത്തപ്പെടുന്ന ഏററവും നിന്ദ്യമായ ക്രിമനൽപുള്ളിയെക്കൂടെയും സമാധാനം ചോദിച്ചറിയാതെ ശിക്ഷിക്കാറില്ലെന്നാണ് ഞങ്ങൾ വിശ്വസിക്കുന്നതു്. ഒരു നിയമകോടതിമുമ്പാകെ തനിക്കു പറവാനുള്ളതു പറവാനും തൻെറഭാഗം സ്ഥാപിപ്പാനും ഉള്ള അവസരം ഒരു പത്രാധിപക്കും അതുപോലെ അനുവദിക്കപ്പെട്ടുകൂടയൊ? മിസ്റ്റർ പിള്ള കുററക്കാരനൊ അല്ലയോ എന്നുള്ളതിനെപ്പററി യാതൊന്നും ഞങ്ങൾ പറയുന്നില്ല. എന്നാൽ യാതൊരാളെയും ശിക്ഷിക്കുന്നതിനുമുമ്പ്, അയാളുടെ സമാധാനമെന്തെന്നു കേൾപ്പിക്കുന്നതിനുള്ള അവകാശം അയാൾക്ക് ഉണ്ടായിരിക്കേണമെന്നു ഞങ്ങൾ പ്രബലമായി വാദിക്കുന്നു മുൻപറഞ്ഞ

മാതിരി നാടുകടത്തൽ ഏററവും അധികാരപ്രമത്തത യെ സൂചിപ്പിക്കുന്നു. തെക്കേഇൻഡ്യയിലെ പരിഷ്കൃത രാജ്യങ്ങളിലൊന്നായ തിരുവിതാംകൂർ സംസ്ഥാന ത്തിൽ, ഇപ്പോൾ കഴിഞ്ഞ നാടുകടത്തൽമാതിരിയിൽ സ്വേച്ഛാധികാരവും അധികാരപ്രമത്തവുമായ ഒരു ന ടപടിയെ പിന്തുടന്നു കാണുന്നതിങ്കൽ ഞങ്ങൾ ആ ശ്ചയ്യപ്പെടുന്നു.

# തിരുവിതാംകൂറിലെ മഹാവീരൻ

(ഉദയഭാനു)

'സ്വദേശാഭിമാനി' പത്രാധിപർ കെ. രാമകൃഷ്ണ പിള്ള ബി. എ, അവർകളെ തിരുവിതാംകൂറിൽനി ന്നു് പുറത്താക്കി അദ്ദേഹത്തിൻെറ അച്ചുക്കൂടത്തേയും മററും സക്കാരിലേയ്ക്കു പിടിച്ചടക്കുവാനായി മഹാരാ ജാവുതിരുമനസ്സിലേയ്ക്കു 'തിരുവുള്ളമുണ്ടാകയും' തിരു വിതാംകൂർ ഗവമ്മേൻറു് കല്പനപ്രകാരമെല്ലാം പ്രവ ൎത്തിക്കയും, ചെയ്തതിനേപ്പററി ഇംഗ്ലീഷ്ഭാഷയിലും നാട്ടുഭാഷകളിലും നടത്തപ്പെടുന്ന മിക്കപത്രങ്ങളും മദി രാശിസംസ്ഥാനത്തിലെ പല മഹാന്മാരും അവരവരു ടെ അഭിപ്രായം എഴുതിക്കഴിഞ്ഞിരിക്കുന്നുവല്ലൊ. സ്വാത്ഥതല്പരന്മാരും സ്വജനദ്രോഹികളും സ്വാത്മാ ഭിമാനംപോലുമില്ലാതെ ലോകാഭിമാനികളെന്നു നടി ക്കുന്നവരുമായ ദുർല്ലഭം ചിലരൊഴിച്ചു്, മററൊരാളും, ഈ വിഷയത്തിൽ, മഹാരാജാവുതിരുമനസ്സുകൊണ്ടു്

ഇങ്ങനെ തിരുവുള്ളം വെച്ചതു് ന്യായാനുസൃതവും നീതീകരിപ്പാൻ ശക്യവുമായ ഒരു പ്രവൃത്തിയാണെന്നു് അഭിപ്രായപ്പെട്ടുകാണാത്തതുകൊണ്ടു്, തത്സംബന്ധമായ വിവാദം അപ്രകൃതമാണെന്നു കരുതുന്നു. എങ്കിലും, 'ധർമ്മോസ്മൽകുലദൈവതം' എന്ന മുദ്രാവാചകത്തെ ആധാരപ്പെടുത്തി, ശ്രീപത്മനാഭസ്വാമിയുടെ അനുമതിയോടുകൂടി ഭരിക്കപ്പെടുന്ന ഒരു രാജ്യത്തിൽ ജനിച്ചുവളന്നു് സ്വതന്ത്രമായി ദിവസംകഴിച്ചുകൂട്ടുന്ന ഒരു പ്രജയെ, അയാളുടെമേൽ യാതൊരു കുററവും ആരോപിക്കാതെ, നാടുകടത്തുന്നതിനു് മഹാരാജാവുതിരുമനസ്സിലേയ്ക്കു് തിരുമനസ്സുണ്ടായതിൽ അത്ഭുതപ്പെടാത്തവരാരുമില്ല. തിരുമനസ്സിലെ പ്രജാവാത്സല്യവും ധർമ്മബുദ്ധിയും മററുഗുണങ്ങളും വിശ്വവിഖ്യാതങ്ങളാണു്. സർവ്വോപരി, തിരുമനസ്സിലെ കരുണാബുദ്ധി സർവ്വത്ര പ്രസിദ്ധമാകുന്നു. 'സിംഹാസനസ്ഥനായ രാജാവിന്നു് അതു (കാരുണ്യം) കിരീടത്തേക്കാൾ ഗുണകരമാണു്' എന്നു് ആംഗലകാളിദാസൻ പറഞ്ഞിട്ടുള്ളതിനെ തിരുമനസ്സുകൊണ്ടു് സ്വകൃത്യങ്ങളാൽ ന്യായമായി ഉദാഹരിച്ചുകാണിക്കയേ ഇതേവരെ ചെയ്തിട്ടുള്ളു.— ഇങ്ങനെയുള്ള ഒരു മഹാനുഭാവൻ രാജ്യതന്ത്രദൃഷ്ട്യാ ഇത്രയും ആക്ഷേപകരവും നീതിവിരുദ്ധവുമായ ഒരു രാജശാസനം എഴുതി തൃക്കൈവിളയാടുമെന്നു് സ്വപ്നേപി വിചാരിക്കത്തക്കതല്ലായിരുന്നു.

"മന്നവൻ ഗുണവാനെന്നാകിലും ദുർമ്മന്ത്രികൾ
വന്നുചേരുമ്പോഴേററം ദൂഷ്യവാനാകും നൃപൻ"

എന്നൊരു സമാധാനംമാത്രമേ തല്ക്കാലം ഇവിടെ പറവാൻ കാണുന്നുള്ളു.

മി. പിള്ളയെ എന്തിനു നാടുകടത്തി എന്ന് ഇതുവരെ ആൎക്കും മനസ്സിലായിട്ടില്ലാ. രാജകീയ വിളംബരത്തിൽ തൽസംബന്ധമായി യാതൊന്നും വിശദീകരിച്ചു കാണിച്ചിട്ടില്ലാത്തതുകൊണ്ടും, ഈ വിഷയത്തിൽ നിയമനിൎമ്മാണസഭയിലൊ മറെറാ യാതൊരു ചോദ്യവും ചോദിക്കാനവകാശമില്ലാത്തതുകൊണ്ടും, ഈ സംഗതി കേവലം അന്ധകാരത്തിൽ ലയിച്ചുപോയി എന്നു വിശ്വസിക്കേണ്ടിയിരിക്കുന്നു. സാധാരണയായി ഒരു രാജ്യത്തിൽനിന്ന് ആ രാജ്യത്തിലെ ഒരു പ്രജയെ വിസ്തരിക്കാതെ നാടുകടത്തുന്നതും, അയാളുടെ വസ്തുക്കളെ സൎക്കാരിലേക്ക് ഒതുക്കുന്നതും രാജദ്രോഹകുററത്തിന്നാണെന്നാണ് അറിയപ്പെടുന്നത്. അങ്ങനെയാണെങ്കിൽ, മി. രാമകൃഷ്ണപിള്ള ഏതൊരു വിധത്തിലാണ് രാജദ്രോഹകുററം ചെയ്തിട്ടുള്ളതെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഡാക്ടർ ടി. എം നായർ പറഞ്ഞതുപോലെ, മി. പിള്ള, മഹാരാജാവു തിരുമനസ്സിലെ ഭരണംദുസ്സാധമാക്കിത്തീൎക്കുവാൻ ഏൎപ്പെടുകയോ, ശ്രമിക്കയോ തിരുമനസ്സിലേക്ക് ഉപദ്രവം വരത്തക്ക പ്രവൃത്തികളോ പ്രസംഗങ്ങളോ ചെയ്കയോ, ചെയ്തിട്ടുള്ളതായി ലോകം അറിഞ്ഞിട്ടില്ല. തിരുമനസ്സിലെ ഭരണത്തെ റഷ്യാചക്രവൎത്തിയുടെ ഭരണത്തോടു സാദൃശ്യപ്പെടുത്തി ഒരു ലേഖനമെങ്കിലും അദ്ദേഹം എഴുതി എന്ന് കേട്ടിട്ടില്ല. ജനങ്ങളെ പ്രക്ഷോഭിപ്പിച്ച് തിരുവിതാംകൂറിലെ രാജ്യതന്ത്രനഭോമണ്ഡലം ഗൎഘാശബ്ദങ്ങളോടുകൂടിയ മേഘപടലങ്ങളെക്കൊണ്ടു മലിനപ്പെടുത്തുവാനോ അടക്കാൻ വയ്യാത്ത ഒരു ‘കോളും പിശറും’ ഉണ്ടാക്കി

രാജ്യത്തിൽ കലാപമുണ്ടാക്കുവാനോ, മി. പിള്ള തുനിഞ്ഞിട്ടില്ല. അദ്ദേഹം എല്ലായ്പ്പോഴും പ്രകൃതിപരിണാമത്തിൽ വിശ്വാസമുള്ള ഒരു ധീരപുരുഷനാണെന്നേ നാട്ടുകാർ അറിഞ്ഞിട്ടുള്ളു. അദ്ദേഹം എന്നും, ധർമ്മബുദ്ധിയോടുകൂടി, ധർമ്മഭ്രഷ്ടന്മാരുടെ നീചപ്രവൃത്തികളോടു മല്ലിടുക മാത്രമേ ചെയ്തിട്ടുള്ളു.

മി. പിള്ളയുടെ ജീവിതശ്വാസം ധർമ്മമാണെന്ന് അദ്ദേഹത്തിന്റെ ഏതൽക്കാലപര്യന്തമുള്ള ജീവിതഗതികൊണ്ടു തന്നെ നിർണ്ണയിക്കാവുന്നതാണ്. ധനപുഷ്ടികൊണ്ടും പഴമകൊണ്ടും ഒട്ടും അപ്രശസ്തമല്ലാത്ത ഒരു നായർ കുടുംബത്തിൽ ജനിച്ച്, ചെറുപ്പത്തിൽത്തന്നെ, സ്വാതന്ത്ര്യത്തിനുവേണ്ടി, സ്വഗൃഹത്തിൽനിന്ന് ലഭിക്കാവുന്ന സർവ്വ സുഖങ്ങളേയും ബലികഴിച്ച്, സ്വപ്രയത്നംകൊണ്ടുമാത്രം ഉൽകൃഷ്ടവിദ്യാഭ്യാസവും പരീക്ഷാവിജയവും ബിരുദവും സമ്പാദിച്ച്, ന്യായമായും മര്യാദയോടുകൂടിയും പത്രപ്രവർത്തനത്തെ തൊഴിലായി അംഗീകരിച്ച് പൊതുജനപ്രീതിക്കുവേണ്ടി തന്നാലാവുന്നവണ്ണം പ്രയത്നിച്ച്, നിസ്സാരങ്ങളായ അഭ്യുദയമാർഗ്ഗങ്ങളിലേക്കു ദൃഷ്ടിവെക്കാതെ "പരോപകാരാർത്ഥം" സർവ്വാത്മനാ പരിശ്രമിക്ക എന്നുള്ള ഒരു കൃത്യം മാത്രമെ തന്റെ ജീവിതയാത്രയിൽ അദ്ദേഹം നിർവ്വഹിച്ചിട്ടുള്ളുവെന്ന് ജനങ്ങൾ വിശ്വസിക്കുന്നു. യഥാർത്ഥം വിപരീതമാണെന്നു ലക്ഷ്യങ്ങളെക്കൊണ്ട് തെളിയുന്നതുവരെ, ഇങ്ങനെ വിശ്വസിക്കയല്ലാതെ ഗത്യന്തരവുമില്ലാ. എന്നാൽ മി. പിള്ള ഒരു കാര്യം ചെയ്തിട്ടുണ്ട്.

തിരുവിതാംകൂറിലെ കൊട്ടാരംസേവകന്മാർ എന്ന് വിളിക്കപ്പെട്ടുന്ന രണ്ടു മൂർത്തികളെ ഇളക്കി ലോകസമക്ഷം പ്രത്യക്ഷപ്പെടുത്തുവാനായി അദ്ദേഹം തന്നെ, ഉത്സാഹിച്ചിട്ടുണ്ട്. ശങ്കരൻതമ്പി, ശരവണ, എന്നാ കൃത്രിമനാമങ്ങളാൽ ലോകമെങ്ങും കേൾവിപ്പെട്ട രണ്ടു കൊട്ടാരംസേവകന്മാർ മി. പിള്ളയുടെ നൂതനസൃഷ്ടികളല്ലെന്നും, അവരുടെ അക്രമങ്ങൾകൊണ്ട് തിരുവിതാംകൂർ നിവാസികൾ അനുഭവിച്ചുവരുന്ന കഷ്ടപ്പാടുകൾ കുറച്ചൊന്നുമല്ലെന്നുമുള്ള വിവരം 'സ്വദേശാഭിമാനി'യുടെ ആവിർഭാവത്തിനു മുമ്പുതന്നെ,തിരുവിതാംകൂറിൽ പരിചയിച്ചിട്ടുള്ള ഏവക്കും, ഇപ്പോഴും എപ്പോഴും, അറിയാവുന്നതായിരുന്നു. ഇവരിൽ ഒന്നാമനായ ശരവണ, പ്രായാധിക്യംകൊണ്ടോ മറേറാ, തൻെറ പരാക്രമങ്ങളെ നിറുത്തിവെച്ച് കുറച്ചുനാളായി അനങ്ങാതിരിക്കുന്നതുകൊണ്ട്, അദ്വിതീയനായിത്തീന്ന ശങ്കരൻതമ്പി അതിരററ അന്യായകമ്മങ്ങൾ ചെയ്യിപ്പിക്കയും ചെയ്യുന്നുണ്ടെന്നും തൻമൂലം തിരുവിതാംകൂർരാജ്യം കൈക്കൂലിദേവതയുടെ വിഹാരരംഗമായി പരിണമിച്ചിട്ടുണ്ടെന്നുമുള്ള വാസ്തവം വാക്കുകളെക്കൊണ്ട് മൂടിവെക്കാൻ കഴിയാത്തവിധം മേലോട്ടു പൊങ്ങിയിരിക്കുന്നു. "ശങ്കരൻതമ്പിയുടെ സേവയുണ്ടെങ്കിൽ തിരുവിതാംകൂറിൽ എന്തും നടക്കും" എന്ന് പരക്കെ ബോദ്ധ്യമായിരിക്കുന്നു. ഇങ്ങനെ അന്യായമായി അക്രമമായി, അനർഹമായി ധനവും സ്ഥാനവുംനേടിയും, നിരപരാധികളായ സാധുജനങ്ങളെ ദ്രോഹിച്ചും, ഒരു മനുഷ്യൻ, സ്വരാജ്യത്ത് മൂപ്പുമൂളിയിരിക്കുന്നതുകണ്ടു്

കണ്ണും കരളും കലങ്ങി അടക്കാൻ വയ്യാത്ത വികാരങ്ങളാൽ ഉദ്ദീപിപ്പിക്കപ്പെട്ട ചിത്തവൃത്തിയോടുകൂടി ധീരനായ മി. പിള്ള അയാളെപ്പററി പരുഷസ്വരത്തിൽ ആക്ഷേപിച്ചിട്ടുണ്ട്. തിരുവിതാംകൂറിൻെറ അരുവിലും മൂലയിലും ഉറപ്പിച്ചുവച്ചിരിക്കുന്ന സേവാവലയുടെ കുടുംകളളികളിൽനിന്നു ചോർന്നുചാടി ആ വലയെ പൊളിക്കുവാൻ അദ്ദേഹം പരിശ്രമിച്ചിട്ടുണ്ട്. ധർമ്മരാജ്യത്തെ മൂടിക്കിടക്കുന്ന മായാപടലത്തെ അതാതവസരങ്ങളിലായി അല്പാല്പമെങ്കിലും നീക്കി യഥാൎത്ഥചരിത്രത്തെ വെളിപ്പെടുത്തുവാൻ അദ്ദേഹം പ്രയത്നിച്ചിട്ടുണ്ട്. ഇതെല്ലാം രാജദ്രോഹമാണെങ്കിൽ, മി. പിള്ള ഒരു രാജദ്രോഹിയാണെന്നു സമ്മതിക്കാൻ വിരോധമില്ലാ. അല്ല, ഇതൊന്നും ഒരിക്കലും രാജദ്രോഹമല്ല, എന്ന് മനസ്സാക്ഷി പറയുന്നു, ധൎമ്മം വിളംബരപ്പെടുത്തുന്നു, നീതി ഉപദേശിക്കുന്നു, സത്യം നിഷേധിക്കുന്നു, സാത്വികബുദ്ധി വിളിച്ചു നിലവിളിക്കുന്നു.

(മലബാറി, 1910 ഒക്ടോബർ 26)

## II

ഈ വിധത്തിൽ തിരുവിതാംകൂറിലെ അധൎമ്മങ്ങളോടു പോരാടുവാൻ, മി. പിള്ളയുടെ സ്തുത്യൎഹമായ ജീവിതകാലത്തിൽ ശ്രദ്ധാർഹമായ ഒരു ഭാഗത്തെ അദ്ദേഹം വിനിയോഗിച്ചിരിക്കുന്നു. കഴിഞ്ഞ നാലഞ്ചു കൊല്ലങ്ങളിലെ പോരാട്ടം ഏററവും ഭയങ്കരവും വാശിയോടുകൂടിയതുമായിരുന്നു. മി. പിള്ളയെ ധൎമ്മപൎവ്വതത്തിൽനിന്നു പിടിച്ചുതളളുവാൻ പലരും പല പൈ

ശാചിക നയങ്ങളും പ്രയോഗിച്ചുനോക്കി. അദ്ദേഹത്തെ ധർമ്മമാർഗ്ഗത്തിൽനിന്ന് വ്യതിചലിപ്പിച്ചു നീചസ്ഥാനത്തിലാക്കി ഉഴലിപ്പിക്കുവാൻ പല പൊട്ടിച്ചുട്ടുകളും കാണിച്ചുനോക്കി. അദ്ദേഹം ആണത്തത്തോടു കൂടി ഉറച്ചുനിന്നതേയുള്ളു. നീതിവിശാരദന്മാർ നിന്ദിച്ചാലും സ്തുതിച്ചാലും, സമ്പത്തുണ്ടായാലും പോയാലും, ഇന്നുതന്നെ മരിച്ചാലും, ധീരന്മാർ ന്യായമാർഗ്ഗത്തിൽനിന്ന് ഒരു പദംപോലും ചലിക്കയില്ല, എന്നുള്ള അഭിജ്ഞവചനത്തിന് മി. രാമകൃഷ്ണപിള്ള ഒരു ജീവന്നിദർശനമായിത്തീർന്നു ഈ ധർമ്മയുദ്ധത്തിൽ,സത്യമായ ചട്ടയും, ധർമ്മബുദ്ധിയെന്ന ശസ്ത്രവും ധരിച്ചു് മുന്നോട്ടുപായുകയാണ് ആ ധീരപുരുഷൻ ചെയ്തതു്. വഴിക്കു പല തടസ്ഥങ്ങളും അദ്ദേഹത്തെ നേരിട്ടുകൊണ്ടിരുന്നു. സേവകസേവകന്മാരാൽ ഉറപ്പിക്കപ്പെട്ട ഒന്നുരണ്ടു വ്യൂഹങ്ങൾ ഇടക്കിടയ്ക്കു് അദ്ദേഹത്തിന്റെ നേക്കു് ഒളിയമ്പെയ്തുകൊണ്ടിരുന്നു. ചില അവസരത്തിൽ ജീവിതത്തിൽപോലും അദ്ദേഹം നിരാശനാകേണ്ടിവന്നു. ചിലപ്പോൾ അതിതാപങ്ങളായ അംഗഭംഗങ്ങൾ അദ്ദേഹത്തിനു നേരിട്ടു. എന്നിട്ടും പിന്മടങ്ങിയില്ല. അത്ഭുതകരമായ ആത്മത്യാഗബുദ്ധി അദ്ദേഹത്തെ മുന്നാക്കം വലിച്ചിഴത്തു. "ഇപ്പോൾ നമുക്കുള്ള ധർമ്മങ്ങളെ നല്ലവണ്ണം ചെയ്താൽ നമുക്കുള്ള യോഗ്യത താനേ വർദ്ധിക്കുന്നു. ഇപ്രകാരം നമ്മുടെ യോഗ്യത താനേ വർദ്ധിപ്പിച്ചാൽ ഇനിയും ഉൽകൃഷ്ടങ്ങളായ കർമ്മങ്ങളെ നമുക്കു ചെയ്യാറാകും." എന്നു് സ്വാമി വിവേകാനന്ദൻ പറഞ്ഞിരിക്കുന്നതു് മിഥ്യയാകാൻ പാടു

ള്ളതല്ലല്ലൊ. ഈ പോരാട്ടത്തിൽ മി. പിള്ളയെ അത്യധികമായി സഹായിച്ചതും പിന്നേയും പിന്നേയും പ്രേരിപ്പിച്ചതും 'സ്വദേശാഭിമാനി' പത്രം തന്നെയാണ്. സുശീലനായ മി. അബ്ദുൾഖാദർ ഈ പത്രത്തെ തുടങ്ങിയതിനുമേൽ ഒരു കൊല്ലം കഴിഞ്ഞു മി. പിള്ള ഈ പത്രത്തിന്റെ ആധിപത്യം കയ്യേററു. ഈ സംഭവം ഉണ്ടായതു് വടശ്ശേരി കോവിൽകേസ്സ് എന്നു പ്രസിദ്ധമായ കൈക്കൂലിക്കേസ്സിന്റെ ശേഷമാണ്. ഈ കേസ്സും അതിനെ സംബന്ധിച്ചുണ്ടായ ഹൈക്കോടതി വിധിയും പ്രസിദ്ധങ്ങളാണല്ലൊ. സദാശിവസാന്നിദ്ധ്യത്താൽ ഏററവും പരിശുദ്ധമായിരുന്ന തിരുവിതാംകൂർ ഹൈക്കോടതി മി. പിള്ളയെ ഉത്സാഹിപ്പിച്ചിരിക്കുന്നുവെന്നു് തോന്നുന്നു. ആ കേസ്സും വിധിയും കഴിഞ്ഞ ശേഷമാണ് അദ്ദേഹം കൊട്ടാരം സേവകന്മാരെപ്പററി കഠിനമായി ആക്ഷേപിക്കാൻ തുടങ്ങിയതു്. അധികം താമസിയാതെ 'സ്വദേശാഭിമാനി'യിൽ മഹാരാജാവു തിരുമനസ്സിലേക്കുള്ള പ്രത്യക്ഷപത്രങ്ങൾ പുറപ്പെട്ടു. ലേഖനകർത്താവിനു മഹാരാജാവു തിരുമനസ്സിനോടുള്ള അവ്യാജഭക്തിയേയും ബഹുമാനത്തേയുമെന്നപോലെ, കൊട്ടാരം സേവകന്മാരോട്, പ്രത്യേകിച്ച് മി. ശങ്കരൻതമ്പിയോടുള്ള വൈമുഖ്യത്തേയും ആ പ്രത്യക്ഷപത്രങ്ങൾകൊണ്ടു വെളിവാക്കിയിരുന്നു. ആ പ്രത്യക്ഷപത്രങ്ങൾ പൊതുജനത്തെ സ്തബ്ധമാക്കി. അസൂയാലുക്കളെ പ്രക്ഷോഭിപ്പിച്ചു. ചുരുക്കിപ്പറയുന്നതായാൽ, ആ ലേഖനപരമ്പര മി. ശങ്കരൻതമ്പിക്കു് ഒരു ഇടിവാളായും, പുറമെയുള്ളവൎക്കു് സ്തനിതധ്വനി

യായും പരിണമിച്ചു. അതിൽപിന്നെ, 'സ്വദേശാഭിമാനി'യുടെ ഓരോ പംക്തികളിലായി, കൊട്ടാരംസേവകന്മാരുടെ അക്രമപ്രവൃത്തികളെ വിസ്തരിക്കയായി. മി. ശങ്കരൻതമ്പിയെ അടിതൊട്ടു മുടിയോളം ശകാരവർഷങ്ങളെക്കൊണ്ടു മൂടി. യാതൊരു ഫലവുമുണ്ടായില്ല. മി. പിള്ള പറഞ്ഞപ്രകാരം മി. ശങ്കരൻതമ്പി ഒരു കുററവും ചെയ്തിട്ടൊ ചെയ്യുന്നതൊ ഇല്ലെങ്കിൽ, അദ്ദേഹത്തിന്ന നേരിട്ടു മി. പിള്ളയുടെ മേൽ കേസ്സുകൊടുത്തു തന്റെ സ്വഭാവം പരിശുദ്ധമാണെന്നു കാണിക്കാമായിരുന്നു. അതു ചെയ്തില്ല. അതല്ല, കൊട്ടാരംസേവകന്മാരെപ്പററി ആ വിധത്തിൽ ആക്ഷേപിക്കുന്നതു് മഹാരാജാവുതിരുമനസ്സിലേക്കു് അഹിതകരമായൊ, തിരുമനസ്സിലെ ഭരണത്തിൽ കളങ്കം അങ്കുരിപ്പിക്കുന്നതാണെന്നു് കരുതത്തക്കതായൊ കാണപ്പെട്ടുവെങ്കിൽ, കഴിഞ്ഞ മൂന്നുനാലു കൊല്ലങ്ങൾക്കിടയിൽ എപ്പോഴെങ്കിലും 'സ്വദേശാഭിമാനി' പത്രത്തെ സൎക്കാരിലേക്കൊതുക്കി മി. പിള്ളയെ ശിക്ഷിപ്പാൻ തിരുമനസ്സിലേക്കു സാധിക്കുമായിരുന്നുവല്ലൊ? അതുമുണ്ടായിട്ടില്ല. അതുകൊണ്ടു്, മി. പിള്ള പറഞ്ഞ സംഗതികളെല്ലാം വാസ്തവാനുരൂപങ്ങളാണെന്നു് തിരുവിതാംകൂറിലും, തിരുവിതാംകൂറിന്ന പുറത്തും, നിവസിക്കുന്ന പൊതുജനങ്ങൾക്കു വിശ്വസിക്കാൻ കഴിഞ്ഞിരിക്കുന്നു. ഈ നിലയിൽ നാടുകടത്തേണ്ടതു് ആരേ എന്നു സംശയിപ്പാനുണ്ടോ? യാതൊരാൾ നിമിത്തം, ഒരു രാജ്യത്തിലെ സ്ത്രീപുരുഷന്മാരും, ബാലന്മാരും, പശുപക്ഷിമൃഗാദികൾ കൂടിയും, സങ്കടങ്ങളും ബു

ധിമുട്ടുകളും അനുഭവിക്കേണ്ടിവരുന്നുവോ, യാതൊരാൾ സ്വസമുദായത്തിനും വിഭിന്നജാതി മതസ്ഥന്മാൎക്കും ഉപദ്രവംനൽകി രാജ്യവാസികളുടെ ജീവരക്തത്തെ പിഴിഞ്ഞെടുത്തു കുടിച്ചു മദിച്ചു് പുളയ്ക്കുന്നുവോ, യാതൊരാൾ നിമിത്തം പ്രശാന്തമാംവണ്ണം ഭരിക്കപ്പെടുന്ന ഒരു രാജ്യത്തിൽ ജാതിവഴക്കുകളും കൂട്ടങ്ങളും ഉത്ഭവിച്ചു് ഉദ്യോഗവിഷയമായ നിസ്സാരവാദത്താൽ പ്രജകൾ തമ്മിൽ മല്ലിടുവാനിടയാകുന്നുവോ, യാതൊരാൾ ധൎമ്മത്തിനും നീതിക്കും നിയമത്തിനും വിപരീതമായി ഉദ്യോഗങ്ങളെ വിലയ്ക്കുവില്ക്കുകയും ഉദ്യോഗസ്ഥന്മാരോടു കൈക്കൂലി വാങ്ങുവാൻ ഉപദേശിക്കുകയും, അബലന്മാരെ ദ്രോഹിക്കയും, തസ്കരന്മാരെ വർദ്ധിപ്പിക്കയും, നിന്ദാർഹങ്ങളായ നീചപ്രവൃത്തികളെ നാട്ടിൽ നിറയ്ക്കുകയും ചെയ്യുന്നുവോ' യാതൊരാൾ നിമിത്തം നിരക്ഷരകുക്ഷികൾ പൂജ്യന്മാരായിത്തീരുകയും, പഠിപ്പുള്ളവർ പരിഹാസ്യന്മാരായി വരുകയും ചെയ്യുന്നുവോ, യാതൊരാളുടെ നാമമാത്രശ്രവണത്തിൽ സ്വാതന്ത്ര്യം, 'സ്വദേശാഭിമാനം' സദാചാരനിഷ്ഠ മുതലായ ഉൽകൃഷ്ടഗുണങ്ങൾ രാജ്യത്തിൽനിന്നു് ഓടിഒളിക്കേണ്ടി വരുന്നുവോ, യാതൊരാളുടെ സമ്പത്തു് സമുദായദ്രോഹത്തിന്റെയും പ്രജാമർദ്ദനത്തിന്റെയും സദാചാരഭംഗത്തിന്റെയും സത്യവൈരുദ്ധ്യത്തിന്റെയും സല്ക്കുലനിന്ദയുടേയും സന്താനമാകുന്നുവൊ, ആ ഭയങ്കരമൂൎത്തിയെയത്രെ നാട്ടിൽനിന്നു ബഹിഷ്കരിക്കേണ്ടതു്? ആയാൾ ആരാണെന്നു തീർച്ചയാക്കേണ്ട ഭാരം പൊതുജനങ്ങളിലും മഹാരാജാവു തിരുമനസ്സിലെ തിരുവുള്ളത്തിലും

തന്നെ ഞാൻ നിക്ഷേപിക്കുന്നു. ആരായാലും ആയയാളാണ് ധർമ്മഭ്രഷ്ടൻ, ആയാളെയാണ് നട്ടുകടത്തേണ്ടതു്. അല്ലാതെ കൈക്കൂലി വാങ്ങുന്ന ഉദ്യോഗസ്ഥന്മാരെപ്പററി ആക്ഷേപിക്കുന്നവനെയല്ല; സ്വസമുദായസ്നേഹിയായ ഒരു ധീരപുരുഷനെയല്ല, നിസ്സംശയം തന്നെ. അഥവാ, രൂട്ടരുടെ ഏജൻറ്, കമ്പി അടിച്ചപോലെ, 'സ്വദേശാഭിമാനി' പത്രത്തിലെ എഴുത്തുകളാലോ മററു ഗൂഢപ്രവൃത്തികളാലോ രാജദ്രോഹകുററം മി. പിള്ളയിൽ സ്ഥാപിതമായിട്ടുണ്ടെന്നിരിക്കട്ടെ— അല്ലെങ്കിൽ, തിരുവിതാംകൂറിലെ പ്രസിദ്ധന്മാരായ പോലീസുഭടന്മാർ ബുദ്ധിശക്തികൊണ്ടു് അന്വേഷിച്ചറിഞ്ഞു മി. രാമകൃഷ്ണപിള്ളയെ മറെറാരു മാനിക്ക്തോലാ തോട്ടത്തിൽ വെച്ചു കണ്ടെത്തി എന്നിരിക്കട്ടെ— എന്നാലും അദ്ദേഹത്തെ വിസ്തരിക്കാതെ നാട്ടുകടത്തേണ്ട ആവശ്യമില്ല. മുറപ്രകാരം അങ്ങനെ ചെയ്യാൻ പാടുള്ളതുമല്ല; മി. പിള്ള കുററക്കാരനോ അല്ലയോ എന്ന് ആലോചിപ്പാനുള്ള അവസരം ഇതല്ലല്ലൊ. അങ്ങനെ ഒരവസരം വരുത്തേണ്ടതിന്നുപകരം, തിരുവിതാംകൂർഗവർമ്മെൻറ് മി. പിള്ളയെ പിടിച്ചു നാട്ടുകടത്തുകയാണു ചെയ്തിരിക്കുന്നതു്. അപ്പോൾ, നാട്ടുകടത്തിയതു് ന്യായമൊ അന്യായമൊ എന്നാണു് ആദ്യം ആലോചിക്കുവാനുള്ളതു്. ഈ വിഷയത്തിൽ വിധിന്യായമെഴുതേണ്ടതു് പൊതുജനപ്രതിനിധികളാണു്. പത്രങ്ങളെ പൊതുജനപ്രതിനിധികളെന്നു കരുതുന്നപക്ഷം, സ്വാൎത്ഥതല്പരന്മാരായ രണ്ടുമൂന്നു പത്രങ്ങളുടെ അധിപന്മാരൊഴിച്ചു്, മററാരും ഈ നാട്ടുകടത്തലി

നെ നീതീകരിപ്പാൻ ശ്രമിക്കപോലും ചെയ്യുകാണ്ടന്നി ല്ല. തിരുവിതാംകൂർ ഗവമ്മേണ്ടിൻെറ ഭാഗം പിടി ച്ചുപറയുന്ന 'ഇൻഡ്യൻ പേട്രിയററ്' പത്രംകൂടി, മി. പിള്ളയെ നാടുകടത്തിയതു് യാതൊരു ഗത്യന്തരവുമി ല്ലായ്കയാലാണെന്നു പറഞ്ഞിട്ടുണ്ടു്. പക്ഷപാതം കൊ ണ്ടോ, മത്സരംകൊണ്ടോ, ജിഹ്വാചാപല്യംകൊണ്ടോ മി. പിള്ളയെ ദൂഷിക്കുന്നവർ ദുർല്ലഭം ചിലരുണ്ടെങ്കി ലും, അദ്ദേഹത്തിനു യാതൊരു ഹാനിയും വരാനില്ല. എല്ലാററിന്നും ഉപരിയായി പൊതുജനാഭിപ്രായം എ ന്നൊന്നുണ്ടു്—അതിലും ഉപരിയായി മനുഷ്യലോക ത്തിൻെറ സർവ്വഗതികളേയും സൂക്ഷിച്ചുവീക്ഷിച്ചുകൊ ണ്ടും അമേയമായ ഒരു ശക്തി മിന്നിത്തിളങ്ങുന്നുണ്ടു്— അതിൻമുമ്പിൽ അസത്യവും ഇന്ദ്രജാലവും നിലനില്ക്ക യില്ല. ചരിത്രം എന്തുപറയും? തിരുവിതാംകൂർ രാജ്യ ത്തിൻെറ ഭാവിചരിത്രത്തിൽ മി. പിള്ളയെ ഒരു മ ഹാവീരനെന്നു വർണ്ണിക്കാതിരിക്കയില്ല—ഭാവികാല ത്തിലെ ബാലന്മാർ 'രാമകൃഷ്ണഗീത'യെ ഗാനംചെയ്തു നൃത്തംവെയ്ക്കയും, ഗൃഹസ്ഥന്മാർ രാമകൃഷ്ണഗാഥയെ വി സ്തരിച്ചു ഗൃഹാഗതന്മാരായ അതിഥികളെ ആനന്ദി പ്പിക്കയും ചെയ്യും. തിരുവിതാംകൂർ രാജ്യത്തിൻെറ നാനാഭാഗങ്ങളിലും പടർന്നുപിടിച്ചു ശാഖോപശാഖക ളായി മുഴുത്തു തഴച്ചു് സന്മാർഗ്ഗചാരികളെ അപഥത്തി ലേക്കാർഷിക്കുന്ന അധർമ്മവിഷവൃക്ഷത്തെ മുരടോടെ പറിച്ചുകളവാൻ ആത്മത്യാഗം ചെയ്ത ഈ മഹാവീര ൻെറ ജീവചരിത്രം, ഒരുകാലത്തു്, വിദ്യാർത്ഥിസമൂഹം ഉരുവിട്ടുപഠിക്കും. ഒരുകാലത്തു് തിരുവിതാംകൂറിലെ

മഹാപുരുഷസമുദായത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനം മി. പിള്ളയ്ക്കു് നൽകപ്പെട്ടും. അദ്ദേഹത്തിൻെറ പ്രശാന്തവും മന്ദസ്മിതാഞ്ചിതവും ഗൗരവദ്യോതകവും സദാചാരമുകുരവുമായ മുഖകമലത്തിൻെറ പ്രതിഛായകൾ, കുടിലുകളുടെ എന്നപോലെ കൊട്ടാരങ്ങളുടെയും, ഭിത്തികളുടെ നഗ്നതയെ നാമാവശേഷമാക്കും. ഭാവിപൗരന്മാർ അഭിമാനത്തോടുകൂടി 'ജയ രാമകൃഷ്ണജയ' എന്നിങ്ങനെ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടു് ഒരു 'രാമകൃഷ്ണോത്സവ'ത്തെ ആഘോഷപൂർവ്വം നടത്തുകയും ചെയ്യും.

(മലബാറി, 1910 നവ. 2)

# സ്വദേശാഭിമാനിയിലെ ചില മുഖപ്രസംഗങ്ങൾ

# തിരുവിതാംകൂറിലെ അഴിമതികൾ

'മാതൃകാരാജ്യം' 'ധർമ്മരാജ്യം' എന്നും മററുമുള്ള വിശേഷണങ്ങൾകൊണ്ട് ഒരുകാലത്തു പ്രഖ്യാതമായിരുന്ന തിരുവിതാംകൂർ സംസ്ഥാനത്തിന് 'അഴിമതിനാട്' എന്നുള്ള പര്യായത്തെ നൽകത്തക്കവിധത്തിൽ, ഈ നാട്ടിലുള്ള രാജസേവകന്മാരും ചില ഉദ്യോഗസ്ഥന്മാരും സ്വൈരംപോലെ പലേ അഴിമതികൾ നടത്തിവരുന്നു എന്ന് നാടെങ്ങും പ്രസിദ്ധമായിത്തീർന്നിട്ടുണ്ടല്ലോ. നാൾക്കുനാൾ വർദ്ധിച്ചുവരുന്ന ഈ കളങ്കത്തെ നിശ്ശേഷം മാർജ്ജനം ചെയ്യുന്നതിന് ജനസമുദായത്തിന്റെ മുറവിളി നിരന്തരം ഇളക്കിക്കൊണ്ടിരുന്നിട്ടും, രാജ്യഭരണകർത്താക്കന്മാർ ഈ വിഷയത്തിൽ അശ്രദ്ധന്മാരായിരിക്കുന്നതല്ലാതെ, ഗവർമ്മേൻറിന്റെ സൽകീർത്തിയെ പരിപാലിക്കുന്നതിന് വേണ്ടനിവൃത്തിമാർഗ്ഗങ്ങൾ അന്വേഷിക്കുന്നതായി കാണപ്പെടുന്നില്ല. രാജസേവകന്മാരുടെ പ്രഭാവത്തിൽ അടിമപ്പെടാതെയും, സ്വന്തമനസ്സിനെ വഞ്ചിക്കാതെയും, രാജ്യനിവാസികളുടെ ഏകകണ്ഠമായ അഭിപ്രായങ്ങളെ അനുകരിച്ചു പ്രവർത്തിക്കുന്നതിന് മനോധൈര്യവുമുള്ള ഒരു മന്ത്രിയെ നാട്ടിലേയ്ക്കു കിട്ടിയാൽ, മേല്പറഞ്ഞ വർദ്ധമാനമായ അഴിമതികളെല്ലാം ഉടനടി; അല്ലെങ്കിലും ക്രമേണ മാഞ്ഞുപോകുമെന്നുള്ള പൊതുജനങ്ങളുടെ വിചാരത്തിന്, ദിവാൻ മി. ഗോപാലാചാര്യരുടെ ഭരണകാലത്തിൽ അവകാശമില്ലെന്നാണ് ഇതേ

വരെ കഴിഞ്ഞ കഥകൾകൊണ്ടു് ഊഹിക്കേണ്ടിവരുന്നതു്.

തിരുവിതാംകൂറിലെ അഴിമതികളിൽ മുഖ്യമായി നില്ക്കുന്നതു് കൈക്കൂലിയാണെന്നു് തെരുവുകളിൽ തെണ്ടിനടക്കുന്ന "പിച്ച"ക്കാൎക്കുകൂടെയും നല്ല ബോദ്ധ്യമായിട്ടുണ്ടു്. ഉയൎന്ന സൎക്കാരുദ്യോഗം തുടങ്ങി പിച്ചതെണ്ടലിനുകൂടെയും, മഹാരാജാവുതിരുമനസ്സിലെ കൊട്ടാരത്തിൻെറ കീൎത്തിചന്ദ്രികയെ ഗ്രസിച്ചുകളയുന്ന സേവകരാഹുകേതുക്കളുടെ അനുവാദം സമ്പാദിക്കയും, അതിലേയ്ക്കു് അവൎക്കു കൈക്കൂലി കൊടുക്കയും ചെയ്യേണ്ടതാണെന്നു് ബഹുജനങ്ങൾ ഗ്രഹിച്ചുവച്ചിരിക്കുന്നു. മഹാരാജാവുതിരുമനസ്സിലെ ഇരുപതിലധികം സംവത്സരക്കാലത്തെ രാജ്യഭരണത്തിൻെറ കീൎത്തിയെ മലിനപ്പെടുത്തുമാറു് ഈ സേവകന്മാർ ചെയ്തിട്ടുള്ള അക്രമങ്ങളെയും അഴിമതികളെയും ഇതുമേൽ സ്വച്ഛന്ദവിഹാരത്തിന്നു് അനുവദിച്ചുപോന്ന ഗവൎമ്മേൻറിൻെറ നടപടിയെ ചിന്തിക്കുമ്പോൾ, തിരുവിതാംകൂറിൻെറ പേരിൽ, മേൽകോയ്മയായ ബ്രിട്ടീഷ് ഗവൎമ്മേൻറിന്നു് കരുണയില്ലേ എന്നുകൂടി ജനങ്ങൾ ശങ്കിച്ചുപോകുന്നു. ഇടയ്ക്കിടയ്ക്കു് മി. വി. പി. മാധവരായരെപ്പോലെ ധീരന്മാരായ ഏതാനുംചിലരെ മന്ത്രിപദത്തിൽ നിയമിച്ചിരുന്നതിനാൽ, അക്കാലങ്ങളിൽ അഴിമതി മങ്ങിയിരുന്നു എന്നുവരുകിലും, മി. ഗോപാലാചാൎയ്യരെപ്പോലെയുള്ള ചില "അരമനദാസ"ന്മാരുടെ ഭരണത്തിൽ, ഈ ദോഷം ഉജ്ജ്വലിച്ചുകണ്ടിരിക്കുന്നു. തിരുവിതാംകൂർ രാജ്യഭരണകാൎയ്യങ്ങളിൽ, രാജസേവകന്മാർ എങ്ങ

നെയൊക്കെ തലയിടുന്നുണ്ടെന്നും, ഏതുപ്രകാരങ്ങളിൽ നീതിയെ നശിപ്പിക്കുന്നുവെന്നും, ജനങ്ങളുടെ പണം ഏതുമാർഗ്ഗത്തിൽ ഈ സേവകന്മാരുടെ കൈകളിൽ എത്തുന്നു എന്നും മറവുമുള്ള സംഗതികൾ, പ്രസിദ്ധപ്പെട്ട വടശ്ശേരികോവിൽക്കേസ്സുമുഖേന വെളിപ്പെട്ടിട്ടുണ്ട്. ഇക്കേസ്സിലെ റിക്കാർട്ടുകൾ, തിരുവിതാംകൂറിലെ ഇപ്പോഴത്തെ രാജസേവകന്മാരുടെ അഴിമതികൾക്ക് ഒരു ശാശ്വതമായ സ്മാരകസ്തംഭമായി നില്ക്കുന്നുണ്ട്. വടശ്ശേരികോവിൽക്കേസ്സിൽ പ്രധാനനടനായി അരങ്ങത്തിറങ്ങാതെ കളിച്ചിരിക്കുന്ന "സേവകൻ ശങ്കരൻതമ്പി" അവർകളുടെ ആതതായിത്വത്തെ തെളിയിക്കുന്നതിന് ഒന്നാംതരം ലക്ഷ്യമായ പൂഞ്ഞാററിടവകക്കേസ്സിൻെറ, പ്രദർശിപ്പിക്കപ്പെടാത്ത പലേ രംഗങ്ങളും, ജനങ്ങൾക്ക് ദിദൃക്ഷുത്വത്തെ വദ്ധിപ്പിക്കുമെന്നുതന്നെ ഞങ്ങൾ വിചാരിക്കുന്നു. പൂഞ്ഞാററിടവകയും തിരുവിതാംകൂർ സക്കാരുംതമ്മിൽ അഞ്ചുനാടുസംബന്ധിച്ച് കുറെക്കാലംമുമ്പ് നടന്ന വഴക്ക് ഏതുവിധം കലാശിച്ചു എന്നുള്ളതിനെപ്പററി ഞങ്ങൾ മുൻലക്കം പത്രങ്ങളിൽ പ്രസ്താവിച്ച സംഗതികളിൽ, ഇക്കാര്യത്തിൽ ശങ്കരൻതമ്പി പൂഞ്ഞാററുരാജാവവർകളോടു കൈക്കൂലി ആവശ്യപ്പെട്ടിരുന്നു എന്നും, പൂഞ്ഞാററുരാജകുടുംബത്തിന് പലേ നഷ്ടങ്ങളും വന്നിട്ടുണ്ടെന്നും സൂചിപ്പിച്ചിരുന്നുവല്ലോ. കഴിഞ്ഞ മകരം 10-ാംനു- (ജനുവരി 23-ാംനു-)ലെ സ്വദേശാഭിമാനിയിൽ "തിരുവിതാംകൂറിലെ കൈക്കൂലിക്കാര്യം" എന്ന വിഷയ

ത്തെപ്പററി പ്രസിദ്ധീകരിച്ച മുഖപ്രസംഗത്തിൻെറ ഒരുഘട്ടത്തിൽ ഞങ്ങഠം ഇങ്ങനെ പറഞ്ഞിട്ടുണ്ട്:— "ഞങ്ങളുടെ ദൃഷ്ടിക്ക് വിഷയീഭവിച്ചിരിക്കുന്ന ചില റിക്കാർട്ടുകഠം, ഈ സംഗതിയിൽ നീതിവൈകല്യത്തെ ആശങ്കിപ്പിക്കുന്നു എന്ന് ഞങ്ങഠം പറഞ്ഞിട്ടുള്ളതിൽ വായനക്കാൎക്കു സന്ദേഹം ഉണ്ടെങ്കിൽ, താഴെ പകൎത്തുന്ന ഒരു കത്തിലെ ഏതാനും ഘട്ടങ്ങഠം ഞങ്ങളുടെ ആശങ്കയെ പ്രബലപ്പെടുത്തുന്നു എന്ന് പറഞ്ഞുകൊള്ളട്ടെ:—

തിരുവനന്തപുരം
1077-മീനം 26-ാംനു-

"അടിയൻ ഈ മാസം 4-ാംനു- ഇവിടെ എത്തി. 1-ാംനു-ലെ തിരുവെഴുത്ത് ഇന്നലെ ഇവിടെ കിട്ടുകയും ചെയ്തു. ശങ്കരപ്പിള്ളയെ അതുത്തിത്തൎക്കം തീരുമാനിക്കുന്നതിനു നിയമിച്ചിട്ടുള്ളതു ദോഷകരമെന്നുതന്നെയാണ് അടിയൻെറയും അഭിപ്രായം. അതിനെ തല്ക്കാലം ഭേദപ്പെടുത്തുന്നതിനു ഒരു മാൎഗ്ഗവും കാണുന്നില്ലാ.... ആ ആളിനെ ഭേദപ്പെടുത്തുന്ന കാൎയ്യം വളരെ സംശയത്തിലായിരിക്കുന്നു. അടിയനും പ്രത്യേകം ശ്രമിച്ചു നോക്കാം..... കാൎയ്യക്കാരദ്ദേഹത്തിനു തടിയോ വിലയോ കൊടുപ്പാൻ ഇനിയും താമസിക്കുന്നതു് പോരാത്തതാണെന്നു തോന്നുന്നു. വേറെ ഇനത്തിൽ വകവച്ചു എടുത്തുകൊള്ളണമെന്നും മററും പറയാവുന്ന സ്ഥലമല്ലാ. 150 കണ്ടിയിൽ കുറഞ്ഞുവേണ്ടാ എന്നാണു് നിർബന്ധം. 100 കണ്ടിയുടെ വിലയെങ്കിലും മുൻകൂട്ടി അയച്ചുകൊടുത്താൽ സമാധാനമുണ്ടാകും.........."

ഈ ഏഴുത്തിനോടുകൂടി താഴെച്ചേർക്കുന്നവയെ യോജിപ്പിച്ചു വായിച്ചുനോക്കിയാൽ, പൂഞ്ഞാററിൽ രാജകുടുംബത്തിന്ന് ശങ്കരൻതമ്പി (കാര്യക്കാർ) നിമിത്തം എന്തൊക്കെ സംഭവിച്ചിരിക്കുമെന്നു വായനക്കാർക്ക് അവ്യക്തമായിട്ടെങ്കിലും ഒരു ഊഹം ഉണ്ടാകും:—

തിരുവനന്തപുരം

1077 കന്നി 13-ാംനു

ശ്രീ

പൂഞ്ഞാററു വലിയതമ്പുരാൻ തിരുമനസ്സറിയിക്കുന്നതിന്ന്.

അടിയൻ ഈയിടെ ചവറയിൽ ഒരു വീടു പുത്തനായിട്ടു പണിയിച്ചിട്ടുള്ളതും അതിൽ വളരെ ബുദ്ധിമുട്ടുകളും നഷ്ടങ്ങളും അനുഭവിച്ചിട്ടുള്ള വിവരവും കല്പിച്ചു് അറിഞ്ഞിരിപ്പാനിടയുണ്ടു്. അടിയങ്ങളുടെ പൂർവ്വ തറവാട്ട് വളരെക്കാലത്തെയ്ക്കുമുമ്പുള്ളതും ഇപ്പോഴത്തെ പരിഷ്കാരത്തിൽ അശേഷം ഉൾപ്പെട്ടിട്ടില്ലാത്തതും ആണു്. അടിയങ്ങൾ രണ്ടുമൂന്നുശാഖക്കാർ ഇപ്പോൾ ഉണ്ടു്. അതിൽ അടിയൻെറശാഖ ഒഴികെ ശേഷം ഉള്ളവർക്കു പഴയകുപ്പപ്പാട്ടിൽ താമസിക്കുന്നതിന് സ്ഥലം മതിയാവുന്നതല്ലെന്നുതന്നെയുമല്ലാ പുത്തനാക്കാഴികകൊണ്ടുള്ള പരിഭവവും അവർക്കിരിക്കുന്നു... പഴയ കുപ്പപ്പാടിനെ ഒന്നുഴിച്ചുപണിയിച്ചാൽ കൊള്ളാമെന്നു മോഹം ഉണ്ടു്. അതിലേയ്ക്കു് കല്പിച്ചു മുന്തുരുകണ്ടിത്തടി തരുവിക്കുന്നപക്ഷം മേല്പറഞ്ഞ ഏപ്പാ

ടിലേയ്ക്കു അടിയൻ തുനിയുന്നതാകുന്നു, ഈ വിവരങ്ങൾ ഒക്കെയും പത്മനാഭപിള്ളയുടെ അടുക്കലും പറഞ്ഞിട്ടുണ്ട്........."

കോട്ടയം
19-6-77

..........തമ്പി അങ്ങത്തേക്ക തടി ഇപ്പോൾ തന്നെ കൊടുക്കണമെന്നും 150 കണ്ടിയിൽ കുറഞ്ഞു ആവശ്യമില്ലെന്നും നിർബന്ധമായിട്ടു പറഞ്ഞിരിക്കുന്നു. അതിലേയ്ക്കായി അദ്ദേഹത്തിൻെറ മരുമകൻ കൊട്ടാരം രായസം ശങ്കുണ്ണിപ്പിള്ളയെ ഈ മാസം 25-ാംനു-ഇടയ്ക്കു പൂഞ്ഞാററിൽ അയയ്ക്കുമെന്നാണു പറഞ്ഞിട്ടുള്ളതു്........."

ഈ കത്തുകൾക്കുപുറമെ, "ചവറയിൽ ഞാറയ്ക്കാട്ടു വീട്ടുപണിവകയ്ക്കു നൂറുകണ്ടി ആഞ്ഞിലിത്തടി വാങ്ങി......കൊടുക്കുന്നതിലേയ്ക്കു......കോയിക്കായ്ക്കും മുതൽപടി......വശം മദ്രാസ് 87851-മുതൽ 87870-വരെ കറൻസിനോട്ട് ഇരുപതിൽ വകവച്ചു" രണ്ടായിരം രൂപാ, 1078-ാമാണ്ടു തുലാമാസം 17-ാംതീയതി പൂഞ്ഞാററിൽ കമ്മീഷണരാഫീസിൽ ഗുമസ്താ കുഞ്ഞികൃഷ്ണപിള്ള പററീട്ടുണ്ടോ എന്നു് അന്വേഷിച്ചറിയേണ്ടതാകുന്നു. പൂഞ്ഞാററിടവകയും തിരുവിതാംകൂർ സർക്കാരുംതമ്മിൽ ഉണ്ടായ മുൻപറഞ്ഞ കേസ്സിലെ സംഗതികൾ, ശങ്കരൻതമ്പിയുടെ ഇടച്ചൽനിമിത്തം മാറീട്ടുണ്ടെന്നും, പൂഞ്ഞാററിൽ തമ്പുരാക്കന്മാർ ശങ്കരൻതമ്പിക്കു് തൃപ്തിവരുവോളം കൈക്കൂലി കൊടുക്കായ്കയാൽ ഇടവകയ്ക്കു് പലദോഷങ്ങളും നേരിട്ടിട്ടു

ണ്ടെന്നും ഞങ്ങൾ ധൈര്യപൂർവ്വം പ്രസ്താവിക്കുന്നു. ഈ കൈക്കൂലിക്കാര്യത്തെപ്പററി തിരുവിതാംകൂർ ഗവമ്മേണ്ടോ, ബ്രിട്ടീഷ് റെസിഡണ്ടോ, മദ്രാസ് ഗവമ്മേൻറാ അന്വേഷണം ചെയ്യുന്നുണ്ടെങ്കിൽ, അതിലേയ്ക്കുവേണ്ട തെളിവുകൾ, മേല്പടി പൂഞ്ഞാർ രാജകുടുംബത്തിലെ അശ്വതിതിരുനാൾ രാമവർമ്മ ഇളയരാജാ അവർകളെയും, കമ്മീഷണരായിരുന്ന മി. സി. പത്മനാഭപിള്ളയെയും സാക്ഷികളായി വിചാരണചെയ്താൽ ലഭിക്കുമെന്നും, ഇതിലേയ്ക്കു് വേണ്ടലക്ഷ്യങ്ങൾ ശേഖരിപ്പാൻ താൻ തയാറാണെന്നും ഒരു മാന്യൻ പ്രതിജ്ഞചെയ്തു് ഞങ്ങളെ അറിയിക്കുന്നുണ്ടു്.

തിരുവിതാംകൂറിലെ ജനങ്ങളെ ഇത്രത്തോളം ഭയങ്കരമായ നിലയിൽ വലയിക്കുന്ന അഴിമതികളിൽ മുന്നിട്ടുനില്ക്കുന്ന കൈക്കൂലിക്കാര്യത്തെ പല പത്രങ്ങൾ മുഖേനയും ഗവമ്മേൻറിൻെറ ദൃഷ്ടിപഥത്തിൽ പതിപ്പിച്ചിട്ടും, ഗവമ്മേൻറു് മൗനംഭജിക്കുന്നതു് എത്ര ഘോരമായ അപനയമാകുന്നു! ഡാക്ടർ എൻ. സുബ്രഹ്മണ്യയ്യർ അവർകൾ ദിവാൻപേഷ്കാർ ഉദ്യോഗം സമ്പാദിച്ചതു് പന്തീരായിരംരൂപ കൈക്കൂലി കൊടുത്തിട്ടാണെന്നു "സുഭാഷിണി" പത്രം കുറേമുമ്പു് വിളിച്ചുപറഞ്ഞതിൻെറ യഥാർത്ഥതയെ തെളിയിക്കുന്നതിന് ഗവമ്മേൻറു് ആവശ്യപ്പെടാത്തതുതന്നെ, മി. ഗോപാലാചാര്യരുടെ മന്ത്രിപദപരിപാലനത്തെപ്പററി കഠിനമായ ആക്ഷേപത്തിനു ഹേതുവായിട്ടുണ്ടു്. "പത്രം" "പരാതിഹർജി" "പൊതുജനയോഗം" എന്നീ മൂന്നു 'പ'കാരങ്ങളാണു് ജനങ്ങളുടെ സങ്കടങ്ങളേയും ആ

വശ്യങ്ങളെയും ഗവമ്മേൻറിനെ അറിയിക്കുന്നതിനു ള്ള പരിഷ്കൃതമാർഗ്ഗങ്ങൾ. ഇവയാണ് പരിഷ്കൃതമായ രാജ്യഭരണഘടനയുള്ള ഏതൊരുരാജ്യത്തും നടപ്പിൽ വന്നിരിക്കുന്നവ. ഇവയിൽ, ആദ്യത്തെ രണ്ടുമാർഗ്ഗങ്ങളേയും, തിരുവിതാംകൂറിലെ അഴിമതികളെ അമൎത്തു ന്നതിനായുള്ള പ്രയത്നങ്ങളിൽ, ജനങ്ങൾ സ്വീകരിച്ചു പ്രയോഗിച്ചുകഴിഞ്ഞിരിക്കുന്നു. കൈക്കൂലിക്കുററം ചു മത്തി ചില ഉദ്യോഗസ്ഥന്മാരെക്കുറിച്ച് പത്രങ്ങൾ ധാരാളം പ്രസ്താവിച്ചിട്ടുള്ളതിനുപുറമെ, ജനങ്ങൾ പ രാതിഹർജികൾ ബോധിപ്പിക്കയും ചെയ്തിട്ടുണ്ട്. ഇവ കൊണ്ടൊന്നും ഗവമ്മേൻറ് കുലുങ്ങീട്ടില്ലെന്നു തോന്നു ന്നു; അഴിമതിക്കാർ, അതുനിമിത്തം, അനീതി പ്രവ ൎത്തിക്കുന്നതിന് അധികം മനസ്സുറപ്പുള്ളവരായും ഭവി ച്ചിരിക്കുന്നു. മൂന്നാമത്തെ മാർഗ്ഗമായ "പൊതുജന യോഗങ്ങൾ" കൂടി ഇക്കാൎയ്യത്തിൽ ഓരോ നിശ്ചയം ചെ യ്തു ഗവമ്മേൻറിനെ അറിയിക്കണമെന്നും, അതിലേ യ്ക്കു് താല്പൎയ്യമുള്ളേടത്തോറും ജനങ്ങൾ ഉത്സാഹിക്കണമെന്നും, കഴിഞ്ഞ മാർച്ച് 9-ാംനു-യിലെ "മലയാളി" ഒരു പ്ര സംഗംമുഖേന അഭിപ്രായം പുറപ്പെടുവിച്ചിരിക്കുന്നു. ഈ സഹജീവിയുടെ അഭിപ്രായത്തിൽ ഞങ്ങൾ പൂർണ്ണ മായി യോജിക്കയും; തിരുവിതാംകൂറിൽ വളൎന്നുപടൎന്നു വരുന്ന അഴിമതിക്കാടിനെ വെട്ടിത്തെളിച്ച്, രാഹുകേ തു മുതലായ ഘോരസൎപ്പങ്ങളുടെയും, അഴിമതിക്കഴുക ന്മാരുടെയും, ഹിംസ്രമൃഗങ്ങളുടെയും ശല്യത്തെ നശി പ്പിച്ച് നാട്ടാൎക്ക് നല്ല വെളിച്ചവും നല്ല കാററും കിട്ടു ത്തക്കവണ്ണം പരിഷ്കരിക്കുന്നതിന് ജനങ്ങൾ മടിവിട്ടു് ഉത്സാഹിക്കണമെന്ന് പൊതുജനങ്ങളെ ഞങ്ങൾ ഉണ ൎത്തുകയും ചെയ്തുകൊള്ളുന്നു. (1907 മാർച്ച് 20)

# സ്വരാജ്യഭക്തി

വാസ്തവമായ രാജഭക്തിയെക്കുറിച്ചോ രാജ്യഭക്തിയെക്കുറിച്ചോ പ്രസ്താവിക്കുമ്പോൾ ചില പഴകാത്ത കാളകളുടെ മുമ്പിൽ ചുവന്ന കൊടിക്കൂറ കാണിക്കുന്നതുപോലെയുള്ള ക്ഷോഭങ്ങൾ ഉണ്ടാകുന്നതായി കാണുന്നു. രാജഭക്തി, രാജ്യഭക്തിയിൽ ഉൾപ്പെട്ടതെന്നും രാജഭക്തികൂടാതെ രാജ്യഭക്തിയുണ്ടാകുന്നതല്ലെന്നും ഞങ്ങൾ മുമ്പെ പ്രസ്താവിച്ചുവല്ലോ. ഒരു രാജ്യത്തിൻെറ ഏകയോഗക്ഷേമത്തിനെ ഉല്പാദിപ്പിക്കുന്നതിന്, ആ രാജ്യത്തിൽ നിവസിക്കുന്ന എല്ലാ ജനങ്ങളും ഐകമത്യപ്പെട്ടു പ്രവൎത്തിക്കേണ്ടതാകുന്നു. എല്ലാ പരിഷ്കൃതരാജ്യങ്ങൾക്കും ഇപ്പോൾ മാതൃകയായി നില്ക്കുന്നതു് ഇംഗ്ലീഷ് സാമ്രാജ്യമാകുന്നു. ആ ശക്തിയോടുകൂടിയ ഒരു സാമ്രാജ്യം ഇതുവരെ ഉണ്ടായിട്ടില്ലെന്നു തന്നെ പറയണം. ആ സാമ്രാജ്യത്തിൻെറ ഭരണാധികാരം, പ്രജകളിൽ സ്ഥിതിചെയ്യുന്നു. ഇംഗ്ലീഷ് മന്ത്രിമാർ, പ്രജകളുടെ പ്രതിനിധികളാകുന്നു. ഭരണകാൎയ്യങ്ങളിൽ പ്രവേശിക്കുമ്പോൾ, ഇംഗ്ലീഷുകാർ പല കക്ഷികളായി പിരിഞ്ഞു മത്സരിക്കുന്നുണ്ടെങ്കിലും, ഇംഗ്ലീഷ് സാമ്രാജ്യത്തിൻെറ ഏകയോഗക്ഷേമത്തിൽ അവർ മത്സരംവിട്ട് ഐകമത്യപ്പെട്ടു പ്രവൎത്തിക്കുന്നവരാണ്. ഇംഗ്ലീഷ് സാമ്രാജ്യം നിലനില്ക്കുന്നതിൻെറ രഹസ്യവും ഇതിൽ അറിയാവുന്നതാണ്. രാജ്യാധികാരത്തെയും, രാജാവിൻെറ വരവുചെലവുകളെത്തന്നെയും നിൎണ്ണയിക്കുന്നതു് ഈ പ്രജാസഭയാകുന്നു. തിരുവിതാംകൂർ അങ്ങനെയുള്ള രാജ്യമല്ലാ. ഇവിടെ പ്രജ

ന്മാർ, നായന്മാർ, ക്രിസ്ത്യാനികൾ, ഈഴവർ, പറയർ എന്നിങ്ങനെ പല ശാഖകളായി പ്രജകൾ പിരിഞ്ഞിരിക്കുന്നു. മററ് രാജ്യഭരണകാൎയ്യങ്ങളിൽ ഗവൎമ്മെൻറ് പക്ഷേ ഈ ജാതിവ്യത്യാസത്തെ ഗണിക്കാറില്ലെങ്കിലും, ഓരോ ജാതിക്കാരും, സമുദായകാൎയ്യങ്ങളെവിട്ടു പ്രവൎത്തിക്കുമ്പോൾ എങ്കിലും, മററു ജാതിക്കാരോടു യോജിക്കുവാൻ തയ്യാറുള്ളവരല്ലാ. ഇവർ പ്രത്യേകം പ്രത്യേകമായി പിരിഞ്ഞു്, സമുദായപരിഷ്കരണത്തെ മാത്രം ഉദ്ദേശിക്കുന്ന ഭാവത്തിൽ ഭരണകാൎയ്യങ്ങളിൽ പ്രബലത സിദ്ധിക്കുവാൻ പരിശ്രമിക്കുന്നു. മന്ത്രിമാർ സാധാരണ ദ്വിജന്മാരാണു്; അവർ ദ്വിജന്മാരോടുചേൎന്നു് അവരെ പ്രോത്സാഹിപ്പിക്കുമ്പോൾ, ഇതരജാതിക്കാർ സ്പൎദ്ധിച്ചു് ക്ഷോഭിക്കയും, നായന്മാരോടുചേൎന്നു് അവരെ അനുകൂലിക്കുമ്പോൾ ഇതരന്മാർ സ്പൎദ്ധിച്ചു വശമാകയും ചെയ്യുന്നതു നമ്മുടെ അനുഭവത്തിൽപെട്ടതും പെടുന്നതും ആയ സംഗതികൾ ആകുന്നു. ഇങ്ങനെയുള്ള എന്തെങ്കിലും പ്രതിപത്തി കൂടാതെയുള്ള ദിവാൻജിമാർ, തിരുവിതാംകൂറിനു ലഭിക്കുന്നില്ലാ എന്നുള്ളതു് തിരുവിതാംകൂറിൻെറ ദുൎഭാഗ്യംതന്നെ. ദിവാൻജിമാർതന്നെ അങ്ങനെയുള്ള പക്ഷപാതത്തിനു വശപ്പെടുമ്പോൾ മററുദ്യോഗസ്ഥന്മാരുടെ നയം എന്തായിരിക്കുമെന്നു ഞങ്ങൾ പറയാതെതന്നെ വായനക്കാർ അറിയുമായിരിക്കും. ഈ നയം, ഇങ്ങനെ ഉദ്യോഗസ്ഥന്മാരുടെ പ്രതിപത്തിവിപ്രതിപത്തികളാൽ പോഷിപ്പിക്കപ്പെടുന്നതായി വരുമ്പോൾ, ന്യായത്തിനും ധൎമ്മത്തിനും വിഗതി അല്ലാതെ മററെന്തു

ണ്ടായിരിക്കും? തിരുവിതാംകൂറിന്റെ യശസ്സിനെ മ
ലിനപ്പെടുത്തുന്ന സംഗതികൾക്ക് ആധാരമായിട്ടു നി
ല്ക്കുന്നതു് ഈ ജാതിമത്സരമാകുന്നു. സക്കാർ ഉദ്യോഗ
ങ്ങളെ ഒരു വർഗ്ഗക്കാൎക്കായി സ്വാധീനപ്പെടുത്തുവാനുള്ള
യത്നങ്ങളിൽ അവർ കൈക്കൂലി വാങ്ങുവാനും, കൈ
ക്കൂലി കൊടുക്കുവാനും, തയ്യാറാകുന്നതിൽ എന്താണു
വിസ്മയം? ഇവരുടെ ജാതിസ്പർദ്ധയാണു തിരുവിതാം
കൂറിൽ രാജസേവകപ്രതാപം നിലനില്ക്കുന്നതിനു പ്ര
ധാന ഹേതുവായി നില്ക്കുന്നതു്. രാജസേവകന്മാരോ
ആ തരത്തെ നോക്കിയുംകൊണ്ടു് തങ്ങൾക്കു കോഴകൊ
ടുക്കുവാൻ തയ്യാറുള്ളവരെ, സഹായിക്കുവാൻവേണ്ടി
എന്തും പ്രവൎത്തിക്കുവാൻ ഒരുങ്ങിയിരിക്കുന്നവരാണു്.
അവർ പറയത്തക്ക വിശ്വാസമോ, ലോകപരിചയ
മോ, സൽസംസർഗ്ഗമോ ഇല്ലാതെ രാജസന്നിധിയിൽ
സദാ സേവിക്കുന്നവരായി പല ഛിദ്രങ്ങളെ നാട്ടിൽ
ഉല്പാദിപ്പിക്കയും, മന്ത്രിമാൎക്കു ക്ലിഷ്ടതകളെ ഉണ്ടാക്കു
കയും ചെയ്തിട്ടു്, മദോന്മത്തരായിരിക്കുന്നു. അവർ അ
വൎക്കു് അനർഹങ്ങളായ മാസപ്പടികളെ ലഭിക്കുന്നതു
കൊണ്ടും തൃപ്തിപ്പെടുന്നില്ല. അവർ രാജമന്ദിരവാ
സവും രാജൈശ്വര്യാനുഭവങ്ങളും, അപഹരിക്കുന്നവ
രായിട്ടും, തൃപ്തിപ്പെടുന്നില്ല. അവരുടെ കുടുംബങ്ങൾ
ക്കും ഈ രാജൈശ്വര്യങ്ങളെ നല്കിവരുന്നതുകൊണ്ടും
തൃപ്തിപ്പെടുന്നില്ല. അവരുടെ ചാർച്ചക്കാൎക്കു രാജ്യ
ദ്രവ്യത്തെ അപഹരിക്കുവാനുള്ള സന്ദർഭങ്ങളെ നല്കുന്ന
ജോലികളെ കൊട്ടാരങ്ങളിലും പുറമേയും, കൊടുക്കുന്ന
തുകൊണ്ടും, ആ സേവകന്മാർ തൃപ്തിപ്പെടുന്നില്ല. ഉ

ദ്യോഗങ്ങളെ വിററ് അങ്ങനെയും, ദ്രവ്യശേഖരം ചെയ്യുന്നതുകൊണ്ടും അവരുടെ ദ്രവ്യദുരമോഹം തൃപ്തിപ്പെടുന്നില്ലാ. രാജസേവകന്മാർക്ക കോഴകൊടുക്കാതെയോ, മററുവിധത്തിൽ ആശ്രയിക്കുന്നതിനു മനസ്സില്ലാതെയോ ഉദ്യോഗകൃത്യത്തെ ശരിയായി നിർവ്വഹിക്കുന്നവരെ പലവിധത്തിൽ മർദ്ദിച്ചിട്ടും, ആ സേവകന്മാരുടെ ദുഷ്പ്രതാപം തൃപ്തിപ്പെടുന്നില്ലാ. ആ രാജസേവകന്മാരുടെ സർവ്വകുസൃതികളേയും വാഴ്ത്തുന്നതിനും, അവയെ അനുസരിക്കുന്നതിനും, അങ്ങനെ ചെയ്യുന്നതാണു രാജഭക്തി എന്നു നിലവിളി കൂട്ടിയുംകൊണ്ടു ചില വർത്തമാനപത്രങ്ങളേയും സ്വാധീനപ്പെടുത്തി. സേവകംകൊടിക്കൂറയെ നാട്ടിൽ പറത്തുന്നതിനും കച്ചകെട്ടി പുറപ്പെട്ടിരിക്കുന്ന ഒരുവക വകതിരിവില്ലാത്തക്കൂട്ടം സ്വാർത്ഥലാഭത്തിനായി അങ്ങനെ ചെയ്യാത്തവരെ ഉച്ചത്തിൽ ഭത്സിക്കുന്നതിനു നിർല്ലജ്ജന്മാരായി പുറപ്പെട്ടിരിക്കുന്നതാണു ഞങ്ങൾക്ക് അനല്പമായ കൌതുകത്തെ നല്കുന്നത്. ആ കൂട്ടം ജനസാമാന്യത്തിന്റെ അനാദരണീയമായ ഭാഗം അല്ലാ. അവർ പാശ്ചാത്യവിദ്യാഭ്യാസം സ്വീകരിച്ചും, ബിരുദുകൾ നേടിയും നാട്ടിൽ പ്രബലന്മാരായിരിക്കുന്നവരാണ്. അവർ അറിവില്ലാത്തവരല്ലാ. സത്യമെന്തെന്നും, ന്യായമെന്തെന്നും, ധമ്മമെന്തെന്നും, രാജഭക്തി എന്തെന്നും അറിയാത്തവരല്ലാ. രാജസേവകന്മാരുടെ നീചകൃത്യങ്ങളെ പുകഴ്ത്തുവാൻ, ആദ്യമായി നാട്ടുകാരെ പഠിപ്പിച്ചതു് ഈ ആളുകൾ ആണ്. അങ്ങനെ ചെയ്തതുകൊണ്ട് അവക്ക് രാജപ്രസാദമോ, സേവകപ്രസാദമോ ലഭിക്കുന്നി

ല്ലെന്നുകണ്ടു് അവരുടെ സ്വാത്ഥപൂത്തിക്കായി സേവകഭാഗത്തോട്ടു ചാഞ്ഞുനില്ക്കയും, ആ ഭാഗത്തെ സഹായിക്കുന്നതിനും, ധൈൎയ്യപ്പെടുത്തുന്നതിനും ഒരുമ്പെട്ടിരിക്കയും ചെയ്യുന്നു എന്നതാണു് ഞങ്ങൾക്കു സഹതാപത്തെ നൽകുന്നതു്. അതും പോകട്ടെ: സേവകന്മാരുടെ കുസൃതികളെ തുറന്നുപറയുന്നതു രാജദ്രോഹമാണെന്നു ഘോഷിക്കുവാൻ ഇവൎക്കു മടിയില്ലാത്തതു് ആശ്ചൎയ്യംതന്നെ. രാജസേവകന്മാരുടെ ചപലതകളെ താങ്ങുന്നതും അവൎക്കു കോഴ നല്കി ഉദ്യോഗം വിലയ്ക്കുവാങ്ങുന്നതും, സേവകഭക്തിയായിരിക്കാം; ഒരിക്കലും രാജഭക്തിയായിരിക്കയില്ലാ. രാജധമ്മത്തെ അനുഷ്ഠിക്കുവാൻ സമ്മതിക്കാത്ത ഈ സേവകന്മാർ, രാജദ്രോഹികൾ ആണെന്നു് ഏവരും സമ്മതിക്കുമല്ലോ. അവരെ സഹായിക്കുന്നവരും, ധൈൎയ്യപ്പെടുത്തുന്നവരും രാജദ്രോഹികൾ അല്ലെന്നു് എങ്ങനെ വരുമെന്നു് അവർതന്നെ പറഞ്ഞുതന്നാൽ കൊള്ളാമായിരുന്നു.

സക്കാർ ഉദ്യോഗങ്ങളെ വിലയ്ക്കു വിൽക്കുന്നതും, വാങ്ങുന്നതും രാജദ്രോഹമല്ലെങ്കിൽ അങ്ങനെയുള്ള പ്രവൃത്തികളെ പരസ്യമായി പറയുന്നതു് എങ്ങനെ രാജദ്രോഹമായി പൎയ്യവസാനിക്കുമെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. സ്വവൎഗ്ഗോന്നതിക്കായി സമാജങ്ങളെ ഏൎപ്പെടുത്തി രാജ്യത്തിന്റെ ഏകയോഗക്ഷേമത്തെ ദൂഷിപ്പിക്കുന്നതു രാജ്യഭക്തിയോ രാജഭക്തിയോ ആയിരിക്കുമോ? പഠിപ്പുള്ളവർ സത്യത്തേയും, ന്യായത്തേയും, ധമ്മത്തേയും കൈവെടിഞ്ഞു രാജസേവകപാദങ്ങളിൽ കാണിക്കയിടുന്നതും, ആ സേവകസേവയെ പ്രമാണ

മാക്കി ഉദ്യോഗധർമ്മത്തെ വ്യഭിചരിപ്പിക്കുന്നതും, രാജ്യദ്രോഹമല്ലെങ്കിൽ മറെറന്താണു്? എന്നാൽ ഇവർ സ്വാർത്ഥങ്ങളെ നേടുന്നവരായിട്ടു് ദുഷ്ക്കീർത്തിയെ സമ്പാദിക്കുന്നതിൽ ഞങ്ങൾക്കു മനസ്താപമില്ലാതില്ലാ. ഇവരെ കണ്ടു പഠിക്കേണ്ട രാജ്യസന്താനങ്ങൾ ദുഷിച്ചുപോകുന്നതിൽ അതിയായ ഖേദം എല്ലാ രാജ്യഭക്തന്മാക്കും ഉണ്ടാകുന്നതാണു്. രാജ്യഭക്തി, സ്വവർഗ്ഗപ്രതിപത്തിയെ പ്രമാണമാക്കി സമാജങ്ങളെ ഏർപ്പെടുത്തി സ്വൈരമായ രാജ്യത്തിന്റെ ഏകയോഗക്ഷേമത്തെ ധ്വംസനംചെയ്യുന്നതല്ലാ. ആ രാജ്യഭക്തി ദുർമ്മോഹികളും, ദുരഹങ്കാരികളുമായ രാജസേവകന്മാരുടെ സർവ്വ ചപലതകളേയും ഗോപനം ചെയ്യുന്നതിലും, വാഴ്ത്തുന്നതിലും അറിയുന്നതു് ഏററവും കഷ്ടതയല്ലയോ?

(1909 ഡിസംബർ 31)

## ഗർഹ്യമായ നടത്ത

ദിവാൻ മി. പി. രാജഗോപാലാചാരി തിരുവിതാംകൂർ സംസ്ഥാനത്തിൽ മന്ത്രിസ്ഥാനം കൈയേററതിന്റെ ശേഷമായി, ഈ നാട്ടിലെ സദാചാരബോധത്തിനു്, മുമ്പു് യാതൊരു ദിവാൻജിയുടെയും കാലത്തു് ഉണ്ടായിട്ടില്ലാത്ത വിധത്തിൽ വൈകല്യം തട്ടീട്ടുണ്ടെന്നു ഞങ്ങൾ ഒന്നിലധികം പ്രാവശ്യം പറഞ്ഞിട്ടുണ്ടു്. ഇങ്ങനെ പറയേണ്ടിവന്ന സന്ദർഭങ്ങളൊക്കെയും, മി. ആചാരിയുടെ നടത്തയെക്കുറിച്ചു് ബഹുജനങ്ങൾക്കു്

രോഷമുണ്ടാകത്തക്കവണ്ണം അദ്ദേഹം സദാചാരത്തിൽ നിന്ന് വ്യതിയാനം ചെയ്തതുനിമിത്തം ജനങ്ങൾ ക്രുദ്ധിച്ചു വശമായ സന്ദർഭങ്ങളായിരുന്നു എന്ന് വായനക്കാർ പലരും അറിഞ്ഞിരിക്കയില്ലാ. ഒരു നാട്ടിലെ മന്ത്രി സാധാരണ സർക്കാരുദ്യോഗസ്ഥന്മാരേക്കാൾ തുലോം ഉയർന്ന മാതൃകാസ്ഥാനത്തോടു കൂടിയവനാണെന്നും, മന്ത്രിമാർ ജനങ്ങൾക്ക് കണ്ടുപഠിക്കേണ്ട ഉത്തമഗുണങ്ങളോടു കൂടിയവരായിരിക്കേണ്ടതാണെന്നും, ഈ ഗുണങ്ങളിൽ മുഖ്യമായതു് മന്ത്രിമാരുടെ നടത്തയാണെന്നും ഗ്ലാഡ്സ്റ്റൻമുതലായ മഹാന്മാരുടെ ജീവിതവൃത്തിയെയും ഇംഗ്ലീഷ് ജനതയുടെ അഭിപ്രായഗതികളെയും ഉദാഹരിച്ചുകൊണ്ട് ഞങ്ങൾ ഇതിനുമുമ്പ് പ്രസംഗിച്ചിട്ടുണ്ട്. അക്കാലങ്ങളിൽ, മി. ആചാരിയുടെ നടത്തയെ സാധൂകരിക്കുന്നതിന് പത്രധർമ്മച്ചെപ്പടിവിദ്യകളാൽ നിപുണന്മാരായ ചില സഹജീവികൾ മുന്നോട്ടു ചാടിവന്ന് മി. ആചാരിയുടെ ന്യൂനതകൾ അദ്ദേഹം ഒരു മനുഷ്യനായതുകൊണ്ടുമാത്രം വന്നിട്ടുള്ള ന്യൂനതകളാണെന്നും മറ്റും വ്യപദേശം ചെയ്തിരുന്നു. ഇത്തരം ഒരു വ്യപദേഷ്ടാവായിരുന്ന കോട്ടയത്തെ "മലയാളമനോരമ"യുടെ ഈ "മനുഷ്യ" നെ മററു മനുഷ്യരുടെ കൂട്ടത്തിൽ നിറുത്താതെ, മന്ത്രിസ്ഥാനത്തു പിടിച്ചിരുത്തിയതു്, സാധാരണ മനുഷ്യരെക്കാൾ ഉയന്നനിലയിൽ നടക്കേണ്ടതിന് ചുമതലപ്പെട്ട ഒരു ജോലിയെ നിർവ്വഹിക്കുവാൻ പരീക്ഷാബിരുദയോഗ്യതകൊണ്ടും മററും മി. ആചാരിക്ക് അർഹതയുണ്ടായിരിക്കുമെന്നു കരുതീട്ടായിരിക്കണമെന്നു, സമ്മതിക്കാതെ കഴികയി

ല്ലാ. എന്നാൽ, "മലയാളമനോരമ"യുടെ ഈ "മനുഷ്യൻ" മനുഷ്യൎക്ക് ഈശ്വരനാൽ ദത്തമായിട്ടുള്ള ആത്മനിയന്ത്രണശക്തിയെയും ആത്മജ്ഞത്വത്തെയും ആത്മാഭിമാനത്തെയും വെടിഞ്ഞു് കേവലം മൃഗങ്ങൾക്കു ഉചിതങ്ങളായ ആവേഗങ്ങൾക്കു് വശപ്പെട്ടു് അസന്മാൎഗ്ഗചേഷ്ടകളെ കാണിക്കുന്നു എന്നുവന്നാൽ, അങ്ങനെയുള്ള ഒരു "മനുഷ്യൻെറ" ന്യൂനതയെ വ്യപദേശിക്കുന്നതിന് "മലയാളമനോരമ"യ്ക്കു് ലജ്ജയില്ലായ്മയുണ്ടായിരിക്കാമെങ്കിലും, സദസദ്വിവേചനശക്തിയുള്ള അന്യന്മാർ അതിനെ സഹിക്കയില്ലെന്നതു് നിസ്സംശയം തന്നെയാണു്. മി. ആചാരി തൻെറ നിലയെയും, തൻെറ വിദ്യാഭ്യാസഗുണത്തെയും, താൻ ഒരു ധൎമ്മരാജ്യത്തിൻെറ വിശ്വസ്ത ഭൃത്യനായിത്തീൎന്നിരിക്കുന്നതിനാൽ ആ രാജ്യത്തിൻെറ പേരിലുണ്ടായിരിക്കേണ്ട ബഹുമാനത്തെയും മറന്നു്, സാധാരണമനുഷ്യരിൽ അധമന്മാർക്കൂടെയും ചെയ്വാൻ അറയ്ക്കുന്ന പ്രവൃത്തികളെ ധാൎഷ്ട്യത്തോടുകൂടി ചെയ്വാൻ ഒരുമ്പെട്ടിരിക്കുന്നതു് "മലയാളമനോരമ"യെപ്പോലെയുള്ള വ്യപദേഷ്ടാക്കന്മാരാൽ ആദരിക്കപ്പെടുമായിരിക്കുമെങ്കിലും, തിരുവിതാംകൂറിലെ പൊതുജനങ്ങളുടെയിടയിൽ സഹിക്കപ്പെടുന്നതല്ലെന്നു ഞങ്ങൾക്കു വിശ്വാസമുണ്ടു്. സൎക്കാരുദ്യോഗസ്ഥന്മാരുടെ ഉദ്യോഗസംബന്ധമായ നടപടികളെ ഞങ്ങൾ പലപ്പോഴും, കുറെയേറെ പരുഷസ്വരത്തിലാണെന്നുവരുകിലും, പറയാറുണ്ടെന്നിരുന്നാലും. അവരിൽ ചിലരുടെ ദുൎന്നടത്തകളെ ഞങ്ങൾ സൂചിപ്പിക്കാറുണ്ടെന്നല്ലാതെ, ഈ ദുൎന്നടത്തകളിൽ, പ്രസ്താവത്തിൽ

മമ്മഭേദകങ്ങളായി തോന്നുന്നവയെ, വെട്ടിത്തുറന്നു പറയുവാൻ ഞങ്ങൾ ഒരുങ്ങീട്ടില്ല. മി. ആചാരിയെ സംബന്ധിച്ചും ഈ അനെതന്നെയാണു് ഞങ്ങൾ ആചരിച്ചിട്ടുള്ളതെങ്കിലും, അദ്ദേഹത്തിൻെറ നടത്ത ഞങ്ങളെ ആ അതിരിൽ നിന്നും കവിഞ്ഞുപോവാൻ പലപ്പോഴും പ്രേരിപ്പിക്കാറുമുണ്ടു്. മി. ആചാരി സഞ്ചരിച്ചുപോകുന്ന സ്ഥലങ്ങളിൽനിന്നു് അദ്ദേഹത്തിൻെറ നടത്തയെക്കുറിച്ചു് വളരെ നിന്ദ്യമായ വത്തമാനങ്ങളാണു് ഉളകികൊണ്ടിരിക്കുന്നതെന്നു് ഈ നാട്ടിലെ പത്രപ്രവത്തകന്മാക്കൊക്കെ അറിവുണ്ടായിരിക്കാനിടയുണ്ടു്. വിശേഷിച്ചും, അദ്ദേഹത്തിൻെറ വ്യവഹാരദ്രഷ്ടാവായ "മലയാളമനോരമ"യുടെ ദേശത്തുള്ളവർ മി. ആചാരിയുടെ ഈ ചപലതയെപ്പററി അത്യുച്ചത്തിൽ അപഹസിച്ചു പല കഥകൾ ഞങ്ങളോടുതന്നെ പറഞ്ഞിട്ടുണ്ടു്. ഈ അപഹസിക്കപ്പെട്ട ചപലത എന്തായിരിക്കും എന്നു് വായനക്കാർ ചിലർ, പക്ഷേ മി. ആചാരിയുടെ വ്യവഹാരദ്രഷ്ടാവുകൂടെയും ചോദിക്കുമായിരിക്കാം. അതു് ഇവിടെ നടപ്പുള്ള കൈക്കൂലി അല്ല; അധികാരപ്രമത്തതയുമല്ല; സാധുദ്രോഹവുമല്ല; ഈ നാട്ടിൽ ചിലർ ഒരു ബഹുമാനവൃത്തിയായി ആചരിക്കുന്ന വേശ്യാലമ്പടതയാകുന്നു. ഞങ്ങളുടെ പ്രസ്താവം മി. ആചാരിയുടെയും അദ്ദേഹത്തിൻെറ സ്തുതിപാഠകന്മാരുടെയും ഹൃദയത്തിൽ അസ്ത്രമെറിഞ്ഞതായി തോന്നിയേക്കാം. ഇത്തരം സത്യപ്രസ്താവങ്ങൾ മമ്മഭേദകങ്ങളാകയാൽ, ഇവയെ തടയുവാൻ മി. ആചാരി ഒരു പ്രെസ്സാക്ടും കൊണ്ടുവന്നേക്കാം തൻെറ ദുന്നടത്ത

കളെയും ദുന്നയങ്ങളെയും കുറിച്ചുള്ള അമഷത്തെ വെളിപ്പെടുത്തുന്ന പത്രങ്ങളെ ഹനിച്ചേക്കാം. ഈ വക പ്രസ്താവങ്ങളെ തജ്ജമചെയ്തുകേൾപ്പിക്കാൻപ്രത്യേകം ഏപ്പാടുചെയ്തിരിക്കാം. തുക്കിയിലെസുൽത്താൻ ഹമീദിനെപ്പോലെ സ്വതന്ത്രാഭിപ്രായപ്രകടനമാഗ്ഗങ്ങളെയൊക്കെ നിരോധിച്ചേക്കാം. പക്ഷേ, അല്ലാ, നിശ്ചയമായും, "സ്വദേശാഭിമാനി"യെയും തൻെറ കോപത്തിനിരയാക്കിയേക്കാം. ഈ ഫലങ്ങളെ ഞങ്ങൾ നിശ്ശേഷം വകവയ്ക്കുന്നില്ലാ. ഇവയെ ഞങ്ങൾ സസന്തോഷം സല്കരിക്കുന്നു. ഈ അപകടങ്ങളൊക്കെ ഞങ്ങൾക്കു വന്നേക്കുമെന്നു ഭയപ്പെട്ടിട്ടോ, മി. ആചാരിയുടെ സേവചെയ്കനിന്നാൽ, കുറെ സ്വകാര്യങ്ങൾ നേടാമെന്നു കരുതീട്ടോ, മി. ആചാരിയുടെ മന്ത്രിസ്ഥാനവ്യഭിചാരത്തെപ്പററി ജനതതിയുടെ രോഷത്തെ പ്രസ്താവിക്കാതെ, മൗനം ഭജിക്കുവാൻ ഞങ്ങൾ വിചാരിക്കുന്നില്ലാ. ഈ ശാരവിരോധിയായ സേറാനോട്ട് അടിമപ്പെട്ട് നില്ക്കുന്നതിനെക്കാൾ, അധമ്മചാരിയായ അവൻെറ അധമ്മങ്ങളെ എതിത്തുനിൽക്കുന്നതിൽ ക്ഷതിയുണ്ടാകുന്നതാണ് ഉത്തമം. ഇത്തരം ഒരു ക്ഷതിയെ ധൈയ്യത്തോടെ അനുഭവിക്കുവാൻ ഞങ്ങൾ തയ്യാറാണ്. പൊതുജനസമുദായത്തിൽ അസന്മാർഗ്ഗബീജങ്ങളെ വ്യാപിപ്പിക്കുന്ന ഒരു മന്ത്രിയുടെ കുചേഷ്ടിതങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്കുള്ള നീരസത്തെ പറവാനല്ലെങ്കിൽ പൊതുജനപ്രതിനിധിസ്ഥാനത്തിൽ ഒരു വത്തമാനപത്രം ജീവിച്ചിട്ട് യാതൊരു കാര്യവുമില്ലാ. മി. ആചാരിയുടെ സന്മാഗ്ഗവ്യഭിചാരപാദങ്ങളെ ലേഖനംചെയ്യു

വാൻതക്കവണ്ണം മഹാനാനീചന്മാരായവർ അങ്ങനെചെയ്തുകൊള്ളട്ടെ. ഞങ്ങൾക്ക് മി. ആചാരിയുടെ നടത്തയെപ്പററി അമർഷമുണ്ടെങ്കിൽ, ആ അമർഷം ബഹുജനങ്ങളുടേതും ന്യായവും മാത്രമാകുന്നു. മി. ആചാരിയുടെ നടത്തയെപ്പററി അനേകം അപവാദങ്ങൾ ഈ നഗരത്തിൽതന്നെ അടിക്കടി ചെവിക്കല്ലിൽ തറയ്ക്കുന്നില്ലയോ? മി. ആചാരിയുടെ വിടവിഭാവരിയിൽ അമർഷം തോന്നിയ ഒരു ഉദ്യോഗസ്ഥൻ, മദ്രാസിലെ പത്രാധിപക്ക് എഴുതിയെഴുതി മി. ആചാരിക്ക് ബോധം വരുത്തേണ്ടിവന്നില്ലയോ? മററു പല അപവാദങ്ങൾ ജനങ്ങൾ കേട്ടിട്ടുള്ളതല്ലയോ? ഇതിനെപ്പററി മി. ആചാരിക്ക് നേരിട്ടുതന്നെ ചിലർ അയച്ചിട്ടുള്ള കത്തുകൾ അദ്ദേഹത്തിനു കിട്ടീട്ടില്ലയോ? വടശ്ശേരി അമ്മവീട്ടിൽ കല്യാണത്തിനു് മി. ആചാരി ദേവദാസിയുടെമുമ്പിൽ ചാപല്യങ്ങൾകാട്ടിയതും ജനങ്ങൾ കണ്ടിരുന്നില്ലയോ? ആ കല്യാണത്തിൽ മേൽവിചാരത്തിനെന്നു പറഞ്ഞു് മാനനീയമായ വിധത്തിൽ ദേഹം മറയ്ക്കാതെ ആ കല്യാണവീട്ടിലെ അന്തഃപുരത്തിൽ കിടന്നുറങ്ങുവാൻ തോന്നിയ മനസ്സിൻെറ നികൃഷ്ടതയും ജനങ്ങൾ ഗ്രഹിച്ചിട്ടില്ലയോ? മി. ആചാരിയെ പ്രസാദിപ്പിക്കാനായി ചില അധമജനങ്ങൾ വേശ്യകളെ സംഭരിക്കുമാറുള്ളതും പ്രസിദ്ധമല്ലയോ? തൻെറ കാമചാരിതയെ അനുകൂലിക്കാൻ മനസ്സില്ലാത്ത പല കീഴ്ജീവനക്കാർക്കും ദോഷം സംഭവിച്ചിട്ടുള്ളതും ജനങ്ങൾ അറിഞ്ഞില്ലയോ? അല്ലെങ്കിൽതന്നെ, മി. ആചാരി കച്ചേരിചെ

യ്യുന്ന ഹജ്ജൂരാഫീസ്മുറിയിൽ നിഷ്കൗപീനനായി ഒരു പാവുമുണ്ടും ബനിയനും ധരിച്ചുകൊണ്ടിരിക്കുമാറുള്ള തുകൊണ്ട് അദ്ദേഹത്തിൻെറ അടുക്കൽ ചെല്ലേണ്ടിവന്ന കീഴുദ്യോഗസ്ഥന്മാരും വക്കീലന്മാരും കക്ഷികളും ലജ്ജിച്ചു മുഖം താഴ്ത്തിപ്പോയിട്ടില്ലയോ? എത്രയോ പരിപാവനമായ ദിവാൻെറ ആസ്ഥാനം തുടങ്ങി സ്വകാര്യനിലവരെ, ആഭാസമായ വിധത്തിൽ ആചരിച്ചുവരുന്ന മി. ആചാരി, ഇക്കഴിഞ്ഞ വെള്ളിയാഴ്ചനാളിൽ കോട്ടയ്ക്കകം പെൺപാഠശാലക്കെട്ടിടത്തിൻെറ മുകൾത്തട്ടിൽ അഭിനയിച്ച പേക്കൂത്തുകൾ എന്തായിരുന്നു? അതിനെപ്പററി ചിന്തിക്കുമ്പോൾതന്നെ ഒരുവൻെറരക്തപരിവാഹം വെട്ടിത്തിളച്ചുമറിയുന്നതാണ്. ജൂബിലിപ്രമാണിച്ചു മഹാരാജാവു തിരുമനസ്സിലെ തിരുമുമ്പിൽ ചെന്നു വന്ദിപ്പാനായി വിദ്യാർത്ഥികൾ ആറേഴായിരംപേർചേന്ന ഒരു സംഘം, തെക്കെത്തെരുവുകൊട്ടാരത്തിൻമുമ്പിൽ ഘോഷയാത്രയായി ചെന്നപ്പോൾ, മി. ആചാരി എവിടെയായിരുന്നു നിന്നിരുന്നതു്? മററുദ്യോഗസ്ഥന്മാർ എവിടെ നിന്നിരുന്നു? ആ മററു ഉദ്യോഗസ്ഥന്മാർ തിരുമനസ്സിനെ ബഹുമാനിച്ചും തങ്ങളുടെ രാജ്യത്തിൻെറ കീർത്തിയെ കരുതിയും തിരുമനസ്സിലെ കൊട്ടാരവാതുക്കൽ തിരുമനസ്സിലെ കല്പനകളെ ശ്രവിപ്പാനായി നിന്നിരുന്നപ്പോൾ, മി. ആചാരിയൊ? മാന്യസ്ത്രീജനങ്ങൾക്കായി പ്രത്യേകം ഒഴിച്ചിട്ടിരുന്നതും, അതനുസരിച്ചു അനേകംഘോഷാസ്ത്രീജനങ്ങൾ തിങ്ങിനിന്നിരുന്നതുമായ പെൺപാഠശാലയുടെ മുകളിൽ, സ്ത്രീജനങ്ങളുടെ മനോവ്യഥയെ

അഗണ്യമാക്കിക്കൊണ്ടു് കടന്നുചെന്നു നിൽക്കയായിരുന്നില്ലയോ? ശ്രീകൃഷ്ണനെപ്പോലെ താനും ഒരു ഗോപാലൻ ആണെന്നു് ഉദാഹരിപ്പാൻവേണ്ടി ഈ സ്ത്രീകളുടെ സംഘത്തിൽ കടന്നുചെന്നു് അവരുടെ മനസ്സിനെ വ്രണപ്പെടുത്തിയതായിരിക്കുമോ? അതല്ലാ, തൻെറ എതിർവശത്തെ മാളികയിൽ നിന്നിരുന്ന കൊട്ടാരത്തിലെ സ്ത്രീജനങ്ങൾക്കു് കീഴെ തെരുവീഥിയിലെ ജനസംഘത്താൽദൃഷ്ടിദോഷമുണ്ടാവാതിരിപ്പാൻവേണ്ടി "വാണിയൻകെട്ടി" നിന്നതായിരിക്കുമോ? എന്തുതന്നെയായാലും മി. ആചാരിയുടെ നടത്ത തീരെ ഗർഹണീയവും സദാചാരബോധത്തിനു് ബീഭത്സവുമായിരുന്നു. ആ പാഠശാലയിൽ നിന്നിരുന്നസ്ത്രീജനങ്ങൾ മി. ആചാരിയുടെ ആളുകളല്ലായിരുന്ന സ്ഥിതിക്കും, മി. ആചാരിക്കു അവിടെപ്പോയി നിൽക്കേണ്ട സക്കാരാവശ്യമോ തല്ക്കാലം ആപത്തിനാലാവശ്യമോ ഇല്ലായിരുന്ന സ്ഥിതിക്കും, തിരുമനസ്സിലെ സമീപത്തുണ്ടായിരിക്കേണ്ട കടമയുണ്ടായിരുന്ന സ്ഥിതിക്കും മി. ആചാരിയുടെ നടത്തയെ ഒരുപ്രകാരത്തിലും സാധൂകരിക്കാൻ വഴികാണുന്നില്ലാ. മഹാരാജാവുതിരുമനസ്സുകൊണ്ടു് അവിടത്തെ മന്ത്രിയുടെ ഈ വിധത്തിലുള്ള ആഭാസപ്രവൃത്തികളെ അറിഞ്ഞിട്ടില്ലായിരിക്കുമോ? സ്ത്രീജനങ്ങളെ ബഹുമാനിക്കേണ്ടതു് എല്ലാ പരിഷ്കൃതരാജ്യങ്ങളിലെയും സന്മാർഗ്ഗമുറകളിലൊന്നാണു്. ആ മുറ തിരുവിതാംകൂറിൽ ആവശ്യമല്ലെന്നു് ഞങ്ങൾ വിചാരിക്കുന്നില്ലാ; ആ മുറയെ ഒരു മന്ത്രിക്കു നിർബാധമായി ഉല്ലംഘിക്കാമെന്നും ഞങ്ങൾ വിചാരിക്കുന്നില്ലാ. ആ മുറയെ അനേകായിരം ജനങ്ങൾ കൂടിയിരിക്കുന്ന ഒരു

സന്ദർഭത്തിൽ മി. ആചാരി കുരങ്ങൻെറ കൈയിൽ കിട്ടിയ പൂമാലയെപ്പോലെ നശിപ്പിക്കാനനുവാദമുണ്ടെന്നും ഞങ്ങൾ വിശ്വസിക്കുന്നില്ലാ. രാജ്യകാൎയ്യസംബന്ധമായി ഞങ്ങൾക്ക് എന്തുതന്നെ അഭിപ്രായമായിരുന്നുകൊള്ളട്ടെ എന്നാലും, ആ സ്ത്രീജനങ്ങൾ സ്ത്രീവൎഗ്ഗത്തിലുള്ളവർ ആകുന്നു. അവർ പബ്ലിക്കിൽ ഇറങ്ങുമ്പോൾ അവൎക്ക് സ്ത്രീവൎഗ്ഗത്തിൻെറനേൎക്ക് മനുഷ്യർ ചെയ്യേണ്ട ആദരങ്ങൾ കടപ്പെട്ടിരിക്കുന്നു. അവർ ഒരു പബ്ലിക്ക് ഉത്സവത്തെ കണ്ടുനില്ക്കുമ്പോൾ, അവരുടെ എതിരെ അവരെ തുറിച്ചുനോക്കിക്കൊണ്ടും, അവരെപ്പോലെ സ്ത്രീവൎഗ്ഗാവകാശമായ ആദരത്തെ അർഹിക്കുന്ന മററു സ്ത്രീജനങ്ങളെ അസഹ്യപ്പെടുത്തിയും നിന്ന മി. ആചാരിയുടെ നടത്ത തീരെ ക്ഷന്തവ്യമല്ലാ. നാടുനീങ്ങിപ്പോയ വിശ്വവിഖ്യാതനായ വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ട് ദേശസഞ്ചാരം കഴിഞ്ഞു് മടങ്ങി എഴുന്നള്ളിയ ഒരു സന്ദർഭത്തിൽ, തിരുമനസ്സിലെ പള്ളിബോട്ടടുത്ത പാക്കെക്കടവിലും, പിന്നീട് വലിയകൊട്ടാരവാതിൽക്കലും, കുറെ ബാലികകളെ കൊണ്ടുപോയി പാടിച്ച ഉദ്യോഗസ്ഥന്മാരെ അവിടുന്നു് കഠിനമായി അധിക്ഷേപിച്ചിരുന്നു എന്നു് ഞങ്ങൾ കേട്ടിട്ടുണ്ട്. വിശാഖംതിരുനാൾ തിരുമനസ്സുകൊണ്ടായിരുന്നു എങ്കിൽ മി. ആചാരിയുടെ ഇന്നത്തെ ക്രൂരത്തത്തിന്നു്, തിരുമനസ്സിലെ കുതിരക്കാരൻെറ കവുഞ്ചികൊണ്ടു് ഈ മന്ത്രിസ്ഥാനവ്യഭിചാരിയുടെ തൊലിപൊളിച്ചുവിടുമായിരുന്നു എന്നുള്ളതിൽ ഞങ്ങൾക്ക് സന്ദേഹമില്ലാ.

(1910-ഓഗസ്റ്റ് 24)

## II

ദിവാൻ മി. രാജഗോപാലാചാരി, ജൂബിലിആഘോഷാവസരത്തിൽ, കോട്ടയ്ക്കകത്തു തെക്കേത്തെരുവു പെൺപള്ളിക്കൂടത്തിൽ സ്ത്രീജനമദ്ധ്യേ കടന്നു നിന്നതിനെക്കുറിച്ചു് ഞങ്ങൾ ആക്ഷേപിച്ചിരുന്നതു് വളരെ പരുഷമായ സ്വരത്തിലായിരുന്നു എന്നു ചിലർക്കു് അഭിപ്രായമുള്ളതായി ഞങ്ങളറിഞ്ഞു. "ഇത്ര കടുപ്പമാക്കേണ്ടിയിരുന്നില്ലാ" എന്നാണു് ചിലരുടെ അഭിപ്രായം. ഈ അഭിപ്രായം ഒരു നിലയിൽനിന്നു നോക്കുമ്പോൾ, ആദരണീയം തന്നെ. ഞങ്ങളുടെ വാക്കുകൾ പരുഷമായിരുന്നു എന്നു ഞങ്ങളും സമ്മതിക്കുന്നു. എന്നാൽ, ഞങ്ങൾ പറഞ്ഞതിൽ വല്ലഭാഗവും അവാസ്തവമുണ്ടോ എന്നാണു് ഞങ്ങൾക്കു മുഖ്യമായി ചോദിക്കാനുള്ളതു്. പറഞ്ഞതൊക്കെ വാസ്തവംതന്നെ എന്നു സമ്മതിക്കാത്തവരുണ്ടെന്നു തോന്നുന്നില്ലാ. സ്വരം മൂത്തുപോയി എന്നു പറയുന്നവരും, ഞങ്ങളുടെ പ്രസ്താവം പരമാർത്ഥത്തെ അടിസ്ഥാനപ്പെടുത്തീട്ടുള്ളതാണെന്നു സമ്മതിക്കുന്നുണ്ടു്. ഒരു ലേഖനത്തിൽ മുഖ്യമായി നോക്കാനുള്ള കാര്യങ്ങൾ രണ്ടാണു്: ഒന്നു്, അതിലെ വസ്തുതകൾ, മറ്റൊന്നു് അതിലെ ഗുണദോഷനിരൂപണങ്ങൾ. ഇവയിൽ, ഗുണദോഷനിരൂപണം വാസ്തവസംഗതികളെയല്ലാ അധിഷ്ഠാനപ്പെടുത്തീട്ടുള്ളതെങ്കിൽ, അതു് അനുചിതമായിത്തീരുന്നു വാസ്തവത്തെ അടിസ്ഥാനപ്പെടുത്തീട്ടുള്ളതാണെങ്കിൽ ഉചിതവുംതന്നെയാണു്. പക്ഷേ, ഈ നിരൂപണം മൃദുസ്വരത്തിലോ, പരുഷസ്വരത്തിലോ

ചെയ്യേണ്ടതു് എന്നേ പിന്നെ ആലോചിക്കേണ്ടതുള്ളു. ഇതോ, സ്വരത്തിൻെറ അവസ്ഥയെസംബന്ധിച്ച തക്കംമാത്രമാണു്. അതിനെപ്പററി അഭിപ്രായങ്ങൾ, ലോകത്തിൽ എത്രവളരെ ഭിന്നങ്ങളായിരിക്കും. ഞങ്ങളുടെ പ്രസ്താവം വാസ്തവത്തെ ആധാരപ്പെട്ടത്തീട്ടാണെന്നുള്ളതിനെ ആരും പ്രതിഷേധിക്കുവാൻ ന്യായമില്ലാ; അതിന്മേൽ നിരൂപണം ചെയ്യുന്നതു് അനുചിതമല്ലെന്നും ആരും സമ്മതിക്കും. പിന്നെ, നിരൂപണത്തിൻെറ സ്വഭാവത്തെപ്പററി മാത്രമാണു് അഭിപ്രായഭേദം. ഈ ഭേദം ഈ നിരൂപണത്തിനു വിഷയമായ സംഗതിയെക്കുറിച്ചു് ഞങ്ങൾക്കും മററുള്ളവക്കും തോന്നീട്ടുള്ള മനോഭാവങ്ങളുടെ ഭേദത്തെ ആശ്രയിച്ചിരിക്കുന്നു എന്നേ ഉള്ളു. മി. ആചാരി ആ പാഠശാലയുടെ മുകളിൽ ചെന്നുനിന്നു എന്നതിനെ ആരെങ്കിലും പ്രതിഷേധിക്കുന്നുണ്ടോ? ആ സ്ഥലം സ്ത്രീകൾക്കായി ഒഴിഞ്ഞിട്ടിരുന്നതും അതിന്മണ്ണം ഘോഷാസ്ത്രീകൾ അവിടെചെന്നു നിന്നിരുന്നതും ആരെങ്കിലും പ്രതിഷേധിക്കുന്നുണ്ടോ? മി. ആചാരിയുടെ കത്തവ്യം മഹാരാജാവുതിരുമനസ്സിലെ അടുക്കൽചെന്നു നില്ക്കയായിരുന്നു എന്നുള്ളതു് ആരെങ്കിലും പ്രതിഷേധിക്കുന്നുണ്ടോ? മി. ആചാരിയുടെ എതിർവശത്തെ മാളികയിൽ നിന്നിരുന്നതു് മഹാരാജാവുതിരുമനസ്സിലെ ഭായ്യ മുതലായ സ്ത്രീജനങ്ങളാണെന്നുള്ളതും ആരെങ്കിലും പ്രതിഷേധിക്കുന്നുണ്ടോ? താഴെ തെരുവീഥിയിലും മററുസ്ഥലങ്ങളിലുമായി പതിനായിരത്തിൽ അധികം ജനങ്ങൾ കൂടിയിരുന്നു എന്നും ആരും സമ്മതിക്കുമല്ലോ. മഹാരാജാവുതിരുമനസ്സുകൊണ്ടു്

മിസ്റ്റർ ആചാരിയുടെ സ്വാമിയാണെന്നും ആരും സമ്മതിക്കുമല്ലോ. തിരുമനസ്സിലെ തിരുമുമ്പിൽ ആചാരോപചാരം ചെയ്തു നിൽക്കേണ്ടവനായ ദിവാൻജി, ഇവിടെ എന്താണു ചെയ്തത്? തിരുമനസ്സിലെ ഭാൎയ്യ നിന്നിരുന്ന മാളികയുടെ എതിരേ തനിക്കവകാശമില്ലാത്ത ഒരു സ്ഥലത്തു ചെന്നുനിന്ന് അവരെ തുറിച്ചുനോക്കിയും അവരുടെ മനസ്സിനെ പീഡിപ്പിക്കുമാറുള്ള ഗോഷ്ടികൾ കാട്ടിയും നിന്നിരുന്നതു് തിരുമനസ്സിലെ അനാദരിച്ചതിനു തുല്യമാണെന്നു സമ്മതിക്കാൻ ആൎക്കെങ്കിലും വൈമനസ്യമുണ്ടോ? ബഹുജനങ്ങൾ അവിടെ ആരെ അനുമോദിച്ചു ഭക്തി കാണിപ്പാനായിട്ടാണു് ചെന്നിരുന്നതു്? തെക്കേത്തെരുവു മാളികയിൽ തിരുമനസ്സുകൊണ്ടു് എഴുന്നെള്ളിയിരിക്കുന്നു: അടുത്ത മാളികയിൽ തിരുമനസ്സിലെ ഭാൎയ്യയും ഉത്സവത്തെ കാണ്മാൻ നില്ക്കുന്നു: ഈ മാളികയുടെ എതിരെ തിരുമനസ്സിലെ ഭൃത്യൻ അവിടുത്തെ ഭാൎയ്യയെ അനാദരിക്കുന്ന ഗോഷ്ടികളെ കാട്ടിക്കൊണ്ടുനില്ക്കുന്നു. കിഴക്കെ തെരുവിലുംമൈതാനത്തും പതിനായിരത്തിലധികം പ്രജകളും കൂടിനില്ക്കുന്നു. ഈ ജനങ്ങളുടെയെല്ലാം മനസ്സിൽ മി. ആചാരിയുടെ നടത്തയെപ്പററി എന്തുവികാരത്തെയാണു് ഉണ്ടാക്കുന്നതു്? അവർശിലാപ്രതിമകളല്ലോ; മി. ആചാരിയോ, തൻെറ നടത്തയെസംബന്ധിച്ചു് ബഹുജനങ്ങളുടെ ഉള്ളിൽ ഇതിൻമുൻപുതന്നെ നീരസത്തെ ഉദിപ്പിച്ചിരിക്കുന്ന ആളുമാണു്. ഇപ്പോഴത്തെ നടത്തകൊണ്ടു മി. ആചാരി, തിരുമനസ്സിലെ നേക്കു് അവിടുത്തെ പ്രജകളായി അവിടെ കൂടിയിരുന്ന ജന

ങ്ങളുടെ ഹൃദയങ്ങളിൽനിന്നു പുറപ്പെട്ടിരുന്ന ഭക്തിയുടെ പ്രവാഹത്തെ തടഞ്ഞു്, തന്റെ ദുരാചാരത്തെപ്പററി അവരുടെ ഉള്ളിൽ കോപവും താപവുമാണു മുളപ്പിച്ചതു്. മി. ആചാരിയുടെ നടത്ത ഇപ്രകാരം ഗർഹണത്തെ അർഹിക്കുന്നതാണെന്നു സമ്മതിക്കാമെങ്കിൽ, ഞങ്ങളുടെ സ്വരത്തിന്റെ പാരുഷ്യത്തെപ്പററി ഞങ്ങൾ സമാധാനം പറഞ്ഞുകൊള്ളാം. മി. ആചാരിയുടെ നടത്തയെക്കുറിച്ചു് ഓരോരുത്തർക്കുണ്ടായിട്ടുള്ള മനോവേദനത്തിന്റെ ഏററക്കുറച്ചിലിനെ അനുസരിച്ചു് അവരുടെ ഗർഹണവചനങ്ങൾ പരുഷമായോ മൃദുവായോ നിശ്ശബ്ദമായോ ഇരുന്നു എന്നല്ലാതെ മററൊന്നും പറയേണ്ടതില്ലാ.

ജനസമുദായത്തിനു പൊതുവെ ബാധിക്കുന്ന ഒരു ദുരാചാരത്തെപ്പററി ആക്ഷേപം പറയേണ്ടതു് ഒരു വൃത്താന്തപത്രത്തിന്റെ കർത്തവ്യങ്ങളിലൊന്നാണെന്നാണു് ഞങ്ങളുടെ പ്രമാണം. അങ്ങനെയൊരു ദുരാചാരം ജനസമുദായത്തിനു് ഉത്തമമാതൃകകളെ കാട്ടിക്കൊടുക്കാൻ കടപ്പെട്ടിരിക്കുന്നവർ നടത്തുമ്പോൾ,—അതും ബഹുജനങ്ങളുടെ മനസ്സിലുണ്ടാകാവുന്ന പീഡയെ അറിവോടുകൂടി അഗണ്യമാക്കിക്കൊണ്ടു ചെയ്യുമ്പോൾ— അതിനെപ്പററിയ കഠിനവചനങ്ങൾ തീരെ ദയാപൂർവ്വമായ ഗർഹണപ്രവൃത്തിയാണെന്നാണു് ഞങ്ങൾ വിചാരിക്കുന്നതു്. ഞങ്ങളുടെ ഗർഹണവചനങ്ങൾ പരുഷങ്ങളായിരുന്നു: ശരി. എന്നാൽ, ആ ഗർഹണത്തെ പ്രേരിപ്പിച്ച മനോവേദനം അതിനു് അനുരൂപമായി ഹൃദയക്ഷോഭകവുമായിരുന്നു. ഇതിൽ അത്രയേറെ

ക്ഷോഭംതോന്നാൻ ഔചിത്യമെന്താണെന്നാണ് ചോദ്യമെങ്കിൽ, അതു ഞങ്ങളുടെയും ചോദ്യംചെയ്യുന്നവരുടെയും അനുഷ്ഠാനമാതൃകകളായ പ്രമാണങ്ങളുടെ ഭേദത്താൽ ഉണ്ടാകുന്ന സന്ദേഹം മാത്രമാകുന്നു.

(1910 ആഗസ്റ്റ് 29)

# യുക്തിഭ്രമങ്ങൾ

തിരുവിതാംകൂറിൽ പൊതുജനങ്ങളെ സംബന്ധിക്കുന്ന കാൎയ്യങ്ങളെപ്പററി വാദപ്രതിവാദം ചെയ്യുമ്പോൾ, ചില ജനങ്ങൾ, അവരവർ തന്നെത്താൻ ശോധനചെയ്തു ഉറപ്പുവരുത്താത്തതായ ചില യുക്തികളെ മുറുകെപ്പിടിച്ചു തുടങ്ങുന്നതായി കാണുമാറുണ്ട്. ജാതിസ്പൎദ്ധ, സ്വജനപക്ഷപാതം, സ്വവൎഗ്ഗസ്നേഹം, സ്വാമിപ്രീതി മുതലായവയാണ് ഇങ്ങനെയുള്ള യുക്തിഭ്രമങ്ങൾക്കു മൂലമായിട്ടുള്ളതു്. ബഹുജനപ്രതിനിധികളുടെ സ്ഥാനത്തെ ആരോഹണം ചെയ്തുംകൊണ്ടു ചിലർ ചെയ്യുന്ന അഭിഭാഷണങ്ങൾ, ഈവിധത്തിലുള്ള ഭ്രമമൂലകങ്ങളായ സംഗതികളിന്മേൽ കെട്ടിക്കിളത്തി, ഇന്ദ്രജാലക്കാരന്റെ പിഞ്ഛികാസഞ്ചയത്തെ ഇളക്കിക്കാണിച്ചു കാണികളെ മയക്കുന്നതുപോലെ, ജനങ്ങളുടെ മനസ്സിനെ മോഹാന്ധതയിലാക്കിക്കളയുന്നതുകൊണ്ട് അവൎക്കു ഗുണാഗുണനിരൂപണം ചെയ്യുന്നതിനു സാധിക്കാതെതന്നെ ആ യുക്തിഭ്രമച്ചുഴികളിൽ ചെന്നു ചാടിത്തിരിയേണ്ടിവരുന്നു. മനസ്സിൽ വിവേകം ഉദിക്കു

ന്നതിലധികം ശീഘ്രമായി ആവേഗം ഉണ്ടാകുന്നതു സാധാരണമാകയാൽ, സാമാന്യജനങ്ങൾ ആവേഗത്തിന്ന് അധീനന്മാരായിത്തീൎന്നുപോകുന്നു. ആവേഗം എന്നതു് അന്ധമായ ഒരു ശക്തിയാണു്; മനസ്സ് ഇന്ന ഉദ്ദേശത്തോടുകൂടി പ്രവൎത്തിക്കുന്നു എന്നുള്ള ബോധമില്ലാതെ വ്യാപരിക്കുകയാണു് ആവേഗത്തിന്റെ ലക്ഷണം. ഒരു കുരുടൻ തന്റെ മുമ്പിലുള്ള വസ്തുവിനെ കാണ്മാൻ കഴിയാതെയും, തനിക്കു് ഇന്ന വസ്തുവിനെ പ്രാപിക്കേണമെന്നു് അറിവില്ലാതെയും, നടന്നുപോകുന്നതുപോലെയാണു മനസ്സിന്റെ ആവേഗം, മനുഷ്യരെ അവർ നിനച്ചിരിക്കാത്ത പദങ്ങളിൽകൊണ്ടു ചാടിക്കുന്നതു്. വിവേകമോ, ഉപായോപേയങ്ങളുടെ ബോധത്തോടുകൂടിയതാകയാൽ, ഒരുവന്, താൻ ഇന്നിടത്തുനിന്നു പുറപ്പെട്ടാൽ ഇന്നിടത്തു് എത്തും എന്നുള്ള നിശ്ചയം ഉണ്ടാകുന്നു. ഈ മനോനിശ്ചയം ശ്രമരഹിതമായിട്ടുള്ളതല്ലാത്തതുകൊണ്ടും, കുരുടനെപ്പോലെ ചെല്ലുന്നിടത്തു ചെല്ലട്ടെ എന്നു വിചാരിച്ചു നടക്കുന്നതു ശ്രമമില്ലാത്തതാകകൊണ്ടുമാണു ജനങ്ങൾ പ്രായേണ ആവേഗങ്ങൾക്കു വഴിപ്പെട്ടുപോകുന്നതു്. വിവേകം സത്യത്തെ ആശ്രയിച്ചിരിക്കുന്നു: സത്യംതന്നെ നീതി; നീതിതന്നെ സത്യം. എന്നാൽ, ആവേഗത്തിന്നു സത്യം ആശ്രയമായിരിക്കേണമെന്നില്ല; പലപ്പോഴും അസത്യം ആശ്രയമായിരിക്കാം. മനസ്സു വ്യാമോഹിക്കപ്പെടുമ്പോൾ സത്യാസത്യവിചാരത്തിന്നു ശക്തമല്ലാതെയാവുന്നതുകൊണ്ടാണു്, ഞങ്ങൾ മേല്പറഞ്ഞമാതിരിയിലുള്ള, ഭ്രമങ്ങൾക്കു സാമാന്യജനങ്ങൾ വശപ്പെ

ട്ടുപോകുന്നതു്. ഈ ഭ്രമങ്ങൾ ജാതിസ്പർദ്ധ മുതലായവയാൽ ഉണ്ടാകുന്നവയാണെന്നു ഞങ്ങൾ പറഞ്ഞുവല്ലോ. ഒരു നായരുടെ കാൎയ്യത്തെപ്പററി ദോഷമായി വല്ലതും പറയുമ്പോൾ, അതു് ഒരു നായൎക്കു രുചിക്കുന്നില്ലാ എന്നുവരും; ബ്രാഹ്മണന്റെ കാൎയ്യമാണെങ്കിൽ ബ്രാഹ്മണനും; ഇങ്ങനെ മററു ജാതിക്കാൎക്കും: ഇതു സ്വജാതിസ്നേഹത്താലുണ്ടാകുന്നതാണു്. എന്നാൽ ഒരു ബ്രാഹ്മണനെപ്പററി ദോഷം പറയുന്നതു് ഒരു നായൎക്കും; നായരെപ്പററിയാണെങ്കിൽ മററുള്ളവൎക്കും രുചിക്കുന്നു: ഇതു് ജാതിസ്പർദ്ധയുടെ ഫലമാണു്. ഇനിയും, ഒരുവനു് ഉപകാരം ചെയ്തിട്ടുള്ള ഒരാളെപ്പററി മറെറാരുവൻ ദോഷം പറയുന്നതു് അസഹ്യമായിരിക്കും: അഥവാ തന്റെ സ്വന്തം ആളെപ്പററി ദൂഷ്യം പറഞ്ഞു കേൾക്കുന്നതു് തനിക്കു രസിക്കയില്ല: ഇവ സ്വാമിപ്രീതിയുടേയും സ്വജനസ്നേഹത്തിന്റേയും ഫലങ്ങളാണു്. ഇപ്രകാരമാണു ലോകത്തിൽ പ്രായേണ നടക്കുന്നതു്. എന്നാൽ തനിക്കു രുചിക്കാത്തതിനുള്ള കാരണം, ആ ദോഷപ്രസ്താവത്തിന്റെ അവാസ്തവത്വമാണെങ്കിൽ, ആ വെറുപ്പു് യുക്തം തന്നെയാണു്. ദോഷപ്രസ്താവം വാസ്തവത്തിനൊത്തതായിരിക്കുമ്പോൾ അതിനോടു വെറുപ്പു തോന്നുന്നതാണു യുക്തിഭ്രമം എന്നു ഞങ്ങൾ പറയുന്നതു്. ഇത്തരം ഭ്രമങ്ങൾ ഈ നാട്ടിൽ പലേടത്തും പലപ്പോഴും ധാരാളം കാണുമാറുണ്ടു്. അവ പൊതുജനകാൎയ്യങ്ങളെപ്പററി വൎത്തമാനപ്പത്രങ്ങൾ ചെയ്യുന്ന പ്രസംഗങ്ങളെ ഗ്രഹിക്കുമ്പോഴാണു് അധികം ഇളകാറുള്ളതു്. അടുത്തു കഴിഞ്ഞ ചില ഉദാഹരണങ്ങൾ ഞ

ങ്ങൾ പറയാം. ദിവാൻ മി. രാജഗോപാലാചാരിയുടെ നടത്തയെപ്പററി ഞങ്ങൾ ഇതിനിടെ ആക്ഷേപം ചെയ്തതിനെക്കുറിച്ചു ജനങ്ങളുടെയിടയിൽ വാദപ്രതിവാദങ്ങൾ ഇനിയും തുടങ്ങീട്ടില്ല. "മി. ആചാരി ദിവാൻജി അല്ലയോ? അദ്ദേഹത്തിന്റെ നടത്തയെപ്പററി ദോഷംപറയുന്നതു യുക്തമാകുന്നോ?" എന്നാണു ചിലരുടെ ചോദ്യം. ഈ വാദത്തിന്റെ അധിഷ്ഠാനം ദിവാൻജിമാരുടെ നടത്തയേപ്പററി ദോഷം പറഞ്ഞുകൂടുന്നതല്ലാ എന്നൊരു ധാരണയാണു്. ഇങ്ങനെ ഒരു നിയമമുണ്ടെങ്കിൽ ഈ ചോദ്യം യുക്തംതന്നെയാണു്. എന്നാൽ ഈ ചോദ്യംചെയ്യുന്നവർ ഇങ്ങനെ ഒരു നിയമത്തെ സംഭാവനചെയ്യുന്നതല്ലാതെ, വാസ്തവത്തിൽ നിയമമില്ലല്ലോ. പിന്നെ മറെറാരുവിധം വാദമുണ്ടു്: "ദിവാൻജിയുടെ പബ്ലിക് നടത്തകളിൽ ഗുണദോഷനിരൂപണം ചെയ്യാം. എന്നാൽ പ്രൈവററു നടത്തയേപ്പററി നിരൂപണം ചെയ്യുന്നതു യുക്തമല്ലാ" എന്നാണു്. ഈ വാദത്തിൽ സംഭാവനചെയ്യുന്നതു്, ദിവാൻജി മററുള്ള ജനങ്ങളെപ്പോലെ രഹസ്യമായും പരസ്യമായും രണ്ടുവിധം ജീവിതത്തെ നയിക്കാവുന്ന ആളാണെന്നാണു്. ഈ ഭ്രമം, ദിവാൻജിയുടേയും അന്യന്മാരുടേയും സ്ഥാനങ്ങൾ തമ്മിലുള്ള ഭേദത്തെ ഗണിക്കായ്കയാൽ ഉണ്ടാകുന്നതാകുന്നു. ദിവാൻജി എന്ന ഉദ്യോഗസ്ഥൻ ഒരു രാജ്യഭരണകർമ്മത്തിന്റെ ചുമതലക്കാരനും, തന്നിമിത്തം കീഴിലുള്ള ഉദ്യോഗസ്ഥന്മാർക്കു മാത്രമല്ലാ, ഭരണീയർക്കും, മാതൃകാജീവിതവൃത്തിയോടുകൂടിയിരിക്കേണ്ടവനുമാണു്. ആ ഉദ്യോഗസ്ഥൻ തന്റെ

സ്ഥാനവലിപ്പത്തെ തരമാക്കിക്കൊണ്ട് അധൎമ്മങ്ങൾ പ്രവൎത്തിച്ചാൽ മററുള്ളവൎക്കും അതേപ്രകാരം പ്രവൎത്തിക്കുന്നതിനു മനസ്സുറപ്പുണ്ടാകുന്നു. ഇനിയൊരു വാദമുണ്ട്: "ദിവാൻജി അങ്ങനെ നടന്നുവെങ്കിൽ ആക്ഷേപമെന്തിന്? നടത്തയിൽ ന്യൂനതയില്ലാത്തവരാരുണ്ട് ലോകത്തിൽ?"—എന്നാണ് ചോദ്യം. ലോകത്തിൽ ദുൎന്നടത്തക്കാരല്ലാത്തവരില്ലായ്കകൊണ്ട് ദുൎന്നടത്ത സാധുവാണെന്നാണ് ഈ വാദക്കാർ സംഭാവനം ചെയ്യുന്നതു്. എന്നാൽ ദുൎന്നടത്ത സാധുവോ അസാധുവോ എന്ന ചോദ്യമാണ് ഇവിടെ പൎയ്യാലോചനാവിഷയം: ഒരു ചോദ്യത്തിന്റെ ഉത്തരത്തിന് ആ ചോദ്യത്തെ സിദ്ധവല്കരിച്ചാൽ മതിയാകുമെന്നു വിചാരിക്കുന്നതു വക്രയുക്തിയാണെന്ന് അവർ ഗ്രഹിക്കുന്നില്ല. ദുൎന്നടത്ത നല്ലതാണെങ്കിൽ, നല്ല നടത്ത അതിനു നേരെ വിപരീതവുമാണല്ലോ. അപ്പോൾ നടത്ത ഏതായാലും നല്ലതാണെന്നു സമ്മതിക്കണം. നല്ലതും ചീത്തയും എന്ന ഭേദം ഇല്ല എന്നു വരുന്നു. ഇതിലധികം കൌതുകകരമാണു മറെറാരു വാദമുള്ളതു്. "നമ്മുടെ നാട് അത്രമേൽ പരിഷ്കാരപ്പെട്ടിട്ടില്ല. കേവലം പരിശുദ്ധമായ നടത്ത സാദ്ധ്യമല്ലാത്തസ്ഥിതിക്ക്, ഈ മാതിരിയൊക്കെ സഹിക്കത്തക്കതാണ്" എന്നാണു വാദം. മാതൃകാനടത്ത അസാദ്ധ്യമാണെന്നു സമ്മതിക്കാം. അതുകൊണ്ട്, ആ നടത്തയെ മാതൃകയാക്കിവച്ച് അതിനെ കഴിയുന്നിടത്തോളം പ്രാപിക്കുവാൻ പാടില്ലെന്നുണ്ടോ? എങ്കിലല്ലാതെ, അതിൽനിന്ന് അകന്നുപോകുന്നതിന് എന്തു ന്യായമാണുള്ളതു്? നമ്മുടെ നാട്ടുപരി

ഷ്ക്കാരപ്പെട്ടിട്ടില്ലെങ്കിൽ ആ പരിഷ്ക്കാരപദത്തെ പ്രാപിക്കുന്നതിനായി വേണ്ടതു പ്രവൎത്തിക്കുന്നതിനു പകരം അപരിഷ്ക്കാരത്തിൽ ചേൎന്നവിധത്തിൽ പ്രവൎത്തിച്ചാൽ, എങ്ങനെയാണു പരിഷ്ക്കാരത്തിലെത്തുന്നതു്? മുൻപറഞ്ഞതിനേക്കാളൊക്കെ സ്മരണീയമായ ഒരു വാദം കേൾക്കുക: "ദിവാൻജി നായന്മാൎക്കു ഗുണംചെയ്യാൻ വന്നിരിക്കുന്ന ആളാണു്: അതിനാൽ ഒരു നായരും അദ്ദേഹത്തിനുള്ള ദോഷത്തെ പറയരുതു്." ഈ വാദമാണു സ്വാൎത്ഥതല്പരന്മാർ പ്രയോഗിക്കുന്നതു്. ദിവാൻജി നായന്മാൎക്കു ഗുണംചെയ്യാൻ വന്നിരിക്കുന്നു എന്ന സംഗതിതന്നെയും അദ്ദേഹം ചെയ്തിട്ടുള്ള ഗുണങ്ങളെ ലക്ഷ്യമാക്കിക്കൊണ്ടു തെളിയിക്കപ്പെടേണ്ടതായിരിക്കുന്നതേയുള്ളു. പിന്നെ നായന്മാൎക്കു ഗുണംചെയ്യാൻ വന്നിരിക്കുന്നവരെയൊക്കെ, നായന്മാർ ദോഷം കണ്ടാലും ആരാധിക്കണമെന്നു നിബന്ധനയില്ലാത്ത സ്ഥിതിക്കു് ഈ വാദത്തിൻെറ ഉത്തരാൎദ്ധവും നിരസ്തമാകുന്നു. ഇതിൽ അടങ്ങിയിരിക്കുന്ന ഒരു യുക്തിഭ്രമം നായന്മാരായ പത്രപ്രവൎത്തകന്മാർ ആക്ഷേപം പറയരുതു് എന്നതിലാകുന്നു. ഒരു പത്രത്തിൻെറ പ്രവൎത്തകൻ നായർവൎഗ്ഗത്തിൽ ജനിച്ചവനാണെന്നിരുന്നാൽ, ആ പത്രം നായർപ്രതിനിധിയായി ഗണിക്കപ്പെടേണമോ? പത്രങ്ങൾ പൊതുജനപ്രതിനിധികളാണു്: പൊതുജനങ്ങളിൽ നായന്മാരും ഉൾപ്പെടും! എന്നാൽ നായന്മാരെക്കൊണ്ടു മാത്രം പൊതുജനങ്ങൾ ആകുന്നില്ലാ. ആ സ്ഥിതിക്കു് ഒരു പത്രത്തിൻെറ അധിപതി, പൊതുജനപ്രതിനിധിയാണെങ്കിൽ, നായന്മാ

രുടെ മാത്രം പ്രതിനിധിയാകുന്നതെങ്ങനെ? ഈ വിചാരം, ഇപ്പോഴത്തെ മരുമക്കത്തായ നായർതറവാട്ടുകളിലെ ഇളമുറക്കാർ, തറവാട്ടുസ്വത്തു മുഴുവനും അവരിപ്പോരോരുത്തന്റെയും മുതലാണെന്നു പറയുന്ന യുക്തിഭ്രമത്തെ അനുസരിച്ചുള്ളതായിരിക്കാം. വാസ്തവം അങ്ങനെയല്ലല്ലോ. ഇത്തരം ഭ്രമങ്ങൾ അസ്തമിച്ചാലല്ലാതെ പൊതുജനക്ഷേമപ്രവൎത്തനം സുസാധമാകുന്നതല്ലാ. (1910 സെപ്റ്റംബർ 2)

# പ്രസ്ലാ

ദിവാൻ മി. രാജഗോപാലാചാരി തന്റെ നടത്തയെയും നടപടികളെയുംപറ്റി ആക്ഷേപം പറയുന്ന പത്രങ്ങളുടെനേക്ക് ഇളക്കുന്നതിലേക്കായി ഇന്നത്തെ നിയമനിൎമ്മാണസഭയാകുന്ന കൊല്ലവേലപ്പുരയിൽവെച്ച് കാച്ചിഅടിച്ച് പ്രയോഗിക്കുവാൻ ആഗ്രഹിച്ചിരുന്ന പ്രസാക്റ്റായുധത്തെ ഉലയിൽവെപ്പാൻതക്ക കൈക്കരുത്തു കുറഞ്ഞിട്ടോ, ഹന്തോ, അതിനെ വെളിയിൽ എടുക്കാതെ വെച്ചുകളയേണ്ടിവന്നതു് സ്മരണീയമായ സംഭവംതന്നെയാകുന്നു. തിരുവിതാംകൂറിലെ പത്രങ്ങളെ അമൎത്തുന്നതിനായി മി. ആചാരി ഒരു പ്രസാക്റ്റ് കൊണ്ടുവരുന്നു എന്നും മററും ചില സഹജീവികൾ വിലപിക്കയും, അങ്ങനെയൊരു നിയമം കൊണ്ടുവരരുതേ എന്നു മുറവിളിയോടെ യാചിക്കയും ചെയ്തതിന്റെ ഫലമായിട്ടായിരിക്കുമോ മി. ആചാരി തന്റെ ആയുധത്തെ അടിച്ച് മൂൎച്ചകൂട്ടുന്നതിനു ഉത്സാ

ഹിക്കാതെ അടങ്ങിയതെന്ന ഞങ്ങൾക്ക നിശ്ചയമില്ലാ. പത്രങ്ങളുടെ സ്വാതന്ത്ര്യത്തെ കുറയ്ക്കുന്നതിന്ന ഒരു നിയമം കൊണ്ടുവരേണ്ട ആവശ്യകത ഈ സംസ്ഥാനത്തുണ്ടായിട്ടില്ലെന്നും, ഇവിടത്തെ പത്രങ്ങളിൽ ചിലതിന്ന സ്വരഭേദം ഉണ്ടെന്നല്ലാതെ, യാതൊന്നും രാജദ്രോഹകരമോ രാജാധികാരധ്വംസകമോ ആയ പ്രസംഗം ചെയ്യുന്നില്ലെന്നും, ജനസമുദായം നിശ്ശേഷം രാജഭക്തന്മാരും സമാധാനപ്രിയന്മാരും ആണെന്നും പരക്കെ സമ്മതമായ സംഗതികളായിരിക്കെ, മി. ആചാരി ഒരു പുതിയ നിയമം കൊണ്ടുവരുന്ന പക്ഷത്തിൽ അതു തൻെറ സ്വകാര്യവൈരനിര്യാതനത്തിന്നായിട്ടല്ലാതെ, പൊതുജനരക്ഷാർത്ഥമായിരിക്കുന്നതല്ലാ എന്ന ഞങ്ങൾ ഇതിന്മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഈ തത്വം മി. ആചാരിക്ക പക്ഷെ ഇപ്പോൾ ബോദ്ധ്യപ്പെട്ടിരിക്കാനിടയുണ്ടെന്നുള്ളതിന്ന ഗവർമ്മേൻറിൻെറ വിശ്വസ്തതയെ സമ്പാദിച്ചിട്ടുള്ള "വെസ്റ്റർൻസ്റ്റാ"റിൻെറ സെപ്തംബർ 1-ാംനു-യിലെ മുഖപ്രസംഗം സൂചനതന്നിട്ടുമുണ്ട്. "തിരുവിതാംകൂർ സംസ്ഥാനത്തു ജനക്കലക്കമോ രാജ്യക്ഷോഭമോ ഒരിക്കലും ഉണ്ടായിട്ടില്ലാ. ഈ സംസ്ഥാനത്തു ഒരു കോൺഗ്രസ്സോ കാൺഫെറെൻസോ ഉണ്ടായിട്ടില്ലാ. ഈ സംസ്ഥാനത്തു രാജാധികാരധ്വംസനമോ, രാജദ്രോഹമോ സ്വപ്നത്തിൽപോലും കണ്ടിട്ടില്ലാ............അതിനാൽ, നിയമമനുസരിച്ചു നടക്കുന്ന ഒരു ജനതതിയെ അമർത്തുന്നതിന്ന എന്തെങ്കിലും നിയമം കൊണ്ടുവരുന്നതു അയുക്തമായിരിക്കുമെന്നു മാത്രമല്ലാ, രാജദ്രോഹമോ രാജാധികാരദ്വേഷ

മോ ഇല്ലാത്ത ഒരു രാജ്യത്തു അവയെ ഒതുക്കുന്നതിന്നായുള്ള ഒരു നിയമം കൊണ്ടുവരുന്നതിന്റെ ഒരേ ഒരു ഫലം, അവയിലൊന്നിലേക്കു ജനങ്ങളെ പ്രേരിപ്പിക്കുകയായിരിക്കുന്നതുമാണു്."—ഇപ്രകാരമാണു് 'സ്റ്റാർ' മി. ആചാരിയെ അറിയിച്ചിരിക്കുന്നതു്. ഇതിന്റെ അൎത്ഥം ഏററ സ്പഷ്ടം തന്നെയല്ലോ. ഈ സംസ്ഥാനത്തിന്റെ നില ഇപ്രകാരമായിരിക്കുന്ന സ്ഥിതിക്കു മി. ആചാരിയുടെ ആവേഗത്തെ ബ്രിട്ടീഷ് ഗവൎമ്മെണ്ടു് വിവേകമെന്നു തെററിദ്ധരിക്കയില്ലെന്നു വിശ്വസിക്കാം. മി.ആചാരിയുടെ നടത്തയെയും നടപടികളെയും പററി പരുഷവചനങ്ങൾകൊണ്ടു് ആക്ഷേപം പറയുന്ന പത്രങ്ങൾ തിരുവിതാംകൂറിലുണ്ടു്. പക്ഷേ, ആ വക പത്രങ്ങളുടെ സ്വരത്തെ മാററപ്പെടുത്താനായിരിക്കാം 'സ്റ്റാർ' "താൽക്കാലികമായ ഒരു വ്യവസ്ഥ ചെയ്യേണ്ടിയിരിക്കുന്നുണ്ടെന്നു ഞങ്ങൾക്കു തോന്നുന്നു," എന്നുകൂടെ അഭിപ്രായപ്പെട്ടിരിക്കുന്നതു്. ഈ കാൎയ്യം സാധിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണു് ഒരു പത്രാധിപയോഗംകൂടേണമെന്നു 'സ്റ്റാർ' ഉത്സാഹിച്ചതെന്നും പറഞ്ഞിരിക്കുന്നു. സ്റ്റാറിന്റെ ഈ അഭിപ്രായം സെപ്തംബർ 1-ാംനു-ലെ ലക്കത്തിലാണു് പുറപ്പെടുവിച്ചിട്ടുള്ളതെന്നും, തലേദിവസമായ ആഗസ്റ്റ് 31-ാംനു-യാണു് പത്രാധിപയോഗത്തിനായുള്ള ക്ഷണക്കത്തുകൾ അയച്ചുതുടങ്ങിയതെന്നും, അതിനുതലേനാൾ ആഗസ്റ്റ് 30-ാംനു-യായിരുന്നു ദിവാൻജിയുടെ വ്യപദേഷ്ടാക്കളായ സൎക്കാരച്ചുക്കൂടം സൂപ്രണ്ടു മി. സി.വി. രാമൻപിള്ളയും 'സുഭാഷിണി' പത്രാധിപർ മി. പി. കെ. ഗോവിന്ദപ്പിള്ള

യും സ്റ്റാർ പ്രവൎത്തകനെ കണ്ടു് ചില ആലോചനകൾ നടത്തിയതെന്നുമുള്ള വസ്തുതകളെ വായനക്കാർ ഓൎത്തുകൊൾവാൻ അപേക്ഷ. പത്രാധിപയോഗത്തിന്റെ ആലോചന ദിവാൻജിയുടെ രക്ഷയെ ഉദ്ദേശിച്ചുണ്ടായതാണെന്നും, തിരുവിതാംകൂറിലെ പത്രങ്ങളുടെ രക്ഷയെ അത്രമേൽ സഹായിക്കാനായിട്ടായിരുന്നില്ലെന്നും ഊഹിക്കുന്നതിനു മററു തെളിവുകൾ ആവശ്യമെങ്കിൽ ഞങ്ങൾ പിന്നാലെ അറിയിച്ചുകൊള്ളാം. എന്നാൽ മി. ആചാരിയുടെ വ്യപദേഷ്ടാക്കളുടെ പേരും ഉത്സാഹവും ഇന്നതാണെന്നു 'സ്വദേശാഭിമാനി' വെളിപ്പെടുത്തിയതു ഇവരുടെ ആശയെ ഭംഗപ്പെടുത്തി എന്നു അറിയുന്നതിൽ ഞങ്ങൾ വ്യസനിക്കുന്നു. ഇവരുടെ ഉത്സാഹം, ദിവാൻജിയെ ഒരു വൈഷമ്യത്തിന്റെ കൊമ്പുകളിൽനിന്നു രക്ഷപ്പെടുത്താനായിരുന്നില്ലയോ? പ്രസാക്റ്റ് കൊണ്ടുവരുന്നതിന് മി. ആചാരിക്കു തെല്ലോളം അപാടവം ഉണ്ടെന്നും, എന്നാൽ, പ്രസാക്റ്റ് കൊണ്ടുവരുമെന്നു ചെയ്ത വീരവാദത്തെ ഉടൻ സാധിക്കാതെയിരിക്കുന്നതു് തനിക്കു അഭിമാനഹാനികരമാണെന്നും കാണുകയും, ഇവ രണ്ടിനെയുമോ ഒന്നിനേയോ തട്ടിനീക്കി സ്വസ്ഥതപ്പെടുന്നതിന് തന്നോടു പത്രപ്രവൎത്തകന്മാർ ഒരു യോഗംകൂടി യാചിക്കുന്നതായാൽ ആ യാചനയെ ആധാരമാക്കിക്കൊണ്ടു് പ്രസാക്റ്റിനെ പിൻവലിച്ചതായി സമാധാനപ്പെടാമെന്നു മി. ആചാരിയുടെ വ്യപദേഷ്ടാക്കൾ നിശ്ചയിക്കയും ചെയ്തതിന്റെ ഫലമായിട്ടല്ലയോ പത്രാധിപയോഗാലോചനയെ മുട്ടയിട്ടതു് എന്നാണു സംശയം. എന്നാൽ, കഷ്ടം! മി.

ആചാരിയോ വ്യപദേഷ്ടാക്കളോ മുട്ടയിട്ടതും മി. സി. വി. രാമൻപിള്ളയും കൂട്ടരും അടയിരുന്നതുമായ ഈ തന്ത്രം അവരുദ്ദേശിച്ച സ്വരൂപത്തിലുള്ള സന്താനത്തെ വിരിയിച്ചെടുക്കാൻ സാധിക്കാതെപോയതു് ശോചനീയംതന്നെയാകുന്നു. (1910 സെപ്തംബർ 12)

# ദിവാൻപദം

"കാളേജ് ഓന്നം ഡേ" ഉത്സവാഘോഷാവസരത്തിൽ അഗ്രാസനം വഹിച്ചുകൊണ്ടു് ദിവാൻ മി. രാജഗോപാലാചാരി പ്രസംഗിച്ചതായ ഉപദേശങ്ങൾ സാമാന്യത്തിലധികമായ ശ്രദ്ധയെ അർഹിച്ചുകാണുന്നുണ്ടു്. മി. ആചാരി തൻെറ മുമ്പിൽ യോഗം കൂടിയിരുന്ന ചെറുപ്പക്കാരെ അഭിമുഖീകരിച്ചുകൊണ്ടു് ചെയ്ത ഉപദേശങ്ങളിൽ മുഖ്യമായുള്ളവ, തിരുവിതാംകൂർ രാജ്യത്തിൻെറ ഭാവിയെപ്പററിയുള്ള ആശംസയെയും ഈ സംസ്ഥാനഭരണത്തിൻെറ പൂർവ്വചരിത്രത്തെപ്പററിയുള്ള പശ്ചാത്താപത്തെയും കുറിക്കുന്നതായിരുന്നു. ഭാവിയെ സംബന്ധിച്ചേടത്തോളം അദ്ദേഹം പ്രസ്താവിച്ചതു്, "തിരുവിതാംകൂറിൻെറ ഭവിഷ്യൽസ്ഥിതി നിങ്ങളുടെ കൈയിലാകുന്നു എന്നായിരുന്നു: ഇത്തരത്തിലുള്ള അഭിപ്രായം സാധാരണമായി ഏതു നാട്ടിലെയും വിദ്യാർത്ഥികൾക്കു് ഉപദേശിക്കപ്പെടാറുള്ളതുകൊണ്ടു് ഇതിനു പറയത്തക്കവണ്ണം കൗതുകം തോന്നുവാനില്ല. എന്നാൽ, ഈ അഭിപ്രായത്തെ തുടർന്നുകൊണ്ടു് ചെയ്തതായ ഒരു ആശംസ നിസ്സംശയമാ

യും കൗതുകകരമായിട്ടുള്ളതാണ്. മി. ആവാരിയുടെ ആശംസ ഇങ്ങനെയായിരുന്നു: "നിങ്ങൾക്ക് ഇപ്പോഴത്തേതിലധികം സൗകര്യമുള്ള അവസരങ്ങളും, ഇപ്പോഴത്തേതിലധികം വിതതമായ കർമ്മങ്ങളും ഉണ്ടായിരിക്കുവാനവകാശമുള്ള ഒരു കാലം വരും: അപ്പോൾ, നിങ്ങളിലൊരാൾ, ഞാൻ ഇപ്പോൾ പ്രാപിച്ചിരിക്കുന്നതായ സ്ഥാനത്തെ പ്രാപിക്കുവാനുമിടയാകും. നിങ്ങളുടെ ചെറുപ്പകാലം മുതൽക്കുള്ള ജീവിതത്തിൽ നിങ്ങൾ സമസൃഷ്ടങ്ങളായ മനുഷ്യരിൽ നിരന്തരം ദയയോടും ക്രൂരോടും കൂടിയിരുന്നിട്ടുണ്ടെന്ന് ചാരിതാർത്ഥ്യപ്പെടുവാൻ സാധിക്കുന്നതായാൽ അതു വളരെ വലിയ കാര്യമായിരിക്കുന്നതാണ്." അർത്ഥവത്തായ ഈ വാക്യങ്ങളുടെ വാച്യാർത്ഥത്തിലല്ലാ കൗതുകം തോന്നുന്നതിന് ആവശ്യമുള്ളതു്: ഇവയുടെ വ്യംഗ്യാർത്ഥത്തെ തിരുവിതാംകൂറുകാർ വിശേഷശ്രദ്ധയോടുകൂടി ഗ്രഹിക്കേണ്ടതാണ്. ഇപ്പോഴത്തെ വിദ്യാർത്ഥികളിൽ ഒരാൾ ഭാവികാലത്തു തിരുവിതാംകൂറിലെമന്ത്രിയായി വന്നേക്കാമെന്നുള്ള ആശംസകൊണ്ടു് വിദേശിയനായ തന്നെപ്പോലെയുള്ള വർ ഇവിടെ മന്ത്രിയായി ഇപ്പോൾ വന്നിരിക്കുന്നതു് തങ്ങളുടെ അവകാശപ്രാബല്യത്താൽ അല്ലാ എന്നും, ഗത്യന്തരമില്ലാഞ്ഞിട്ട് മേൽക്കോയ്മ തങ്ങളെ നിയമിക്കയാലാണെന്നും ധ്വനിപ്പിച്ചിരിക്കുന്നു. തിരുവിതാംകൂറിലുള്ള വർക്കാർക്കും ഈ കാലത്തു് ഇവിടത്തെ മന്ത്രിയായിരിപ്പാൻ സാധിക്കാതെയായതു്, സമസൃഷ്ടങ്ങളായ ഇതരജാതിക്കാരുടെ പേരിൽ ക്രൂരം ദയയും ഇല്ലാഞ്ഞതിനാലാണെന്നും മേല്പടി വാക്യത്തി

ലെ ഉത്തരാദ്ധത്തിൽ സൂചിപ്പിച്ചിരിക്കുന്നു. ഈ ഒടുവിൽ പറഞ്ഞ സൂചന, മി. ആചാരിയുടെ പ്രസംഗത്തിലെ രണ്ടാമത്തെ ഉപദേശത്തിൽ വിശദമാക്കി കാണിക്കുന്നുണ്ട്. തിരുവിതാംക്കൂറിന് ഇക്കഴിഞ്ഞ ഇരുപത്തഞ്ചു കൊല്ലക്കാലത്തിൽ വളരെ ക്ഷേമാഭിവൃദ്ധി ഉണ്ടായിട്ടുണ്ടെന്നിരുന്നാലും, തിരുമനസ്സിലെ രാജ്യത്തിനുള്ളിൽ പാക്കുന്ന വിവിധജാതി പ്രജകളൊക്കെയും അവരുടെ ഹിതങ്ങളുടെ ഐക്യത്തെ വേണ്ടുംവണ്ണം അറിഞ്ഞു പ്രവത്തിച്ചിരുന്നുവെങ്കിൽ, ഈ ക്ഷേമാഭിവൃദ്ധി എത്രയോ അധികം ഏറുകുമായിരുന്നു എന്ന്, ഇവിടത്തെ സ്ഥിതികളെപ്പററി അല്പമെങ്കിലും കണ്ടറിഞ്ഞിട്ടുള്ള എന്നെപ്പോലെ വിദേശിയനായ ഒരുവന്ന്, വ്യസനിക്കാതെയിരിപ്പാൻ നിവ്വാഹമില്ലാ— എന്ന് മി. ആചാരി പ്രസ്താവിച്ചതിൽ, തിരുവിതാംക്കൂറിലെജനങ്ങളുടെസ്വഭാവത്തെ സംക്ഷേപിച്ചിട്ടുണ്ടെന്നു സമ്മതിച്ചേ കഴിയൂ. തിരുവിതാംക്കൂറിൻെറ അവസ്ഥ ഇപ്രകാരംതന്നെയാണെന്ന് സമ്മതിക്കാമെന്നിരുന്നാലും, ഈ ദൂഷ്യം തിരുവിതാംക്കൂറുകാരാൽ ഉണ്ടായിട്ടുള്ളതാണെന്നു സമ്മതിക്കാൻ ഞങ്ങൾ തയ്യാറല്ലാ. ഈ രാജ്യത്തെ ഭരിപ്പാനായി തിരുവിതാംക്കൂറുകാരെ തന്നെ മന്ത്രിപദത്തിൽ പ്രതിഷ്ഠിച്ചിരുന്ന കാലമുണ്ടായിരുന്നു: അക്കാലങ്ങളിൽ തിരുവിതാംക്കൂറിനുള്ളിൽ പ്രജാസമൂഹത്തിലെ വിവിധജാതികൾ തമ്മിൽ ഛിദ്രിച്ചു രാജ്യഭരണത്തെ ക്ലേശിപ്പിച്ചിരുന്നുവെന്ന് ഞങ്ങൾ വിചാരിക്കുന്നില്ല. പടവെട്ടി നാടുപിടിച്ചടക്കിയിരുന്ന പണ്ടേക്കാലത്തെ കഥ പോകട്ടെ:

ആധുനിക കാലഘട്ടത്തിൽ ഈ നാട്ടിലെ മന്ത്രിപദത്തെ അലങ്കരിച്ചിരുന്ന സ്വദേശിയർ ഗവൎമ്മെണ്ടിനെ അലങ്കോലപ്പെടുത്തിയിരുന്നില്ല. വിദേശിയന്മാർ മന്ത്രിമാരായി വന്നതിൻെറ ശേഷമാണ് ജാതിസ്പൎദ്ധ ഈ നാട്ടിൽ പ്രകടമായിപ്രകാശിച്ചിട്ടുള്ളതു്. ഈ നാട്ടുകാരുടെ വിവിധഹിതങ്ങളെ അറിയാതെയും, അവയൊക്കെ യോജിപ്പിച്ചുകൊണ്ടുപോവാൻ സാമൎത്ഥ്യമില്ലാതെയും, ഏതെങ്കിലുമൊരു കക്ഷിയുടെ ആശ്രയത്തെ അവലംബിച്ചുകൊണ്ടു് രാജ്യം ഭരിക്കുവാൻ ഒരുങ്ങിയിരുന്ന വിദേശിയ മന്ത്രിമാരുടെ കാലങ്ങളിൽ ജാതിസ്പൎദ്ധ തഴച്ചുവളൎന്നു എന്നു് കീഴ്കഴിഞ്ഞിട്ടുള്ള ചരിത്രത്താൽ തെളിയുന്നു. എന്നാൽ, നാനാജാതികളെയും കൂട്ടിയിണക്കി നടത്തുവാൻ കഴിഞ്ഞിട്ടുള്ള വിദേശിയമന്ത്രിമാർ ദുൎല്ലഭം ചിലർ ഉണ്ടായിരുന്നു, എന്നു് സമ്മതിക്കാമെങ്കിലും, ഭൂരിപക്ഷവും, ഞങ്ങൾ മുൻപറഞ്ഞ വിധത്തിലുള്ളവരായിരുന്നു. വിദേശിയമന്ത്രികളുടെ ഭരണനയദൂഷ്യത്താൽ ഉണ്ടായിവളൎന്ന ജാതിസ്പൎദ്ധ പല അവസ്ഥകളിൽ,—കയറിയുമിറങ്ങിയും, മങ്ങിയും മയങ്ങിയും—ഇരുന്നിട്ടുള്ളതല്ലാതെ ഇതേവരെ നാമാവശേഷമായിട്ടില്ലാ; മി. രാജഗോപാലാചാരിയുടെ ഭരണകാലത്തും ഈ സ്പൎദ്ധാനലനെ ഊതിജ്വലിപ്പിക്കുന്ന അപനയങ്ങൾ ഏറിയിരുന്നു പ്രയോഗിക്കപ്പെട്ടിട്ടുള്ളതെന്നു് ഞങ്ങൾ പല്ലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണല്ലോ. മി. ആചാരി തൻെറ അചിരകാലപരിചയത്താൽ, ഈ വഴക്കിനെ വൎദ്ധിപ്പിക്കുമാറുള്ള നയങ്ങൾ സ്വീകാൎയ്യങ്ങളല്ലെന്നു് ഗ്രഹിച്ചതും തൻെറ

അനുഭവത്തെ സൂചിപ്പിച്ചിരിക്കുന്നതും ഉചിതംതന്നെയാണ്. ഈ സ്ഥിതിക്ക് ഇത്തരം വിദേശിയരെ ഇവിടത്തെ മന്ത്രിസ്ഥാനത്തു നിയോഗിക്കാതിരിക്കുന്നതിന് ജനങ്ങൾ മേല്ക്കോയ്മയോടു പ്രാർത്ഥിക്കേണ്ടിയ കാലം വൈകി എന്നു ഗ്രഹിക്കാവുന്നതാണല്ലോ. തിരുവിതാംകൂറുകാരനെ തന്നെ മന്ത്രിയായി കിട്ടുവാൻ മി. ആചാരി ആശംസിക്കുന്നതായ ഭാവികാലത്തെ പ്രതീക്ഷിച്ചിരിക്കേണമോ? അതിന്മുമ്പുതന്നെ പാടില്ലെന്നുണ്ടോ? * (1910 സെപ്റ്റംബർ 23)

## കൈക്കൂലിപ്പിശാചിന്റെ വിക്രിയകൾ

വടശ്ശേരി ക്ഷേത്രക്കേസ് സംബന്ധിച്ച് ജഡ്ജ്മെന്റ് ഞങ്ങൾ അന്യത്ര പ്രസിദ്ധീകരിച്ചിരിക്കുന്നു. തിരുവിതാംകൂർ ദീർഘകാലമായി കൈക്കൂലിപ്പിശാചിന്റെ സ്വച്ഛന്ദവിഹാരരംഗമായിരുന്നു എന്നുള്ളതും തിരുവിതാംകൂർ സർക്കാർ സർവീസിലെ ഉദ്യോഗസ്ഥന്മാർ ഈ പിശാചിന്റെ ഉപാസകന്മാരായിരുന്നുവെന്നുള്ളതും ഇക്കാലമത്രയും പരസ്യമായ ഒരു രഹസ്യമായിരുന്നു. എന്നാൽ അതിപ്പോൾ സർവ്വലോകപ്രസിദ്ധമായിത്തീർന്നിരിക്കയാണ്. നമ്മുടെ ഗവമ്മെന്റി

---

* ഇതാണ്, ശ്രീ. രാമകൃഷ്ണപിള്ളയുടെ 'സ്വദേശാഭിമാനി'യിലെ അവസാനത്തെ മുഖപ്രസംഗം. —പ്രസാധകർ.

ൻെറ—ജനങ്ങളുടെ താല്പൎയ്യങ്ങളും അവകാശങ്ങളും ആദരിച്ചു ഭരണം നടത്തുന്ന എല്ലാ പരിഷ്കൃതഗവൎമ്മെണ്ടുകളെയുംപോലെ നീതിയിൽ അധിഷ്ഠിതമായ ഒരു ഗവൎമ്മെൻറിൻെറ— കാൎയ്യങ്ങളിൽ കൊട്ടാരത്തിലെ ചില ഉദ്യോഗസ്ഥന്മാർ ഇടപെട്ടു കാണിച്ചു കൊള്ളരുതായ്മകൾ ഈ കേസ്സിൽകൂടെ പൊതുജനങ്ങൾക്കും, ഗവൎമ്മെൻറിനും, മേല്ക്കോയ്മയ്ക്കും രാജ്യത്തിനു വെളിയിലുള്ളവൎക്കും പരമബോദ്ധ്യമായിത്തീൎന്നിരിക്കുന്നുവെന്നുള്ളതു് ചാരിതാൎത്ഥ്യജനകമാണു്. നീതിനിഷ്ഠനായ മി. സദാശിവയ്യരുടെ വിശദവും വിദഗ്ദ്ധവുമായ ജ്ഡ്ജ്മെൻറിൽ പ്രസ്താവിക്കപ്പെട്ടിരിക്കുന്ന യാഥാൎത്ഥ്യങ്ങളിൽ ഈ രാജ്യത്തെ ജനങ്ങൾക്കാൎക്കും അത്ഭുതത്തിനവകാശമില്ല. അവൎക്കു് അത്രമേൽ സുപരിചിതങ്ങളാണു്. ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ടു് സത്യം, ധൎമ്മം, നീതി, വിശ്വാസ്യത, ആദൎശപരത്വം മുതലായ വിശിഷ്ടഗുണങ്ങളാൎജ്ജിച്ചിരിക്കുന്ന ചില ഉദ്യോഗസ്ഥന്മാർ, തങ്ങൾ സൎവ്വകലാശാലയിൽനിന്നു ബിരുദം സ്വീകരിക്കുന്ന അവസരത്തിൽ ചെയ്യുന്ന സത്യപ്രതിജ്ഞയേയും തങ്ങൾക്കു ലബ്ധമായിരിക്കുന്ന സംസ്കാരത്തേയും ആത്മാഭിമാനത്തിൻെറ അമൂല്യതയേയും വിസ്മരിച്ചു് ശുപാൎശ, കൈക്കൂലി മുതലായ കുമാൎഗ്ഗങ്ങളിൽ ചരിക്കുന്നതു് എത്രയോ അപഹാസ്യമാണെന്നു് ഈ കേസ്സിൻെറ ചരിത്രം വിശദമാക്കുന്നു. ഇങ്ങനെ ജുഗുപ്സാവഹങ്ങളായ മാൎഗ്ഗങ്ങളിൽകൂടെ ഉദ്യോഗത്തിൽ പ്രവേശിച്ചിട്ടുള്ളവർ നമ്മുടെ സൎക്കാർ സൎവ്വീസിൽ ഒന്നോ രണ്ടോ അല്ലെന്നു് ഞങ്ങൾക്കു ധൈൎയ്യസ

മെന്നും പറവാൻകഴിയും. പല ഉദ്യോഗസ്ഥന്മാരും വിദ്യാർത്ഥിജീവിതകാലത്തു് ആദർശപരമായി ജീവിച്ചിട്ടുള്ളവരായിരിക്കും. തങ്ങൾ മനസ്സാക്ഷിക്കു വിരുദ്ധമായി കുത്സിതമാർഗ്ഗങ്ങൾ സ്വീകരിക്കാൻ നിർബ്ബന്ധിതരായിത്തീർന്നതാണെന്നു് അവരുടെ മനസ്സാക്ഷിതന്നെ ഇപ്പോൾ സമ്മതിക്കാതിരിക്കയില്ല. എന്തിനധികം പറയുന്നു. സർക്കാർസർവ്വീസിൽ പ്രവേശിക്കുന്നതുവരെയേ സത്യധർമ്മാദികൾ ഉള്ളൂ എന്ന നിലയിലാണു് ഉദ്യോഗസ്ഥന്മാരുടെ പെരുമാററം. കൈക്കൂലിക്കും, ചില കൊട്ടാരം ഉദ്യോഗസ്ഥന്മാരുടെ ശുപാർശകൾക്കും വിധേയനായതായി തെളിവുമൂലം വിചാരിക്കപ്പെടാവുന്ന ദിവാൻ പേഷ്കാർ മി. മാധവൻപിള്ളയെപ്പോലുള്ള ഉന്നത കലാശാലാബിരുദധാരികളുടേപോലും സ്വഭാവത്തിൽ വന്നിരിക്കുന്ന വ്യത്യാസം ആലോചിച്ചുനോക്കുക. സർക്കാർസർവ്വീസിലെ അഴിമതികളുടെ സർവ്വസാധാരണത്വമാണു് ഇതിൽനിന്നൊക്കെ വിശദമാകുന്നതു്. തിരുവിതാംകൂറിന്റെ ധാർമ്മികപ്രശസ്തിയെത്തന്നെ ദൂഷിതമാക്കുകയാണു് ഇക്കൂട്ടർ ചെയ്യുന്നതു്. കൈക്കൂലിയിൽ മുങ്ങിക്കിടക്കുന്ന ഒരു രാജ്യമെന്നുള്ള ദുര്യശസ്സ് തിരുവിതാംകൂറിനുണ്ടാക്കുകയാണു് ഇവരുടെ ജീവിതവ്രതമെന്നു തോന്നിപ്പോകുന്നു. ഇക്കൂട്ടരെ നാമാവശേഷമാക്കുവാൻ നമ്മുടെ ദിവാൻജിമാരിൽ ആർക്കെങ്കിലും കഴിഞ്ഞിട്ടില്ല. ഇതെത്രയോ ദുഃഖകരമായ ഒരവസ്ഥയാണു്? ദേവികുളത്തെ 'ലീ'ക്കേസ്സ് സംബന്ധമായസാഹചര്യങ്ങളിൽ തിരുവിതാംകൂറിലെ കൈക്കൂലിയെപ്പററി മദ്രാസ് ഹൈക്കോർട്ടിൽ പരാ

മൎമ്മുണ്ടായതു് ഈയിടെ മാത്രമാണു്. ഈ ദുസ്ഥിതി പരിഹരിക്കാമെന്നൊക്കെ ഉൽഘോഷിക്കപ്പെടാറുണ്ടെങ്കിലും കൈക്കൂലി ഇന്നും തിരുവിതാംകൂറിൽ നടമാടുന്നുണ്ടു്. ഇതിനൊരന്തം വരുത്തുവാൻ ഗവൎമ്മെണ്ടു് യാതൊന്നും ഇതുവരെ പ്രവൎത്തിച്ചിട്ടുമില്ല. പ്രബലവും സംശയരഹിതവുമായി തെളിവുകൾ ഗവൎമ്മെൻറിനു ലഭിക്കായ്കയാലായിരിക്കുമോ? ഗവൎമ്മെൻറധികൃതൎക്കു് ആവശ്യമായിരുന്നെങ്കിൽ തെളിവിനു് യാതൊരു പ്രയാസമുണ്ടാകയില്ലെന്നു് ഇപ്പോൾ പ്രകടമായിരിക്കുന്നു. തിരുവിതാംകൂറിലെ അഴിമതികളെപ്പററി നാം എത്ര കൂടുതൽ ചിന്തിക്കുമോ അത്ര കൂടുതൽ വ്യസനിക്കയേ കരണീയമായിട്ടുള്ളു. കൈക്കൂലിക്കുററത്തിനു് പങ്കുകാരെന്നു ഈ കേസിൽ സംശയിക്കപ്പെടുന്നവരുടെ മേൽ ഗവൎമ്മെൻറു് നടപടികളെടുക്കുന്നില്ലെങ്കിൽ, ഈ ബുദ്ധിമുട്ടുകളും പ്രയാസങ്ങളുമെല്ലാം നിഷ്ഫലമാവുകയും ജനങ്ങൾ നിരാശയിലേയ്ക്കു തന്നെ മടങ്ങുകയും ചെയ്യുമെന്നു് ഞങ്ങൾക്കു ഭയമുണ്ടു്. ഫൌസ്ദാർ മി. അനന്തരാജയ്യരും പാലസ് മാനേജർ മി. ശങ്കരൻതമ്പിയും അവരുടെ പേരിനു വന്നുകൂടിയിരിക്കുന്ന കളങ്കം എങ്ങനെ പരിഹരിക്കാമെന്നുള്ളതിനെപ്പററി ഉടനടി പൎയ്യാലോചന നടത്തുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അവർ അപ്രകാരം ചെയ്യാത്തപക്ഷം പൊതുജനഹൃദയങ്ങളിൽ അവരെപ്പററി ഉണ്ടായിട്ടുള്ള ചീത്ത അഭിപ്രായം ഒരു കാലത്തും മാറിപ്പോകുന്നതല്ലെന്നും ഞങ്ങൾ അവരെ ധരിപ്പിച്ചുകൊള്ളുന്നു. അപ്രകാരംത

ന്നൊ, രാജ്യത്തിൻെറ സൽപ്പേരിന്നുണ്ടായിരിക്കുന്ന ഈ കളങ്കംസംബന്ധിച്ച് ദിവാൻ മി. മാധവരാവുവിൻെറ ഗവമ്മെൻറ് അന്വേഷണം നടത്തി തക്കതായ പ്രതിവിധികൾ നിർദ്ദേശിക്കാത്തപക്ഷം, അതു് തിരുവിതാംക്രൂർ ഗവമ്മെൻറിന് ആക്ഷേപകരമായിരിക്കുമെന്നും ഞങ്ങൾ കരുതുന്നു. (1906 മാർച്ച് 7)

## വടശ്ശേരിക്കേസ്

നാഗർകോവിൽ ഡി. കോടതിയിൽ 1079-ലെ ഒ. എസ്. നമ്പർ 19-ൻെറ വിധിയിന്മേൽ, തിരുവിതാംക്രൂർ ഹൈക്കോടതിയിൽ 1080-ലെ ഏ. എസ്. നമ്പർ 413-ാം നമ്പരായി ഫയലാക്കപ്പെട്ട അപ്പീൽ കേസിൽ ചീഫ്ജസ്റ്റീസ് മി. ററി. സദാശിവയ്യരുടെയും മി. കെ. രാമചന്ദ്രറാവുവിൻെറയും വിധി.

അപ്പീൽവാദി:—മരുതപ്പൻ ശങ്കരതാണുതരകൻ, കൃഷ്ണൻകോവിൽ തെരുവ്, വടശ്ശേരി, പടപ്പാട്ടുവീടിക കൽവി. (വക്കീൽ വി. ഏ. കൊച്ചുകൃഷ്ണമാരാർ.)

പ്രതി:—മാധവൻ ഭഗവതിപെരുമാൾ, വടശ്ശേരി, ടി വീടിക. (വക്കീൽ വി. ഏ. രാമകൃഷ്ണയ്യർ)

ജഡ്ജ്മെൻറ്

ററി. സദാശിവഅയ്യർ, ചീഫ്ജസ്റ്റീസ്:—വാദിയാണ് അപ്പീൽ അന്യായക്കാരൻ. 1076 മേടം 30-ാം തീയതിയിലെ 14-ാം അക്കപ്രമാണവും 1076 മിഥുനം

6–ാംതീയതിയിലെ 15-ാം അക്കപ്രമാണവും മുഖാന്തിരം തിരുവനന്തപുരം ബാങ്കിൽനിന്ന് യഥാക്രമം 625–ം 601½യും രൂപാ എടുക്കുവാൻ പ്രതിയെ വാദി അധികാരപ്പെടുത്തി. പ്രതിഭാഗം 14-ാം സാക്ഷിയുടെ വകയാണ് പ്രസ്തുതബാങ്ക്. വാദിക്ക് ഈ ബാങ്കുമായി ഇടപാടുകളുണ്ട്. പ്രതി 1076 ഇടവം 8-ാംതീയതിയും 1076 മിഥുനം 19-ാംതീയതിയും പ്രസ്തുതതുകകൾ എടുക്കുകയും വാദിക്ക് ഏ. യും, സി. യും രസീതുകൾ നല്കുകയും ചെയ്തു. ഈ രണ്ടു തുകകളും പ്രതിക്ക് വാദി വായ്പകൊടുത്തിട്ടുള്ളതാണെന്നു പറയുന്നു. പ്രസ്തുതതുകകൾ പന്ത്രണ്ടുശതമാനം പലിശസഹിതം ഈടാക്കുന്നതിന് വാദി ഈ കേസ് ഫയലാക്കി.

2. അഭിജ്ഞനായ ആക്ടിംഗ് ജില്ലാജഡ്ജി (മി. വീരരാഘവഅയ്യങ്കാർ) താഴെപ്പറയുന്ന തെളിവുകളാൽ കേസുതള്ളി:—(എ) പ്രതി പണം പററിയതു് വായ്പയായിട്ടല്ല; വാദിയുടെ ഏജൻെറന്നനിലയ്ക്കാണ്. (ബി) വടശ്ശേരിയിലെ തൻെറ വീടിനുമുമ്പിലുള്ള അഗസ്ത്യരുടെ ഒരമ്പലം, അതൊരു ശല്യകാരണമെന്നോ ഗവമ്മെൻറു് പുറമ്പോക്കിന്മേലുള്ള അനധികൃതമായ ഒരു കയ്യേററമെന്നോ ഉള്ള കാരണംപറഞ്ഞു് നിറുത്തലാക്കിക്കുന്നതിന് കൈക്കൂലിമൂലം ചില ഉദ്യോഗസ്ഥന്മാരുടെസ്വാധീനം സമ്പാദിക്കുകയെന്ന നിയമവിരുദ്ധമായ ഒരു വ്യവസായത്തിൽ വാദി പ്രതിയെ ഒരു ഏജൻറായി നിയോഗിച്ചിരുന്നു. (സി) വാദിയുടെ അറിവോടും സമ്മതത്തോടുംകൂടി പ്രതി, ഈ ഉദ്യോഗസ്ഥന്മാരിൽ ഒരാളും പ്രതിഭാഗം 12-ാംസാക്ഷിയുമായ

മൂത്തപിള്ള ഏലിയാസ് സുബ്രഹ്മണ്യപിള്ള എന്നയാൾക്ക് മുൻപറഞ്ഞ 625 രൂപയും 601½ രൂപായുടെ തുകയിൽനിന്നു് 550 രൂപായും കൊടുത്തു. മറെറാരുദ്യോഗസ്ഥനായ മി. ശങ്കരൻതമ്പിക്ക് താല്പൎയ്യമുള്ള ഫവറയിലെ ഒരമ്പലത്തിൻെറ ആവശ്യത്തിന് ഓട്ടുപാത്രങ്ങളുണ്ടാക്കുന്നതിലേയ്ക്കു് ശേഷിച്ച 50 രൂപാ ഒരു ആശാരിക്കു പ്രതി നൽകി.

3. ജില്ലാജഡ്ജിയുടെ നിയമങ്ങൾ തെററാണെന്നും നിയമവിരുദ്ധമായ ഒരു കാൎയ്യത്തിന് പ്രതിക്കു തുക കൊടുത്തെന്നിരുന്നാൽതന്നെയും പ്രതി അങ്ങനെയുള്ള ഏതെങ്കിലും സംഗതിക്ക് പണം ചെലവാക്കിയിട്ടുള്ളതായി തെളിയിച്ചിട്ടില്ലെന്നും, അക്കാരണത്താൽ തനിക്ക് തുകകൾ തിരിയെക്കിട്ടുവാനവകാശമുണ്ടെന്നും ഉള്ള അടിസ്ഥാനത്തിലാണു് വാദി അപ്പീൽ കൊണ്ടുവന്നിരിക്കുന്നതു്.

4. ഇരുഭാഗത്തേയും വാദംമുഴുവൻ കേൾക്കുകയും കാൎയ്യമായിട്ടുള്ള രേഖകൾ മുഴുവൻ പരിശോധിക്കുകയും ചെയ്യുന്നതിൽ അഭിജ്ഞനായ ജില്ലാ ജഡ്ജിയുടെ തീരുമാനം ശരിയാണെന്നു് ഞങ്ങൾക്കു പൂൎണ്ണബോദ്ധ്യമായിരിക്കുന്നു. നിസ്സാരങ്ങളും അസംഗതങ്ങളുമായ ഏതാനും രേഖകൾക്കൂടെ കേസ്സിനോടൊപ്പം ഹാജരാക്കപ്പെട്ടിട്ടുണ്ടു്. ഈ രേഖകൾ പരിഗണിക്കപ്പെടേണ്ട ആവശ്യംതന്നെ ഇല്ല. ഉദാഹരണത്തിന് XII (c) യും XII (d) യും അക്കപ്രമാണങ്ങൾ തെളിവിനെടുത്തിട്ടില്ല. 12 (a), 12 (b), 12 (g), 12 (h) എന്നീ അക്കപ്രെ

മാനങ്ങൾ പ്രതിയും പ്രതിഭാഗം 12-ാംസാക്ഷിയും സൗഹാർദ്ദത്തിലായിരുന്നെന്നുമാത്രം കാണിക്കുന്നു. അന്യായസംഗതികളെ സംബന്ധിക്കുന്ന ഭാഗങ്ങൾ അവ്യക്തമാകയാൽ ഖണ്ഡിതമായ നിഗമനങ്ങൾക്ക് ആ രേഖകൾ വകനൽകുന്നില്ല. എന്നാൽ ഈ കേസ്സിലെ ഇതരരേഖകളായ XIV, 1(a ), A, III, V, VI, 12 (b), 22, 20, 21, 23, 15, XI, II, I (b), C, IX, VIII, VII-(1076 മേടം 30 മുതൽ 1077 തുലാം 11 വരെയുള്ള തീയതി ക്രമത്തിൽ) എന്നീ അക്കപ്രമാണങ്ങൾ പരിശോധിച്ചതിൽ മുൻപ്രസ്താവിച്ച രണ്ടു തുകകളും ചില ഉദ്യോഗസ്ഥന്മാർക്കു കൈക്കൂലി കൊടുക്കുവാൻ വേണ്ടി, വാദിയുടെ ഏജൻറന്നനിലയിൽ പ്രതി പ്ററിയിട്ടുള്ളതാണെന്ന് ഞങ്ങൾക്കു സംശയരഹിതമായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇവയിൽ 14, 15, എ, സി-എന്നീ അക്കപ്രമാണങ്ങൾ അസൽ രേഖകളാണെന്നുള്ളതിൽ വാദമില്ല. 1 (എ), 20, 21-ഈ അക്കപ്രമാണങ്ങൾ വാദിയുടെ പുത്രന്റെ കയ്യുടയിലാണെഴുതിയിട്ടുള്ളതു്. പ്രതിഭാഗം 16-ാം സാക്ഷിയുടെ മൊഴിയിൽനിന്നും, കോടതിയിൽ അയാൾ എഴുതിയ 43-ാം നമ്പർ തെളിവുരേഖയുമായി ഈ എഴുത്തുകൾക്കുള്ള കയ്യടയുടെ സാദൃശ്യത്തിൽനിന്നും ഇതു് തെളിഞ്ഞിട്ടുണ്ടു്. 1 (എ) അക്കപ്രമാണം വാദി ഒപ്പിട്ടിട്ടുള്ളതാണു്. എന്നാൽ താനതിൽ ഒപ്പുവച്ചിട്ടില്ലെന്നും ഏതെങ്കിലും എഴുത്തുനോക്കി മനസ്സിലാക്കുവാൻ തനിക്കു കണ്ണിന് കാഴ്ച പററുകയില്ലെന്നും അയാൾ കീഴ്ക്കോടതിയിൽ വാദിക്കയും അപ്രകാരം അഭിനയിക്കുകയും

ചെയ്തു. വാദിയുടെ കയ്യടയും ഒപ്പും അനുകരിക്കാൻ പ്രയാസമുള്ളതാണ്. (അന്യായത്തിലും വക്കാലത്തിലും അയാളുടെ ഒപ്പുകൾ താരതമ്യപ്പെടുത്തുക) 22-ാം അക്കപ്രമാണത്തിലുള്ള മേൽവിലാസവും വാദിയുടെ കയ്യടയാണ്. എല്ലാ എഴുത്തുകളും ഒന്നിനോടൊന്നു ബന്ധപ്പെട്ടതും (പല എഴുത്തുകളിലും മുൻകത്തുകളുടെ പരാമർശമുണ്ട്) അവയുടെ ഉള്ളടക്കം ശ്രദ്ധാപൂർവ്വം പരിശോധിച്ചാൽ അവയുടെ നിജാവസ്ഥ സ്വയം വ്യക്തമാകുന്നതുമാണ്. എഴുത്തുകളിൽ ചിലതു് (ഉദാഹരണത്തിനു് 111, V. ഈ അക്കപ്രമാണങ്ങൾ നോക്കുക) വാദിയുടെ കണ്ണാഭരണങ്ങളുടെ വിക്രയം സംബന്ധിച്ച കാര്യങ്ങൾ പരാമർശിക്കുന്നു. കണ്ണാഭരണങ്ങളുടെ വില തിരുവനന്തപുരത്തുവച്ചാണ് കൊടുത്തതെന്നു സമ്മതിക്കുന്നു. പേഷ്കാരുടെ ഓഫീസ്ക്ലാക്കിനു കൊടുത്തരൂപാ രണ്ടു് എന്നും മററുമുള്ള ഇനങ്ങൾ വാദിയുടെ കണക്കുകളിൽ കാണുന്നു. 20-ാംനമ്പർ മുതലായ തെളിവു രേഖകളിൽ ഈ രണ്ടു രൂപയുടെ ദാനം പരാമർശിക്കപ്പെട്ടിട്ടുണ്ട്. 1 (ബി) യും 11 മുതൽ XI വരെയുള്ള അക്കപ്രമാണങ്ങൾ പ്രതിഭാഗം 3-ാം സാക്ഷിയുടെ കയ്യടയിലാണ്. ഇയാൾ ഇപ്പോഴും വാദിയുടെ പേക്കാണ് താൻ അവ എഴുതിയിട്ടുള്ളതെന്ന് സമ്മതിക്കുന്നു. 1 (എ) ഒഴിച്ച് മറെറാരു എഴുത്തിലും ഒപ്പിടാതിരിക്കുവാൻ വാദി ശ്രദ്ധിച്ചിരുന്നു. 23-ാം അക്കപ്രമാണത്തിൽ വാദിയുടെ സ്വന്തം കയ്യടയിലുള്ള വെട്ടിത്തിരുത്തൽ ഉണ്ട്. കവറിൻെറ പുറത്തെ മേൽവിലാസവും വാദിയുടെ കയ്യടയാണ്. പ്രതിഭാഗം

12-ാംസാക്ഷിയായ മൂത്തപിള്ളയുടെ കയ്യൂടയും പ്രത്യേകം അറിയാവുന്നതാണ്. (ബി) രേഖയുടെ മേൽവിലാസം മൂത്തപിള്ളയുടെ കയ്യൂടയിലാണെന്നുള്ളതിൽ ഞങ്ങൾക്കു സംശയമില്ല. (പ്രതിഭാഗം 13-ം, 14-ം സാക്ഷികളുടെ കയ്യൂടകളും 12 (എ) മുതലായ രേഖകളും താരതമ്യം ചെയ്തുനോക്കുക.)

5. മേൽക്കാണിച്ച പ്രധാന കത്തുകളുടെ നിജസ്ഥിതിയെപ്പററി സംശയത്തിനവകാശമില്ലാതിരിക്കെ, അവയുടെ ഒരുമിച്ചുള്ള പരിശോധനയിൽനിന്നു തെളിയുന്നതു്, വാദിക്ക് അയാളുടെ ഗൃഹത്തിനു മുമ്പിലുള്ള അഗസ്ത്യാർ ക്ഷേത്രം മാററിക്കുവാൻ ഉല്ക്കണ്ഠയുണ്ടായിരുന്നുവെന്നും, ഗവമ്മെൻറുദ്യോഗസ്ഥന്മാൎക്കു കൈക്കൂലി നല്കുവാൻ പ്രതിഭാഗം 14-ാം സാക്ഷിയുടെ ബാങ്കിൽനിന്നു പണം വലിക്കുന്നതിനു പ്രതിയെ ഏജൻറായി നിയോഗിച്ചിരുന്നുവെന്നുമാണ്. ഈ എഴുത്തുകളുടെയെല്ലാം ഉള്ളടക്കം വിശദമായി എടുത്തു കാണിക്കേണ്ടയാവശ്യമില്ല. അഭിജ്ഞനായ ജില്ലാജഡ്ജി അവയെ ശ്രദ്ധാപൂൎവ്വം അദ്ദേഹത്തിൻെറ ജഡ്ജ്മെൻറിൽ കൊണ്ടുവന്നിട്ടുണ്ടു്. നാഗർകോവിൽ ടൗൺ ഇംപ്രൂവ്മെൻറ് കമ്മററിമുമ്പാകെയാണു വാദി, തൻെറ വീട്ടിനുമുമ്പിൽനിന്ന് അമ്പലം മാററിക്കിട്ടുവാൻ ആദ്യം ഹർജി കൊടുത്തതു്. (1076 ചിങ്ങം 31-ാം തീയതിയിലെ 29-ാം അക്കപ്രമാണം) അമ്പലം തൻെറ വീടിനുനേരെ എതിർവശത്താണെന്നും അമ്പലത്തിൽ കൂടുന്ന ആളുകളെക്കൊണ്ടു തൻെറ വീട്ടിലെ പെണ്ണുങ്ങൾക്കു ശല്യമുണ്ടാകുന്നുവെന്നും മററും ഹർജി

യിൽ കാരണം പറഞ്ഞിരുന്നു. ആ ഹർജി 1076 ധനു 26-ാംതീയതിയിലെ 47-ാം അക്കപ്രമാണമനുസരിച്ചു തള്ളിപ്പോകയുണ്ടായി. വാദി പിന്നീട് ദിവാൻെറ പക്കൽ അപ്പീൽകൊടുത്തു. 1076 മേടം 18-ാംതീയതി ആയതും തള്ളപ്പെട്ടു. (17-ാം അക്കപ്രമാണം നോക്കുക) 1076 മേടം 18-ാം തീയതി അപ്പീൽ തള്ളപ്പെട്ടപ്പോൾ വാദി തിരുവനന്തപുരത്തുണ്ടായിരുന്നു. ഇടവം 1-ാം തീയതിവരെ തിരുവനന്തപുരത്തു താമസിക്കുകയും ചെയ്തു. ഈ രണ്ടാഴ്ചക്കാലംകൊണ്ട് കൊട്ടാരം നിത്യച്ചെലവു മൂത്തപിള്ളയും പ്രതിഭാഗം 12-ാംസാക്ഷിയുമായ സുബ്രഹ്മണ്യപിള്ളയെ വാദി സമീപിച്ചിരിക്കണം. ഇപ്പോൾ പാലസ് മാനേജരും അന്നു കാര്യക്കാരുമായിരുന്ന മി. ശങ്കരൻതമ്പിയിൽ ഈ സുബ്രഹ്മണ്യപിള്ളയ്ക്ക് ഒന്നുകിൽ സ്വാധീനമുണ്ടായിരുന്നു, അല്ലെങ്കിൽ സ്വാധീനമുണ്ടെന്നു നടിച്ചിരുന്നു. മി. ശങ്കരൻതമ്പിയെ കൈക്കൂലി കൊടുത്തു സ്വാധീനമാക്കാമെന്നും അദ്ദേഹത്തിനിഷ്ടമുള്ള ഒരു കക്ഷിക്കനുകൂലമായി കൊട്ടാരം കല്പനകൾ കൊടുപ്പിക്കുവാൻ അദ്ദേഹത്തിനു കഴിയുമെന്നും ഒരു ധാരണ വാദിക്കും മററു പലക്കും ഉള്ളതായി തോന്നുന്നു. (ആ ധാരണ ശരിയോ തെററോ എന്നു പറയേണ്ടയാവശ്യം പ്രകൃതത്തിൽ ഇല്ല.) ഫൗസ്ദാർ മി. അനന്തരാമ അയ്യരെയും (ശരവണ സ്വാമി) ഈ വിധം കക്ഷികൾക്കനുകൂലമാക്കാമെന്നും, ഏതെങ്കിലുമൊരു കക്ഷി മി. ശങ്കരൻതമ്പിയെ സമീപിക്കുമ്പോൾ ആനുകൂല്യത്തിൻെറ ത്രാസ് ശരിപ്പെടുവാൻ മറുകക്ഷി മി. അനന്തരാമയ്യരെ സമീപിക്കണ

മെന്നും ഉള്ള ഒരലിഖിതപ്രമാണവും ഉണ്ടെന്നു തോന്നുന്നു.

6. ഞാൻ മുമ്പു പ്രസ്താവിച്ചതുപോലെ എല്ലാ എഴുത്തുകുത്തുകളും എടുത്തു കാണിക്കേണ്ടയാവശ്യം ഇല്ല. സുബ്രഹ്മണ്യപിള്ള അയാൾക്കു മി. ശങ്കരൻതമ്പിയിൽ ഉണ്ടെന്നു പറയപ്പെടുന്ന സ്വാധീനശക്തി ഉപയോഗപ്പെടുത്തുന്നതിനുള്ള ഏർപ്പാടുകളെല്ലാം 1076 മേടം 30-ാം തീയതിക്കു മുമ്പ് വാദി തിരുവനന്തപുരത്തുവച്ചു നിർവഹിച്ചു. അനന്തരം 14-ാം സാക്ഷിയുടെ തിരുവനന്തപുരത്തുള്ള ബാങ്കിൽനിന്നു 625 രൂപ എടുക്കുന്നതിനുള്ള അധികാരം (1076 മേടം 30-ലെ 14-ാം അക്കപ്രമാണം) പ്രതിക്കു നൽകിയശേഷം നാഗർകോവിലിലേയ്ക്കു പോയി. പ്രതി ഉടനെതന്നെ ബാങ്കിൽനിന്നു പണം എടുക്കുകയല്ല ചെയ്തതു്. വാദിയുടെ വീണ്ടുമുള്ള നിർദ്ദേശങ്ങൾ കാത്തിരിക്കുകയാണു ചെയ്തതു്. (പ്രതി വാദിച്ചിട്ടുള്ള സകല കത്തുകളും, നഷ്ടപ്പെട്ടെന്നോ സൂക്ഷിച്ചിട്ടില്ലെന്നോ ഉള്ള നാട്യത്തിൽ, വാദി മറച്ചിരിക്കുന്നു. അവയിൽ പ്രയോജനരഹിതമായ രണ്ടുമൂന്നെണ്ണംമാത്രം കോടതിയിൽ ഹാജരാക്കി) 1076 ഇടവം 5-ാം തീയതി വാദി 111-ാം അക്കപ്രമാണം എഴുതി. അതിൽ അയാൾ പറയുന്നു: "ഇപ്പോഴേക്കും മഠ: പുള്ളി വന്നിരിക്കുമെന്നും സംഗതികളെല്ലാം മംഗളമായി ഏർപ്പാടു ചെയ്തിരിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു: മൂത്തപിള്ളയുടെ അടുക്കലും ശ്രമം നടത്തണം. മാനേജരേയും (മി. ശങ്കരൻതമ്പി) ഏർപ്പാടു ചെയ്യണം. താങ്കൾ കാര്യനടത്തിപ്പിനു യാതൊരമാ

ന്തവും കാണിക്കരുത്. നാം കൊട്ടാരത്തിൽ പുനരപ്പീൽ കൊടുത്തിരിക്കുന്നുവെന്നും മറവമാണ് ഇവിടത്തെ പരസ്യമായ സംസാരം.....എൻെറ മനസ്സിനു യാതൊരു സുഖവുമില്ല......" ഇങ്ങനെ വാദി തിരുവനന്തപുരം വിടുന്നതിനുമുമ്പായി ഹര: പുള്ളിയെ 1 (എ) അക്കപ്രമാണത്തിൽ പറയുന്നപ്രകാരം വാദി കൈക്കൂലികൊടുക്കുവാനുദ്ദേശിക്കുന്ന ദിവാൻപേഷ്കാർ (മി. മാധവൻപിള്ള) സ്വാധീനപ്പെടുത്തുവാനുള്ള എല്ലാ സംഗതികളും വാദി ചെയ്തിരുന്നുവെന്നും ദിവാൻെറ വിധിയിന്മേൽ ഒരു റിവ്യൂഹർജി കൊട്ടാരത്തിൽ കൊടുത്തിരുന്നുവെന്നും അനുമാനിക്കാം. കൊട്ടാരത്തിൽ സമർപ്പിക്കപ്പെടുന്ന ഈ ഹർജികളെപ്പററി ഈ പ്രകൃതത്തിൽ അല്പം പ്രസ്താവിക്കുവാൻ ഞാനാഗ്രഹിക്കുന്നു. രാജ്യത്തെ എക്സിക്യൂട്ടീവിൻെറയും ജൂഡീഷ്യറിയുടെയും ഏററവും വലിയ മേധാവി മഹാരാജാവുതിരുമനസ്സുകൊണ്ടാണെന്നു പറയാതെ അറിയാം. എന്നാൽ മഹാരാജാവുതിരുമേനി ഒരു വ്യവസ്ഥിതഭരണാധികാരിയെന്നു സുവിദിതമാണ്. തിരുമനസ്സിലെ ഭരണകൃത്യങ്ങൾ (ചടങ്ങുകൾ, ഡർബാറുകൾ, രാജകീയയാത്രകൾ, കൊട്ടാരംകാര്യങ്ങൾ, സന്ദർശകർ എന്നിവ ഒഴികെ) എല്ലാം, വിശിഷ്യ ജനങ്ങളുടെ താല്പര്യങ്ങളേയും അവകാശങ്ങളേയും ബാധിക്കുന്നവ, ദിവാൻവഴിക്കാണു നിർവ്വഹിക്കപ്പെടുക. തീർച്ചയായും മഹാരാജാവുതിരുമനസ്സിലെ ഏററവും താഴ്ന്ന ഒരു പ്രജയ്ക്കുപോലും തിരുമനസ്സിലെ സന്നിധിയിൽ ഹർജി സമർപ്പിച്ച് സങ്കടപരിഹാരം നേടാൻ

ഒരവകാശമുണ്ട്. എന്നാൽ എല്ലാ പരിഷ്കൃതരാജ്യങ്ങളിലും, പരമാധികാരിക്കുള്ള ഹർജ്ജികൾ രാജ്യത്തെ അംഗീകൃത ഉദ്യോഗസ്ഥന്മാർവഴിവേണം കടന്നുപോകുവാൻ എന്നു വിവരിക്കുന്ന വിസ്താരങ്ങളായ നിയമാവലികളുണ്ടായിരിക്കും. അങ്ങനെയുള്ള ഹർജ്ജിക്കു കോടതി വിധികളിന്മേലുള്ള പുനഃപ്പരിശോധനാപേക്ഷകളൊ മറേറാ ആണെങ്കിൽ അവയെ തടയണമെന്നും റൂളുകൾ കാണും. (മദ്രാസ് ലോ ജേർണൽ 11-ാം പുസ്തകം 33 മുതൽ 47 വരെ വശങ്ങൾ നോക്കുക.) അങ്ങനെയുള്ള നിയമങ്ങൾ വളരെ കർക്കശമായി പാലിക്കപ്പെടുന്നതു ജനങ്ങളെ സംബന്ധിച്ചേടത്തോളം നിഷ്കരുണമാണെന്നുള്ളതിനു സംശയമില്ല. എന്നാൽ അങ്ങനെയുള്ള നിയമങ്ങൾ ഒട്ടുംതന്നെ ഇല്ലായിരുന്നെങ്കിലൊ? പലപ്രാവശ്യം തീൎത്ത കാൎയ്യങ്ങളെപ്പററിപ്പോലും വീണ്ടും വീണ്ടും ഹർജ്ജികൾകൊണ്ടു മഹാരാജാവിനെ പൊറുതിമുട്ടിക്കുമായിരുന്നു. പുതിയ തക്കങ്ങൾ കേൾക്കുന്നതിനോ, ഓരോ ഹർജ്ജിയുടെയും യഥാൎത്ഥ ചരിത്രം ആരായുന്നതിനോ, ഓരോ ഹർജ്ജിയും സ്വയം വിചാരണചെയ്തു വിധികല്പിക്കുന്നതിനോ കഴിയാതെയും വരും. അതുകൊണ്ടു മഹാരാജാക്കന്മാൎക്കു നേരിട്ടു ശ്രദ്ധ ചെലുത്തുവാൻ അസാദ്ധ്യമായ കാൎയ്യങ്ങൾ കേട്ടു തീരുമാനിക്കുന്നതിന് അവർ മന്ത്രിമാരെയും ജഡ്ജിമാരെയും നിയമിക്കേണ്ടതാണെന്നു 'മനു' അനുശാസിച്ചിട്ടുണ്ട്. കൊട്ടാരത്തിൽ സമൎപ്പിക്കപ്പെടുന്ന ഹർജ്ജികൾ സംബന്ധിച്ച് ചില നിയമങ്ങൾ ഉടനെ ഉണ്ടാകുമെന്നുള്ള പ്രത്യാശ ഈയവസരത്തിൽ ഞാൻ പ്രകടമാക്കിക്കൊ

ളളട്ടെ. (തിരുവിതാംകൂറിൽ റവന്യൂപെററീഷൻ സം ബന്ധിച്ച് ഏതാനും നിയമങ്ങളുള്ളതല്ലാതെ—കൃഷ്ണ റാവുവിൻെറ മാനുവൽ—കൊട്ടാരം ഹർജികൾസംബ ന്ധിച്ച് റൂളുകളൊന്നുമില്ല.) പ്രകൃതകേസിലെ വാദി കൊട്ടാരത്തിൽ കൊടുത്ത റിവ്യൂ അപ്പീൽപെററീഷ ൻെറ ഒരു പ്രതി ഞങ്ങൾക്കു കിട്ടിയിട്ടില്ല. 1076 മേടം 18-ാംതീയതിയിലെ ദിവാൻെറ ഓർഡറിനെതിരായി അതിൽ എന്തു പറയുന്നുവെന്നും അറിവില്ല. 39-ാം അ ക്കപ്രമാണത്തിൽ അതു പരാമർശിക്കപ്പെട്ടുകമാത്രം ചെയ്യുന്നുണ്ട്. 1076 ഇടവം 7-ാം നു- വാദി 5-ാം അ ക്കപ്രമാണം എഴുത്തിൽ പ്രതിക്ക് ഇപ്രകാരം എഴുതി. "ഞാനഞ്ചപ്പെരുമാളും ആഢിയും (വാദിയുടെ എതി രാളികൾ) ഇവിടെ (തിരുവനന്തപുരത്ത്) വന്നിട്ടു ണ്ടെന്നു ഞാൻ രഹസ്യമായി അറിഞ്ഞു. നമ്മുടെനടപ ടികളെ ശരവണസ്വാമിവഴി വിഫലപ്പെടുത്തുന്നതിനാ ണ് അവർ വന്നിരിക്കുന്നതു്. നമ്മുടെ സംഗതിക്ക് താങ്കൾ മൂത്തപിള്ള അവർകളുടെ (പ്രതിഭാഗം 12-ാം സാക്ഷി) പക്കൽ ശ്രമം നടത്തുക. എങ്ങനെയെങ്കി ലും നമ്മുടെ ഉദ്ദേശം പൂർത്തിയാക്കണം. അങ്ങത്തേയ്ക്കു (മി. ശങ്കരൻനമ്പിയെന്നു വ്യക്തം) വെള്ളിരൂപകൾ കൊടുത്ത് കാര്യം ശരിപ്പെടുത്തണം." 1076 ഇടവം 8-ാംനു- പ്രതിക്കു വ്യക്തമായ ഈ നിർദ്ദേശം (പണം കോഴ കൊടുക്കുവാൻ) ലഭിച്ചു. ഉടനെതന്നെ അയാൾ ബാങ്കിൽനിന്ന് 625 രൂപാ എടുത്തു. പ്രതിഭാഗം 12-ാം സാക്ഷിക്കു താൻ പ്രസ്തുത തുക കൊടുത്തുവെന്നു ള്ള പ്രതിയുടെ മൊഴിയെ അവിശ്വസിക്കാൻ ഞാൻ

മതിയായ കാരണം കാണുന്നില്ല. പാർട്ടികളുടേയും മി. ശങ്കരൻതമ്പിയുടേയും ഇടയ്ക്കു് പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നുവെന്നു് സ്വയം അഭിമാനിക്കുന്നയാളാണു് 12-ാംസാക്ഷി. (പ്രതിഭാഗം 8-ാംസാക്ഷിയുടെ മൊഴിക്കു് തെളിവുബലം കുറവാണു്) ഏതാണ്ടു് അസാധാരണമായ നിർദ്ദേശങ്ങളോടുകൂടിയ ഒരു കൊട്ടാരം കല്പന വാദിക്കനുകൂലമായി 1076 ഇടവം 11-ാംനു- ഉണ്ടായതും, അതിൻെറ വിശദവിവരങ്ങൾ മൂത്തപിള്ള (പ്രതിഭാഗം 12-ാംസാക്ഷി) തൻെറ 12 (b) അക്കപ്രമാണം കത്തിൽ (1076 ഇടവം 11) പരാമർശിക്കുന്നതും നോക്കുമ്പോൾ, പ്രതി അയാൾ പറയുന്നതുപോലെ 625 രൂപാ മൂത്തപിള്ളയ്ക്കു കൊടുത്തുവെന്നുള്ളതു് ശരിയായിവരാം. വാദിക്കെതിരായി 1076 മേടം 18-ാം തീയതി ഓഡർ പാസാക്കിയതു് ദിവാനാകയാൽ, വാദി റിവ്യൂ അപ്പീൽ കൊടുക്കുമ്പോൾ, ആയതു് ദിവാൻെറ പക്കലേ ആയിരിക്കയുള്ളൂവെന്നാണു് ആരെങ്കിലും പ്രതീക്ഷിക്കുക. അഥവാ, വാദികൊട്ടാരത്തിൽ ഹർജ്ജി സമർപ്പിച്ചിരുന്നാൽതന്നെയും കൊട്ടാരത്തിൽനിന്നു് അതു് ദിവാൻെറ പേക്കു്, തീരുമാനത്തിനോ റിപ്പോർട്ടിനോ ആയി അയയ്ക്കുമെന്നും പ്രതീക്ഷിക്കും. എന്നാൽ കേസിനെപ്പററി അന്വേഷണംനടത്തി ഉടൻ റിപ്പോർട്ടുസമർപ്പിക്കുവാൻ 39-ാം അക്കപ്രമാണംമൂലം ദിവാൻപേഷ്കാർ നിയുക്തനാകുന്നു. ചുരുക്കിപ്പറഞ്ഞാൽ, ദിവാനോ മഹാരാജാവോ തീരുമാനിച്ച സംഗതികളെ സംബന്ധിക്കുന്ന കൊട്ടാരം കല്പനകൾ, ഹജ്ജൂരാഫീസിൽ യാതൊരറിവും കൂടാതെ ദിവാൻപേ

ഷ്കാരുടെ പേക്ഷയച്ചുകൊടുക്കുന്നമെങ്കിൽ അതിനു വ ളരെ ബുദ്ധിമുട്ടുകളുണ്ടായിരിക്കണം. (സഞ്ചാരസൗക ര്യങ്ങളെയോ കൊട്ടാരത്തിലെ ഏതെങ്കിലും ഇതരസൗ കര്യങ്ങളെയോ സംബന്ധിക്കുന്ന ബുദ്ധിമുട്ടുകളല്ല) കൊ ട്ടാരത്തിൽനിന്നും പുറപ്പെടുന്ന കല്പനകളുടെ ഗതിമാ റ്റത്തിന് ചില അന്നിയാ സൂത്രധാരന്മാരുടെ സ്വാ ധീനശക്തി വളരെയുണ്ടെന്ന് ഈ കേസിൽ പ്രതിപ്ര സ്താവിച്ചതിൽ ന്യായയുക്തത ഉണ്ടെന്നു മാത്രമല്ല (പ്ര സ്താവന യഥാർത്ഥ അടിസ്ഥാനത്തിലുള്ളതാകണമെ ന്നില്ല) അതു കൊട്ടാരത്തിലെയും ഹജൂരിലെയും ഉദ്യോ ഗസ്ഥന്മാർക്ക് അനാവശ്യമായ ബുദ്ധിമുട്ടുകൾക്കും കാര ണമാണ്. എന്തെന്നാൽ ഒരിക്കൽ പരിഗണിക്കപ്പെ ട്ട ഒരു പ്രശ്നം സംബന്ധിച്ച ഒരു ഹർജി ദിവാൻെറ ഓഫീസിൽ ഉടനെ പരിശോധിക്കപ്പെടുന്നപക്ഷം നി സ്സാരമെന്ന് പെട്ടന്നു കണ്ടുപിടിക്കാനും ക്ഷണത്തിൽ തള്ളിക്കളയാനും സാധിക്കും. എന്നാൽ അതു കീഴ് സിൽബന്തികളുടെ അടുക്കലേയ്ക്കു മടങ്ങുന്ന പക്ഷം ദിവാൻപേഷ്കാർ മുതൽ കീഴോട്ടുള്ള ഉദ്യോഗസ്ഥയ ന്ത്രത്തെ മുഴുവൻ അതു ശ്രമപ്പെടുത്തുകയും അവസാനം പഴയഫലംതന്നെ ഉണ്ടാവുകയും ചെയ്യും. ഞാൻ ഈ കോടതിയിൽ ചീഫ്ജസ്റ്റീസായിട്ട് ആറുമാസമായി. ഒന്നിനുപുറകെ ഒന്നായി ഹർജികൾ കൊടുക്കുന്ന വി ഷയത്തിൽ ഖണ്ഡിതമായ നിയമങ്ങളോ നടപടിക ളോ ഇല്ലായ്കമൂലം അതിൽനിന്ന് കക്ഷികൾ മുതലെടു ത്തിട്ടുള്ള നാലു കേസുകളെങ്കിലും ചുരുങ്ങിയ പക്ഷം

ഞാൻ ഇതിനിടെ ശ്രദ്ധിച്ചിട്ടുണ്ട്. പൂർവ്വാപരവിരുദ്ധമായ ഓർഡറുകൾ പ്രസിദ്ധപ്പെടുത്തുന്നതിനിടയാക്കുന്നതും സമയനഷ്ടവും പണനഷ്ടവും ഒഴിച്ചു കാര്യമായി യാതൊരു പ്രയോജനവും ഇല്ലാത്തതും ദീർഘമായ അന്വേഷണങ്ങൾക്കു മാത്രം നിദാനവുമായ കേസുകൾ. അതുകൊണ്ടാണ് ഇത്രയും ദീർഘമായി ഇക്കാര്യം സംബന്ധിച്ചു പ്രസ്താവിക്കാനിടയായത്.

7. ഒരു എഴുത്തുകൂടി മാത്രമേ ഞാൻ പരാമർശിക്കുന്നുള്ളു. 1076 മിഥുനം 21-ാംതീയതി വാദി പ്രതിക്കെഴുതിയ XI-ാം അക്കപ്രമാണമാണത്. 39-ാം നമ്പർ കൊട്ടാരം കല്പനയാദരിച്ച് ദിവാൻപേഷ്കാർ അയച്ച റിപ്പോർട്ട് ആദ്യം വാദിക്കെതിരായിരുന്നു. എന്നാൽ 1076 മിഥുനം 19-ാംതീയതി പ്രതി 550 രൂപ പ്രതിഭാഗം 12-ാം സാക്ഷിക്കു കൊടുത്തു കഴിഞ്ഞപ്പോൾ, 1076 മിഥുനം 29-ാംതീയതി കൊട്ടാരത്തിൽനിന്നു മറെറാരു കല്പനകൂടെ പ്രസിദ്ധപ്പെടുത്തുവാൻ പ്രതിക്കു സാധിച്ചു. ക്ഷേത്രമിരിക്കുന്ന സ്ഥലം പുറമ്പോക്കിലാണോ എന്നുള്ളതു സംബന്ധിച്ച അന്വേഷണങ്ങൾ വിഫലമാക്കുവാൻ ആ കല്പനയിൽ ദിവാൻപേഷ്കാരോടാവശ്യപ്പെട്ടിരുന്നു. അതിനുശേഷം ആറുമാസം കഴിഞ്ഞു് അതായതു് 1077 കുംഭം 3-ാംതീയതി അമ്പലം മാററിക്കൊള്ളുന്നതിനുള്ള ഓർഡർ ദിവാൻപേഷ്കാർ പുറപ്പെടുവിച്ചു. (45-ാം അക്കപ്രമാണം) ഈ ഓർഡർ 1078 മേടം 6-ാംനു-ലെ ദിവാൻെറ ഒരു ഓർഡർ മൂലം (46-ാം അക്കപ്രമാണം) മാ

റഹിവയ്ക്കപ്പെട്ടു. ഇങ്ങനെ തനിക്കു വിരോധമല്ലാത്ത പ്രസ്തുതക്ഷേത്രം മാററിക്കുന്നതിന് വാദി കൈക്കൊണ്ട എല്ലാ ഹീനോപായങ്ങളും നിഷ്ഫലങ്ങളായി. 1076 മിഥുനം 21-ാം തീയതി 11-ാംനമ്പർ തെളിവുരേഖയിൽ വാദി പറയുന്നു:—"മൂത്തപിള്ള പറഞ്ഞതുപോലെ യൊക്കെ ചെയ്തിട്ടും അവിടത്തെ ഓർഡറുകൾ ദുഃഖത്തിനല്ലാതെ സന്തോഷത്തിനു വക നൽകുന്നില്ല. ദിവാൻപേഷ്ക്കാർ എങ്ങനെ എഴുതിയാലും മി. ശങ്കരൻതമ്പിയ്ക്കു് കാര്യങ്ങൾ ശരിപ്പെടുത്താൻ കഴിയും.........എന്റെ ജീവൻ ഞാൻ നിങ്ങളെ ഏല്പിക്കുന്നു.........ഇപ്പോഴെയ്ക്കും ശങ്കരൻതമ്പി വന്നിരിക്കുമെന്നും കാര്യങ്ങൾ ശരിപ്പെട്ടിരിക്കുമെന്നും വിശ്വസിക്കട്ടെയോ?"

8. വാദിയുടെ ഏററം വലിയ ശല്യകാരണമായ അഗസ്ത്യരമ്പലം മാററിക്കുന്നതിന് ശങ്കരൻതമ്പിയിൽ സ്വാധീനം ചെലുത്താമെന്നു വാഗ്ദാനംചെയ്തു പ്രതിഭാഗം 12-ാം സാക്ഷിക്കു കൊടുക്കുവാനാണ് പ്രതി, വാദിയുടെ ഏജൻറന്നനിലയിൽ, ഈ കേസിനാധാരമായ തുകകൾ കയ്പററിയതെന്ന് എനിക്കു ബോദ്ധ്യമായിരിക്കുന്നു. വാദിയുടെ നിർദ്ദേശങ്ങളനുസരിച്ച് പ്രതിഭാഗം 12-ാം സാക്ഷിക്കു കൊടുത്തിട്ടുണ്ടെന്നും പ്രതി ഈ ഇടപാടിൽ വാദിക്കു് ഒന്നും ഇനികൊടുക്കാനില്ലെന്നും ഉള്ളതാണു് യാഥാർത്ഥ്യം. പേഷ്ക്കാരുടെ അനുകൂലമായ ഓർഡർ (45ാം അക്കപ്രമാണം) ഉണ്ടായതിനുശേഷം പ്രതി തന്റെ ബുദ്ധിമുട്ടുകൾക്കു് പ്രതിമാ

സം പത്തുരൂപാവച്ചുള്ള ശമ്പളം കിട്ടണമെന്നു കാണിച്ച് വാദിക്ക് നോട്ടീസയച്ചു (1077 മേടം 8-ാംതീയതിയിലെ 25-ാംനമ്പർ അക്കപ്രമാണം) വാദി ഈ കത്തിന് മറുപടിപോലും അയച്ചില്ല. ഒടുക്കം വാദി തന്റെ ലക്ഷ്യത്തിൽ പരാജയമടഞ്ഞപ്പോൾ (46-ാംഅക്കപ്രമാണമനുസരിച്ച്) ഈ കേസ് കൊണ്ടുവന്നു. പ്രതിയുടെ ആസ്തികളെപ്പററി തനിക്ക് അറിവില്ലെന്നു വാദി സമ്മതിക്കുന്നു. കേവലമൊരു ഹർജിയെഴുത്തുകാരനായ പ്രതിക്ക് വലിയതുകകൾ വായ്പകൊടുക്കുകയെന്നുള്ളത് തികച്ചും അസ്വാഭാവികമാണ്. പ്രതിഭാഗം 12-ാം സാക്ഷിയുമായി കാര്യങ്ങൾ പറയുന്നതിനും അയാളെ പണം ഏല്പിക്കുന്നതിനുമായി വാദിയുടെ ഏജന്റെന്ന നിലയിൽ മാത്രമാണ് പ്രതി നിയുക്തനായിരുന്നതെന്ന് സ്പഷ്ടം. പണം എടുക്കുന്നതിന് അധികാരപ്പെടുത്തിക്കൊണ്ടുള്ള എഴുത്തുകൾ വാദി പ്രതിക്കയച്ചു കഴിഞ്ഞ് പല ദിവസങ്ങൾ കാത്തശേഷമാണ് പ്രതി പണം എടുത്തത്. പ്രതിക്കു തന്റെ സ്വന്ത ആവശ്യത്തിന് വായ്പ ആവശ്യമായിരുന്നില്ലെന്നുള്ളതിന് തെളിവാണിത്. പ്രതിഭാഗം 12-ാം സാക്ഷിയുടെയും മി. മാധവൻപിള്ളയുടെയും സ്വഭാവങ്ങളിൽ ഈ കേസിലെ എഴുത്തുകുത്തുകൾ കരിനിഴൽ വീശുന്നുണ്ട്. അവർ രണ്ടുപേരും ഇപ്പോൾ നിര്യാതരായിരിക്കുന്നു. തന്റെ നില വിശദീകരിക്കുന്നതിന് മി. മാധവൻപിള്ളയ്ക്ക് സന്ദർഭം ലഭിച്ചില്ല. സാക്ഷിക്കൂട്ടിൽ പ്രതിഭാഗം പന്ത്രണ്ടാംസാക്ഷി വളരെ ഹീനമായ ഒരുഭാഗം

അഭിനയിച്ചു. അയാൾകൈക്കൂലികാര്യത്തിൽകുററവാളിയാണെന്നും, ഒന്നുകിൽ മററുള്ളവരെ കൈക്കൂലിക്കു പ്രേരിപ്പിച്ചോ, അല്ലാത്തപക്ഷം മററുള്ളവർക്കു കൈക്കൂലികൊടുക്കാനെന്നും പറഞ്ഞു് അന്യരെകബളിപ്പിച്ചോ പണം വാങ്ങിച്ചിരുന്നുവെന്നും ഉള്ളതിൽസംശയമില്ല. മി. അനന്തരാമയ്യൎക്കു് അയാളുടെ പേരിലുള്ള അസ്പഷ്ടവും അല്പവുമായ ദുസ്സൂചനയെ പരിഹരിക്കുവാനുള്ള അവസരം ഈ കേസിലില്ല. മി. ശങ്കരൻതമ്പിയെസംബന്ധിച്ചേടത്തോളം വ്യക്തമായധാരാളംആരോപണങ്ങളുണ്ടു്. അഭിജ്ഞനായ ആക്റ്റിംഗ് ജില്ലാജഡ്ജി അദ്ദേഹത്തിൻെറ ജഡ്ജ്മെൻറിൻെറ 26-ാംഖണ്ഡികയിൽ പ്രസ്താവിച്ചിരിക്കുന്ന കാൎയ്യങ്ങളും അദ്ദേഹത്തിൻെറ നിഗമനങ്ങളുംതീൎച്ചയായുംശരിയാണു്. അദ്ദേഹം പറയുന്നു: "പ്രതിഭാഗം 12-ാംസാക്ഷിയുടെയും ഈ കേസിലെ കക്ഷികളുടെയും പദ്ധതിയെപ്പററി മറേറതെങ്കിലും വ്യക്തികൾക്കു് എന്തെങ്കിലും അറിവുണ്ടോയെന്നു് തെളിയിക്കുവാൻ ഈ കേസിൽ രേഖകളില്ല" എന്നു്. എന്നാൽ മി. ശങ്കരൻതമ്പിക്കു് എല്ലാം അറിയാമെന്നു് പ്രതി ഉറപ്പിച്ചു പ്രസ്താവിച്ചിരിക്കുന്ന സ്ഥിതിക്കു്, ആ ആരോപണങ്ങളെ നിഷേധിക്കുന്നതിനും തൻെറ സ്വഭാവത്തെ താറടിക്കുന്നതിനായി കൊണ്ടുവന്നിരിക്കുന്ന സാഹചൎയ്യങ്ങളെ വിശദീകരിക്കുന്നതിനും അദ്ദേഹത്തിനൊരവസരം നൽകേണ്ടതായിരുന്നു. പ്രതിഭാഗം സാക്ഷികളുടെ പ്രഥമപട്ടികയിൽ മി. ശങ്കരൻതമ്പിയുടെ പേരുൾപ്പെടുത്തിയിട്ടില്ലെന്നുള്ള അങ്ങേഅററത്തെ സാങ്കേതികതടസ്സമുന്നയിച്ചു്, മി. ശങ്ക

രൻതമ്പിയേക്കൂടെ ഈ കേസ്സിൽ സാക്ഷിയായി വിസ്തരിക്കണമെന്നുള്ള പ്രതിയുടെ അപേക്ഷയെ അഭിജ്ഞനായ പെർമനൻറ് ജില്ലാജഡ്ജി തിരസ്കരിച്ചതു് വേണ്ടിയിരുന്നില്ല.

9. ഫലത്തിൽ, കീഴ്കോടതി ഡിക്രിയെ ഞങ്ങൾ സ്ഥിരീകരിക്കയും ചെലവുസഹിതം ഈ അപ്പീൽ തള്ളുകയും ചെയ്യുന്നു.

---

161643
V2:21.257wM70
32J3
UNIVERSITY LIB.
2 DEC 1954
MADRAS

21 JUN 1955